

കേരള വനം വകുപ്പ്

# ഭരണ റിപ്പോർട്ട്

2021-22

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - 2021 - 2022 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.380/2023/F&WLD തീയതി, തിരുവനന്തപുരം, 11-10-2023.**

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19.07.2023, 05.09.2023 തീയതികളിലെ എസ് 2-15/2022 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിന്റെ 2021 - 2022 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് സർക്കാർ പ്രത്യവലോകനം ചെയ്ത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവണ്മെന്റ്, തിരുവനന്തപുരം.
പൊതുഭരണ(എ.ആർ) വകുപ്പ്.
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 11-10-2023 15:33:18

സെക്ഷൻ ഓഫീസർ.

# ഭരണ റിപ്പോർട്ട്
# 2021-22

കേരള വനം വകുപ്പ്

**KERALA FOREST & WILDLIFE DEPARTMENT**

കേരള വനം വകുപ്പ് മന്ത്രി
**ശ്രീ. എ. കെ. ശശീന്ദ്രൻ**

പ്രിൻസിപ്പൽ സെക്രട്ടറി
**ശ്രീ. രാജേഷ് കുമാർ സിൻഹ IAS**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ & വനം സേനാ മേധാവി
**ശ്രീ. പി. കെ. കേശവൻ IFS**

| അദ്ധ്യായം | ഉള്ളടക്കം | ഖണ്ഡിക നം | പേജ് നം |
|---|---|---|---|
| അദ്ധ്യായം I | **കേരളത്തിലെ വനപരിപാലനത്തിന്റെ ചരിത്രവും പരിണാമവും** | | |
| | വനംവകുപ്പിന്റെ പരിണാമം | 1.1 | 1 |
| | സ്വാതന്ത്ര്യത്തിനുമുമ്പുള്ള കേരള വനഭരണം | 1.2 | 1 |
| | സ്വാതന്ത്ര്യത്തിനുശേഷമുള്ള കേരള വനഭരണം | 1.3 | 1 |
| | 1988 - നു ശേഷമുള്ള കേരള വനഭരണം | 1.4 | 2 |
| | വനം വകുപ്പിന്റെ വിപുലീകരണം | 1.5 | 2 |
| | കേരള വനം വകുപ്പിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ | 1.6 | 9 |
| | പ്രധാന നാഴികക്കല്ലുകൾ | 1.7 | 10 |
| | ദർശനം, ദൗത്യം, ലക്ഷ്യങ്ങൾ | 1.8 | 12 |
| | നിയമബന്ധിതവും അല്ലാത്തതുമായ പ്രവർത്തനങ്ങൾ | 1.9 | 12 |
| | വനംവകുപ്പുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങളും ചട്ടങ്ങളും | 1.10 | 13 |
| | സംസ്ഥാനത്തെ വനഘടന | 1.11 | 14 |
| അദ്ധ്യായം II | **വകുപ്പിന്റെ ഘടനാസംവിധാനം** | | |
| | വകുപ്പിന്റെ ഘടനാരൂപം | 2.1 | 17 |
| | വനം സർക്കിൾ | 2.2 | 31 |
| | വനം വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങളുടെ പ്രധാന ചുമതലകൾ | 2.3 | 39 |
| | വകുപ്പിന് കീഴിലുള്ള സ്വയം ഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ | 2.4 | 42 |
| അദ്ധ്യായം III | **മാനവ വിഭവശേഷി** | | |
| | ഉദ്യോഗസ്ഥരുടെ എണ്ണം | 3.1 | 46 |
| | പരിശീലനം | 3.2 | 50 |
| | വിശിഷ്ട സേവനത്തിനുള്ള അവാർഡുകളും റിവാർഡുകളും | 3.3 | 50 |
| | വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ | 3.4 | 50 |

| | | | |
|---|---|---|---|
| **അദ്ധ്യായം IV** | **വകുപ്പിന്റെ പ്രവർത്തനം** | | |
| | ആസൂത്രണ വികസന വിഭാഗം | 4.1 | 52 |
| | ഭരണ വിഭാഗം | 4.2 | 64 |
| | വന്യജീവി വിഭാഗം | 4.3 | 65 |
| | ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫയർ വിഭാഗം | 4.4 | 71 |
| | പരിസ്ഥിതി ലോല പ്രദേശം (EFL) | 4.5 | 76 |
| | ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം | 4.6 | 77 |
| | വിവരസാങ്കേതികവിദ്യ വിഭാഗം (IT) | 4.7 | 79 |
| | മാനവശേഷി വികസന വിഭാഗം | 4.8 | 79 |
| | സാമൂഹിക വനവൽക്കരണ വിഭാഗം | 4.9 | 81 |
| | പ്രത്യേക വനവൽക്കരണ വിഭാഗം | 4.10 | 86 |
| | വിജിലൻസ് വിഭാഗം | 4.11 | 91 |
| | വർക്കിംഗ് പ്ലാൻ & റിസർച്ച് വിഭാഗം | 4.12 | 94 |
| **അദ്ധ്യായം V** | **സാമ്പത്തികം** | | |
| | ബജറ്റിലെ വകയിരുത്തലുകളും ചെലവുകളും | 5.1 | 101 |
| | വരുമാനം | 5.2 | 101 |
| | വനവികസന നികുതി (FDT) | 5.3 | 102 |
| | വന വരുമാനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക | 5.4 | 102 |
| | 13-ാം പഞ്ചവത്സര പദ്ധതിയിലെ വികസനങ്ങൾ | 5.5 | 103 |
| | വിവിധ പദ്ധതി സ്കീമുകളിലെ ബഡ്ജറ്റ് വിഹിതവും ചിലവും | 5.6 | 103 |
| | പദ്ധതിയേതര സ്കീമുകൾക്കുള്ള ബജറ്റ് വിഹിതവും ചിലവും | 5.7 | 111 |
| | കേന്ദ്ര സർക്കാരിൽ നിന്നും നേരിട്ട് ലഭിച്ച തുക | 5.8 | 114 |
| | മറ്റു വകുപ്പുകൾക്ക്/ഏജൻസികൾക്കു വേണ്ടി നടത്തിയ പ്രവൃത്തികൾ | 5.9 | 114 |
| **അദ്ധ്യായം VI** | **അടിസ്ഥാന സൗകര്യം** | | |
| | റോഡ് | 6.1 | 115 |
| | കെട്ടിടങ്ങൾ | 6.2 | 115 |
| | വാഹനങ്ങൾ | 6.3 | 116 |
| | ആയുധങ്ങളും വെടിക്കോപ്പുകളും | 6.4 | 118 |

| | | | |
|---|---|---|---|
| **അദ്ധ്യായം VII** | **വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ** | | |
| | പ്രസിദ്ധീകരണങ്ങൾ | 7.1 | 119 |
| | ദൃശ്യ- ശ്രവ്യ ഡോക്കുമെന്റേഷനുകൾ | 7.2 | 120 |
| | സർവ്വേകൾ | 7.3 | 120 |
| | സാമൂഹിക മാധ്യമ നിയന്ത്രണം | 7.4 | 121 |
| **അദ്ധ്യായം VIII** | **പരിപാടികൾ** | | |
| | സംസ്ഥാനതല പരിപാടികൾ | 8.1 | 122 |
| | സംസ്ഥാന വനം കായികമേള | 8.2 | 123 |
| | സെമിനാറുകൾ, കോൺഫറൻസുകൾ, വർക് ഷോപ്പുകൾ | 8.3 | 124 |
| | കടുവ സങ്കേതങ്ങളുടെ കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾ | 8.4 | 125 |
| **അദ്ധ്യായം IX** | **വിവരാവകാശ നിയമത്തിന്റെ നടത്തിപ്പ്** | | 126 |
| **അദ്ധ്യായം X** | **ആഭ്യന്തര നിയന്ത്രണ സംവിധാനം** | | |
| | ആഭ്യന്തര പരിശോധനയ്ക്ക് വേണ്ടി മാത്രം നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ | 10.1 | 130 |
| | ആഭ്യന്തര പരിശോധന | 10.2 | 130 |
| | സംസ്ഥാന വനവികസന ഏജൻസി (SFDA) യെക്കുറിച്ചുള്ള പ്രത്യേക പഠനത്തിനു രൂപീകരിച്ച സമിതിയുടെ വിശദവിവരങ്ങൾ | 10.3 | 131 |
| **അദ്ധ്യായം XI** | **മറ്റിനങ്ങൾ** | | |
| | മലയാളം ഔദ്യോഗിക ഭാഷയാക്കുന്നത് സംബന്ധിച്ച് | 11.1 | 133 |
| | പരാതി പരിഹാരസെൽ | 11.2 | 133 |
| | ഭാഷാ സമിതി, പരിഭാഷാസെൽ | 11.3 | 134 |
| | കമ്പ്യൂട്ടർ വൽക്കരണത്തിന്റെയും ഇ- ഓഫീസ് നടപ്പിലാക്കുന്നതിന്റെയും പുരോഗതി | 11.4 | 135 |
| | വകുപ്പ് നടപ്പിലാക്കിയ നൂതന പദ്ധതികളും 2021- 22- ലെ പ്രധാന നേട്ടങ്ങളും | 11.5 | 135 |

| പട്ടിക നം | വിശദാംശങ്ങൾ | പേജ് നം. |
|---|---|---|
| പട്ടിക 1 | സ്വാതന്ത്ര്യത്തിനുമുമ്പുള്ള കേരള വനഭരണം | 1 |
| പട്ടിക 2 | ദേശീയ ഉദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും വിവരങ്ങൾ | 5 |
| പട്ടിക 3 | വനപ്രദേശ വിതരണവും അവയുടെ നിയമാനുസൃത തത്സ്ഥിതിയും | 14 |
| പട്ടിക 4 | സർക്കിൾ, ഡിവിഷൻ ക്രമത്തിലുള്ള വനപ്രദേശ വിസ്തൃതി (ച.കി.മീ.) | 15 |
| പട്ടിക 5 | വകുപ്പിന്റെ ഘടനാരൂപം 2021-22 | 17 |
| പട്ടിക 6 | വിവിധ വിഭാഗങ്ങളുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ പേരു വിവരം 2021-22 | 24 |
| പട്ടിക 7 | വകുപ്പിനു കീഴിലുള്ള സർക്കിളുകൾ/ഡിവിഷനുകൾ/റേഞ്ചുകൾ | 31 |
| പട്ടിക 8 | വനം സർക്കിളുകളുടെ സംഘടനാ ഘടന | 32 |
| പട്ടിക 9 | ഉദ്യോഗസ്ഥരുടെ എണ്ണം 2021-22 | 46 |
| പട്ടിക 10 | നിയമനങ്ങളുടെ വിവരം 2021-22 | 49 |
| പട്ടിക 11 | വിരമിച്ചവരുടെ വിവരങ്ങൾ 2021-22 | 50 |
| പട്ടിക 12 | വകുപ്പ് ഉദ്യോഗസ്ഥർക്കെതിരേയുള്ള അച്ചടക്കനടപടികൾ | 51 |
| പട്ടിക 13 | വകുപ്പിന്റെ പ്ലാൻ പദ്ധതികൾ 2021-22 സ്കീമുകൾ | 52 |
| പട്ടിക 14 | NABARD -RIDF പദ്ധതി വിവരം | 58 |
| പട്ടിക 15 | വളർത്തിയ തോട്ടങ്ങളുടെ വിവരം 2021-22 | 58 |
| പട്ടിക 16 | വനപ്രദേശങ്ങളുടെ (31.03.2022) പ്രകാരമുള്ള ഉപയോഗക്രമം | 59 |
| പട്ടിക 17 | തോട്ട ഭൂമിയുടെ ഇനം തിരിച്ചുള്ള വിസ്തൃതി 31.03.2022 | 60 |
| പട്ടിക 18 | തടി ഉൽപ്പാദനക്കണക്ക് 2021 - 22 | 61 |
| പട്ടിക 19 | ചെറുവന വിഭവങ്ങളുടെ ഉൽപാദനം 2021-22 | 63 |
| പട്ടിക 20 | മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച കണക്ക് 2021-22 | 66 |
| പട്ടിക 21 | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ നിർമ്മിക്കപ്പെട്ട പ്രതിരോധ സംവിധാനങ്ങൾ സംബന്ധിച്ച വിവരം 2021-22 | 66 |
| പട്ടിക 22 | വന്യജീവികളുടെ ആക്രമണത്തിനു വിധേയമായവർക്ക് 2021-22 കാലയളവിൽ നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിവരം | 67 |
| പട്ടിക 23 | കേരളത്തിലെ കടുവകളുടെ എണ്ണം | 68 |
| പട്ടിക 24 | കഴിഞ്ഞ പത്തു വർഷത്തെ നീലഗിരി വരയാടുകളുടെ കണക്കാക്കപ്പെടുന്ന എണ്ണം | 68 |

| | | |
|---|---|---|
| പട്ടിക 25 | ആന ഇടനാഴികളുടെ വിശദവിവരങ്ങൾ | 69 |
| പട്ടിക 26 | റാപ്പിഡ് റെസ്പോൺസ് ടീം വിശദാംശങ്ങൾ | 69 |
| പട്ടിക 27 | നാട്ടാനകളുടെ എണ്ണം 2021–22 | 70 |
| പട്ടിക 28 | ഡിവിഷൻ തിരിച്ചുള്ള വനശ്രീ ഇക്കോ-ഷോപ്പുകൾ | 73 |
| പട്ടിക 29 | നാല് ട്രൈബ്യൂണലുകൾക്കു മുന്നിൽ ശേഷിക്കുന്ന കേസുകളുടെ എണ്ണം | 76 |
| പട്ടിക 30 | വിവിധ ഏജൻസികൾക്കു പാട്ടത്തിനു കൊടുത്ത വനഭൂമി | 77 |
| പട്ടിക 31 | വനഭൂമി കയ്യേറ്റ വിവരങ്ങൾ 2021–22 | 78 |
| പട്ടിക 32 | വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്തവർ 2021–22 | 80 |
| പട്ടിക 33 | വൃക്ഷത്തൈകളുടെ വിതരണം 2021–22 | 82 |
| പട്ടിക 34 | സ്വകാര്യ വനവൽക്കരണത്തിനുള്ള പ്രോൽസാഹന തുക വിവരം | 82 |
| പട്ടിക 35 | വിദ്യാവനം സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ പട്ടിക 2021–22 | 84 |
| പട്ടിക 36 | എഫ്.സി.എ 1980 പ്രകാരം പരിവർത്തിതമാക്കപ്പെട്ട വനഭൂമി 2021–22 | 86 |
| പട്ടിക 37 | CAMPA ഫണ്ട് ലക്ഷ്യവും നേട്ടവും 2021–22 | 88 |
| പട്ടിക 38 | ഫോറസ്റ്റ് ഇന്റലിജൻസ് സെൽ പിടിച്ചെടുത്ത കള്ളക്കടത്തു വസ്തുക്കൾ 2021-22 | 92 |
| പട്ടിക 39 | വിജിലൻസ് വിഭാഗം അന്വേഷിച്ച പരാതികൾ/ ക്രമക്കേടുകൾ 2021–22 | 93 |
| പട്ടിക 40 | വർക്കിംഗ് പ്ലാനുകളുടെ 31.3.2022 വരെയുള്ള സ്ഥിതി | 97 |
| പട്ടിക 41 | തേക്ക് വിത്ത് ഉൽപ്പാദന പ്രദേശങ്ങളുടെ (TSPA) വിശ ദാംശങ്ങൾ 2021–22 | 98 |
| പട്ടിക 42 | 2017–18 മുതൽ 2021–22 വരെയുള്ള ബജറ്റ് വിഹിത ത്തിന്റേയും ചെലവിന്റെയും താരതമ്യനില | 101 |
| പട്ടിക 43 | തടി, മറ്റ് വനോൽപ്പന്നങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനം | 101 |
| പട്ടിക 44 | 13–ാം പഞ്ചവത്സര പദ്ധതി കാലത്ത് നേടിയ വരുമാനം (കോടിയിൽ) | 102 |
| പട്ടിക 45 | 2020–21, 2021–22 വർഷങ്ങളിലെ സെക്ടർ തിരിച്ചുള്ള ബഡ്ജറ്റ് വിഹിതവും ചെലവും (രൂപ - കോടിയിൽ) | 103 |
| പട്ടിക 46 | ലക്ഷ്യവും നേട്ടവും 13–ാം പഞ്ചവത്സര പദ്ധതിയിൽ (രൂപ കോടിയിൽ) | 103 |
| പട്ടിക 47 | പ്ലാൻ പദ്ധതികളുടെ സാമ്പത്തിക നേട്ടങ്ങൾ 2021–22 | 103 |

| | | |
|---|---|---|
| പട്ടിക 48 | നോൺ-പ്ലാൻ പദ്ധതികളിലെ (സാമ്പത്തിക) നേട്ടങ്ങൾ 2021-22 | 111 |
| പട്ടിക 49 | കേന്ദ്ര സർക്കാരിൽനിന്നും നേരിട്ടു ലഭിച്ച ഫണ്ട് വിവരം | 114 |
| പട്ടിക 50 | മറ്റു വകുപ്പുകൾക്ക്/ഏജൻസികൾക്കു വേണ്ടി നടത്തിയ പ്രവൃത്തികൾ | 114 |
| പട്ടിക 51 | 31.3.2022 വരെയുള്ള റോഡുകളുടെ വിവരം | 115 |
| പട്ടിക 52 | 31.03.2022 വരെയുള്ള കെട്ടിടങ്ങളുടെ കണക്ക് | 115 |
| പട്ടിക 53 | 31.03.2022 വരെയുള്ള വാഹനങ്ങളുടെ കണക്ക് | 116 |
| പട്ടിക 54 | 2021-22-ൽ വാങ്ങുകയും വിൽപ്പന നടത്തിയതുമായ വാഹനങ്ങളുടെ വിവരം | 117 |
| പട്ടിക 55 | 31.03.2022 വരെയുള്ള ആയുധങ്ങളുടേയും വെടിക്കോപ്പുകളുടേയും കണക്ക് | 118 |
| പട്ടിക 56 | വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട വിവരാവകാശ ഓഫീസർമാരുടെയും അപ്പീൽ അധികാരികളുടെയും പേരും മേൽവിലാസവും | 126 |
| പട്ടിക 57 | സെക്ഷൻ 4(1) (b) പ്രകാരം സ്വയം വെളിപ്പെടുത്തൽ | 128 |
| പട്ടിക 58 | പൊതുവിവരാവകാശ ഓഫീസർമാർ/അപ്പലേറ്റ് അധികാരികളുടെ ഉദ്യോഗപ്പേര് | 128 |
| പട്ടിക 59 | പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ തീർപ്പാക്കിയ വിവരാവകാശ അപേക്ഷകളുടെ എണ്ണം | 128 |
| പട്ടിക 60 | പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ നിരസിച്ച കേസുകളുടെ എണ്ണം | 128 |
| പട്ടിക 61 | നിയോഗിക്കപ്പെട്ട അപ്പലേറ്റ് അധികാരികൾ തീർപ്പാക്കിയ അപ്പീലുകളുടെ എണ്ണം | 128 |
| പട്ടിക 62 | പിഴ ചുമത്തിയതും ഈടാക്കിയതും | 129 |
| പട്ടിക 63 | വിവരാവകാശ നിയമപ്രകാരം ഓഫീസർമാരുടെമേൽ എടുത്ത ശിക്ഷാനടപടികൾ | 129 |
| പട്ടിക 64 | പൊതു അധികാരികൾ ഈടാക്കിയ ചെലവ്, ഫീസ്, ചാർജ്ജുകൾ എന്നിവയുടെ ചുരുക്കം | 129 |
| പട്ടിക 65 | ആഭ്യന്തര പരിശോധന / പരിഹരിക്കൽ വിവരം 2021-22 | 130 |
| പട്ടിക 66 | ലോക്കൽ ആഡിറ്റ് പരിശോധന/ പരിഹരിക്കൽ വിവരം 2021-22 | 131 |
| പട്ടിക 67 | ഔദ്യോഗിക ഭാഷ ഉപയോഗത്തിന്റെ വ്യാപ്തി | 133 |
| പട്ടിക 68 | 2022 - ലെ പരാതി പരിഹാര സെൽ വിവരം | 134 |
| പട്ടിക 69 | വകുപ്പുതല ഭാഷാസമിതി / പരിഭാഷ സെൽ വിവരം | 134 |

## Abbreviations

1. AA — Administrative Assistant
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
2. ABP — Agastyavanam Biological Park
അഗസ്ത്യവനം ജൈവോദ്യാനം
3. ACF — Assistant Conservator of Forests
അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
4. AD — Assistant Director
അസിസ്റ്റന്റ് ഡയറക്ടർ
5. ADMN — Administration
ഭരണ നിർവഹണം
6. APCCF — Additional Principal Chief Conservator of Forests
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
7. APO — Annual Plan of Operation
വാർഷിക പ്രവർത്തനപദ്ധതി
8. BDC — Bio-diversity Cell
ജൈവ വൈവിദ്ധ്യ സെൽ
9. BFO — Beat Forest Officer
ബീറ്റ് ഫോറസ്റ്റ് ഓഫീസർ
10. CAMPA — Compensatory Afforestation Fund Management and Planning Authority
കോമ്പൻസേറ്ററി അഫ്ഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആൻഡ് പ്ലാനിംഗ് അതോറിറ്റി
11. CASFOS — Central Academy for State Forest Service
സംസ്ഥാന വനം സേവനത്തിനായുള്ള കേന്ദ്ര അക്കാദമി
12. C& AG — Comptroller & Auditor General
കംപ്ട്രോളർ & ഓഡിറ്റർ ജനറൽ
13. CC — Central Circle
സെൻട്രൽ സർക്കിൾ
14. CCF — Chief Conservator of Forests
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
15. CF — Conservator of Forests
ഫോറസ്റ്റ് കൺസർവേറ്റർ
16. CFVO — Chief Forest Veterinary Officer
ചീഫ് ഫോറസ്റ്റ് വെറ്റിനറി ഓഫീസർ
17. CHR — Cardamom Hill Reserve
കാർഡമം ഹിൽ റിസർവ്
18. CSS — Centrally Sponsored Scheme
കേന്ദ്രാവിഷ്കൃത പദ്ധതി
19. CWW — Chief Wildlife Warden
ചീഫ് വൈൽഡ് ലൈഫ് വാർഡൻ
20. DBMS — Database Management System
വിവരാധിഷ്ഠിത നിയന്ത്രണ സംവിധാനം
21. DCF — Deputy Conservator of Forests
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ

22. DD Deputy Director
ഡെപ്യൂട്ടി ഡയറക്ടർ

23. DFO Divisional Forest Officer
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

24. DLC District Level Committee
ജില്ലാതല സമിതി

25. Dy. RFO Deputy Range Forest Officer
ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ

26. EAP Externally Aided Projects
ബാഹ്യ സഹായ പദ്ധതികൾ

27. EC Eastern Circle
ഈസ്റ്റേൺ സർക്കിൾ

28. ED & TW Eco Development & Tribal Welfare
ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ

29. EDC Eco Development Committees
പരിസ്ഥിതി-വികസന സമിതികൾ

30. EFL Ecologically Fragile Lands
പരിസ്ഥിതി ലോലപ്രദേശം

31. EMF Eco-System Management Fund
പരിസ്ഥിതി-സംവിധാന സംരക്ഷണ തുക

32. EO Estate Officer
എസ്റ്റേറ്റ് ഓഫീസർ

33. ERC Elephant Rehabilitation Centre
ആന പുനരധിവാസ കേന്ദ്രം

34. F&WLD Forest & Wildlife Department
വനം-വന്യജീവി വകുപ്പ്

35. FB & A Finance Budget & Audit
ധന ബജറ്റും ഓഡിറ്റും

36. FDA Forest Development Agency
വനവികസന ഏജൻസി

37. FD (PT) Field Director (Project Tiger)
ഫീൽഡ് ഡയറക്ടർ (പദ്ധതി-കടുവ)

38. FDT Forest Development Tax
വനം വികസന നികുതി

39. FHQ Forest Headquarters
വനം ആസ്ഥാന കാര്യാലയം

40. FIB Forest Information Bureau
ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ

41. FLR Forest, Land & Resources
ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സ്

42. FM Forest Management
ഫോറസ്റ്റ് മാനേജ്മെന്റ്

43. FMIS Forest Management Information System
വനസംരക്ഷണ വിവരവിനിമയസംവിധാനം

44. FPMS Forest Fire Prevention & Management System
വനാഗ്നി തടയലും സംരക്ഷണവും പദ്ധതി

45. FR Forest Resources
വന-വിഭവങ്ങൾ

46. FRSC Forest Resource Survey Cell
വന-വിഭവ സർവെ സെൽ

47. FS Forest Station
ഫോറസ്റ്റ് സ്റ്റേഷൻ

48. FT Forest Tribunal
ഫോറസ്റ്റ് ട്രിബ്യൂണൽ

49. FTC Fire Training Centre
അഗ്നി പ്രതിരോധ പരിശീലന കേന്ദ്രം

50. FTI Forest Training Institute
ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്

51. FVO Forest Veterinary Officer
ഫോറസ്റ്റ് വെറ്റിനറി ഓഫീസർ

52. GHG Green House Gases
ഹരിത ഗൃഹ വാതകങ്ങൾ

53. GIM Green India Mission
ഗ്രീൻ ഇന്ത്യ മിഷൻ

54. GIS Geo-Information System
ഭൗമ-വിവര വിനിമയ സംവിധാനം

55. HoFF Head of Forest Force
വനം സേനാ തലവൻ

56. HRC High Range Circle
ഹൈറേഞ്ച് സർക്കിൾ

57. IA Internal Audit
ആഭ്യന്തര ഓഡിറ്റ്

58. ICT Information & Communication Technology
വിവര വിനിമയ സാങ്കേതികവിദ്യ

59. I & E Inspection & Evaluation
പരിശോധനയും മൂല്യനിർണയവും

60. IFGTB Institute of Forest Genetics & Tree Breeding
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജെനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്

61. IFM Intensification of Forest Management
വനസംരക്ഷണത്തിന്റെ തീവ്രവൽക്കരണം

62. IFS Indian Forest Service
ഇന്ത്യൻ ഫോറസ്റ്റ് സർവീസ്

63. HRD Human Resources Development
മാനവശേഷി വികസനം

64. IPC Industrial Plantation Circle
വ്യവസായത്തോട്ടം സർക്കിൾ

65. IT Information Technology
വിവരസാങ്കേതികവിദ്യ

| | | |
|---|---|---|
| 66. | IUCN | International Union for Conservation of Nature<br>വനംസംരക്ഷണത്തിനായുള്ള അന്തർദേശീയ യൂണിയൻ |
| 67. | JICA | Japan International Co-operation Agency<br>ജപ്പാൻ അന്തർദേശീയ സഹകരണ ഏജൻസി |
| 68. | JS | Joint Secretary<br>ജോയിന്റ് സെക്രട്ടറി |
| 69. | KDH | Kannan Devan Hills<br>കണ്ണൻ ദേവൻ കുന്നുകൾ |
| 70. | KFD | Kerala Forest Department<br>കേരള വനംവകുപ്പ് |
| 71. | KFRI | Kerala Forest Research Institute<br>കേരള വനം ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് |
| 72. | KFSC | Kerala Forest Seed Centre<br>കേരള വനം വിത്തുകേന്ദ്രം |
| 73. | KIIFB | Kerala Infrastructure Investment Fund Board<br>കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് |
| 74. | KSDI | Kerala Spatial Database Infrastructure<br>കേരള സ്ഥല-വിവരാധിഷ്ഠിത അടിസ്ഥാനവികസനം |
| 75. | KSIDC | Kerala State Industrial Development Corporation<br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ |
| 76. | KSWIFT | Kerala Single Window Interface for Fast and Transparent Clearance<br>ശീഘ്രവും സുതാര്യവുമായ തീർപ്പാക്കലിനുള്ള കേരള ഏകജാലക സംവിധാനം |
| 77. | LACADS | Legislative Assembly Constituency Asset Development Scheme<br>നിയമസഭാമണ്ഡലം ആസ്തി വികസനപദ്ധതി |
| 78. | LAR | Local Audit Report<br>ലോക്കൽ ഓഡിറ്റ് റിപ്പോർട്ട് |
| 79. | LO | Liaison Officer<br>ലെയ്സൺ ഓഫീസർ |
| 80. | MFP | Minor Forest Produce<br>ചെറുകിട വനം ഉൽപ്പന്നങ്ങൾ |
| 81. | MoEFCC | Ministry of Environment Forest & Climate Change<br>പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാനമന്ത്രാലയം |
| 82. | MSP | Minimum Support Price<br>ചുരുങ്ങിയ താങ്ങുവില |
| 83. | NABARD | National Bank for Agriculture & Rural Development<br>കൃഷിക്കും ഗ്രാമീണ വികസനത്തിനുമായുള്ള ദേശീയ ബാങ്ക് |
| 84. | NC | Northern Circle<br>നോർത്തേൺ സർക്കിൾ |
| 85. | NR | Northern Region<br>നോർത്തേൺ മേഖല |
| 86. | NSC | Nature Study Centre<br>പ്രകൃതി പഠനകേന്ദ്രം |
| 87. | NTCA | National Tiger Conservation Authority<br>ദേശീയ കടുവാസംരക്ഷണ അതോറിറ്റി |

88. NWFP Non-Wood Forest Produce
തടിയേതര വനം ഉൽപ്പന്നങ്ങൾ

89. PA Protected Area
സംരക്ഷിത മേഖല

90. PAC Public Accounts Committee
പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

91. PE Periyar East
പെരിയാർ ഈസ്ററ്

92. PCCF Principal Chief Conservator of Forests
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

93. PFM Participatory Forest Management
പങ്കാളിത്ത വന സംരക്ഷണം

94. PRF Proposed Reserve Forest
നിർദ്ദിഷ്ട സംരക്ഷിത വനം

95. RDO Revenue Divisional Officer
റവന്യൂ ഡിവിഷണൽ ഓഫീസർ

96. PRO Public Relations Officer
പബ്ലിക് റിലേഷൻസ് ഓഫീസർ

97. RF Reserved Forest
സംരക്ഷിത വനം

98. RFO Range Forest Officer
റേഞ്ച് ഫോറസ്റ്റ് ഓഫീസർ

99. RFPF River Forest Protection Fund
നദി, വനം സംരക്ഷണ നിധി

100. RIDF Rural Infrastructure Development Fund
ഗ്രാമീണ മേഖലയുടെ അടിസ്ഥാന വികസന തുക

101. RRT Rapid Response Team
ദ്രുത കർമ്മസേന

102. SA & NO Special Afforestaion & Nodal Officer
സ്പെഷ്യൽ അഫൊറെസ്റ്റേഷൻ & നോഡൽ ഓഫീസർ

103. SC Southern Circle
ദക്ഷിണ സർക്കിൾ

104. SF Social Forestry
സോഷ്യൽ ഫോറസ്ട്രി

105. SFDA State Forest Development Agency
സംസ്ഥാന വനം വികസന ഏജൻസി

106. SFO Section Forest Officer
സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

107. SFTI State Forest Training Institute
സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്

108. SIP Special Investigation & Protection
സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ & പ്രൊട്ടക്ഷൻ

109. SPARK Service & Payroll Administrative Repository for Kerala
സർവീസ് & പെയ്റോൾ അഡ്മിനിസ്ട്രേറ്റീവ് റെപ്പോസിറ്ററി ഫോർ കേരള

110. SPMU State Project Monitoring Unit
സംസ്ഥാന പദ്ധതി നടപ്പാക്കൽ നിരീക്ഷണ യൂണിറ്റ്

111. SPV Special Purpose Vehicle
പ്രത്യേക ഉദ്ദേശ്യ സംവിധാനം

112. SR Southern Region
ദക്ഷിണമേഖല

113. Sr. AA Senior Administrative Assistant
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

114. Sr. AO Senior Administrative Officer
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

115. Sr. FO Senior Finance Officer
സീനിയർ ഫിനാൻസ് ഓഫീസർ

116. SS Senior Superintendent
സീനിയർ സൂപ്രണ്ട്

117. STP State Training Policy
സംസ്ഥാന പരിശീലന നയം

118. TA Technical Assistant
ടെക്നിക്കൽ അസിസ്റ്റന്റ്

119. T&E Training & Evalution
പരിശീലനവും മൂല്യനിർണയവും

120. TBGRI Tropical Botanical Garden and Research Institute
ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനും ഗവേഷണസ്ഥാപനവും

121. TRIFED Tribal Co-operative Marketing Development Federation of India Ltd.
ഇന്ത്യാ ഗോത്രവർഗസഹകരണ വിപണന വികസന ഫെഡറേഷൻ ക്ലിപ്തം

122. TS Timber Sales
തടി വിൽപന

123. TSPA Teak Seed Production Areas
തേക്കു വിത്തു ഉൽപ്പാദന മേഖലകൾ

124. VDVK Van Dhan Vikas Kendram
വൻ ധൻ വികാസ് കേന്ദ്രം

125. V&FI Vigilance & Forest Intelligence
വിജിലൻസും വനം ഇന്റെലിജൻസും

126. VF Vested Forest
നിക്ഷിപ്ത വനം

127. VSS Vana Samrakshana Samithy
വനസംരക്ഷണ സമിതി

128. WBI Wood-Based Industries
തടിയധിഷ്ഠിത വ്യവസായങ്ങൾ

129. WED World Environment Day
ലോക പരിസ്ഥിതി ദിനം

130. WLS Wildlife Sanctury
വന്യജീവി സങ്കേതം

131. WLD Wildlife Divisions
വന്യജീവി ഡിവിഷനുകൾ

132. WLW Wildlife Warden
വന്യജീവി പരിപാലകൻ

133. WP & R Working Plan & Research
പ്രവർത്തന പദ്ധതിയും ഗവേഷണവും.

# അധ്യായം 1

# കേരളത്തിലെ വനപരിപാലനത്തിന്റെ ചരിത്രവും പരിണാമവും

## 1.1 കേരള വനം വകുപ്പിന്റെ പരിണാമം

വനസംരക്ഷണത്തിലും വരുമാന വർദ്ധനയിലുമൂന്നിയ സാമ്രാജ്യത്വ പൈതൃകത്തിൽ ആരംഭിച്ച കേരള വനംവകുപ്പ്, വനം നയങ്ങൾ, ഭരണപരമായ മുൻഗണനാക്രമം എന്നിവയിൽ വളരെ ദൂരം മുമ്പോട്ടു കടന്നിരിക്കുകയാണ്.

ബ്രിട്ടീഷുകാരുടെ രാജഭരണത്തിന്റെ കാലഘട്ടത്തിൽ, കേരളത്തിന്റെ വടക്കേത്തീരത്തുടനീളം പച്ചത്തഴപ്പുകളാൽ നിബിഡമായിരുന്നു. പശ്ചിമഘട്ട നിരകളുള്ള 90 ശതമാനത്തിലധികവും, മദ്ധ്യഭൂമിയുടെ 75 ശതമാനത്തിലധികം ഭൂപ്രദേശങ്ങളും, 60 ശതമാനത്തിലധികം തീരദേശ ഭൂപ്രദേശങ്ങളും ഇടതൂർന്ന വനങ്ങളാൽ ആവരണം ചെയ്യപ്പെട്ടിരുന്നു. അന്നത്തെ ആളുകൾ മതപരവും മറ്റുള്ളവയുമായ കാരണങ്ങളാൽ, ഈ വനങ്ങളെ അതിന്റെ പഴയ പ്രതാപത്തിൽത്തന്നെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തിരുന്നു. അങ്ങനെ, 1947-ൽ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതുവരെയും, പിന്നീട് രാജഭരണ സംസ്ഥാനങ്ങളുടെ സംയോജനം നടക്കുന്നതുവരെയും, സംസ്ഥാനത്തിന്റെ 75 ശതമാനത്തിലധികം ഭൂപ്രദേശങ്ങളും നിബിഡ വനങ്ങളാൽ ആവൃതമായിരുന്നു. എന്നാൽ, സ്വാതന്ത്ര്യലബ്ധിക്കുശേഷം, 1950-കളുടെ ആദ്യസമയങ്ങളിൽ വനപ്രദേശങ്ങളിലെ കടന്നുകയറ്റങ്ങൾ ആരംഭിക്കുകയും, 1960-കളും, 1970-കളുടെ ആദ്യകാലങ്ങളും വരെ ഈ പ്രവണത തുടരുകയും, തൽഫലമായി വനത്തിന്റെ വ്യാപ്തി കാര്യമായി കുറയുകയും ചെയ്തു.

## 1.2 സ്വാതന്ത്ര്യത്തിനു മുമ്പുള്ള കേരള വനഭരണം

### പട്ടിക 1

### സ്വാതന്ത്ര്യത്തിനുമുമ്പുള്ള കേരള വനഭരണം

| ക്രമ നം. | പ്രദേശം | ഭരണനിയന്ത്രണം | നിലവിലിരുന്ന നിയമങ്ങൾ |
|---|---|---|---|
| 1 | മലബാർ | ബ്രിട്ടീഷ് ഭരണം | മദ്രാസ് ഫോറസ്റ്റ് ആക്ട് 1882 |
| 2 | കൊച്ചി സംസ്ഥാനം | കൊച്ചിയിലെ രാജാവ് | കൊച്ചി ഫോറസ്റ്റ് റെഗുലേഷൻ ആക്ട് 1903 |
| 3 | തിരുവിതാംകൂർ സംസ്ഥാനം | തിരുവിതാംകൂർ രാജാവ് | തിരുവിതാംകൂർ ഫോറസ്റ്റ് ആക്ട്, 1887 |

## 1.3 സ്വാതന്ത്ര്യത്തിനുശേഷമുള്ള കേരള വനഭരണം

- തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങൾ 1949 ജൂലായ് 1-ന് പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ വനം വകുപ്പിന് എട്ട് വനം ഡിവിഷനുകൾ ഉണ്ടായിരുന്നു. അവ തിരുവനന്തപുരം, കൊല്ലം, ചെങ്കോട്ട (ഇപ്പോൾ തമിഴ്നാട്), കോന്നി, കോട്ടയം, മലയാറ്റൂർ, ചാലക്കുടി, തൃശ്ശൂർ എന്നിവയായിരുന്നു.
- കൊല്ലവും തൃശ്ശൂരും ആസ്ഥാനങ്ങളായി, 1950-ൽ ഈ ഡിവിഷനുകൾ രണ്ട് ടെറിട്ടോറിയൽ സർക്കിളുകൾക്ക് കീഴിലായി. 1956-ലെ സംസ്ഥാന പുനഃസംഘടന ആക്ടിന്റെ അടിസ്ഥാനത്തിൽ, മുമ്പത്തെ രാജഭരണ സംസ്ഥാനങ്ങളായിരുന്ന തിരുവിതാംകൂർ, കൊച്ചി, മലബാർ (നേരത്തെ മദ്രാസ് പ്രസിഡൻസിയുടെ ഭാഗം) എന്നിവ ലയിപ്പിച്ചതോടെ, വനം വകുപ്പ് കൊല്ലം, ചാലക്കുടി, കോഴിക്കോട് എന്നിങ്ങനെ മൂന്നു ടെറിട്ടോറിയൽ സർക്കിളുകളായി പുനഃസംഘടിപ്പിക്കപ്പെട്ടു.
- ഈ മൂന്നു സർക്കിളുകളുടെ കീഴിലായി പതിനാല് വനം ഡിവിഷനുകൾ ഉണ്ടായിരുന്നു. കൊല്ലം സർക്കിളിന്റെ ഭാഗമായി തിരുവനന്തപുരം, തെന്മല, പുനലൂർ, കോന്നി, റാന്നി എന്നിവയും, ചാലക്കുടി സർക്കിളിന്റെ ഭാഗമായി കോട്ടയം, മലയാറ്റൂർ, ചാലക്കുടി, തൃശ്ശൂർ എന്നിവയും, കോഴിക്കോട് സർക്കിളിന്റെ ഭാഗമായി നെന്മാറ, പാലക്കാട്, നിലമ്പൂർ, കോഴിക്കോട്, വയനാട് എന്നിവയും.
- ഈ ഡിവിഷനുകളുടെയും റേഞ്ചുകളുടെയും വനാതിരുകൾ 27.06.1958-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 683/കൃഷി-വനം (എ) പ്രകാരം വിജ്ഞാപനം ചെയ്തിരുന്നു.

## 1.4 1988-നു ശേഷമുള്ള കേരള വനഭരണം

1988-ലെ ദേശീയവനം നയത്തിൽ അടിസ്ഥാനപരമായ ഒരു മാറ്റം സംഭവിച്ചു. പങ്കാളിത്ത വനംഭരണത്തിലൂടെ (PFM), പാരിസ്ഥിതിക നീതിനിഷ്ഠ പാലിച്ചുകൊണ്ടു തന്നെ വനത്തിലും അതിന്റെ പുറങ്ങളിലും വസിക്കുന്ന ജനങ്ങളുടെ പങ്കാളിത്തത്തോടെ, ഇന്ത്യയിലെ വനങ്ങളും അവയുടെ ജൈവ വൈവിധ്യവും പരിരക്ഷിക്കുക എന്നതാണ് ഈ പുതിയ നയം കൊണ്ട് ഉദ്ദേശിക്കുന്നത്.

## 1.5 വനം വകുപ്പിന്റെ വിപുലീകരണം

- പുതുതായി സൃഷ്ടിക്കപ്പെട്ട അഞ്ചു സ്പെഷ്യൽ ഡിവിഷനുകളായ പ്ലാന്റേഷൻ ഡിവിഷൻ - പറമ്പിക്കുളം ലൈസോൺ ഡിവിഷൻ - സുംഗം, ഗ്രാസ്സ്ലാന്റ് അഫോറസ്റ്റേഷൻ ഡിവിഷൻ - പമ്പ (പീരുമേട്) ഹൈഡൽ ഡിവിഷൻ-ചാലക്കുടി എന്നിവ ഉൾപ്പെടുത്തി ഒരു പുതിയ ഡെവലപ്മെന്റ് സർക്കിൾ 1960-ൽ തൃശ്ശൂർ ആസ്ഥാനമായി രൂപീകരിക്കപ്പെട്ടു.
- ഇപ്പോൾ, സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, (SFTI) എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിരിക്കുന്ന കേരള ഫോറസ്റ്റ് സ്കൂൾ ഈ ഡെവലപ്മെന്റ് സർക്കിളിന്റെ കീഴിൽ, 1961-ൽ പാലക്കാട് ജില്ലയിലെ വാളയാറിൽ സ്ഥാപിതമായി.
- കുറഞ്ഞ മൂല്യമുള്ള ഭിന്നജാതി പലവക വനവൃക്ഷങ്ങൾ മാറ്റി, വർദ്ധിത സാമ്പത്തികമൂല്യമുള്ള തേക്ക്, മറ്റ് ഇനങ്ങൾ മുതലായവയുടെ തോട്ടങ്ങൾ വൻതോതിൽ വച്ചുപിടിപ്പിക്കണമെന്ന ലക്ഷ്യത്തോടെ, വീണ്ടും, മുൻപറഞ്ഞ ഡെവലപ്മെന്റ് സർക്കിളിന്റെ കീഴിൽ താഴെപ്പറയുന്ന നാല് സ്പെഷ്യൽ ഡിവിഷനുകൾ കൂടി, 1964-65 ൽ രൂപീകരിക്കപ്പെട്ടു, കല്ലാർവാലി തേക്ക് പ്ലാന്റേഷൻ - (അച്ചൻകോവിൽ) ഡിവിഷൻ, തേക്ക് പ്ലാന്റേഷൻ ഡിവിഷൻ - ഇടമലയാർ, പാക്കിംഗ് പേപ്പർ സ്കീം ഡിവിഷൻ - കാലടി, ഇൻഡസ്ട്രിയൽ പ്ലാന്റേഷൻ ഡിവിഷൻ - പെരുമ്പാവൂർ.
- തൃശ്ശൂർ ആസ്ഥാനമായി ഒരു ഇൻഡസ്ട്രിയൽ പ്ലാന്റേഷൻ സർക്കിൾ (IPC) 1965 ജൂലൈയിൽ രൂപീകൃതമായി. ഇവയിൽ ഉൾക്കൊള്ളിച്ചിരുന്ന ഡിവിഷനുകൾ പെരുമ്പാവൂർ, പെരുമൂഴി, കാലടി, വാഴച്ചാൽ, കോതമംഗലം എന്നിവയായിരുന്നു. പിന്നീട്, ചാലക്കുടി-ട്രാംവെ ഡിവിഷൻ ഒഴിവാക്കിയും, ഫോറസ്റ്റ് സ്കൂളിനെ ഉൾപ്പെടുത്തിയും, ഡെവലപ്മെന്റ് സർക്കിളിനു കീഴിലുണ്ടായിരുന്ന ഡിവിഷനുകളെ ഏഴായി ചുരുക്കുകയുണ്ടായി. ഇതേ തുടർന്ന്, 01.04.1988-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 1136/68 അഗ്രി പ്രകാരം ഡെവലപ്മെന്റ് സർക്കിൾ നിർത്തലാക്കപ്പെട്ടു, അതിന്റെ ഭാഗമായിരുന്ന ഏഴു ഡിവിഷനുകൾ ടെറിട്ടോറിയൽ സർക്കിളുകളുടെ പരിധിയിലാവുകയും ചെയ്തു.
- കോഴിക്കോട് ആസ്ഥാനമായി 1971-ൽ ഒരു നിക്ഷിപ്ത വന (സ്പെഷ്യൽ) സർക്കിൾ സ്ഥാപിതമായി. ഇതിന് നാല് സ്പെഷ്യൽ ഡിവിഷനുകൾ ഉണ്ടായിരുന്നു - പാലക്കാട്, നിലമ്പൂർ, കോഴിക്കോട്, തലശ്ശേരി എന്നിവ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ട് 1971 പ്രകാരം, സർക്കിളിൽ നിക്ഷിപ്തമായിരുന്ന വനം ഭൂമിയുടെ ഭരണ നിയന്ത്രണമായിരുന്നു ഇതിന്റെ ഉദ്ദേശ്യം.
- ശ്രീലങ്കൻ അഭയാർഥികൾക്ക് സ്ഥിരജോലി നൽകുന്നതിനായി റബ്ബർ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി ഒരു റബ്ബർതോട്ട (Rubber Plantation) സർക്കിൾ 1971-ൽ രൂപീകരിക്കപ്പെട്ടു. എന്നാൽ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, പുനലൂർ എന്ന പേരിൽ ഒരു ലിമിറ്റഡ് കമ്പനിയായി ഈ ഡിവിഷനെ മാറ്റിയതിനാൽ, പിന്നീട് ഈ സർക്കിളിന്റെ പ്രവർത്തനം അവസാനിപ്പിച്ചു.
- വകുപ്പിന്, 1972-ൽ ഉണ്ടായിരുന്നത് ദക്ഷിണ, മധ്യ, പൂർവ ടെറിട്ടോറിയൽ സർക്കിളുകളായിരുന്നു. താഴെപ്പറയുന്ന പ്രവർത്തന സർക്കിളുകളും (Functional Circles) ഉണ്ടായിരുന്നു:
  - (i) വർക്കിംഗ് പ്ലാനും റിസർച്ചും (WP&R) സർക്കിൾ
  - (ii) ഇൻഡസ്ട്രിയൽ പ്ലാന്റേഷൻസ് സർക്കിൾ (IPC)
  - (iii) സ്പെഷ്യൽ സർക്കിൾ, കോഴിക്കോട്
  - (iv) വിജിലൻസ് & ഇവാല്യുവേഷൻ സർക്കിൾ
  - (v) റബ്ബർ പ്ലാന്റേഷൻസ് സർക്കിൾ.
- അക്കാലത്ത്, വകുപ്പിൽ രണ്ട് മുഖ്യവനപാലകർ (CCF) ഉണ്ടായിരുന്നു. ഇതു കൂടാതെ, ആസൂത്രണം, വ്യവസായം എന്നീ വിഭാഗങ്ങൾക്കായി, 1972-ൽ കൺസർവേറ്റർമാരുടെ രണ്ടു തസ്തികകൾ കൂടി സൃഷ്ടിക്കപ്പെട്ടു.
- പൊതുലേലത്തിലൂടെ തടി വിൽക്കുന്നതിനുവേണ്ടി അസിസ്റ്റന്റ് വനം കൺസർവേറ്ററുടെ (ACF) നേതൃത്വത്തിൽ പ്രത്യേക തടിവിൽപ്പന ഡിവിഷനുകൾ രൂപീകരിക്കപ്പെടുകയും, 1977 ഡിസംബറിൽ ബന്ധപ്പെട്ട ടെറിട്ടോറിയൽ സർക്കിളുകളുടെ കീഴിൽ ഗവൺമെന്റ് തടി ഡിപ്പോകളിലൂടെ തടി വിൽപ്പനയ്ക്കായി അവ തിരുവനന്തപുരം, പുനലൂർ, പെരുമ്പാവൂർ, കോഴിക്കോട് എന്നിവിടങ്ങൾ ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

- കൊല്ലം സർക്കിളിന് പത്തനാംപുരം ഡിപ്പോയും, തൃശ്ശൂർ സർക്കിളിന് മുദിക്കൽ ഡിപ്പോയും, കോഴിക്കോട് സർക്കിളിന് കല്ലായി ഡിപ്പോയും കേരളത്തിൽ എല്ലായിടത്തും നിന്ന് ഈട്ടിത്തടി സംഭരിക്കുന്നതിനും അവ വിപണനം നടത്തുന്നതിനുമുള്ള കേന്ദ്ര ഡിപ്പോകളായി 31.03.1973-ൽ വിജ്ഞാപനം ചെയ്യപ്പെട്ടു.
- നിലവിൽ, ഇനി പറയുന്ന ആറ് തടിവിൽപ്പന ഡിവിഷനുകൾ ഉണ്ട് തിരുവനന്തപുരം, പുനലൂർ, കോട്ടയം, പെരുമ്പാവൂർ, പാലക്കാട്, കോഴിക്കോട്. ഈ ഡിവിഷനുകളിൽ 28 തടി ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. കണ്ണൻ ദേവൻ കുന്നുകൾ "(KDH) ഭൂമി വീണ്ടെടുക്കൽ ആക്ട് പ്രകാരം വീണ്ടെടുക്കപ്പെടുകയും, വനംവകുപ്പിന് റവന്യൂ വകുപ്പ് കൈമാറുകയും ചെയ്ത 22253 ഏക്കർ ഭൂമിയുടെ സംരക്ഷണത്തിനായി മാങ്കുളം സ്പെഷ്യൽ ഡിവിഷൻ 15.04.1980-ൽ രൂപീകരിക്കപ്പെട്ടു.
- റവന്യൂ വകുപ്പിൽ നിന്ന് ഇങ്ങനെ കൈമാറി ലഭിച്ചതും, അതിനുശേഷം, മാങ്കുളം ഡിവിഷന്റെ സംരക്ഷണത്തിലുമായിരുന്ന മുഴുവൻ ഭൂമിയും കേരളവനം ആക്ട്, 1961 പ്രകാരം സംരക്ഷിതവനങ്ങളാണെന്ന് 24.05.2006-ലെ (സാധാരണ) സർക്കാർ ഉത്തരവ് നം. 384/2007/എഫ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടു.
- ഇൻഡസ്ട്രിയൽ പ്ലാന്റേഷൻ സർക്കിൾ (IPC)-യും ചാലക്കുടി (തൃശ്ശൂർ) ടെറിട്ടോറിയൽ സർക്കിളും 07.02.1981-ലെ 34/81/എഡി നമ്പർ (സാധാരണ) സർക്കാർ ഉത്തരവിനെ തുടർന്ന് പുനഃസംഘടിപ്പിക്കപ്പെട്ടതിന്റെ ഫലമായി എ.പി.സി. നിർത്തലാക്കിയപ്പോൾ, കോട്ടയം ആസ്ഥാനമായി ഹൈറേഞ്ച് സർക്കിൾ (HRC) എന്ന പേരിൽ ഒരു ടെറിട്ടോറിയൽ സർക്കിൾ രൂപീകൃതമായി.
- അപ്രകാരം കോട്ടയം, കോതമംഗലം, മൂന്നാർ, മാങ്കുളം ടെറിട്ടോറിയൽ ഡിവിഷനുകൾ ഹൈറേഞ്ച് സർക്കിളിനുകീഴിൽ കൊണ്ടുവന്നപ്പോൾ, തൃശ്ശൂർ, ചാലക്കുടി, വാഴച്ചാൽ, മലയാറ്റൂർ ടെറിട്ടോറിയൽ ഡിവിഷനുകൾ തൃശ്ശൂർ സെൻട്രൽ സർക്കിളിൽ നിലനിർത്തപ്പെട്ടു. പാലക്കാട്, നെന്മാറ, ടെറിട്ടോറിയൽ ഡിവിഷനുകളിലും, പാലക്കാട് നിക്ഷിപ്തവനം ഡിവിഷനിലും ഉൾപ്പെട്ടിരുന്ന സംരക്ഷിതവനങ്ങളെയും നിക്ഷിപ്തവനങ്ങളെയും, 1989-ൽ ലയിപ്പിച്ച് പാലക്കാട്, നെന്മാറ, മണ്ണാർക്കാട് ടെറിട്ടോറിയൽ ഡിവിഷനുകളായി പുനഃസംഘടിപ്പിക്കുകയുണ്ടായി. സർക്കാരിന്റെ 28.12.1989-ലെ ഉത്തരവ്(കയ്യെഴുത്ത്) നം. 121/89/എഫ്. ഡബ്ല്യൂ എൽ ഡി പ്രകാരമാണ് ഈ ഡിവിഷനുകൾ പ്രാബല്യത്തിൽ വന്നത്.
- ഈ പുനഃസംഘടന നടത്തിയത്, അടുത്തടുത്ത് ചേർന്നുവരുന്ന ഡിവിഷനുകളിലും റേഞ്ചുകളിലും ഉൾപ്പെടുന്ന പ്രദേശങ്ങളെ ഭരണനിർവഹണ യൂണിറ്റുകളായി ബലപ്പെടുത്തുന്നതിലൂടെ മെച്ചപ്പെട്ട ഭരണ നിർവഹണ സൗകര്യവും വനസംരക്ഷണവും ഉറപ്പുവരുത്താനും, അവയുടെ അതിർത്തികളെ ജില്ലാ, താലൂക്ക് അതിർത്തികളുമായി അനുക്രമപ്പെടുത്താനും ഉദ്ദേശിച്ചായിരുന്നു.
- മറ്റൊരു പ്രധാനപ്പെട്ട ഘടനാമാറ്റം വകുപ്പിൽ ഉണ്ടണ്ടായത് 1990-ലായിരുന്നു. അന്ന്, നിലമ്പൂർ (ടെറിട്ടോറിയൽ) ഡിവിഷനെയും, നിലമ്പൂർ (സ്പെഷ്യൽ) ഡിവിഷനെയും, പുനഃസംഘടിപ്പിക്കുകയും, തൽഫലമായി നിലമ്പൂർ (വടക്ക്), നിലമ്പൂർ (തെക്ക്) എന്നിങ്ങനെ രണ്ടു ഡിവിഷനുകൾ രൂപപ്പെടുകയും ചെയ്തു.
- അഞ്ച് ടെറിട്ടോറിയൽ ഡിവിഷനുകൾ ഒലവക്കോട് (പാലക്കാട്) ആസ്ഥാനമായി പുതുതായി രൂപീകരിക്കപ്പെട്ട (1.04.1988) ഈസ്റ്റേൺ സർക്കിളിന്റെ കീഴിലാക്കപ്പെട്ടു.
- ഇത്തരത്തിൽ കോഴിക്കോട്, തലശ്ശേരി സ്പെഷ്യൽ ഡിവിഷനുകളിലെ നിക്ഷിപ്തവനങ്ങളും, കോഴിക്കോട്, വയനാട് ടെറിട്ടോറിയൽ ഡിവിഷനുകളും കൂട്ടിച്ചേർത്ത് ടെറിട്ടോറിയൽ പദവിയോടെ, കോഴിക്കോട്, വയനാട് (വടക്ക്) വയനാട് (തെക്ക്), കണ്ണൂർ എന്നീ ഡിവിഷനുകൾ പുനഃസംഘടിപ്പിക്കപ്പെട്ടു. ഭരണ നിർവഹണ യൂണിറ്റുകൾ ഒതുക്കമുള്ളതാക്കുകയും, ഡിവിഷന്റെയും റേഞ്ചിന്റെയും അതിർത്തികളെ ജില്ലാതാലൂക്ക് അതിർത്തികളുമായി അനുരൂപപ്പെടുത്തുകയും ചെയ്യുക എന്നതായിരുന്നു ഈ പുനഃസംഘടനയുടെ ഉദ്ദേശ്യം.
- കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ റവന്യൂ ജില്ലകൾ 1990-ൽ പുനഃസംഘടിപ്പിക്കപ്പെട്ടതിനെ തുടർന്ന്, കോഴിക്കോട് വടക്കൻ സർക്കിളിന്റെയും, കോഴിക്കോട് നിക്ഷിപ്ത വന സർക്കിളിന്റെയും അധികാര പരിധിയിൽ വരുന്ന ഈ ജില്ലകളിലെ വനം ഡിവിഷനുകളും പുനഃസംഘടിപ്പിക്കപ്പെട്ടു. കോഴിക്കോട്, വയനാട് (തെക്ക്), വയനാട് (വടക്ക്), കണ്ണൂർ എന്നീ ടെറിട്ടോറിയൽ ഡിവിഷനുകൾ കോഴിക്കോട് കേന്ദ്രമായുള്ള നോർത്തേൺ സർക്കിളിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്നവയാണ്. ഈ സർക്കിളിന്റെ ആസ്ഥാനം 15.06.2002-ലെ സർക്കാർ (സാധാരണ)ഉത്തരവ് നം. 170/2002 പ്രകാരം 01.06.2003-ൽ കണ്ണൂരിലേക്ക് മാറ്റുകയുണ്ടായി. പുതുതായി രൂപീകൃതമായ ഒലവക്കോട് (പാലക്കാട്) ആസ്ഥാനമായ ഈസ്റ്റേൺ സർക്കിളിന്റെ അധികാര പരിധിയിൽ പാലക്കാട്, നെന്മാറ, മണ്ണാർക്കാട്, നിലമ്പൂർ (വടക്ക്), നിലമ്പൂർ (തെക്ക്) എന്നീ ടെറിട്ടോറിയൽ ഡിവിഷനുകൾ ഉൾപ്പെടുന്നു.
- സംസ്ഥാനത്തിന്റെ തെക്കൻ അതിർത്തികളിലൂടെ തമിഴ്നാട്ടിലെ നമ്മുടെ അയൽ ജില്ലയായ തിരുനെൽവേലിയിലേക്ക് വിലപിടിപ്പുള്ള തടിയും മറ്റ് വനോൽപ്പന്നങ്ങളും വ്യാപകമായി കള്ളക്കടത്ത് നട

ത്തുന്നതു തടയാൻ അച്ചൻകോവിൽ, കല്ലാർ, കണയാർ റേഞ്ചുകൾ ചേർത്ത് 01.07.1973-ൽ അച്ചൻ കോവിൽ ആസ്ഥാനമായി ഒരു പുതിയ വനം ഡിവിഷൻ പ്രവർത്തനം ആരംഭിച്ചു. അതേസമയം, നിലവിലുള്ളതായിരുന്ന കല്ലാർവാലി തേക്കുതോട്ട സ്പെഷ്യൽ ഡിവിഷൻ നിർത്തലാക്കുകയും ചെയ്തു.

- ഇതേ രീതിയിൽ, ദുർലഭവും വംശനാശം നേരിടുന്നവയുമായ ചന്ദനമരങ്ങൾ അനധികൃതമായി മുറിച്ചു കടത്തുന്നതും, തത്ഫലമായി മറയൂർ, കാന്തല്ലൂർ, മൂന്നാർ പ്രദേശങ്ങളിലെ ചന്ദനത്തടി റിസർവുകളിലെ സ്റ്റോക്കിൽ അനുഭവപ്പെടുന്ന ക്ഷാമവും കണക്കിലെടുത്ത് മറയൂർ കേന്ദ്രമാക്കി 08.06.2005-ൽ ഒരു സ്പെഷ്യൽ ചന്ദന ഡിവിഷൻ സൃഷ്ടിക്കപ്പെട്ടു. ചന്ദനത്തിന്റെ വർധിച്ചുവരുന്ന ശോഷണം തടയാൻ ഫലവത്തായ സംരക്ഷണം ഉറപ്പാക്കാനും, ഭരണ സംവിധാനം ശക്തിപ്പെടുത്താനുമാണ് ഈ പുതിയ ഡിവിഷൻ ആരംഭിച്ചത്. നിലവിലുണ്ടായിരുന്ന മറയൂർ റേഞ്ചും, അതിൽപ്പെട്ട മൂന്നാർ ഡിവിഷന്റെ കീഴിലുള്ള മറയൂർ, നച്ചിവയൽ വനം സ്റ്റേഷനുകളും, പുതുതായി രൂപീകരിക്കപ്പെട്ട കാന്തല്ലൂർ റേഞ്ചും അതിലെ കാന്തല്ലൂർ, വണ്ണാന്തുറ വനം സ്റ്റേഷനുകളും മറയൂർ ചന്ദന ഡിവിഷനോട് കൂട്ടിച്ചേർക്കപ്പെട്ടു.
- മറയൂർ റേഞ്ച് ഓഫീസിനു കീഴിലെ മൂന്നാർ വനം ഡിവിഷന്റെ ഒരു അവിഭാജ്യ ഭാഗമായിരുന്നു മറയൂർ ചന്ദനത്തടി ഡിപ്പോ. മറയൂർ ചന്ദനസംരക്ഷിത വനങ്ങളിൽനിന്നും സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്നുമുള്ള ചന്ദനത്തടിയുടെ ശേഖരണം, കൈപ്പറ്റ്, സംഭരണം, ക്ലപ്പ് നിയന്ത്രണം, സംസ്കരണം എന്നിവയും, പൊതുലേലം വഴിയുള്ള അതിന്റെ വിൽപ്പനയുമായിരുന്നു ഡിപ്പോയിലെ പ്രവർത്തനങ്ങൾ. ചന്ദനഡിവിഷൻ എന്ന ഒരു പ്രത്യേകവനം ഡിവിഷന്റെ ആവിർഭാവത്തോടെ, മറയൂർ ചന്ദനത്തടി ഡിപ്പോ ഇതിന്റെ കീഴിലായി.
- കാസർകോട് ആസ്ഥാനമായി ഒരു പുതിയ ഡിവിഷണൽ വനം ഓഫീസ് 27.03.2012-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം. 22/2012/ എഫ് പ്രകാരം സ്ഥാപിതമായി.അങ്ങനെ, 2007 ആയപ്പോൾ, കേരളവനംവകുപ്പിന് താഴെപ്പറയുന്ന അഞ്ച് ടെറിട്ടോറിയൽ സർക്കിളുകൾ ഉണ്ടായിരുന്നു.

    1. സതേൺ സർക്കിൾ: തിരുവനന്തപുരം, പുനലൂർ, കോന്നി, റാന്നി, തെന്മല, അച്ചൻകോവിൽ ഡിവിഷനുകളും, തിരുവനന്തപുരം, പുനലൂർ തടിവിൽപ്പന (റ്റിംബർ സെയിൽസ്-TS) ഡിവിഷനുകളും ചേർന്നത്.
    2. ഹൈറേഞ്ച് സർക്കിൾ: കോട്ടയം, കോതമംഗലം, മൂന്നാർ, മാങ്കുളം, മറയൂർ ഡിവിഷനുകളും, കോട്ടയം (TS) ഡിവിഷനും ഉൾപ്പെട്ടത്.
    3. സെൻട്രൽ സർക്കിൾ: തൃശ്ശൂർ, മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളും, പെരുമ്പാവൂർ (TS) ഡിവിഷനും ചേർന്നത്.
    4. ഈസ്റ്റേൺ സർക്കിൾ: പാലക്കാട്, നെന്മാറ, മണ്ണാർക്കാട്, നിലമ്പൂർ (വടക്ക്), നിലമ്പൂർ (തെക്ക്) ഡിവിഷനുകളും, പാലക്കാട് (TS) ഡിവിഷനും ഉൾപ്പെട്ടത്.
    5. നോർത്തേൺ സർക്കിൾ: കോഴിക്കോട്, വയനാട് (വടക്ക്), വയനാട് (തെക്ക്), കണ്ണൂർ, കാസർകോഡ് ഡിവിഷനുകളും, കോഴിക്കോട് (TS) ഡിവിഷനും ഉൾപ്പെട്ടത്.

### 1.5.1 സാമൂഹിക വനവൽക്കരണ വിഭാഗത്തിന്റെ രൂപീകരണം

- സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെ സാമൂഹികവനവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിന് സാമൂഹികവനവൽക്കരണ വിഭാഗം 1989-ൽ രൂപീകൃതമായി. വനമേഖലകൾക്കുപുറത്ത് വനാവരണം വർദ്ധിപ്പിക്കുകയും ജനങ്ങളിലേക്ക് കൂടുതൽ വ്യാപകമായി എത്തിപ്പെടാനുതകുന്ന ജനകേന്ദ്രീകൃത മാതൃകകൾ ഉപയോഗിക്കുകയും ചെയ്യുക എന്നതായിരുന്നു ലോകബാങ്ക് പദ്ധതിയുടെ ലക്ഷ്യം. വൃക്ഷത്തൈകൾ വിതരണം ചെയ്യുക, വഴിയോരങ്ങൾ, തോട്ടുതീരങ്ങൾ എന്നിവിടങ്ങളിലും റെയിൽവേ ലൈനുകൾ, സാമൂഹിക ഭൂമികൾ, പൊതുഭൂമികൾ, സ്ഥാപനങ്ങളുടെ പരിസരങ്ങൾ എന്നിവയുടെയും വശങ്ങളിലുടനീളം തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക, വിപുലീകരണപ്രവർത്തനങ്ങൾ നടപ്പിലാക്കുക, കാർഷിക വനവൽക്കരണ മാതൃകകൾ സ്വീകരിക്കുന്നതിന് കൃഷിക്കാർക്ക് പരിശീലനം നൽകുക എന്നിവയായിരുന്നു പദ്ധതിയുടെ ഘടകങ്ങൾ.
- ഓരോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ACF) ചുമതലയിലുള്ള 14 ജില്ലാതല സാമൂഹിക വനവൽക്കരണ ഡിവിഷനുകൾ ഉൾപ്പെടുന്ന ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർറുടെ (CCF) നേതൃത്വത്തിലുള്ള ഒരു പ്രത്യേക സാമൂഹിക വനവൽക്കരണ വിഭാഗം ഇതിനായി രൂപീകരിക്കപ്പെട്ടു.
- ഓരോ സാമൂഹികവനവൽക്കരണ ഡിവിഷന്റെയും കീഴിൽ താലൂക്ക് തലത്തിൽ റേഞ്ച് ഓഫീസുകൾ ഉണ്ടായിരുന്നു.
- ഫോറസ്റ്റ് കൺസർവേറ്റർമാർ (CF) നേതൃത്വം നൽകുന്ന സാമൂഹിക വനവൽക്കരണ സർക്കിൾ ഓഫീസുകൾ കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ 1984-ൽ രൂപീകരിക്കപ്പെട്ടു. എറണാകുളത്തെ സർക്കിൾ ഓഫീസ് 1994-ൽ നിലവിൽവന്നു.

- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലാ തല സാമൂഹികവനവൽക്കരണ ഡിവിഷനുകൾ കൊല്ലം സർക്കിളിന്റെ കീഴിലാണ വരുന്നത്. അതുപോലെ ഇടുക്കി, എറണാകുളം തൃശ്ശൂർ, പാലക്കാട് എന്നിവ എറണാകുളം സർക്കിളിന്റെ കീഴിലും, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് എന്നിവ കോഴിക്കോട് സാമൂഹികവനവൽക്കരണ വിഭാഗത്തിന്റെ കീഴിലും ഉൾപ്പെടുന്നു.

### 1.5.2 വന്യജീവി വിഭാഗത്തിന്റെ രൂപീകരണം

ഇന്ത്യാ ഗവൺമെന്റിന്റെ 23.09.1982-ലെ 6-14/82/എഫ്. ആർ. വൈ (ഡബ്ല്യൂ.എൽ) കത്തിലെ നിർദേശമനുസരിച്ച് സംസ്ഥാന ഗവൺമെന്റിന്റെ 02-11-1984-ലെ 3/9/84/എഡി നമ്പർ (സാധാരണ) സർക്കാർ ഉത്തരവിലൂടെ കേരളവനം വകുപ്പിന്റെ വന്യജീവിവിഭാഗം 01.03.1985-ൽ നിലവിൽ വന്നു. മുൻപറഞ്ഞ കത്തിൽ, രാജ്യത്തെ വന്യജീവിസങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ശാസ്ത്രീയമായ ഭരണത്തിനുവേണ്ടി ഒരു പ്രത്യേക വന്യജീവി വിഭാഗം ആരംഭിക്കണമെന്ന് നിർദേശിക്കപ്പെട്ടിരുന്നു. സംരക്ഷിത പ്രദേശങ്ങളുടെ ശാസ്ത്രീയവും സുസ്ഥിരവുമായ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റ്റും ചീഫ് വൈൽഡ്ലൈഫ് വാർഡനും (ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ചീഫ് വൈൽഡ്ലൈഫ് വാർഡൻ) തലവനായി 1985-ൽ വന്യജീവി വിഭാഗം പ്രവർത്തനം ആരംഭിച്ചു.

കേരള വനംവകുപ്പിന് 31.03.2022-ലെ കണക്കനുസരിച്ച് 6 ദേശീയ ഉദ്യാനങ്ങളും, 18 വന്യജീവി സങ്കേതങ്ങളും (2പക്ഷിസങ്കേതങ്ങളും1 മയിൽ സങ്കേതം ഉൾപ്പെടെ) ഒരു കമ്മ്യൂണിറ്റി റിസർവ്വും അതിന്റെ ലക്ഷ്യ പരിപ്രാപ്തിക്കായി സംയുക്തമായി പ്രവർത്തിക്കുന്നു.

**പട്ടിക-2**

**ദേശീയ ഉദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും വിവരങ്ങൾ**

| ക്രമ നമ്പർ | പേര് | വിസ്തൃതി (കി.മീ) | രൂപീകരിച്ച വർഷം |
|---|---|---|---|
| | **ദേശീയപാർക്കുകൾ** | | |
| 1 | ഇരവികുളം ദേശീയ ഉദ്യാനം | 97.000 | 1978 |
| 2 | പെരിയാർ ദേശീയ ഉദ്യാനം | 350.00 | 1982 |
| 3 | സൈലന്റ്വാലി ദേശീയ ഉദ്യാനം | 237.52 | 1984 |
| 4 | ആനമുടിഷോല ദേശീയ ഉദ്യാനം | 7.500 | 2003 |
| 5 | മതികെട്ടാൻഷോല ദേശീയ ഉദ്യാനം | 12.817 | 2003 |
| 6 | പാമ്പാടുംഷോല ദേശീയ ഉദ്യാനം | 1.318 | 2003 |
| | **വന്യജീവി സങ്കേതങ്ങൾ** | | |
| 1. | പെരിയാർ വന്യജീവി സങ്കേതം (കടുവ സംരക്ഷണം) | 777.00* | 1950 |
| 2. | നെയ്യാർ വന്യജീവി സങ്കേതം | 128.00 | 1958 |
| 3. | പീച്ചി-വാഴാനി വന്യജീവി സങ്കേതം | 125.00 | 1958 |
| 4. | പറമ്പിക്കുളം (കടുവ സംരക്ഷണം) | 285.00** | 1973 |
| 5. | വയനാട് വന്യജീവി സങ്കേതം | 344.44 | 1973 |
| 6. | ഇടുക്കി വന്യജീവി സങ്കേതം | 70.000 | 1976 |
| 7. | പേപ്പാറ വന്യജീവി സങ്കേതം | 53.00 | 1983 |
| 8. | തട്ടേക്കാട് പക്ഷിസങ്കേതം | 25.00 | 1983 |
| 9. | ശെന്തുരുണി വന്യജീവി സങ്കേതം | 171.00 | 1984 |
| 10. | ചിന്നാർ വന്യജീവി സങ്കേതം | 90.44 | 1984 |
| 11. | ചിമ്മണി വന്യജീവി സങ്കേതം | 85.00 | 1984 |
| 12 | ആറളം വന്യജീവി സങ്കേതം | 55.00 | 1984 |

| | | | |
|---|---|---|---|
| 13. | മംഗളവനം പക്ഷിസങ്കേതം | 0.0274 | 2004 |
| 14. | കുറിഞ്ഞിമല സങ്കേതം | 32.00 | 2006 |
| 15. | ചൂളന്നൂർ മയിൽ സങ്കേതം | 3.420 | 2007 |
| 16. | മലബാർ സങ്കേതം | 74.215 | 2009 |
| 17. | കൊട്ടിയൂർ വന്യജീവി സങ്കേതം | 30.38 | 2011 |
| 18. | കരിമ്പുഴ വന്യജീവി സങ്കേതം | 227.97 | 2019 |
| **കടുവ സംരക്ഷണം** | | | |
| 1. | പെരിയാർ കടുവ സംരക്ഷണകേന്ദ്രം | 925.00 | 2007 |
| 2. | പറമ്പിക്കുളം കടുവ സംരക്ഷണകേന്ദ്രം | 643.66 | 2009 |
| **കമ്മ്യൂണിറ്റി റിസർവ്** | | | |
| 1. | കടലുണ്ടിവള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് | 1.5000 | 2007 |
| | **ആകെ** | **3441.207** | |
| സംരക്ഷിക്കപ്പെട്ട പ്രദേശങ്ങളുടെ വിസ്തൃതി: | | 3441. 207 ച.കി.മീ. | |
| സംരക്ഷിക്കപ്പെട്ട പ്രദേശങ്ങളുടെ ശതമാനം | | 29.86 % | |

* പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിൽ ഉൾപ്പെട്ടത്.

** പറമ്പിക്കുളം കടുവ സംരക്ഷണ കേന്ദ്രത്തിൽ ഉൾപ്പെട്ടത്.

- "പദ്ധതി കടുവ' നടപ്പിലാക്കുന്നതിനു വേണ്ടി കോട്ടയം ആസ്ഥാനമായി ഒരുവനം കൺസർവേറ്ററുടെ നേതൃത്വത്തിൽ 1978-ൽ ഒരു പ്രത്യേക ഫീൽഡ് ഡയറക്ടറേറ്റ് രൂപീകൃതമായി. അതേ തുടർന്ന്, എല്ലാ സംരക്ഷിതപ്രദേശങ്ങളും (പ്രൊട്ടക്റ്റഡ് ഏരിയകൾ- **PAS**) വന്യജീവി വിഭാഗത്തിന്റെ കീഴിലാക്കപ്പെട്ടു. ഇവയുടെ ഭരണത്തിനായി പ്രത്യേകം വന്യജീവി ഡിവിഷനുകൾ **(WLD)** രൂപീകരിക്കപ്പെടുകയും ചെയ്തു. ഈ വന്യജീവി ഡിവിഷനുകൾ ഫീൽഡ് ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചു.
- പരിസ്ഥിതി പുനഃസ്ഥാപനം, തിരുവനന്തപുരം വനം ഡിവിഷനിലെ ഡീഗ്രേഡഡ് ഡിവിഷനിലെ വന്യജീവി സംരക്ഷണം, വന്യജീവിമേഖലയിലെ വിനോദസഞ്ചാര വളർച്ച എന്നിവയ്ക്കായി 5 കോടി രൂപ മുതൽ മുടക്കുള്ള എ.ബി.പി. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടണ്ടി അഗസ്ത്യവനം ജൈവഉദ്യാനം **(ABP)** സർക്കിൾ എന്ന പേരിൽ 1992 മാർച്ചിൽ ഒരു പുതിയ സർക്കിൾ രൂപീകൃതമായി.
- തിരുവനന്തപുരം, ശെന്തുരുണി വന്യജീവി ഡിവിഷനുകൾ (നെയ്യാർ, പേപ്പാറ, ചെന്തുരുണി) തിരുവനന്തപുരത്ത് ആസ്ഥാനമുണ്ടണ്ടായിരുന്ന എ.ബി.പി. സർക്കിളിനു കീഴിൽ കൊണ്ടുവന്നു.
- വീണ്ടും, 01.01.1996-ൽ ഒലവക്കോട് (പാലക്കാട്) കേന്ദ്രമാക്കി ഒരു പുതിയ വന്യജീവി സർക്കിൾ പീച്ചി, സൈലന്റ് വാലി, പറമ്പിക്കുളം, വയനാട് വന്യജീവിഡിവിഷനുകൾ ചേർന്നത്-(പീച്ചി-വാഴാനി, പറമ്പിക്കുളം, വയനാട് വന്യജീവിസങ്കേതവും സൈലന്റ്വാലി ദേശീയ ഉദ്യാനവും) രൂപീകരിക്കപ്പെട്ടു. പിന്നീട്, 2007-ൽ ചൂലന്നൂർ മയിൽ സങ്കേതം ഇതിനോട് ചേർക്കുകയുണ്ടായി.
- സർക്കിൾ തലവന്റെ തസ്തിക ഏപ്രിൽ 2006-ൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് ഉയർത്തപ്പെട്ടു.
- ഭൂപ്രകൃതി മനോഹാരിത നിലനിർത്തിക്കൊണ്ടുള്ള ജൈവവൈവിധ്യസംരക്ഷണം, ഗ്രാമീണ അതിജീവനവും ഗവേഷണ പ്രവർത്തനങ്ങളും എന്നിവയ്ക്ക് നേതൃത്വം നൽകാനും, അവ നിയന്ത്രിക്കാനും നിരീക്ഷിക്കാനുമായി തുടക്കത്തിൽ ഒരു ഫോറസ്റ്റ് കൺസർവേറ്ററുടെയും, പിന്നീട് ഏപ്രിൽ 2006-ൽ ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയും കീഴിൽ തിരുവനന്തപുരത്ത് ഒരു ജൈവവൈവിധ്യസെൽ രൂപീകൃതമായി. ഈ തസ്തിക 31.12.2011 മുതൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പദവിയിലേക്ക് ഉയർത്തപ്പെട്ടു.
- അങ്ങനെ, 2007 ആയപ്പോൾ വന്യജീവി വിഭാഗത്തിന്റെ കീഴിൽ പെരിയാർ (ഈസ്റ്റ്), പെരിയാർ (വെസ്റ്റ്), മൂന്നാർ, ഇടുക്കി വന്യജീവി ഡിവിഷനുകൾ ചേർന്ന് കോട്ടയത്ത് ഫീൽഡ് ഡയറക്ടറേറ്റും പീച്ചി, സൈലന്റ് വാലി, ആറളം, പറമ്പിക്കുളം, വയനാട് വന്യജീവി ഡിവിഷനുകൾ ഉൾപ്പെട്ട പാലക്കാട് വന്യജീവി സർക്കിളും തിരുവനന്തപുരം, ചെന്തുരുണി വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടുന്ന എ.ബി.പി. സർക്കിളും രൂപീകരിച്ചു.

### 1.5.3 വിജിലൻസും വിലയിരുത്തലും വിഭാഗത്തിന്റെ രൂപീകരണം

വകുപ്പിന്റെ വന സംവർധന പരിപാടികളുടെ ഏകോപനത്തിനും, വനോൽപ്പന്നങ്ങൾ നിയമവിരുദ്ധമായി സംഭരിച്ചുകടത്തുന്നത് യഥാസമയം കണ്ടെത്താനും തടയാനുമായി ഒരു ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ വനം വിജിലൻസും വിലയിരുത്തലും വിഭാഗം 1971-ൽ സ്ഥാപിതമായി. പുനലൂർ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിങ്ങനെ 5 ഫ്ളൈയിങ് സ്ക്വാഡ് ഡിവിഷനുകളായി. 23.02.1971-ലെ സ.ഉ (കയ്യെഴുത്ത്) നം. 289/71/ അഗ്രി പ്രകാരം ആരംഭിച്ച ഈ വിഭാഗത്തിന് ഫ്ളൈയിംഗ് സ്ക്വാഡ് റേഞ്ചുകളുടെ സഹായം ലഭ്യമായിരുന്നു. വനം വിജിലൻസും വിലയിരുത്തലും വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ കോട്ടയവും കോഴിക്കോടും കേന്ദ്രീകരിച്ച് രണ്ട് ഫോറസ്റ്റ് വിജിലൻസും വിലയിരുത്തലും സർക്കിളുകൾ 1991-ൽ രൂപീകരിക്കപ്പെട്ടു. തിരുവനന്തപുരം, പുനലൂർ, ഇടുക്കി, കോതമംഗലം എന്നിങ്ങനെ കോട്ടയം വിജിലൻസും വിലയിരുത്തലും സർക്കിളിന്റെ കീഴിൽ നാലും എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിങ്ങനെ കോഴിക്കോട് വിജിലൻസും വിലയിരുത്തലും സർക്കിളിന്റെ കീഴിൽ നാലും ഫ്ളൈയിങ് സ്ക്വാഡ് ഡിവിഷനുകൾ ഇപ്പോൾ നിലവിലുണ്ട്. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസ് വിഭാഗത്തിന് 04.06.2016 മുതൽ നേതൃത്വം നൽകുന്നു.

### 1.5.4 പ്രവർത്തനപദ്ധതിയും ഗവേഷണവും വിഭാഗത്തിന്റെ രൂപീകരണം

**(Working Plan and Research (WP & R) Wing)**

ടെറിട്ടോറിയൽ ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദേശപ്രകാരമായിരുന്നു 1967 വരെ പ്രവർത്തന പദ്ധതികൾ തയ്യാറാക്കിവന്നിരുന്നത്. പ്രവർത്തനപദ്ധതികൾ, ഗവേഷണം, പരിശീലനം എന്നിവയ്ക്കായി 26.04.1968-ൽ ഒരു പ്രത്യേക പ്രവർത്തനപദ്ധതി സർക്കിൾ രൂപീകരിച്ചു. കോഴിക്കോട്, തൃശ്ശൂർ, കൊല്ലം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാരുടെ കീഴിൽ പ്രവർത്തന പദ്ധതികളുടെ തയ്യാറാക്കൽ, പരിഷ്കരണം എന്നിവയ്ക്കായി പ്രവർത്തനപദ്ധതി ഡിവിഷനുകൾ 1976 മുതൽ പ്രവർത്തനം ആരംഭിച്ചു.

പ്രവർത്തനപദ്ധതികൾ തയ്യാറാക്കുന്നതിലുണ്ടണ്ടായ കടിശ്ശിഖ കണക്കിലെടുത്ത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ കീഴിൽ മൂന്നു പ്രവർത്തനപദ്ധതി ഡിവിഷനുകൾകൂടി 1981-ൽ രൂപീകരിക്കപ്പെട്ടു. സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും പരിശീലനം നൽകുന്നതിന് 1961-ൽ വാളയാറിൽ സ്ഥാപിച്ച കേരള ഫോറസ്റ്റ് സ്കൂളും, പരിശീലനം ലഭിക്കാതെയുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം പൂർത്തിയാക്കാൻ 1981-ൽ അരിപ്പയിൽ സ്ഥാപിച്ച കേരള ഫോറസ്റ്റ് സ്കൂളും തിരുവനന്തപുരം കേന്ദ്രമാക്കിയുള്ള പ്രവർത്തന പദ്ധതിയും ഗവേഷണവും സർക്കിളിന്റെ കീഴിൽ കൊണ്ടുവന്നു.

ബ്രിട്ടീഷ് ഭരണകാലത്തു തന്നെ 1924-ൽ മുൻ മദ്രാസ് പ്രസിഡൻസി ആയിരുന്ന മലബാർ പ്രദേശത്ത് വനഗവേഷണകേന്ദ്രം ആരംഭിച്ചിരുന്നു. വനം പുനരുദ്ധാരണം, വനം പരിപാലനം, വനവിഭവ സമാഹരണം എന്നിവയാണ് സിൽവി കൾച്ചർ കൊണ്ട് ഉദ്ദേശിക്കുന്നത്. അനുകരണീയ സിൽവികൾച്ചർ ഗവേഷണം നടത്തുന്നതിനായി സ്വാതന്ത്ര്യാനന്തരം തിരുവിതാംകൂർ - കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായ കോടനാട് കേന്ദ്രമാക്കി 1952-ൽ സിൽവികൾച്ചർ ഗവേഷണകേന്ദ്രം ആരംഭിച്ചു. ഇത് 1958-ൽ തൃശ്ശൂരിലേക്കും, പിന്നീട് 1967-ൽ തിരുവനന്തപുരത്തേക്കും മാറ്റുകയുണ്ടണ്ടായി. ഈ ഡിവിഷനെയും പ്രവർത്തനപദ്ധതിയും ഗവേഷണവും സർക്കിളിന്റെ (WP&RC) കീഴിൽ കൊണ്ടുവന്നു. മറ്റു സംസ്ഥാനങ്ങളിലെ വനം വകുപ്പുകളിലെന്നപോലെ 1956 വരെ ഇതും ഒരു സംസ്ഥാന സിൽവികൾച്ചറൽ ഓഫീസറുടെ മേൽനോട്ടത്തിലായിരുന്നു നടന്നുവന്നിരുന്നത്. എന്നാൽ, 1957-ൽ ഈ പദവിയെ പുനർനാമകരണം ചെയ്ത് സിൽവികൾച്ചർ റിസർച്ച് ഓഫീസർ എന്നാക്കി. മുള, ഈറ, ചൂരൽ, ഔഷധസസ്യങ്ങൾ എന്നീ വനവിഭവങ്ങളുടെ കണക്കുകൾ തുടർച്ചയായി ശേഖരിക്കുന്ന വനവിഭവഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ ഡിവിഷന്റെ കീഴിൽ ആറ് ഗവേഷണ റേഞ്ചുകൾ രൂപീകരിക്കുകയുണ്ടായി. ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ഒരു വനഗവേഷണ സർവെസെൽ (Forest Research Survey Cell-FRSC) തൃശ്ശൂർ കേന്ദ്രമായി സ്ഥാപിക്കുകയും, 29.04.1981-ൽ പ്രവർത്തനപദ്ധതിയും ഗവേഷണവും സർക്കിളിന്റെ കീഴിൽ കൊണ്ടുവരികയും ചെയ്തു.

### 1.5.5 അടിസ്ഥാന സൗകര്യവും മാനവശേഷിയും- വികസന വിഭാഗത്തിന്റെ രൂപീകരണം

**(Human Resources Development Wing)**

ഫോറസ്റ്റ് സ്കൂളുകളെ, പ്രവർത്തനപദ്ധതിയും ഗവേഷണവും സർക്കിളിൽ നിന്ന് 1990-91-ൽ വേർപെടുത്തുകയും, അവ പരിശീലനവിഭാഗം ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിൽകൊണ്ടു വരികയും ചെയ്തു. കേരള വനവൽക്കരണ പദ്ധതി (1998 -2000)-യുടെ നടത്തിപ്പുകാലത്ത് പരിശീലന വിഭാഗത്തെ അടിസ്ഥാന സൗകര്യവും മാനവശേഷിയും വികസനം (IHRD) എന്ന് പുനർനാമകരണം ചെയ്തു.

ഇന്തോ-നൂസിലന്റ് സാങ്കേതികസഹകരണ പദ്ധതിയുടെ ഭാഗമായി, കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി വനം ഉദ്യോഗസ്ഥർക്ക് കൊടുക്കുന്ന പരിശീലനത്തിന്റെ ചുമതല പരിശീലന വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററിൽ നിക്ഷിപ്തമാക്കി. അതുവരെ, 1979-ൽ കുളമാവിൽ ആരംഭിച്ച അഗ്നിപ്രതിരോധ പരിശീലനകേന്ദ്രം, പ്രവർത്തന പദ്ധതിയും ഗവേഷണവും സർക്കിളിന്റെ കീഴിലാണ് പ്രവർത്തിച്ചു വന്നിരുന്നത്.

സംസ്ഥാന വനപരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ (**State Forest Training Institute - SFTI**) കീഴിൽ പുനർക്രമീകരിച്ച ഈ ഫോറസ്റ്റ് സ്കൂളുകൾ 07.09.2016 മുതൽ തിരുവനന്തപുരം ആസ്ഥാനമായുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർറുടെ (ഐ.എച്ച്.ആർ.ഡി) നിയന്ത്രണത്തിലാക്കി.

### 1.5.6. വനം പ്രചാരണ വിഭാഗത്തിന്റെ രൂപീകരണം

**(Forest Publicity Wing)**

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ എന്ന് പിന്നീട് പുനർനാമകരണം ചെയ്യപ്പെട്ട വനം പ്രചാരണ വിഭാഗം 1979-ൽ നിലവിൽവന്നു. വനം വകുപ്പിന്റെ ഒരു ഭാഗമായാണ് ബ്യൂറോ പ്രവർത്തിക്കുന്നത്. വനങ്ങളുടെ പ്രാധാന്യത്തിലേക്ക് വനസംരക്ഷണ കുതുകികളുടെയും വൃക്ഷസ്നേഹികളുടെയും സഹകരണം ഉറപ്പാക്കുക, സാമൂഹികവനവൽക്കരണ പദ്ധതിയിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുക, വനവൽക്കരണവും അതിന്റെ നിലനിർത്തലും ഉറപ്പാക്കുന്നതിന് പൊതുജനങ്ങളുമായി ബന്ധപ്പെടുക, വനവൽക്കരണത്തെക്കുറിച്ച് അറിവ് പകരുക, പൊതുജനങ്ങളുടെ അറിവിലേക്കായി വനംവകുപ്പിന്റെ നേട്ടങ്ങൾക്ക് പ്രചാരണം നൽകുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ഈ വിഭാഗം രൂപീകരിക്കപ്പെട്ടിരിക്കുന്നത്.

### 1.5.7 വനം മൃഗസംരക്ഷണ യൂണിറ്റ്

വനം മൃഗസംരക്ഷണ യൂണിറ്റ് 1979-80-ൽ കോന്നിയിലാണ് പ്രവർത്തനം ആരംഭിച്ചത്. ആനകളെ പാർപ്പിക്കുന്ന ക്യാമ്പുകളിൽ കാലാകാലങ്ങളിൽ വനം മൃഗസംരക്ഷണ ഓഫീസർ (FVO) സന്ദർശനം നടത്തുന്നു. ആനകളുടെ ആരോഗ്യനില റിപ്പോർട്ട് ചെയ്യുക, സ്വകാര്യ വ്യക്തികളുടെ ആനകൾക്ക് മൈക്രോച്ചിപ്പിങ് ചെയ്യുക, അവയുടെ ചികിത്സ, പോസ്റ്റ്മോർട്ടം കാര്യങ്ങൾ എന്നിവയിൽ ജില്ലാ ഫോറസ്റ്റ് ഓഫീസർമാരെ സഹായിക്കുക എന്നിവയാണ് വനം മൃഗസംരക്ഷണ ഓഫീസറുടെ ചുമതല. ആനിമൽ റെസ്ക്യൂ കേന്ദ്രങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലെ മൃഗങ്ങളുടെ ആരോഗ്യനില ഉറപ്പുവരുത്തുകയും ചെയ്യുക, വനം മൃഗസംരക്ഷണ ഓഫീസറുടെ ചുമതലയിൽപ്പെടുന്നു. വനങ്ങളിലെ മൃഗങ്ങളുടെ ചികിത്സയിലും ഇദ്ദേഹം ശ്രദ്ധിക്കേണ്ടതാണ്.

20.03.2017-ലെ ഗവ. ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 12/2017/ വനം പ്രകാരം ഒരു പരിപൂർണ മൃഗസംരക്ഷണ യൂണിറ്റ് സ്ഥാപിക്കുകയും ഒരു ചീഫ് ഫോറസ്റ്റ് വെറ്റിനറി ഓഫീസറിനേയും അസിസ്റ്റന്റ് വനം മൃഗസംരക്ഷണ ഓഫീസർമാരെയും നിയമിക്കുകയും ചെയ്തു.

### 1.5.8 ഫോറസ്റ്റ് മിനി സർവെ യൂണിറ്റ്

അസിസ്റ്റന്റ് ഡയറക്ടർ മേധാവിയായി 28.07.1982-ൽ കോഴിക്കോട് കേന്ദ്രമായി ഒരു വനം മിനി സർവെയൂണിറ്റ് സ്ഥാപിതമായി. പുതിയ വനം അതിരുകളുടെ സർവെ നടത്തുക, പഴയ നിക്ഷിപ്ത വനാതിർത്തികളുടെ അതിരുകൾ പുനഃക്രമീകരിക്കുക നിക്ഷിപ്ത വനങ്ങൾക്കുള്ളിലെ വനവാസി സെറ്റിൽമെന്റുകൾ പാട്ടഭൂമികളും സ്ഥിരമായി പതിച്ചുകൊടുത്ത ഭൂമികളും പുനഃക്രമീകരിക്കുക, എന്നീ ഉത്തരവാദിത്തങ്ങൾ ഈ യൂണിറ്റിന് ഉണ്ടായിരിക്കും. സർവെ വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ 8 ഡ്രാഫ്റ്റ്സ്മാൻമാർ ഉൾപ്പെടെ 18 സർവെയർമാരും, ഒരു ഹെഡ് ഡ്രാഫ്റ്റ്സ്മാനും രണ്ട് ഹെഡ് സർവെയർമാരും, രണ്ടു സർവെ സൂപ്രണ്ടുമാരും സർവെ അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്നു.

### 1.5.9 ഫോറസ്റ്റ് സ്റ്റേഷൻ സംവിധാനം

ബീറ്റ്സെക്ഷൻ സംവിധാനത്തിനു ബദലായി പൊലീസ് സ്റ്റേഷൻ മാതൃകയിൽ കേരള വനം വകുപ്പിന് 1988-ൽ രാജ്യത്ത് ആദ്യമായി ഒരു ഫോറസ്റ്റ്സ്റ്റേഷൻ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. എല്ലാ ഡിപ്പാർട്ട്മെന്റ് സ്റ്റാഫിനെയും ഉപയോഗപ്പെടുത്തി കൂടുതൽ കാര്യക്ഷമമായി വനസംരക്ഷണ നടപടികൾ ഉറപ്പു വരുത്തുക എന്നതാണ് ഈ വിഭാഗത്തിന്റെ ലക്ഷ്യം. സംഘടിത വനവിഭവ ചൂഷകരിൽനിന്നും വനപാലകർക്ക് സംരക്ഷണം ഉറപ്പാക്കുക എന്നതും ഈ വിഭാഗത്തിന്റെ ലക്ഷ്യമാണ്. വനമേഖലകളുടെ പരിധിയും വനത്തിന്റെ സ്വഭാവവും അനുസരിച്ച് 12 മുതൽ 16 വരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ 4 മുതൽ 5 വരെ ഫോറസ്റ്റ് ഓഫീസർമാർ, എന്നിവരെ ഉൾപ്പെടുത്തി ഓരോ സ്റ്റേഷൻ സംവിധാനം ഒരു ഡെപ്യൂട്ടിറേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കീഴിൽ രൂപീകരിക്കുകയുണ്ടായി. ഇപ്പോൾ, 23 ഡിവിഷനുകളിൽ 57 റേഞ്ചുകളിലായി 125 ഫോറസ്റ്റ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നു. കൂടുതൽ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കലും നിയമനവും അടിസ്ഥാനസൗകര്യം, സാമ്പത്തികസ്ഥിതി എന്നിവ കണക്കിലെടുക്കേണ്ടതിനാൽ മറ്റു ഡിവിഷനുകളിലെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ രൂപീകരണം ഇനിയും നടക്കേണ്ടതുണ്ട്.

### 1.5.10 സ്പെഷ്യൽ വനം കോടതികൾ

മഞ്ചേരി, പുനലൂർ, തൊടുപുഴ എന്നിവിടങ്ങളിൽ സ്പെഷ്യൽ വനം കോടതികളും, നെടുമങ്ങാട് ഒരു ജൂഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയും സ്ഥാപിച്ചു. സബോർഡിനേറ്റ് കോടതികളിൽ കേസുകൾ താമസിക്കുന്നതുകൊണ്ടും, തന്മൂലം ഫീൽഡ് സ്റ്റാഫിന് വനസംരക്ഷണം സംബന്ധിച്ച് പ്രായോഗിക ബുദ്ധിമുട്ടുണ്ടാകുന്നതും പരിഗണിച്ചാണ് സ്പെഷ്യൽ വനം കോടതികൾ സ്ഥാപിച്ചത്.

### 1.5.11 വനം ട്രൈബ്യൂണൽ

22.10-1973-ലെ ഗവ. ഉത്തരവ് നമ്പർ (കയ്യെഴുത്ത്) 354/73/എ.ഡി പ്രകാരം കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിങ് ആന്റ് അസൈൻമെന്റ്) ആക്ട് 1971 അനുസരിച്ച് 1973-ൽ വനം ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത ആക്ട് പ്രകാരം അന്യായങ്ങൾ സ്വീകരിക്കാൻ ജില്ലാകോടതികൾക്ക് കഴിയാതിരുന്നതിനാൽ പരാതിക്കാർക്ക് വനം ട്രൈബ്യൂണലിനെ സമീപിക്കേണ്ടി വന്നു. 13.8.2002-ലെ ഗവ. ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 45/02 പ്രകാരം വനം വന്യജീവി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമായാണ് വനം ട്രൈബ്യൂണൽ സ്ഥാപിതമായത്.

03.02.2007-ൽ കേരള ഫോറസ്റ്റ് (വെസ്റ്റിങ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രാജൈൽ ലാൻഡ്) റൂൾസ്, 2007 നിലവിൽ വന്നു. 08.06.2007-ലെ ഗവ. ഉത്തരവ് (അച്ചടിച്ചത്) നമ്പർ 35/2007/എഫ് & ഡബ്ല്യൂ. എൽ.ഡി പ്രകാരം കോഴിക്കോട്, പാലക്കാട്, കോട്ടയം, കൊല്ലം ജില്ലകളിൽ ആക്ടിലെ സെക്ഷൻ 9 പ്രകാരം ട്രൈബ്യൂണലുകൾ നിലവിൽ വന്നു. ഫസ്റ്റ് അഡീഷണൽ ജില്ലാകോടതി ജഡ്ജിനെ ട്രൈബ്യൂണലായി നിയമിച്ചു. 10.10.2007-ലെ ഗവ. ഉത്തരവ് (അച്ചടിച്ചത്) നമ്പർ 64/2007/ എഫ് & ഡബ്ല്യൂ. എൽ.ഡി പ്രകാരം കേരള ഫോറസ്റ്റ് (വെസ്റ്റിങ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രാജൈൽ ലാന്റഡ്) റൂൾസ്, 2007 നിലവിൽ വന്നു.

## 1.6 കേരള വനംവകുപ്പിനു കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങൾ

(i) സംസ്ഥാന വനവികസന ഏജൻസി (SFDA)

21.05.2010-ലെ ഗവ. ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 23/2010/എഫ് & ഡബ്ല്യൂ.എൽ.ഡി പ്രകാരം ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1955 അടിസ്ഥാനമാക്കി രൂപീകരിക്കപ്പെട്ട ഒരു സ്ഥാപനമാണ് സംസ്ഥാന വനം വികസന ഏജൻസി. വേറിട്ട ഭരണ സംവിധാനമില്ലാത്ത ഈ സൊസൈറ്റി കേരള വനംവകുപ്പിന്റെ കീഴിലുള്ള പരിസ്ഥിതിവികസനവും ഗോത്രവർഗക്ഷേമവും വിഭാഗത്തിനു കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് അങ്ങോളമിങ്ങോളം പ്രവർത്തിക്കുന്ന അമ്പത് വനവികസന ഏജൻസികളുടെ **(FDA)** മേൽഘടകമായാണ് സംസ്ഥാന വനവികസന ഏജൻസി **(SFDA)** പ്രവർത്തിക്കുന്നത്. പങ്കാളിത്ത വനം ഭരണനിയന്ത്രണം **(PFM)** തത്വങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികൾ **(VSS)**, പരിസ്ഥിതി വികസന കമ്മറ്റികൾ **(EDC)**, ഗ്രാമ ഹരിത സമിതികൾ എന്നിങ്ങനെ അടിസ്ഥാന മേഖലകളിൽ പ്രവർത്തിക്കുന്ന 590 സംഘടനകളുടെ ഫെഡറേഷനാണ് വനവികസന ഏജൻസികൾ.

(ii) വനം വികസന ഏജൻസി (FDA)

വനം ഡിവിഷൻ തലത്തിലുള്ള വനം സംരക്ഷണ സമിതികളുടെ/പരിസ്ഥിതി വികസന സമിതികളുടെ ഒരു ഫെഡറേഷൻ ആണ് വനം വികസന ഏജൻസി (FDA) ഓരോ വനം വികസന ഏജൻസിയും 1955-ലെ തിരുവിതാംകൂർ കൊച്ചി ലിറ്ററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതാണ്. ഇപ്പോൾ, സംസ്ഥാനത്ത്, 50 വനം വികസന ഏജൻസികൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഈ വനം വികസന ഏജൻസികൾ **(FDA)**, പങ്കാളിത്ത വനനിയന്ത്രണ (PFM) സംവിധാനത്തിലൂടെ വിവിധ സംസ്ഥാനം, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(iii) കടുവസംരക്ഷണ ഫൗണ്ടേഷനുകൾ

പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷൻ **(PTCF)**, 04.07.2012-ലെ ഗവ. ഉത്തരവ് (കയ്യെഴുത്ത് നമ്പർ 73/2013/ എഫ് & ഡബ്ല്യൂ. എൽ.ഡി പ്രകാരം പെരിയാർ ഫൗണ്ടേഷനെ പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷൻ എന്ന് പുനർനാമകരണം ചെയ്തു. കേന്ദ്രസംസ്ഥാന നിയമങ്ങൾക്കനുസൃതമായി വിവിധ പദ്ധതി പങ്കാളികളുടെ സഹായത്തോടെ പെരിയാർ കടുവ സംരക്ഷണത്തിനുവേണ്ടി കടുവയ്ക്കും അവയുടെ ഇര വംശങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ജൈവ - വൈവിധ്യ സംരക്ഷണവും, വിവിധ പദ്ധതി പങ്കാളികളുടെ സഹായത്തോടെ പരിസ്ഥിതി വികസന പദ്ധതികളുടെ ഏറ്റെടുക്കൽ എന്നിവ ഇതിന്റെ ലക്ഷ്യമാണ്. തൊട്ടടുത്ത പ്രദേശങ്ങളിലുള്ള ഇത്തരം പദ്ധതികൾക്ക് കേന്ദ്ര, സംസ്ഥാന നിയമങ്ങൾക്കനുസൃതമായി സഹായം നൽകാനും ഉദ്ദേശിക്കുന്നു.

(iv) **പറമ്പിക്കുളം കടുവസംരക്ഷണ ഫൗണ്ടേഷൻ** (PKMTR)

പറമ്പിക്കുളം മേഖലയിലെ ആദിവാസികളെ ശാക്തീകരിക്കുന്നതിനും വനം വന്യജീവിസംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനും രൂപീകരിക്കപ്പെട്ട പറമ്പിക്കുളം കടുവസംരക്ഷണ **(PKMTR)** കേന്ദ്രത്തിനു കീഴിൽ ലാഭരഹിതമായി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷൻ. 1920-ലെ ചാരിറ്റബിൾ ആന്റ് റിലിജിയസ് ട്രസ്റ്റ് ആക്ട് പ്രകാരം ജനുവരി 6, 2014-ൽ ബോർഡ് ഓഫ് ട്രസ്റ്റീസിനാണ്. 1972-ലെ വന്യജീവി (സംരക്ഷണം) ആക്ട് സെക്ഷൻ 38 നിഷ്കർഷിക്കുന്ന തരത്തിലാണ് ഈ ഫൗണ്ടേഷൻ അതിന്റെ ട്രസ്റ്റികളുടെ ബോർഡ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഭാരത സർക്കാരിന്റെ 22-6-2007-ലെ പരിസ്ഥിതിയും വനവും മന്ത്രാലയത്തിന്റെ വിജ്ഞാപനം നമ്പർ എസ്.ഒ.1008 (ഇ) നിഷ്കർഷിക്കുന്ന പ്രകാരമാണ് രജിസ്ട്രേഷൻ നടന്നിട്ടുള്ളത്.

(v) **കേരള വനം വികസന കോർപ്പറേഷൻ** (KFDC)

1975-ലെ ദേശീയകാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളിലും വനം വികസന കോർപ്പറേഷനുകൾക്ക് രൂപം നൽകി. 14.03.1973-ലെ ഗവ. ഉത്തരവ് നമ്പർ (കയ്യെഴുത്ത്) 82/73/AD പ്രകാരം കേരളത്തിലെ വ്യവസായ തോട്ടങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും അസംസ്കൃത വനവിഭവങ്ങൾ വ്യവസായങ്ങൾക്ക് നൽകുന്നത് ഉറപ്പ് വരുത്താനുമായി കേരള വനം കോർപ്പറേഷൻ രൂപീകരിക്കാൻ തത്വത്തിൽ ഇതിൻ പ്രകാരം തീരുമാനിക്കപ്പെട്ടു. 31.12.1974-ലെ ഗവ.ഉത്തരവ് (കയ്യെഴുത്ത്) 35574/അഗ്രി പ്രകാരം കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിക്കാൻ ഉത്തരവായി. കോട്ടയമാണ് കോർപ്പറേഷന്റെ രജിസ്റ്റേർഡ് ഓഫീസ്. കേരള വനംവികസന കോർപ്പറേഷൻ ലിമിറ്റഡ് 1975-ൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഏകാംഗീകൃത കമ്പനിയായി ആരംഭിച്ചു. സംസ്ഥാന ഗവൺമെന്റിന് 90 ശതമാനം ഷെയറുകളും, ബാക്കി 10 ശതമാനം ഷെയറുകൾ കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുമാണ്.

## 1.7. പ്രധാന നാഴികക്കല്ലുകൾ

| | | |
|---|---|---|
| 1956 | - | വനം ആസ്ഥാനത്ത് ഒരു വികസനസർക്കിൾ രൂപീകരിച്ചു. |
| 1957 | - | കൊല്ലം, ചാലക്കുടി, കോഴിക്കോട് കേന്ദ്രങ്ങളിലായി മൂന്ന് സർക്കിളുകളും 14 ഡിവിഷനുകളും രൂപീകരിച്ചു. |
| 1961 | - | തേക്കിന്റെയും യൂക്കാലിപ്റ്റസിന്റെയും തോട്ടങ്ങൾക്കായി മൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തൃശ്ശൂരിൽ ഒരു ഡെവലപ്മെന്റ് സർക്കിളും അഞ്ചു ഡിവിഷനുകളും സ്ഥാപിച്ചു. |
| 1961 | - | കേരള ഫോറസ്റ്റ് ആക്ട് നിലവിൽ വന്നു. |
| 1961 | - | വാളയാറിൽ കേരള വനം സ്കൂൾ ആരംഭിച്ചു. |
| 1966 | - | ഇൻഡ്യൻ ഫോറസ്റ്റ് സർവീസ് പുനഃസ്ഥാപിച്ചു. |
| 1971 | - | കേരള സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിലവിൽ വന്നു. |
| 1971 | - | കണ്ണൻദേവൻ മലകൾ ഭൂമി വീണ്ടെടുക്കൽആക്ട് നിലവിൽ വന്നു. |
| 1972 | - | വിജിലൻസും വിലയിരുത്തലും വിഭാഗം രൂപീകരിച്ചു. |
| 1973 | - | വന്യജീവി സംരക്ഷണ ആക്ട്, 1972 സംസ്ഥാനത്തിനു ബാധകമാക്കി. |
| 1975 | - | ശാസ്ത്ര-സാങ്കേതിക വകുപ്പിനു കീഴിൽ കേരളവനം ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. |
| 1978 | - | കോട്ടയം കേന്ദ്രമാക്കി പ്രോജക്റ്റ് ടൈഗർ സർക്കിൾ രൂപീകരിച്ചു. |
| 1980 | - | വനം (സംരക്ഷണ) നിയമം, നിലവിൽവന്നു. |
| 1981 | - | കോട്ടയം കേന്ദ്രമാക്കി ഹൈറേഞ്ച് സർക്കിൾ രൂപീകരിച്ചു. |
| 1981 | - | പെരുമ്പാവൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഇൻഡസ്ട്രിയൽ പ്ലാന്റേഷൻ സർക്കിൾ നിർത്തലാക്കി. |
| 1981 | - | അരിപ്പയിൽ കേരള വനം സ്കൂൾ സ്ഥാപിച്ചു. |
| 1982 | - | സാമൂഹിക വനവൽക്കരണ വിഭാഗം സ്ഥാപിച്ചു. |
| 1984 | - | സൈലന്റ് വാലിയെ ദേശീയ ഉദ്യാനമായി പ്രഖ്യാപിച്ചു. |
| 1985 | - | കേന്ദ്ര പരിസ്ഥിതി വനംവകുപ്പിന്റെ നിർദേശാനുസരണം വന്യ ജീവി വിഭാഗത്തിന് രൂപം നൽകി. |

| | | |
|---|---|---|
| 1986 | - | കേരളവനം വകുപ്പ് തലവനെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്ന് പുനർനാമകരണം ചെയ്തു. |
| 1986 | - | കേരള വൃക്ഷ സംരക്ഷണആക്ട് നിലവിൽ വന്നു. |
| 1988 | - | ദേശീയ വനനയം പ്രഖ്യാപിച്ചു. |
| 1991 | - | വനവൽക്കരണ ജോലികൾക്ക് കൺവീനർ സംവിധാനം കൊണ്ടു വന്നു. |
| 1998 | - | സംസ്ഥാന വന നയം-മാർഗരേഖ പ്രഖ്യാപിച്ചു. |
| 1998 | - | ലോകബാങ്ക് സഹായത്തോടെ കേരള വനവൽക്കരണ പദ്ധതികൾക്ക് തുടക്കം കുറിച്ചു. |
| 2000 | - | കൊല്ലം, കോഴിക്കോട് റീജനൽ ഓഫീസുകൾക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നിയമിച്ചു. |
| 2000 | - | കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്യത്വം നടത്തിപ്പും) ഓർഡിനൻസ് നിലവിൽ വന്നു. |
| 2002 | - | ഫോറസ്റ്റ് മാനേജ്മെന്റ് വിവരശേഖരണ സംവിധാന വിഭാഗം സ്ഥാപിച്ചു. (FMIS) |
| 2003 | - | അടിസ്ഥാനസൗകര്യ വികസനവും മാനവശേഷിയും വികസന വിഭാഗം സ്ഥാപിച്ചു. |
| 2005 | - | പരിസ്ഥിതിലോല ഭൂമി വിഭാഗം സ്ഥാപിച്ചു. |
| 2005 | - | കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശ ങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്യത്വം നടത്തിപ്പും) ആക്ട് നിലവിൽ വന്നു. |
| 2005 | - | കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്ട് പ്രഖ്യാപിച്ചു. |
| 2008 | - | കേരള സംസ്ഥാന വനനയം പ്രഖ്യാപിച്ചു. |
| 2008 | - | വനംവകുപ്പ് മേധാവിയെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് എന്ന് പുനർനാമകരണം ചെയ്തു. |
| 2010 | - | ദേശീയ ഗ്രീൻ ട്രൈബ്യൂണൽ സ്ഥാപിച്ചു. |
| 2011 | - | ദ്രുത - പ്രതികരണ ടീമിന് രൂപം നൽകി. |
| 2012 | - | കേരള നാട്ടാന (കാര്യകർത്യത്വവും പരിപാലനവും) റൂൾസ്, നിലവിൽ വന്നു. |
| 2014 | - | ഇ - ലേലം നടപ്പിലാക്കി |
| 2018 | - | പിടിക്കപ്പെട്ട ആനകളുടെ ഇലക്ട്രോണിക് വിവരശേഖരണം ഉണ്ടാക്കി. |
| 2018 | - | പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസം സെന്ററുകളിലേക്ക് ഓൺലൈൻ ബുക്കിങ് ഏർപ്പെടുത്തി. |
| 2020 | - | കരിമ്പുഴയെ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു. |
| 2021 | - | വയനാട് ഡിവിഷനിൽ മൃഗാശുപത്രിയും പാലിയേറ്റീവ് കെയർ യൂണിറ്റും സ്ഥാപിച്ചു. |
| 2021 | - | വനങ്ങളുടെയും സ്വാഭാവിക ആവാസവ്യവസ്ഥയുടെയും പാരിസ്ഥിതിക പുനഃസ്ഥാപന സംസ്ഥാന നയം പ്രഖ്യാപിച്ചു. |
| 2021 | - | ആന പുനരധിവാസ കേന്ദ്രത്തിന്റെ ആദ്യഘട്ടം ഉൽഘാടനം ചെയ്തു. |

## 1.8 ദർശനം, ദൗത്യം, ലക്ഷ്യങ്ങൾ

ഇപ്പോഴത്തെ തലമുറയുടെയും വരും തലമുറകളുടെയും നന്മയ്ക്കായി ഒരു പൊതുട്രസ്റ്റ് എന്ന തരത്തിൽ കൈകാര്യം ചെയ്യേണ്ടതായ വിവിധോപയോഗമുള്ളതും വളരെ പേർക്ക് പ്രയോജനപ്രദവുമായ പ്രകൃതി വിഭവങ്ങളുടെ സമാഹരണമായാണ് വനത്തെ കണക്കാക്കേണ്ടത്. അപ്രകാരം, കേരളവനം വകുപ്പിന് താഴെ പറയുന്ന ദർശനവും, ദൗത്യവും, ലക്ഷ്യങ്ങളും ഉണ്ട്.

**ദർശനം** : നന്നായി സംരക്ഷിക്കപ്പെടുന്ന വനങ്ങൾ ദേശത്തിനും സംസ്ഥാനങ്ങൾക്കും ലോകത്തിനു തന്നെയും പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു.

**ദൗത്യം** : പാരിസ്ഥിതിക തത്വത്തിന്റെ അടിസ്ഥാനത്തിൽ, വനവിഭവങ്ങളും സേവനങ്ങളും വനങ്ങളെ ആശ്രയിച്ചുകഴിയുന്ന വിഭാഗങ്ങൾക്കും സമൂഹത്തിനും സ്ഥിരമായി ലഭ്യമാക്കുന്നതിനായി വനങ്ങളെ സംരക്ഷിക്കുക.

### ലക്ഷ്യങ്ങൾ

- പാരിസ്ഥിതികാത്മ തത്വങ്ങൾക്കനുസൃതമായി വനങ്ങളെ ശാസ്ത്രീയമായി പരിപാലിച്ച് നിയന്ത്രിക്കുന്നതിലൂടെ വനവിഭവങ്ങളും സേവനങ്ങളും സമൂഹത്തിനും വരും തലമുറകൾക്കുമായി എത്തിച്ചു കൊടുക്കുക.
- വനത്തിലെ ആയക്കെട്ടു പ്രദേശങ്ങളുടെ ജലശേഖരണ സാധ്യതകൾ മെച്ചപ്പെടുത്തി വേണ്ടത്ര ജലവിഭവങ്ങൾ സമൂഹത്തിനു ലഭ്യമാക്കുക.
- വനത്തിലെ സമൃദ്ധമായ ജൈവവൈവിധ്യം സംരക്ഷിക്കുകയും വനേതര പ്രദേശങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കാൻ സമൂഹത്തെ സഹായിക്കുകയും ചെയ്യുക.
- തടിയേതര വനോത്പന്നങ്ങ (NTFP) ളുടെ വിവേക പൂർണമായ വിനിയോഗം വഴി ജനങ്ങളെ ഉൾക്കൊള്ളിച്ച് അവരുടെ പങ്കാളിത്തത്തോടെ വനങ്ങളെ ആശ്രയിച്ചു കഴിയുന്ന സമൂഹങ്ങളുടെ അതിജീവനാവശ്യങ്ങൾ സാധ്യമാക്കുന്ന രീതിയിൽ വനം ഭരണം നിർവഹിക്കുക.
- വനത്തെ ആശ്രയിക്കുന്ന സമൂഹത്തിന്റെ അതിജീവനാവശ്യങ്ങളിൽ അവരെ സഹായിക്കുന്ന സാമൂഹികാടിസ്ഥാനത്തിലുള്ള പരിസ്ഥിതി ആഘാതം കുറഞ്ഞ സംരംഭങ്ങളിലൂടെ നമ്മുടെ വനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ആവശ്യകത പൊതുജനങ്ങളെ ബോധ്യപ്പെടുത്തുക
- വനങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ മൂല്യം വർധിപ്പിക്കുക.
- വനങ്ങളിലെയും തോട്ടങ്ങളിലെയും ഉൽപ്പാദനം വർധിപ്പിക്കുക.
- ആഗോളതാപനത്തെ ചെറുക്കുന്നതിനായി വൃക്ഷം നടീൽ പ്രോത്സാഹിപ്പിക്കുക.
- കാര്യശേഷി വികസന പരിപാടികളും ആവശ്യാധിഷ്ഠിത ഗവേഷണ പ്രവർത്തനങ്ങളും വഴി വനം ഭരണ നിയന്ത്രണം സംബന്ധിച്ച അറിവ് മെച്ചപ്പെടുത്തുക.
- വിദൂരവും അപ്രാപ്യവുമായ വനാതിർത്തികളിൽ എത്തിച്ചേരാൻ സർക്കാരിന്റെ ഒരു അടിയന്തിര സഹായം ആയി പ്രവർത്തിക്കുക.

## 1.9 നിയമബന്ധിതവും അല്ലാത്തതുമായ പ്രവർത്തനങ്ങൾ

- അനന്യവും എന്നാൽ സങ്കീർണവുമായ സ്വാഭാവികവനത്തെ, വിശിഷ്യ അവിടത്തെ ജലം, ജൈവവൈവിധ്യം, വനവ്യാപ്തി, ഉൽപ്പാദനക്ഷമത, മണ്ണിന്റെ ജൈവ-രാസസ്വഭാവങ്ങൾ, പാരിസ്ഥിതികം, ചരിത്രപരം, സാംസ്കാരികം കാനനഭംഗികളുടെ മൂല്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വനത്തെ ഭാവി തലമുറകൾക്കായി സംരക്ഷിക്കുക.
- പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉചിതമായ ഭരണ ഇടപെടലുകളിലൂടെ തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക.
- വന-വനേതര പ്രദേശങ്ങളിലെ വൃക്ഷവ്യാപ്തി വർദ്ധിപ്പിക്കുക.
- നിലവിലെ സസ്യജാലങ്ങളുടെ തനതുസ്വഭാവം വരും തലമുറകൾക്കുവേണ്ടി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.
- ഉചിതമായ ഇടപെടലുകളിലൂടെ വനങ്ങളിന്മേലുള്ള സമ്മർദ്ദം കുറയ്ക്കുക.
- വനത്തെ ആശ്രയിച്ചു കഴിയുന്ന ഗോത്രവാസികളുടെയും മറ്റ് ജന വിഭാഗങ്ങളുടെയും ജീവിത നിലവാരം ഉയർത്തുക.
- വനം വകുപ്പിനു കീഴിലല്ലാത്ത പ്രദേശങ്ങളിലെ കണ്ടൽച്ചെടികൾ, കാവുകൾ, തീരദേശങ്ങൾ, നിലങ്ങൾ, പിന്നാമ്പുറ കൃഷികൾ, പ്ലാന്റേഷനുകൾ എന്നിവയുടെ ജൈവവൈവിധ്യം, പാരിസ്ഥിതിക വ്യവസ്ഥ എന്നിവയെ സംരക്ഷിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.
- വനത്തിന്റെ ജലസംഭരണശേഷി ഉറപ്പുവരുത്തി ചെളി കലങ്ങാത്ത ജലം ഒഴുക്കിവിടുക.

## 1.10 വനം വകുപ്പുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങളും ചട്ടങ്ങളും

### നിയമങ്ങൾ

- 1927-ലെ ഇന്ത്യൻ വന നിയമം
- 1961-ലെ കേരള കന്നുകാലികളുടെ അതിക്രമം സംബന്ധിച്ച ആക്റ്റ്
- 1972-ലെ വന്യ ജീവി (സംരക്ഷണ) നിയമം
- 1980-ലെ വന (പരിപാലന) നിയമം
- 1986-ലെ പരിസ്ഥിതി (സംരക്ഷണ) നിയമം
- 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും(വനാവകാശങ്ങൾ അംഗീക രിക്കൽ) നിയമം.
- 1961-ലെ കേരള വന നിയമം
- 1971-ലെ കേരള സ്വകാര്യ വനങ്ങൾ(നിക്ഷിപ്തമാക്കലും പതിച്ച് കൊടുക്കലും ആക്റ്റ്)
- 1980-ലെ കേരള ദാനങ്ങളും പാട്ടങ്ങളും (ഭേദഗതിക്കുള്ള അവകാശങ്ങൾ) നിയമം
- 1986-ലെ കേരള വൃക്ഷ സംരക്ഷണനിയമം
- 1986 -ലെ കേരള അവശ്യ വസ്തു നിയന്ത്രണ നിയമം
- 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വ നടത്തിപ്പും ) ആക്റ്റ്
- 2005 -ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റ്

### ചട്ടങ്ങൾ

- 1986-ലെ പരിസ്ഥിതി (സംരക്ഷണ) ചട്ടങ്ങൾ
- 1995-ലെ വന്യജീവി (സംരക്ഷണ) ചട്ടങ്ങൾ
- 2003-ലെ വന (പരിപാലന) ചട്ടങ്ങൾ
- 2007-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീക രിക്കൽ) ചട്ടങ്ങൾ
- 1962 ലെ കേരള കന്നുകാലികളുടെ അതിക്രമം സംബന്ധിച്ച ചട്ടങ്ങൾ
- കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ്അറ്റാക്ക്സ് ബൈ വൈൽഡ് അനിമൽസ്, 1980
- 1989-ലെ കേരള വന വികസന ധന സഹായ ചട്ടങ്ങൾ
- ദി കേരള ഫോറസ്റ്റ് റിസോഴ്സസ് ഡെവലപ്മെന്റ് ഫണ്ട് റൂൾസ്, 1989
- ദി കേരള ഗ്രാന്റ്സ് ആൻഡ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) റൂൾസ്, 1990
- ദി കേരള ഫോറസ്റ്റ് (പ്രൊഹിബിഷൻ ഓഫ് ഫെല്ലിങ് ട്രീസ് സ്റ്റാൻഡിങ് ഓൺ ലാൻഡ് ടെമ്പററിലി ഓർ പെർമനെന്റ്ലി അസൈൻഡ് റൂൾസ്, 1995
- ദി കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ്) റൂൾസ്, 2008
- ദി കേരള (പ്രൊമോഷൻ ഓഫ് ദി ഗ്രോത്ത് ഇൻ നോൺ-ഫോറസ്റ്റ് ഏരിയാസ്) റൂൾസ്, 2011
- ദി കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് ആൻഡ് വുഡ്-ബെയ്സ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ് റൂൾസ്, 2012.
- ദി കേരള ഫോറസ്റ്റ് (റെസ്ട്രിക്ഷൻ ഓൺ കട്ടിങ് ആൻഡ് സെല്ലിങ് ഓഫ് സാൻഡൽ ട്രീസ് ആൻഡ് ഗ്രാന്റ് ഓഫ് ലൈസൻസ് ഫോർ പൊസ്സഷൻ ആൻഡ് ട്രാൻസ്പോർട്ട് ഓഫ് സാൻഡൽവുഡ് ആൻഡ് സാൻഡൽവുഡ് ഓയിൽ) റൂൾസ്, 2012.
- ദി കേരള ക്യാപ്റ്റീവ് എലിഫെന്റ്സ് (മാനേജ്മെന്റ് ആൻഡ് മെയിന്റെനൻസ്) റൂൾസ്, 2012

## 1.11 സംസ്ഥാനത്തെ വനഘടന

സംസ്ഥാന വനംവകുപ്പിന്റെ ഭരണപരിധിയിൽ 2021-2022 വരെയുള്ള കാലയളവിലെ വന വിസ്തൃതി 11531.139 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതി (38863 ച.കി.മീ)യുടെ 29.67% വും ദേശീയ ശരാശരിയുടെ 23.24 ശതമാനവും ആണ്.

**പട്ടിക 3**

### വനപ്രദേശ വിതരണവും അവയുടെ നിയമാനുസൃത തത് സ്ഥിതിയും

| വനങ്ങളുടെ ഇനം | വിസ്തൃതി (ചതുരശ്ര കി.മീറ്ററിൽ) |
|---|---|
| സംരക്ഷിത വനങ്ങൾ (RF) | 6442.737 |
| നിർദ്ദിഷ്ട സംരക്ഷിത വനം (PRF) | 301.413 |
| നിക്ഷിപ്തവനങ്ങൾ (VF) | 1583.997 |
| പരിസ്ഥിതി ലോലഭൂമി (EFL) | 136.808 |
| പരിരക്ഷിത പ്രദേശം (PA) | 3066.184 |
| **ആകെ വനപ്രദേശം** | **11531.139** |




വനപ്രദേശങ്ങളുടെ സർക്കിൾ, ഡിവിഷൻ ക്രമത്തിലുള്ള വിസ്തൃതി (ച.ക.മീറ്റർ) 31.03.2022-വരെ നിയമാനുസൃത വിതരണ വിവരം താഴെ കൊടുത്തിരിക്കുന്നു.

## പട്ടിക 4

## സർക്കിൾ, ഡിവിഷൻ ക്രമത്തിലുള്ള വനംപ്രദേശ വിസ്തൃതി (ച.കി.മീ.)

| ക്രമ നം | ഡിവിഷനുകൾ | സംരക്ഷിത വനം (RF) | സംരക്ഷിത വന മാക്കാനുള്ള ഭൂമി (PRF) | നിക്ഷിപ്ത വനം (VF) | പരിസ്ഥിതി ലോല ഭൂമി (EFL) | പരിരക്ഷിത പ്രദേശം (PA) | ആകെ Total |
|---|---|---|---|---|---|---|---|
| | **I. സതേൺ സർക്കിൾകൊല്ലം** | | | | | | |
| 1. | തിരുവനന്തപുരം | 359.124 | 5.825 | 0.376 | 7.169 | 0.000 | 372.494 |
| 2. | തെന്മല | 140.753 | 0.000 | 7.775 | 0.455 | 0.000 | 148.983 |
| 3. | അച്ചൻകോവിൽ | 284.330 | 0.000 | 0.208 | 1.331 | 0.000 | 285.869 |
| 4. | റാന്നി | 902.329 | 7.225 | 1.568 | 0.000 | 0.000 | 911.122 |
| 5. | പുനലൂർ | 274.148 | 0.038 | 0.169 | 0.157 | 0.000 | 275.707 |
| 6. | കോന്നി | 320.553 | 11.102 | 0.00 | 0.00 | 0.000 | 331.655 |
| | **ആകെ** | **2281.237** | **24.190** | **10.096** | **9.112** | **0.000** | **2325.83** |
| | **II. ഹൈറേഞ്ച് സർക്കിൾ, കോട്ടയം** | | | | | | |
| 7. | കോട്ടയം * | 613.892 | 15.171 | 31.967 | 2.666 | 0.000 | 663.696 |
| 8. | കോതമംഗലം | 317.604 | 0.549 | 0.158 | 0.000 | 0.000 | 318.311 |
| 9. | മൂന്നാർ** | 693.535 | 71.999 | 0.662 | 5.148 | 0.000 | 771.344 |
| 10. | മാങ്കുളം | 0.000 | 90.057 | 0.000 | 0.000 | 0.000 | 90.057 |
| 11. | മറയൂർ | 15.416 | 47.257 | 0.076 | 2.471 | 0.000 | 65.220 |
| | **ആകെ** | **1640.447** | **225.033** | **32.863** | **10.285** | **0.000** | **1908.628** |
| | **III. സെൻട്രൽ സർക്കിൾ തൃശൂർ** | | | | | | |
| 12. | വാഴച്ചാൽ | 353.414 | 0.000 | 0.000 | 0.000 | 0.000 | 353.414 |
| 13. | ചാലക്കുടി | 207.940 | 0.000 | 0.000 | 0.040 | 0.000 | 207.980 |
| 14. | മലയാറ്റൂർ | 609.725 | 1.234 | 0.000 | 0.000 | 0.000 | 610.959 |
| 15. | തൃശ്ശൂർ | 207.041 | 0.948 | 4.306 | 0.849 | 0.000 | 213.143 |
| | **ആകെ** | **1378.120** | **2.181** | **4.306** | **0.889** | **0.000** | **1385.496** |
| | **IV. ഈസ്റ്റേൺ സർക്കിൾപാലക്കാട്** | | | | | | |
| 16. | മണ്ണാർകാട് | 150.732 | 0.000 | 271.522 | 8.995 | 0.000 | 431.249 |
| 17. | നിലമ്പൂർ നോർത്ത് | 58.393 | 0.326 | 371.720 | 9.622 | 0.000 | 440.061 |
| 18. | നിലമ്പൂർ സൗത്ത് | 56.509 | 0.000 | 40.675 | 1.803 | 227.970 | 326.990 |
| 19. | പാലക്കാട് | 73.410 | 0.000 | 160.333 | 29.986 | 0.000 | 263.728 |
| 20. | നെന്മാറ | 209.660 | 0.038 | 141.694 | 9.712 | 0.000 | 361.104 |
| | **ആകെ** | **548.704** | **0.397** | **985.944** | **60.118** | **227.970** | **1823.132** |
| | **V. നോർത്തേൺ സർക്കിൾ കണ്ണൂർ** | | | | | | |
| 21. | കോഴിക്കോട് | 6.215 | 26.070 | 187.274 | 15.924 | 74.426 | 309.909 |
| 22. | വയനാട് നോർത്ത് | 134.058 | 15.107 | 65.575 | 9.082 | 0.000 | 223.822 |
| 23. | വയനാട് സൗത്ത് | 67.679 | 3.774 | 203.273 | 20.502 | 0.000 | 295.228 |
| 24. | കണ്ണൂർ | 93.361 | 0.021 | 60.380 | 4.91 | 0.000 | 158.672 |
| 25. | കാസർകോഡ് | 86.570 | 1.374 | 30.061 | 4.905 | 0.000 | 122.910 |
| | **ആകെ** | **387.883** | **46.346** | **546.563** | **55.323** | **74.426** | **1110.541** |

| ക്രമ നം | ഡിവിഷനുകൾ | സംരക്ഷിത വനം (RF) | സംരക്ഷിത വന മാക്കാനുള്ള ഭൂമി (PRF) | നിക്ഷിപ്ത വനം (VF) | പരിസ്ഥിതി ലോല ഭൂമി (EFL) | പരിരക്ഷിത പ്രദേശം (PA) | ആകെ Total |
|---|---|---|---|---|---|---|---|
| | **VI. അഗസ്ത്യവനം (എ.ബി.പി) വൈൽഡ് ലൈഫ് സർക്കിൾ** | | | | | | |
| 26. | തിരുവനന്തപുരം | 30.980 | 0.000 | 0.000 | 0.000 | 181.000 | 211.980 |
| 27. | ചെന്തുരുണി | 0.833 | 0.000 | 4.226 | 0.354 | 166.820 | 173.636 |
| | **ആകെ** | **31.813** | **1.403** | **4.226** | **0.354** | **347.820** | **385.616** |
| | **VII. പ്രൊജക്ക് ടൈഗർ, കോട്ടയം, വൈൽഡ് ലൈഫ് സർക്കിൾ** | | | | | | |
| 28. | പെരിയാർ ഈസ്റ്റ് (തേക്കടി) | 0.000 | 0.000 | 0.000 | 0.675 | 709.000 | 709.675 |
| 29. | പെരിയാർ വെസ്റ്റ് (പീരുമേട്) | 0.000 | 0.000 | 0.000 | 0.000 | 216.000 | 216.000 |
| 30 | മൂന്നാർ | 0.000 | 0.000 | 0.000 | 0.000 | 241.077 | 241.077 |
| 31 | ഇടുക്കി | 35.524 | 0.000 | 0.000 | 0.000 | 95.000 | 130.524 |
| | **ആകെ** | **35.524** | **0.000** | **0.000** | **0.675** | **1261.077** | **1297.276** |
| | **VIII. വൈൽഡ് ലൈഫ്, പാലക്കാട്** | | | | | | |
| 32. | പറമ്പിക്കുളം | 102.770 | 0.000 | 0.000 | 0.000 | 274.130 | 376.900 |
| 33. | വയനാട് | 0.000 | 0.039 | 0.000 | 0.052 | 344.443 | 344.534 |
| 34. | സൈലന്റ് വാലി | 0.000 | 0.000 | 0.000 | 0.000 | 237.491 | 237.491 |
| 35. | പീച്ചി | 29.597 | 0.000 | 0.000 | 0.000 | 213.420 | 243.017 |
| 36. | ആറളം | 0.000 | 0.000 | 0.000 | 0.000 | 85.380 | 85.380 |
| | **ആകെ** | **132.367** | **0.039** | **0.000** | **0.052** | **1154.864** | **1287.322** |
| | **IX. വനപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന മറ്റ് ഡിവിഷനുകൾ** | | | | | | |
| **37.** | റ്റി.എസ്.പെരുമ്പാവൂർ | 0.240 | 0.075 | 0.000 | 0.000 | 0.000 | 0.315 |
| 38. | റ്റി.എസ്. കോഴിക്കോട് | 0.202 | 0.000 | 0.000 | 0.000 | 0.000 | 0.202 |
| 39. | എൻ.എസ്.സി. കാലടി | 6.201 | 0.000 | 0.000 | 0.000 | 0.000 | 6.201 |
| 40. | മംഗളവനം ബി.എസ് | 0.000 | 0.000 | 0.000 | 0.000 | 0.027 | 0.027 |
| 41 | എസ്.എഫ്.ആലപ്പുഴ | 0.000 | 1.748 | 0.000 | 0.000 | 0.000 | 1.748 |
| | **ആകെ** | **6.643** | **1.823** | **0.000** | **0.000** | **0.027** | **8.493** |
| | **ആകെ വന വിസ്തൃതി** | **6442.737** | **301.413** | **1583.997** | **136.808** | **3066.184** | **11531.139** |

*കോട്ടയം ഡിവിഷനിലെ 479.258 ച.കി.മീ. വിസ്തൃതിയുള്ള ഏലംകുന്ന് സംരക്ഷിത (കാർഡമംഹിൽ റിസർവ്സ് - **(CHR)** പ്രദേശം ഇതിൽ ഉൾപ്പെടുന്നു.

**മൂന്നാറിലെ 372.98 ച.കി.മീറ്റർ വിസ്തൃതിയുള്ള ഏലംകുന്ന് സംരക്ഷിത **(Cardamom Hill Reserves - CHR)** പ്രദേശം ഇതിൽ ഉൾപ്പെടുന്നു.

## അധ്യായം 2

## വകുപ്പിന്റെ ഘടനാസംവിധാനം

### 2.1 വകുപ്പിന്റെ ഘടനാരൂപം

വകുപ്പിന്റെ 2021-22-ലെ മേധാവിയായിരുന്നത് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും വനം സേനാ മേധാവി (PCCF & HoFF) യുമായ ശ്രീ.പി.കെ. കേശവൻ ഐ.എഫ്.എസ് ആണ്. വനസംബന്ധമായ എല്ലാ കാര്യങ്ങൾക്കുമായുള്ള സംസ്ഥാന ഗവൺമെന്റിന്റെ മുഖ്യ ഉപദേശകൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും വനം സേനാ മേധാവിയുമാണ്. സംസ്ഥാനത്തെ വനവിഭവങ്ങളുടെ സംരക്ഷണവും വകുപ്പിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ആകമാന നടത്തിപ്പും അദ്ദേഹത്തിന്റെ ചുമതലയിലാണ്. മറ്റ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും വകുപ്പിന്റെ ദൈനംദിന ഭരണകാര്യങ്ങളിലും വിവിധ പ്രവർത്തനങ്ങളിലും പദ്ധതി നിർവഹണത്തിലും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും വനം സേനാമേധാവിയുമായ വനം വകുപ്പ് തലവനെ സഹായിക്കുന്നു.

**പട്ടിക 5**

**വകുപ്പിന്റെ ഘടനാരൂപം 2021-22**

| ഓഫീസുകൾ | ഓഫീസ് തലവന്മാർ |
|---|---|
| **പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയും വനം സേനാ മേധാവിയുടെയും ആസ്ഥാന കാര്യാലയം** | • പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ<br>• പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്)<br>• പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)<br>• പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ് ബഡ്ജറ്റ് & ഓഡിറ്റ്)<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാന്റ് ആന്റ് റിസോഴ്സസ്), കോഴിക്കോട്<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ **CAMPA**<br>• ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി)<br>• പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹോഫിന്റെ ഓഫീസിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ടെക്നിക്കൽ അസിസ്റ്റന്റ്<br>• ജോയിന്റ് സെക്രട്ടറി (നിയമം) |

| ഓഫീസുകൾ | ഓഫീസ് തലവന്മാർ |
|---|---|
| **പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ കാര്യാലയം** | **ഫോറസ്റ്റ് കൺസർവേറ്റർ (അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്) തിരുവനന്തപുരം**<br>• വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം<br>• വൈൽഡ് ലൈഫ് വാർഡൻ, ചെന്തുരുണി<br><br>**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ കോട്ടയം)**<br>• വൈൽഡ് ലൈഫ് വാർഡൻ, മൂന്നാർ<br>• വൈൽഡ് ലൈഫ് വാർഡൻ, ഇടുക്കി<br>• ഡെപ്യൂട്ടി ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്) ഈസ്റ്റ്, തേക്കടി<br>• ഡെപ്യൂട്ടി ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്) വെസ്റ്റ്, പീരുമേട്.<br><br>**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) പാലക്കാട്**<br>• വൈൽഡ് ലൈഫ് വാർഡൻ, ആറളം വന്യജീവി സങ്കേതം,<br>• വൈൽഡ് ലൈഫ് വാർഡൻ, വയനാട് വന്യജീവി സങ്കേതം<br>• വൈൽഡ് ലൈഫ് വാർഡൻ, സൈലന്റ് വാലി<br>• ഡെപ്യൂട്ടി ഡയറക്ടർ, പറമ്പിക്കുളം ടൈഗർ റിസർവ്<br>• വൈൽഡ് ലൈഫ് വാർഡൻ, പീച്ചി<br><br>പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഫോറസ്റ്റ് കൺസർവേറ്റർ & ടെക്നിക്കൽ അസിസ്റ്റന്റ്<br><br>ചീഫ് ഫോറസ്റ്റ് വെറ്റിനറി ഓഫീസർ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം)<br><br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (പ്രോജക്ട് എലിഫെന്റ്)<br><br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ബയോഡൈവേർസിറ്റി സെൽ) |

| ഓഫീസുകൾ | ഓഫീസ് തലവന്മാർ |
|---|---|
| **പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ആസൂത്രണവും വികസനവും) കാര്യാലയം** | അഡീ.ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.ബി & എ)<br>അഡീ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)<br>ഡയറക്ടർ, ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ<br>ചീഫ് ഫോറസ്റ്റ്കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ ആന്റ് റിസർച്ച്)<br>• വർക്കിംഗ് പ്ലാൻ ഓഫീസർ, കൊല്ലം<br>• വർക്കിംഗ് പ്ലാൻഓഫീസർ,പുനലൂർ<br>• വർക്കിംഗ് പ്ലാൻ ഓഫീസർ,അച്ചൻകോവിൽ<br>• വർക്കിംഗ് പ്ലാൻഓഫീസർ, മൂന്നാർ<br>• വർക്കിംഗ് പ്ലാൻ ഓഫീസർ, പാലക്കാട്<br>• വർക്കിംഗ് പ്ലാൻഓഫീസർ, കോഴിക്കോട്<br>• റിസർച്ച് നോർത്ത്, തൃശ്ശൂർ<br>• റിസർച്ച് നോർത്ത് 1 സ്പെഷ്യൽ ഓഫീസർ, സുവോളജിക്കൽ പാർക്ക്, തൃശ്ശൂർ<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത്, തിരുവനന്തപുരം<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത് 1, തിരുവനന്തപുരം<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, വർക്കിംഗ് പ്ലാൻ സൗത്ത് കൊല്ലം<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, വർക്കിംഗ് പ്ലാൻ സെൻട്രൽ, തൃശ്ശൂർ<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, വർക്കിംഗ് പ്ലാൻ, നോർത്ത്, കോഴിക്കോട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ഫോറസ്റ്റ് റിസോഴ്സ് സർവ്വേ സെൽ, തൃശ്ശൂർ<br>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കൊ ഡവലപ്മെന്റ് & ട്രൈബൽ വെൽഫെയർ)<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കൊ ഡവലപ്മെന്റ് & ട്രൈബൽ വെൽഫെയർ)<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (പാർട്ടിസിപേറ്ററി) (ഫോറസ്റ്റ് മാനേജ്മെന്റ്)<br>ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (വികസനം)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ്)<br>സീനിയർ ഫിനാൻസ് ഓഫീസർ<br>ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) |

| ഓഫീസുകൾ | ഓഫീസ് തലവന്മാർ |
|---|---|
| **പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) & നോഡൽ ഓഫീസറുടെ കാര്യാലയം** | ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്ട്രേഷൻ ആന്റ് നോഡൽ ഓഫീസർ)<br>പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)–ന്റെ ഫോറസ്റ്റ് കൺസർവേറ്ററും ടെക്നിക്കൽ അസിസ്റ്റന്റും<br>• ഡെപ്യൂട്ടിഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)<br>• ഫോറസ്റ്റ് കൺസർവേറ്റർ(ഫോറസ്റ്റ് റിസോഴ്സസ്)<br>**ചീഫ്ഫോറസ്റ്റ് കൺസർവേറ്റർ (സതേൺസർക്കിൾ), കൊല്ലം**<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോന്നി<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, അച്ചൻകോവിൽ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുനലൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെന്മല<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുനന്തപുരം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ്, പുനലൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ്, തിരുവനന്തപുരം<br>**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം**<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോതമംഗലം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മാങ്കുളം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ ചന്ദനത്തടി ഡിവിഷൻ, മറയൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തടിവിൽപ്പന, കോട്ടയം<br>**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ), തൃശ്ശൂർ**<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചാലക്കുടി<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തടിവിൽപ്പന, പെരുമ്പാവൂർ<br>**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ), പാലക്കാട്**<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ സൗത്ത്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർകാട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട്<br>**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ), കണ്ണൂർ**<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കാസർഗോഡ്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ് കോഴിക്കോട് |

| ഓഫീസുകൾ | ഓഫീസ് തലവന്മാർ |
|---|---|
| **സാമൂഹിക വന വൽക്കരണ വിഭാഗം<br>അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഇക്കോളജിക്കൽ ഫ്രജൈൽ ലാന്റ് കസ്റ്റോഡിയന്റെ<br>കാര്യാലയം** | **ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) സതേൺ സർക്കിൾ, കൊല്ലം**<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), തിരുവനന്തപുരം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കൊല്ലം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ആലപ്പുഴ<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി പത്തനംതിട്ട<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) കോട്ടയം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) എക്സ്റ്റെൻഷൻ, കൊല്ലം<br>• ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), സെൻട്രൽ സർക്കിൾ, എറണാകുളം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) പാലക്കാട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) തൃശ്ശൂർ<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) എറണാകുളം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), ഇടുക്കി<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), എക്സ്റ്റെൻഷൻ, എറണാകുളം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, നാച്വറൽ സ്റ്റഡി സെന്റർ), കാലടി<br>• ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) നോർത്തേൺ സർക്കിൾ,കോഴിക്കോട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കോഴിക്കോട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കാസർഗോഡ്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കണ്ണൂർ<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), വയനാട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), മലപ്പുറം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), എക്സ്റ്റെൻഷൻ, കോഴിക്കോട്<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സാമൂഹിക വനവൽക്കരണം)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എ.സി എം യൂണിറ്റ് |

| ഓഫീസുകൾ | ഓഫീസ് തലവന്മാർ |
|---|---|
| **പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) കാര്യാലയം** | **ഫോറസ്റ്റ് കൺസർവേറ്റർ, (ഇൻസ്പെക്ഷൻ & ഇവാലുവേഷൻ) കോട്ടയം**<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, തിരുവനന്തപുരം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, പുനലൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, കോതമംഗലം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, ഇടുക്കി<br>**ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ ആന്റ് ഇവാലുവേഷൻ) കോഴിക്കോട്**<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, എറണാകുളം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, പാലക്കാട്.<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, കോഴിക്കോട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, കണ്ണൂർ<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്–1)<br>എഫ്. ഐ .സി.അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ഇന്റലിജൻസ്)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്–3)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്–4) |
| **അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ** (ഭരണം) | **ഫോറസ്റ്റ് കൺസർവേറ്റർ (ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റ്)**<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റ്)<br>• ഡയറക്ടർ, സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, വാളയാർ<br>• ഡെപ്യൂട്ടി ഡയറക്ടർ സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, വാളയാർ<br>• ഡയറക്ടർ, സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ<br>• ഡെപ്യൂട്ടി ഡയറക്ടർ, സംസ്ഥാനവനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, അഗ്നിപ്രതിരോധ പരിശീലനകേന്ദ്രം, അരിപ്പ<br>**ഫോറസ്റ്റ് കൺസർവേറ്ററുടെ (എച്ച്.ആർ.ഡി) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും ടെക്നിക്കൽ അസിസ്റ്റന്റും**<br>• വനം പരിശീലന കേന്ദ്രം, തിരുവനന്തപുരം<br>ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)<br>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എസ്റ്റേറ്റ് ഓഫീസർ) |
| **ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ CAMPA** | • ജോയിന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ **(CAMPA)**<br>• ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ **(CAMPA)** |
| **സ്പെഷ്യൽ അഫോറസ്റ്റേഷൻ** | ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) |

| ഓഫീസുകൾ | ഓഫീസ് തലവന്മാർ |
| --- | --- |
| **ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഇൻഫർമേഷൻ ടെക്നോളജി) കാര്യാലയം** | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ജിയോ ഇൻഫർമേഷൻ സിസ്റ്റം) |
| **അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ്) കാര്യാലയം, കോഴിക്കോട്** | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ടെക്നിക്കൽ അസിസ്റ്റന്റ്)<br>• അസിസ്റ്റന്റ് ഡയറക്ടർ, ഫോറസ്റ്റ് മിനിസർവെ, കോഴിക്കോട് |

## പട്ടിക-6

## വിവിധ വിഭാഗങ്ങളുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം 2021-22

| ക്രമ നം | ഓഫീസ്/വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലഘട്ടം തുടക്കം - അവസാനം | റിമാർക്സ് |
|---|---|---|---|---|---|
| 1. | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് (വനം സേനാമേധാവി) | **ശ്രീ.പി.കെ. കേശവൻ** ഐ.എഫ്. എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് | 01-03-2018 - 31.05.2022 | |
| | | **ശ്രീ.ബെന്നിച്ചൻ തോമസ്** ഐ. എഫ്.എസ് | | 01.06.2022 - തുടരുന്നു | |
| 2. | വൈൽഡ് ലൈഫ് | **ശ്രീ. ദേവേന്ദ്രകുമാർ വർമ്മ** ഐ. എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവിവിഭാഗം)& ചീഫ് വൈൽഡ് ലൈഫ് വാർഡൻ | 01.03.2021- 31.05.2021 | |
| | | **ശ്രീ.പി.കെ. കേശവൻ** ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് | 01.06.2021 - 08.06.2021 | അധിക ചുമതല |
| | | **ശ്രീ.ബെന്നിച്ചൻ തോമസ്** ഐ. എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് | 09.06.2021 - 31.03.2022 | |
| 3. | ഫോറസ്റ്റ് മാനേജ്മെന്റ് | **ശ്രീ.ബെന്നിച്ചൻ തോമസ്** ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) | 08-08-2019 - 08.06.2021 | |
| | | **ശ്രീ. നോയൽ തോമസ്** ഐ.എഫ്.എസ് | | 08.06.2021 - തുടരുന്നു | |

| | | | | | |
|---|---|---|---|---|---|
| 4. | വിജിലൻസ് & ഫോറസ്റ്റ് ഇന്റലി ജൻസ് | **ശ്രീ. ഗംഗാ സിങ്** ഐഎഫ്. എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) | 27.11.2020 അപരാഹ്നം - 31.03.2022 | എക്സ്കേഡർ തസ്തിക |
| 5. | പ്ലാനിംഗ് & ഡെവലപ്മെന്റ് | **ശ്രീ. ഡി. ജയപ്രസാദ്** ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) | 03.03.2021 - തുടരുന്നു. | |
| 6. | അഡ്മിനിസ്ട്രേഷൻ | **ഡോ. പി. പുകഴേന്തി** ഐ.എഫ്.എസ് | അഡീഷണൽപ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) | 01.01.2021 - തുടരുന്നു. | |
| 7. | ഫിനാൻസ്, ബഡ്ജറ്റ് & ആഡിറ്റ് | **ശ്രീ. നോയൽ തോമസ്** ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.ബി.& എ) | 01.01.2021 - 08.06.2021 | |
| | | **ശ്രീ.ഡി. ജയപ്രസാദ്** ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പി & ഡി) | 08.06.2021 - 31.12.2021 | അധിക ചുമതല |
| | | **ശ്രീ.പ്രമോദ് ജി കൃഷ്ണൻ** ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.ബി.& എ) | 01.01.2022 - 17.06.2022 | |
| 8. | ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ് കോഴിക്കോട് | **ശ്രീ.ഡി. ജയപ്രസാദ്** ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പി & ഡി) | 03.03.2021 - 09.06.2021 | അധിക ചുമതല |
| | | **ശ്രീ രാജേഷ് രവീന്ദ്രൻ** ഐ.എഫ്.എസ് | സി.ഇ.ഒ ക്യാമ്പ് | 09.06.2021 - തുടരുന്നു. | അധിക ചുമതല |
| 9. | വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് | **ശ്രീ. വി.വി.ഷാജിമോൻ.** ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വി&എഫ്.ഐ) | 09.08.2019 - 31.07.2021 | 31.07.2021-ൽ ചാർജ്ജ് ഉപേക്ഷിച്ചു |
| 10. | സോഷ്യൽ ഫോറസ്ട്രി | **ശ്രീ. ഇ.പ്രദീപ് കുമാർ** ഐ. എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) | 07.08.2019 - 31.03.2022 | എക്സ്കേഡർ പോസ്റ്റ് |

| | | | | | |
|---|---|---|---|---|---|
| 11. | ഹ്യുമൻ റിസോഴ്സസ് ഡെവലപ്മെന്റ് | **ശ്രീമതി.നീതുലക്ഷ്മി.എം** ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി) പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 11.02.2021 - 31.03.2022 | |
| 12. | ഇൻഫോർമേഷൻ ടെക്നോളജി | **ശ്രീ. നോയൽ തോമസ്** ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) | 01.01.2021 - 17.08.2021 | അധിക ചുമതല |
| | | **ഡോ. പി. പുകഴേന്തി.** ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) | 17.08.2021 -തുടരുന്നു | അധിക ചുമതല |
| 13 | വർക്കിംഗ് പ്ലാൻ & റിസർച്ച് | **ശ്രീ. പ്രമോദ് ജി. കൃഷ്ണൻ** ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ & റിസർച്ച്) | 01.04.2020 - 31.12.2021 | |
| | | **ശ്രീ. പ്രമോദ് ജി. കൃഷ്ണൻ** ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.ബി.& എ) | 01.01.2022 - 31.03.2022 | അധിക ചുമതല |
| 14. | ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ | **ശ്രീ. പ്രമോദ് ജി. കൃഷ്ണൻ** ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ & റിസർച്ച്) | 19.06.2020 - 31.12.2021 | അധിക ചുമതല |
| | | **ശ്രീ. പ്രമോദ് ജി. കൃഷ്ണൻ** ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.ബി.& എ) | 01.01.2022 - 31.03.2022 | അധിക ചുമതല |
| 15. | സകേതം സി.ഇ.ഒ, കോംപൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് & പ്ലാനിംഗ് അതോറിറ്റി | **ശ്രീ രാജേഷ് രവീന്ദ്രൻ** ഐ.എഫ്.എസ് | സി.ഇ.ഒ,കോംപൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് & പ്ലാനിംഗ് അതോറിറ്റി | 04.11.2020 - തുടരുന്നു | എക്സ്കേഡർ പോസ്റ്റ് |

## ടെറിട്ടോറിയൽ സർക്കിൾ

| ക്രമ നമ്പർ | കാര്യാലയം/ വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | സതേൺ സർക്കിൾ കൊല്ലം | **ശ്രീ.സഞ്ചയൻ കുമാർ.** ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ കൊല്ലം | 07.05.2020 -തുടരുന്നു | |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | **ശ്രീ.ജോർജി.പി.മാത്തൻ** ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഹൈറേഞ്ച് സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 26.10.2019 - 31.03.2022. | |
| 3 | സെൻട്രൽ സർക്കിൾ തൃശ്ശൂർ | **ശ്രീമതി.ഖ്യാതി മാത്തൂർ.** ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സെൻട്രൽ സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 10.02.2021 - 31.05.2021 | |
| | | **ശ്രീമതി.ദീപ.കെ.എസ്.** ഐ.എഫ്.എസ് | ഡയറക്ടർ, തൃശ്ശൂർ സുവോളജിക്കൽ പാർക്ക് | 01.06.2021 - 30.08.2021 | അധിക ചുമതല |
| | | **ശ്രീ.അനൂപ്.കെ.ആർ.** ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സെൻട്രൽ സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 01.09.2021 - തുടരുന്നു | |
| 4 | ഈസ്റ്റേൺ സർക്കിൾ പാലക്കാട് | **ശ്രീ.പ്രമോദ്.പി.പി.** ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഈസ്റ്റേൺ സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 02.07.2019 - 25.08.2021 | |
| | | **ശ്രീ.വിജയാനന്തൻ.** ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഈസ്റ്റേൺ സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 25.08.2021 - തുടരുന്നു | |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | **ശ്രീ.വിനോദ് കുമാർ.** ഡി.കെ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (നോർത്തേൺ സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 06.11.2020 - 31.03.2022 | |

## വൈൽഡ്‌ലൈഫ് സർക്കിൾ

| ക്രമ നം | ഓഫീസ്/വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 6 | വൈൽഡ്‌ലൈഫ് പാലക്കാട് | ശ്രീ.വിജയാനന്തൻ. ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വൈൽഡ്‌ലൈഫ് & ഫീൽഡ് ഡയറക്ടർ) പൂർണ്ണ ചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 13.05.2020 - 25.08.2021 | |
| | | | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വൈൽഡ്‌ലൈഫ് & ഫീൽഡ് ഡയറക്ടർ) പൂർണ്ണ ചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 25.08.2021- 01.09.2021 | അധിക ചുമതല |
| | | ശ്രീ.കെ.വി.ഉത്തമൻ. ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വൈൽഡ്‌ലൈഫ് & ഫീൽഡ് ഡയറക്ടർ) പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 01.09.2021 - 31.03.2022 | |
| 7 | ഫീൽഡ് ഡയറക്ടർ (പ്രൊജക്ട് ടൈഗർ, കോട്ടയം) | ശ്രീ.അനൂപ്.കെ.ആർ. ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഫീൽഡ് ഡയറക്ടർ (പ്രൊജക്ട് ടൈഗർ) പൂർണ്ണ ചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 08.11.2019 - 01.09.2021 | |
| | | ശ്രീ.പ്രമോദ്.പി.പി. ഐ.എഫ്.എസ് | | 01.09.2021- തുടരുന്നു | |
| 8 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | ഡോ.ആർ.ആടലരശൻ. ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (വൈൽഡ്‌ലൈഫ്, എ.ബി.പി. സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 18.11.2020 - 18.08.2021 | |
| | | ശ്രീമതി.നീതു ലക്ഷ്മി. ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (വൈൽഡ്‌ലൈഫ്, എ.ബി.പി. സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 19.08.2021 - 08.11.2021 | അധിക ചുമതല |
| | | ശ്രീ.ടി.സി.ത്യാഗരാജ്. ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (വൈൽഡ്‌ലൈഫ്, എ.ബി.പി. സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 08.11.2021 FN - 27.01.2022 | |
| | | ശ്രീ.ടി.സി.ത്യാഗരാജ്. ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (വൈൽഡ്‌ലൈഫ്, എ.ബി.പി. സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 28.01.2022 - 31.03.2022 | |

## സോഷ്യൽ ഫോറസ്ട്രി, ഐ & ഇ സർക്കിൾസ്

| ക്രമ നം | ഓഫീസ്/വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1. | സോഷ്യൽ ഫോറസ്ട്രി, സതേൺ റീജിയൻ കൊല്ലം | **ശ്രീ. സിദ്ദിഖ്.** ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (സാമൂഹിക വനവൽക്കരണം) പൂർണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 16.08.2019- 31.07.2021 | |
| | | **ശ്രീ.സഞ്ജയൻ കുമാർ.** ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ) കൊല്ലം | 31.07.2021- 25.08.2021 | അധിക ചുമതല |
| | | **ശ്രീ.എൻ.ടി.സാജൻ.** ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (സാമൂഹിക വനവൽക്കരണം) പൂർണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 26.08.2021- 31.03.2022 | |
| 2 | ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) എറണാകുളം | **ശ്രീമതി. മീനാക്ഷി** ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (സാമൂഹിക വനവൽക്കരണം) പൂർണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 02.07.2019- 03.09.2021 | |
| | | **ശ്രീമതി. ഇന്ദു വിജയൻ.** ഐ.എഫ്. എസ് | എം.ഡി, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്. ആലുവ | 04.10.2021- 31.03.2022 | അധിക ചുമതല |
| 3 | ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കോഴിക്കോട് | **ശ്രീ. എൻ.ടി. സാജൻ** ഐ.എഫ്.എസ്. | ഫോറസ്റ്റ് കൺസർവേറ്ററുടെ(സോഷ്യൽ ഫോറസ്ട്രി) പൂർണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 17.08.2019- 18.08.2021 | |
| | | **ശ്രീമതി.ആർ.കീർത്തി.** ഐ.എഫ്.എസ്. | | 18.08.2021- 31.03.2022 | |

| | | | | | |
|---|---|---|---|---|---|
| 4 | ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ) കോട്ടയം | **ശ്രീ. എ.രഞ്ജൻ** ഐ.എഫ്.എസ്. | ഫോറസ്റ്റ് കൺസർവേറ്ററുടെ പൂർണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 03.09.2020- 31.07.2021 | |
| | | **ശ്രീ. ജോർജ്ജി പി മാത്തച്ചൻ** ഐ.എഫ്.എസ്. | ഫോറസ്റ്റ് കൺസർവേറ്ററുടെ (ഐ&ഇ), പൂർണചുമതലയുള്ള ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | 31.07.2021 AN- 05.09.2021 | അധിക ചുമതല |
| | | **ശ്രീമതി.സി.മീനാക്ഷി.** ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (ഐ& ഇ), പൂർണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 06.09.2021- 08.11.2021 | |
| | | **ശ്രീ.സാമുവൽ വല്ലാംകേത്ത പച്ചൗ** | ഫോറസ്റ്റ് കൺസർവേറ്ററുടെ (ഐ& ഇ), പൂർണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 08.11.2021- 31.03.2022 | |
| 5 | ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ) കോഴിക്കോട് | **ശ്രീ.ദേവപ്രസാദ്.** ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ), കോഴിക്കോട് | 11.11.2020- 31.03.2022 | |

## 2.2. വനം സർക്കിൾ

സംസ്ഥാനത്തെ വനങ്ങളുടെ പൊതുവായ നടത്തിപ്പിനും ഭരണത്തിനും വേണ്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ റാങ്കിലുള്ള ഓഫീസർമാരുടെ നേതൃത്വത്തിൽ 11 വനം സർക്കിളുകൾ ഉണ്ട്. (ടെറിട്ടോറിയൽ-5, വന്യജീവി-3, സാമൂഹിക വനം-3). വനം സർക്കിൾ വനം ഡിവിഷനുകൾ അടങ്ങിയതാണ്. അവയുടെ നേതൃത്വം ഒരു ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് (DFO) ആയിരിക്കും. വനം ഡിവിഷൻ വനം റെയ്ഞ്ചുകൾ അടങ്ങിയതാണ്. റെയ്ഞ്ചുകളുടെ ചുമതല റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ (RFO)ക്കായിരിക്കും. വിവിധ വന വിഭാഗങ്ങളുടെ കീഴിൽവരുന്ന സർക്കിളുകൾ, ഡിവിഷനുകൾ, റെയ്ഞ്ചുകൾ എന്നിവയുടെ എണ്ണം താഴെ കൊടുക്കുന്നു.

**പട്ടിക-7**

**വകുപ്പിനു കീഴിലുള്ള സർക്കിളുകൾ/ഡിവിഷനുകൾ/റേഞ്ചുകൾ**

| ഇനം | സർക്കിളുകൾ | ഡിവിഷനുകൾ | റേഞ്ചുകൾ |
|---|---|---|---|
| ടെറിട്ടോറിയൽ | 5 | 25 | 81 * |
| തടി വിൽപന(Functionl unit) | | 6 | 28 മുള്ളുമല ഉൾപ്പെടെയുള്ള തടി വിൽപനഡിപ്പോ (അനക്സ്) |
| വന്യജീവി | 3 | 11 | 31# |
| സാമൂഹിക വനവൽക്കരണം | 3 | **17 | 32 |
| പ്രകൃതി പഠന കേന്ദ്രം | | 1 | |
| പ്രവർത്തന പദ്ധതിയും ഗവേഷണവും | 1 | 9##. | 15 |
| വിജിലൻസും വനം ഇന്റലിജൻസും | 2 | 8 | 18 |
| പരിശീലനം | 1 | 2 | |
| **ആകെ** | **15** | **79** | **205** |

*ഇവയിൽ 6 എണ്ണം പ്രവർത്തനയോഗ്യമായ ടെറിട്ടോറിയൽ ഫങ്ഷണൽ യൂണിറ്റുകളാണ്

#ഇവയിൽ 4 എണ്ണം പ്രവർത്തനയോഗ്യമായ വന്യജീവി ഫങ്ഷണൽ യൂണിറ്റുകളാണ്

** ഇവയിൽ 3 എണ്ണം സാമൂഹിക വനവൽക്കരണ വിഭാഗത്തിന്റെ അനുബന്ധ യൂണിറ്റുകളാണ്

## ഇവയിൽ 2 എണ്ണം ഗവേഷണ ഡിവിഷനുകളാണ്

**പട്ടിക-8**

## വനം സർക്കിളുകളുടെ സംഘടനാഘടന

| ടെറിട്ടോറിയൽ സർക്കിൾ | ടെറിട്ടോറിയൽ ഡിവിഷനുകൾ | ടെറിട്ടോറിയൽ റേഞ്ചുകൾ |
|---|---|---|
| 1. സതേൺ സർക്കിൾ, കൊല്ലം | 1. തിരുവനന്തപുരം<br>2. തെന്മല<br>3. പുനലൂർ<br>4. അച്ചൻകോവിൽ<br>5. കോന്നി<br>6. റാന്നി | 1. കുളത്തൂപ്പുഴ<br>2. പാലോട്<br>3. പരുത്തിപ്പള്ളി റെയ്ഞ്ച്<br>4. ആര്യൻകാവ്<br>5. തെന്മല<br>6. പത്തനാപുരം<br>7. അഞ്ചൽ<br>8. കല്ലാർ<br>9. കാനയാർ<br>10. അച്ചൻകോവിൽ<br>11. മണ്ണാറപ്പാറ<br>12. നടുവത്തുമൂഴി<br>13. കോന്നി<br>14. ഗൂഡ്രിക്കൽ<br>15. റാന്നി<br>16. വടശ്ശേരിക്കര<br>17. സെൻട്രൽ-നഴ്സറി, കുളത്തൂപ്പുഴ* |
| 2. ഹൈറേഞ്ച് സർക്കിൾ കോട്ടയം | 7. കോട്ടയം<br>8. കോതമംഗലം<br>9. മാങ്കുളം<br>10. മൂന്നാർ<br>11. മറയൂർ | 18. നഗരംപാറ<br>19. അയ്യപ്പൻകോവിൽ<br>20. കുമിളി<br>21. എരുമേലി<br>22. കോതമംഗലം<br>23. മുള്ളരിങ്ങാട്<br>24. കാളിയാർ<br>25. തൊടുപുഴ<br>26. ആനക്കുളം<br>27. മാങ്കുളം<br>28. മൂന്നാർ<br>29. ദേവികുളം<br>30. അടിമാലി<br>31. നേരിയമംഗലം<br>32. മറയൂർ<br>33. കാന്തല്ലൂർ<br>34. റേഞ്ചർ സ്പെഷ്യൽ ഇൻ വെസ്റ്റിഗേഷൻ യൂണിറ്റ് * |

| | | |
|---|---|---|
| 3. സെൻട്രൽ സർക്കിൾ തൃശ്ശൂർ | 12. മലയാറ്റൂർ<br>13. വാഴച്ചാൽ<br>14. ചാലക്കുടി<br>15. തൃശ്ശൂർ | 35. തുണ്ടത്തിൽ<br>36. കൂട്ടമ്പുഴ<br>37. കാലടി<br>38. കോടനാട്<br>39. ഇടമലയാർ<br>40. ചാർപ്പ<br>41. വാഴച്ചാൽ<br>42. ഷോളയാർ<br>43. കോലത്തിരിമേട്<br>44. ആതിരപ്പിള്ളി<br>45. പാലപ്പിള്ളി<br>46. വെള്ളിക്കുളങ്ങര<br>47. പരിയാരം<br>48. വടക്കാഞ്ചേരി<br>49. മച്ചാട്<br>50. പട്ടിക്കാട് സെൻട്രൽ നഴ്സറി, ചെട്ടിക്കുളം * |
| 4. ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 16. നിലമ്പൂർ സൗത്ത്<br>17. നിലമ്പൂർ നോർത്ത്<br>18. പാലക്കാട്<br>19. മണ്ണാർക്കാട്<br>20. നെന്മാറ | 51. വഴിക്കടവ്<br>52. നിലമ്പൂർ<br>53. ഇടവന<br>54. കരുളായി<br>55. കാളിക്കാവ്<br>56. ഒറ്റപ്പാലം<br>57. ഒലവക്കോട്<br>58. വാളയാർ<br>59. അട്ടപ്പാടി<br>60. അഗളി<br>61. മണ്ണാർകാട്<br>62. ആലത്തൂർ<br>63. കൊല്ലങ്കോട്<br>64. നെല്ലിയാമ്പതി<br>65. ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ്, നിലമ്പൂർ *<br>66. സെൻട്രൽ നഴ്സറി നിലമ്പൂർ * |

| | | |
|---|---|---|
| 5. നോർത്തേൺ സർക്കിൾ കണ്ണൂർ | 21. കോഴിക്കോട്<br>22. വയനാട് സൗത്ത്<br>23. വയനാട് നോർത്ത്<br>24. കണ്ണൂർ<br>25. കാസർഗോഡ് | 67. കുറ്റ്യാടി<br>68. പെരുവണ്ണാമൂഴി<br>69. താമരശ്ശേരി<br>70. ചേട്ലേത്ത്<br>71. കൽപ്പറ്റ<br>72. മേപ്പടി<br>73. ബേഗൂർ<br>74. മാനന്തവാടി<br>75. പെരിയ<br>76. കാസർഗോഡ്<br>77. കാഞ്ഞങ്ങാട്<br>78. തളിപ്പറമ്പ്<br>79. കൊട്ടിയൂർ<br>80. കണ്ണവം<br>81. സ്പെഷ്യൽ റേഞ്ച്, ടിംബർ എക്സ്ട്രാക്ഷൻ |

| തടിവിൽപ്പന ഡിവിഷനുകൾ | തടിവിൽപ്പന റേഞ്ച് |
|---|---|
| 1. തടിവിൽപ്പന ഡിവിഷൻ തിരുവനന്തപുരം | 1. ആര്യങ്കാവ് ഡിപ്പോ<br>2. കുളത്തുപ്പുഴ ഡിപ്പോ<br>3. തെന്മല ഡിപ്പോ<br>4. അച്ചൻകോവിൽ ഡിപ്പോ<br>5. മുള്ളുമല (അനക്സ്) |
| 2. തടി വിൽപ്പന ഡിവിഷൻ പുനലൂർ | 6. അരീക്കക്കാവ് ഡിപ്പോ<br>7. കോന്നി ഡിപ്പോ<br>8. പത്തനാപുരം ഡിപ്പോ<br>9. ട്യുയെറ്റ് ഡിപ്പോ<br>10. കടയ്ക്കമൺ ഡിപ്പോ<br>11. വീയപുരം ഡിപ്പോ |
| 3. തടിവിൽപ്പന ഡിവിഷൻ കോട്ടയം | 12. കോതമംഗലം ഡിപ്പോ<br>13. തലക്കോട് ഡിപ്പോ<br>14. വെട്ടിക്കാട് ഡിപ്പോ<br>15. പാറമ്പുഴ ഡിപ്പോ |

| | |
|---|---|
| 4. **തടി വിൽപ്പന ഡിവിഷൻ പെരുമ്പാവൂർ** | 16. ചാലക്കുടി ഡിപ്പോ<br>17. ചെട്ടിക്കുളം ഡിപ്പോ<br>18. മുടിക്കൽ ഡിപ്പോ<br>19. വരാപ്പുഴ ഡിപ്പോ<br>20. വീട്ടൂർ ഡിപ്പോ |
| 5. **തടി വിൽപ്പന ഡിവിഷൻ പാലക്കാട്** | 21. നെടുങ്കയം ഡിപ്പോ<br>22. അരുവാക്കോട് ഡിപ്പോ<br>23. വാളയാർ ഡിപ്പോ |
| 6. **തടി വിൽപ്പന ഡിവിഷൻ കോഴിക്കോട്** | 24. ചാലിയം ഡിപ്പോ<br>25. കുപ്പാടി ഡിപ്പോ<br>26. ബാവലി ഡിപ്പോ<br>27. കണ്ണവം ഡിപ്പോ<br>28. പരപ്പ ഡിപ്പോ |

| വന്യജീവി സർക്കിൾ | വന്യജീവി ഡിവിഷനുകൾ | വന്യജീവി റെയ്ഞ്ചുകൾ |
|---|---|---|
| 1. **അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം** | 1. ചെന്തുരുണി<br>2.തിരുവനന്തപുരം | 1. ചെന്തുരുണി സങ്കേതം<br>2. പേപ്പാറ സങ്കേതം<br>3. നെയ്യാർ<br>4.അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയ്ഞ്ച് |
| 2. **ഫീൽഡ് ഡയറക്ടർ (പദ്ധതി കടുവ) കോട്ടയം** | 3.പെരിയാർ ഈസ്റ്റ്<br>4.പെരിയാർ വെസ്റ്റ്<br>5. ഇടുക്കി<br>6. മൂന്നാർ | 5. പെരിയാർ റെയ്ഞ്ച്<br>6. വള്ളക്കടവ് റെയ്ഞ്ച്<br>7. തേക്കടി റെയ്ഞ്ച്<br>8. പമ്പ റെയ്ഞ്ച്<br>9. അഴുത റെയ്ഞ്ച്<br>10. തട്ടേക്കാട് പക്ഷിസങ്കേതം<br>11. ഇടുക്കി സങ്കേതം<br>12. ഷോല നാഷണൽ പാർക്ക്<br>13. ചിന്നാർ റെയ്ഞ്ച്<br>14. ഇരവികുളം നാഷണൽ പാർക്ക്<br>15. റിസർച്ച്,തേക്കടി<br>16. ഫ്ളൈയിങ് സ്ക്വാഡ്റെയ്ഞ്ച്, തേക്കടി<br>17. ഇക്കോ-ഡവലപ്മെന്റ് റേയ്ഞ്ച് |

| | | |
|---|---|---|
| 3. വന്യജീവി സർക്കിൾ, പാലക്കാട് | 7. പീച്ചി<br>8. സൈലന്റ്‌വാലി<br>9. പറമ്പിക്കുളം<br>10. ആറളം<br>11. വയനാട് | 18. പീച്ചി-വാഴാനി<br>19. ചിമ്മണി<br>20. സൈലന്റ്‌വാലി റേയ്ഞ്ച്<br>21. ഭവാനി റേയ്ഞ്ച്<br>22. സുങ്കം റേയ്ഞ്ച്<br>23. പറമ്പിക്കുളം റേയ്ഞ്ച്<br>24. ഒരുകൊമ്പൻ റേയ്ഞ്ച്<br>25. കരിമല റേയ്ഞ്ച്<br>26. ആറളം സങ്കേതം<br>27. തോൽപ്പെട്ടി റേയ്ഞ്ച്<br>28. കുറിച്ചിയാട്ട് റേയ്ഞ്ച്<br>29. സുൽത്താൻ ബത്തേരി<br>30. മുത്തങ്ങ റേയ്ഞ്ച്<br>31. എലിഫെന്റ് സ്ക്വാഡ് |

| സാമൂഹിക വനവൽക്കരണ സർക്കിൾ | സാമൂഹിക വനവൽക്കരണ ഡിവിഷനുകൾ | സാമൂഹിക വനവൽക്കരണ റെയ്ഞ്ചുകൾ |
|---|---|---|
| 1. സാമൂഹിക വനവൽക്കരണം സതേൺ, റീജിയൻ കൊല്ലം | 1. തിരുവനന്തപും<br>2. കൊല്ലം<br>3. പത്തനംതിട്ട<br>4. ആലപ്പുഴ<br>5. കോട്ടയം<br>6.സാമൂഹികവനവൽക്കരണ എക്സ്റ്റെൻഷൻ, കൊല്ലം** | 1. ആറ്റിങ്ങൽറെയ്ഞ്ച്<br>2. തിരുവനന്തപുരം റെയ്ഞ്ച് I തിരവനന്തപുരം റെയ്ഞ്ച് II<br>3. നെയ്യാറ്റിൻകര റെയ്ഞ്ച്<br>4. പുനലൂർ റെയ്ഞ്ച്<br>5. കൊല്ലം റെയ്ഞ്ച്<br>6. റാന്നി റെയ്ഞ്ച്<br>7 പത്തനംതിട്ട റെയ്ഞ്ച്<br>8. ആലപ്പുഴ റെയ്ഞ്ച് I<br>9. ആലപ്പുഴ റെയ്ഞ്ച് II<br>10.പൊൻകുന്നം റെയ്ഞ്ച്<br>11. കോട്ടയം റെയ്ഞ്ച് |
| 2. സാമൂഹിക വനവൽക്കരണം, സെൻട്രൽ റീജ്യൻ എറണാകുളം | 7. ഇടുക്കി<br>8. (എ)എറണാകുളം (ബി)നേച്ചർ സ്റ്റഡിസെന്റർ (എൻ എസ് സി) കാലടി<br>9. തൃശ്ശൂർ<br>10. പാലക്കാട്<br>11. സോഷ്യൽഫോറസ്ട്രി എക്സ്റ്റൻഷൻ, എറണാകുളം, ** | 12. മൂന്നാർ റെയ്ഞ്ച്<br>13. കട്ടപ്പന റെയ്ഞ്ച്<br>14. പീരുമേട് റെയ്ഞ്ച്<br>15. തൊടുപുഴ റെയ്ഞ്ച്<br>16. പെരുമ്പാവൂർ റെയ്ഞ്ച്<br>17. എറണാകുളം റെയ്ഞ്ച്<br>18. അഗളി റെയ്ഞ്ച്<br>19.മണ്ണാർകാട് റെയ്ഞ്ച്<br>20. പാലക്കാട് റെയ്ഞ്ച്<br>21. തൃശ്ശൂർ റെയ്ഞ്ച്<br>22. ചാലക്കുടി റെയ്ഞ്ച് |

| | | |
|---|---|---|
| 3. സാമൂഹ്യ വനവൽകരണം, വടക്കൻ റീജ്യൻ കോഴിക്കോട് | 12. മലപ്പുറം<br>13. കോഴിക്കോട്<br>14. വയനാട്<br>15. കണ്ണൂർ<br>16. കാസർഗോഡ്<br>17. സോക്ഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ, കോഴിക്കോട്, ** | 23. നിലമ്പൂർ റെയ്ഞ്ച്<br>24. മലപ്പുറം റെയ്ഞ്ച്<br>25. കോഴിക്കോട് റെയ്ഞ്ച്<br>26. വടകര റെയ്ഞ്ച്<br>27. മാനന്തവാടി റെയ്ഞ്ച്<br>28. കൽപ്പറ്റ റെയ്ഞ്ച്<br>29. കണ്ണൂർ റെയ്ഞ്ച്<br>30. തലശ്ശേരി റെയ്ഞ്ച്<br>31. ഹോസ്ദുർഗ് റെയ്ഞ്ച്<br>32. കാസർഗോഡ് റെയ്ഞ്ച് |

| വർക്കിംഗ് പ്ലാൻ & റിസർച്ച് സർക്കിളുകൾ | വർക്കിംഗ് പ്ലാൻ & റിസർച്ച് ഡിവിഷനുകൾ | വർക്കിംഗ് പ്ലാൻ & റിസർച്ച് റെയിഞ്ചുകൾ |
|---|---|---|
| തിരുവനന്തപുരം | 1. അച്ചൻകോവിൽ | 1. ആർ. എഫ്.ഒ പ്രവർത്തന പദ്ധതി റെയ്ഞ്ച് I |
| | | 2.ആർ. എഫ്.ഒ പ്രവർത്തന പദ്ധതി റെയ്ഞ്ച്II |
| | 2. കോഴിക്കോട് | 3. ആർ. എഫ്. ഒ പ്രവർത്തന പദ്ധതി റെയ്ഞ്ച് |
| | 3. പാലക്കാട് | 4. ആർ.എഫ്.ഒ പ്രവർത്തന പദ്ധതി റെയ്ഞ്ച് I |
| | | 5. ആർ.എഫ്.ഒ പ്രവർത്തന പദ്ധതി റെയ്ഞ്ച് II |
| | 4. മൂന്നാർ | 6. ആർ.എഫ്.ഒ പ്രവർത്തന പദ്ധതി റെയ്ഞ്ച് I |
| | | 7. ആർ.എഫ്.ഒ പ്രവർത്തന പദ്ധതി റെയ്ഞ്ച് II |
| | 5. തൃശ്ശൂർ | 8. ആർ.എഫ്.ഒ, എഫ്.ആർ.എസ് സി, തൃശ്ശൂർ |
| | 6. പുനലൂർ | 9. ആർ.എഫ്.ഒ പ്രവർത്തന പദ്ധതി റെയ്ഞ്ച് I |
| | | 10. ആർ.എഫ്.ഒ പ്രവർത്തന പദ്ധതി റെയ്ഞ്ച് II |
| | 7. കൊല്ലം | 11. ആർ.എഫ്.ഒ പ്രവർത്തന പദ്ധതി റെയ്ഞ്ച് |
| | 8.ഗവേഷണം (നോർത്ത്) | 12. ആർ.എഫ്.ഒ. നിലമ്പൂർ റിസർച്ച് റെയ്ഞ്ച് |
| | | 13. ആർ.എഫ്.ഒ. മാനന്തവാടി റിസർച്ച് റെയ്ഞ്ച് |
| | | 14. ആർ.എഫ്.ഒ വനം വിത്ത് കേന്ദ്രം, പീച്ചി |
| | 9. ഗവേഷണം (സൗത്ത്) | 15. ആർ.എഫ്.ഒ. കോടനാട് റിസർച്ച് റെയ്ഞ്ച് |

| വിജിലൻസ് സർക്കിൾ | ഡിവിഷനുകൾ | ഫ്ളൈയിങ് സ്ക്വാഡ് റേഞ്ചുകൾ |
|---|---|---|
| 1. ഇൻസ്പെക്ഷൻ & ഇവാലുവേഷൻ കോട്ടയം | 1. തിരുവനന്തപുരം | 1. ചുള്ളിമാനൂർ<br>2. കൺട്രോൾ റൂം, തിരുവനന്തപുരം |
| | 2. പുനലൂർ | 3. റാന്നി<br>4. പുനലൂർ |
| | 3. കോതമംഗലം | 5. മൂന്നാർ<br>6. തൊടുപുഴ<br>7. കോതമംഗലം |
| | 4. ഇടുക്കി | 8. ഇടുക്കി<br>9. മുണ്ടക്കയം |
| 2. ഇൻസ്പെക്ഷൻ & ഇവാലുവേഷൻ കോഴിക്കോട് | 5. എറണാകുളം | 10. തൃശ്ശൂർ<br>11. പെരുമ്പാവൂർ |
| | 6. പാലക്കാട് | 12. പാലക്കാട്<br>13. നെല്ലിയാമ്പതി |
| | 7. കോഴിക്കോട് | 14. കോഴിക്കോട്<br>15. കൽപ്പറ്റ<br>16. നിലമ്പൂർ |
| | 8. കണ്ണൂർ | 17. കാസർഗോഡ്<br>18. കണ്ണൂർ |

| പരിശീലനം | സ്ഥാപനങ്ങൾ |
|---|---|
| മാനവശേഷി വികസന വനം പരിശീലന കേന്ദ്രം പി.റ്റി.പി. നഗർ തിരുവനന്തപുരം | 1. സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, വാളയാർ<br>2. സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ |

പ്രവർത്തനക്ഷമമായ ടെറിട്ടോറിയൽ പ്രവർത്തന യൂണിറ്റുകൾ

#വന്യജീവി പ്രവർത്തന യൂണിറ്റുകൾ

സാമൂഹികവനവൽക്കരണ എക്സ്റ്റെൻഷൻ യൂണിറ്റുകൾ

## ഗവേഷണ ഡിവിഷനുകൾ

***നോട്ട്:-*** *വനം സ്റ്റേഷനുകളുടെ ഡിവിഷൻ, റെയ്ഞ്ച് തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം 1(a) -യിൽ കൊടുത്തിരിക്കുന്നു. ഡിവിഷൻ തിരിച്ചുള്ള റെയ്ഞ്ച് ഓഫീസുകളുടെയും ചെക്ക് പോസ്റ്റുകളുടെയും എണ്ണം അനുബന്ധം 1(b)-യിൽ കൊടുത്തിരിക്കുന്നു. ഓഫീസർമാരുടെ ഇ-മെയിൽ വിലാസവും ഫോൺ/ഫാക്സ് നമ്പറുകളും അനുബന്ധം 2- ലും വകുപ്പിന്റെ സംഘടനാ ചാർട്ട് അനുബന്ധം 3- ലും നൽകിയിരിക്കുന്നു.*

## 2.3 വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങളുടെ പ്രധാന ചുമതലകൾ

വനം വകുപ്പിന്റെ കീഴിലുള്ള വിവിധ വിഭാഗങ്ങളുടെ ചുമതലകൾ താഴെ ചുരുക്കി നൽകുന്നു.

### 2.3.1 ഭരണവിഭാഗം

വനം വകുപ്പിലെ പൊതുഭരണത്തിന്റെ ചുമതല ഈ ശാഖയിലൂടെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ആയിരിക്കും. കേരളസംസ്ഥാന വനം സേവനം, കേരള സംസ്ഥാന വനം സബോർഡിനേറ്റ് സർവീസ്, ലാസ്റ്റ്ഗ്രേഡ്-പാർട്ട്ടൈം കണ്ടിൻജന്റ് സേവനങ്ങൾ എന്നിവയിലെ ജീവനക്കാരുടെയും ഓഫീസർമാരുടെയും തിരഞ്ഞെടുക്കൽ, പുതുനിയമനം, സ്ഥാനക്കയറ്റം, സ്ഥലമാറ്റം, മാറ്റി നിയമിക്കൽ, അച്ചടക്ക നടപടി, അടുത്തുൺ, യാത്രാബത്ത അനുവദിക്കൽ, വൈദ്യശുശ്രൂഷാവകാശങ്ങൾ, വായ്പകൾ, മുൻകൂർ പണം നൽകൽ എന്നിവയുടെ നിർവഹണം ഭരണവിഭാഗത്തിനായിരിക്കും. വൈൽഡ് ലൈഫ് അസിസ്റ്റന്റമാർ/വന്യജീവി വിദ്യാഭ്യാസത്തിന്റെ ഡെപ്യൂട്ടി ഡയറക്ടർ, വനം വകുപ്പിൽ നിന്ന് തസ്തികമാറ്റ (Deputation) ത്തിലൂടെ താൽക്കാലികാടിസ്ഥാനത്തിൽ എത്തിയവർ (കെ.എഫ്. ഡിയിൽ നിന്ന് വന്നവരും അങ്ങോട്ട് പോയവരുമായ ഇന്ത്യൻ ഫോറസ്റ്റ് ഓഫീസറുമാർ ഒഴികെ) തുടങ്ങിയ പ്രത്യേക വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ സേവനകാര്യങ്ങളും ഭരണവിഭാഗത്തിന്റെ ഉത്തരവാദിത്തത്തിൽപ്പെടും.

### 2.3.2 ആസൂത്രണ, വികസന വിഭാഗം

സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ധനസഹായം നൽകുന്ന വ്യത്യസ്ത മേഖലകളിലെ വിവിധ വികസന പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പിന്റെ ചുമതല വകുപ്പിന്റെ വികസനവിഭാഗത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

ഈ വിഭാഗത്തിന്റെ നേതൃത്വം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ആസൂത്രണവും വികസനവും) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (F, B & A) സഹായത്തോടെ നിർവഹിക്കേണ്ടതാണ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിന് (F, B & A) മുഖ്യമായ മൂന്ന് സെക്ഷനുകളായ ആസൂത്രണം, കണക്ക് സൂക്ഷിക്കൽ (Accounts), സ്റ്റാറ്റിസ്റ്റിക്സ് സെക്ഷൻ എന്നിവയുടെ സേവനം ലഭിക്കുന്നതാണ്. ആസൂത്രണ വിഭാഗം പഞ്ചവത്സരപദ്ധതികൾ, വാർഷിക പദ്ധതികൾ, ധനമാവശ്യപ്പെടൽ, വകുപ്പിലെ വിവിധഘടകങ്ങൾക്ക് ബജറ്റ് അനുവദിക്കൽ എന്നിവ നടപ്പാക്കേണ്ടതാണ്. കണക്ക് സൂക്ഷിക്കൽവിഭാഗം കണക്കുകൾ, റിപ്പോർട്ടുകൾ എന്നിവ അക്കൗണ്ടന്റ് ജനറൽ, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ എന്നിവർക്ക് സമർപ്പിക്കാൻ ചുമതലപ്പെട്ടിരിക്കുന്നു. സ്ഥിതിവിവരക്കണക്ക് വിഭാഗത്തിന്റെ (Statistics Wing) തലവൻ ഡെപ്യൂട്ടി ഡയറക്ടർ (സ്ഥിതിവിവരക്കണക്ക്) ആണ്. സഹായത്തിന് രണ്ടു Research Assistant-കളും, നാല് Statistical Assistant-കളും ഉണ്ട്. വിവിധ സർക്കിളുകളിലെയും ഡിവിഷനുകളിലെയും Statistical Assistant വിവരശേഖരണവും സമാഹരണവും നടത്തുന്നതാണ്. അങ്ങനെ ശേഖരിക്കുന്ന വിവരങ്ങൾ ഓരോ വർഷവും ഫോറസ്ടി ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ആസ്ഥാന കാര്യാലയത്തിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ നടത്തുന്നു. വകുപ്പ് നടപ്പാക്കുന്ന വിവിധപദ്ധതി-പദ്ധതിയേതര പ്രതിമാസ പുരോഗതി റിപ്പോർട്ട്, വകുപ്പിന്റെ വാർഷിക ഭരണ റിപ്പോർട്ട്, Forest Statistics എന്ന വാർഷിക പ്രസിദ്ധീകരണവും തയാറാക്കുന്നതിന്റെ ഉത്തരവാദിത്തം സ്ഥിതിവിവര വിഭാഗത്തിനായിരിക്കും. ഇന്ത്യാ ഗവൺമെന്റിന്റെയും സംസ്ഥാന സർക്കാരിന്റെയും വിഭിന്ന ഏജൻസികൾക്ക് സ്ഥിതിവിവര റിപ്പോർട്ട് സമർപ്പിക്കുന്നത് ഈ വിഭാഗമാണ്. 2020-21 വരെയുള്ള റിപ്പോർട്ടുകൾ സ്ഥിതി വിവര വിഭാഗം ഇതിനകം തയാറാക്കിയിട്ടുണ്ട്.

### 2.3.3. പരിസ്ഥിതി വികസനവും പട്ടികവർഗ ക്ഷേമവും വിഭാഗം (ഇക്കോഡവലപ്മെന്റ് & ട്രൈബൽ വെൽഫയർ വിംഗ്)

ഈ വിഭാഗത്തിന്റെ മുഖ്യധർമ്മം വനവാസികളായ പട്ടികവർഗ്ഗക്കാരുടെ വികസനത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള പരിപാടികൾ ഏറ്റെടുക്കലാണ്. അതു കൂടാതെ, പരിസ്ഥിതി വിനോദസഞ്ചാരം, പി.എഫ്. എം ഇൻഷുറൻസ്, പാരിസ്ഥിതിക വ്യവസ്ഥയുടെ നടത്തിപ്പ് ഫണ്ട് മുതലായവ ഇക്കോഡെവലപ്മെന്റ് & ട്രൈബൽ വെൽഫയർ വിംഗ്-ന്റെ നിയന്ത്രണത്തിലുള്ളവയാണ്.

### 2.3.4 പരിസ്ഥിതി ദുർബല പ്രദേശം (ഇ.എഫ്.എൽ)

കേരള വന പരിസ്ഥിതിലോല ഭൂമിയുടെ (നിക്ഷിപ്തമാക്കലും നടത്തിപ്പും) നിയമം, 2003 സംസ്ഥാനത്തെ പരിസ്ഥിതിലോലഭൂമി കേരളസർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള ഒരു നിയമമാണ്. ഈ നിയമം നടപ്പിലാക്കുംമുമ്പ് കേരള വന (പരിസ്ഥിതി ലോലഭൂമിയുടെ നിക്ഷിപ്തമാക്കലും നടത്തിപ്പും) ഓർഡിനൻസ് (06/2000) പ്രസിദ്ധപ്പെടുത്തുകയും. 02.06.2000 മുതൽ അത് നടപ്പിലാക്കുകയും ചെയ്തിരുന്നു. 2005-ലെ ആക്ട് 21 നടപ്പിലാക്കുന്നതു വരെ, പരിസ്ഥിതിലോലഭൂമിയുടെ കൈവശക്കാരൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്ററായിരുന്നു. 23.11.2005-ൽ ഒരു പ്രത്യേക വിഭാഗം സ്ഥാപിക്കുകയും ഇ. എഫ്.എല്ലിന്റെ കൈവശക്കാരനായി ഒരു മുഖ്യവനപാലകൻ നിയമിക്കപ്പെടുകയും ചെയ്തു. ഇപ്പോൾ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ് പരിസ്ഥിതിലോല ഭൂമിയുടെ സംരക്ഷകർ (Custodian) പരിസ്ഥിതി സന്തുലനാവസ്ഥയും ജൈവവൈവിധ്യവും നിലനിർത്തുന്നതിന്റെയും ഇ.എഫ്.എല്ലിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്തം ഈ ശാഖയ്ക്കാണ്.

### 2.3.5 വനപരിപാലനവിഭാഗം (ഫോറസ്റ്റ് മാനേജ്മെന്റ് )

വനഭൂമിയുടെ സ്ഥിതിവിവരക്കണക്ക് സൂക്ഷിക്കൽ, പുതിയ സംരക്ഷിതവന പ്രഖ്യാപനത്തിനുള്ള നിർദേശങ്ങൾ തയ്യാറാക്കലും സമർപ്പിക്കലും, കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഉടമസ്ഥർക്ക് നിക്ഷിപ്ത വനഭൂമി തിരിച്ചു നൽകുന്നത് നടപ്പിലാക്കൽ, ഭൂമി ഒഴിപ്പിക്കലിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കൽ തുടങ്ങിയവ വനം, ഭൂമിയും സ്രോതസുകളും (എഫ്.എൽ & ആർ) വിഭാഗത്തിന്റെ ചുമതലയാണ്. ഈ വിഭാഗം പ്രധാനമായും വന്യജീവി (സംരക്ഷണ) നിയമം, കേരള വനം (പരിസ്ഥിതിലോല ഭൂമികളുടെ നിക്ഷിപ്തമാക്കലും പരിപാലനവും) നിയമം 2003, മറ്റ് മുഖ്യ വനപാലകരാൽ കൃത്യമായി കൈകാര്യം ചെയ്യപ്പെടുന്ന നിയമങ്ങൾ എന്നിവയുടെ പരിധിയിൽ വരുന്നവ കൂടാതെ, ഇതര വിവിധ നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഫലപ്രദവും കാര്യക്ഷമവുമായ ഉപയോഗത്തിലൂടെ വനസമ്പത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തണം. വനഭൂമി പാട്ടത്തിന് കൊടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ, നിക്ഷിപ്ത വനങ്ങൾ വിറകേതര വനോൽപ്പന്ന വനവിഭവങ്ങൾ (എൻ. ഡബ്ല്യു എഫ് പികൾ) വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ അനുവദിക്കൽ, സുരക്ഷയെ സംബന്ധിച്ച നിയമസഭാകമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, പരാതി കമ്മിറ്റി, പരിസ്ഥിതി സമിതി, പരിസ്ഥിതിസംരക്ഷണ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ ശാഖയാണ് കൈകാര്യം ചെയ്യുന്നത്.

### 2.3.6 വിവര സാങ്കേതിക വിഭാഗം

കേരള വനം വകുപ്പ് യൂണിറ്റുകൾക്കുള്ളിലേക്കുള്ള വിവരങ്ങളുടെ പ്രവാഹം സുഗമമാക്കുന്ന, കടമ ചെയ്യാൻ ഐ റ്റി ശാഖ ചുമതലപ്പെട്ടിരിക്കുന്നു. അതിനുവേണ്ടി തന്ത്രപരമായ ആസൂത്രണത്തിന് കാര്യക്ഷമമായ സങ്കേതങ്ങൾ മെനയുകയും വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗപ്പെടുത്തലിന് തക്ക വിധത്തിൽ കേരള വനം വകുപ്പ് ജീവനക്കരുടെ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യണം. കേരള വനം വകുപ്പിന്റെ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം, കേരള വനം വകുപ്പിന് വേണ്ടി ഹാർഡ്വെയറും സോഫ്റ്റ്വെയറും സമ്പാദിക്കുക, അതിന്റെ ഉപയോഗത്തിനായി ഭൂമിശാസ്ത്രപരമായ വിവരവ്യവസ്ഥയുടെ പരിപാലനവും വികസനവും, വനം വകുപ്പിന് വേണ്ടി വെബ്സൈറ്റ് നിർമിക്കലും പരിപാലനവും, ജി ഐ എസ് മുതലായവയും ഈ ശാഖയുടെ മുഖ്യകർമങ്ങളാണ്. ഇ-ലേലം, ഇ-ഓഫീസ്, ഡിജിറ്റൽ സേവനം നൽകാൻ തുടങ്ങിയ വിവിധ ഇ-ഭരണ സമ്പ്രദായങ്ങളുടെ നടപ്പിലാക്കലും ഈ ശാഖയുടെ ഉത്തരവാദിത്തമാണ്.

### 2.3.7 മനുഷ്യ വിഭവശേഷി വികസന വിഭാഗം

ഡിപ്പാർട്ട്മെന്റ് ജീവനക്കാരുടെ കഴിവ് മെച്ചപ്പെടുത്താനായി അവർക്ക് പരിശീലനം നൽകാൻ വേണ്ടി ഡിപ്പാർട്ട്മെന്റിൽ 1990-ൽ പരിശീലനവിഭാഗം ആരംഭിച്ചു. കേരള സർക്കാരിന്റെയും കെ.എഫ്. ഡിയുടെയും കീഴിൽ പ്രവർത്തിക്കുന്ന വിവിധ പരിശീലന സ്ഥാപനങ്ങളിലെ മുൻനിര ജീവനക്കാർക്കും കേരള വനം വകുപ്പിലെ ഓഫീസർമാർക്കും നവീകരണ പരിശീലനവും പുതിയ തൊഴിലിൽ പ്രവേശിക്കാനുമുള്ള സൗകര്യവുമൊരുക്കുന്നതിൽ എച്ച്. ആർ. ഡി. ഏർപ്പെട്ടിരിക്കുന്നു. എസ് എഫ് എസ്, ഐ എഫ് എസ് ഓഫീസർമാർക്ക് ആഭ്യന്തരമായ നിർബന്ധിത പരിശീലനങ്ങൾക്കുള്ള കണ്ണികൾ ഒരുക്കുന്നതിനു പുറമേ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്കും മറ്റ് തട്ടുകളിലുള്ള ജീവനക്കാർക്കും പ്രവർത്തനശേഷി വർധിപ്പിക്കുന്നതിലും അവരെ നവീകരിക്കുന്നതിലും കൂടി ഈ ശാഖ ശ്രദ്ധിക്കുന്നു.

### 2.3.8 സാമൂഹിക വനവൽക്കരണ വിഭാഗം

സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ ഇടപെടലുകളോട്ടുകൂടി ഒരു ജനകീയപദ്ധതി എന്ന നിലയിൽ വനങ്ങൾക്ക് പുറത്ത് വനവൽക്കരണം നടത്തുന്നതിനുള്ള അംഗീകാരം സാമൂഹിക വനവൽക്കരണ ശാഖയ്ക്കാണ്. അതിനുവേണ്ടി റെയിൽവേലൈനുകളുടെയും റോഡുകളുടെയും വശങ്ങളിലും റവന്യൂ പുറമ്പോക്കുകളിലും നീരൊഴുക്കുകളുടെ കരകളിലും സർക്കാർ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും വൃക്ഷങ്ങൾ നടുന്ന നടപടി സാധാരണയായി ഏറ്റെടുത്തിട്ടുണ്ട്. വിറകിനും തടി ഉരുപ്പടികൾക്കും, വളങ്ങൾക്കും വേണ്ടിയും പരമ്പരാഗത വനമേഖലകൾക്കുമേൽ വർദ്ധിച്ചുവരുന്ന സമ്മർദ്ദം കുറയ്ക്കുന്നതിനും ആവശ്യങ്ങൾ പരിഹരിക്കുന്നതിനും ഉദ്ദേശിച്ച് സാമൂഹിക വനവൽക്കരണ വിഭാഗം വിവിധ ഇനം സസ്യങ്ങളുടെ മുളകൾ വളർത്തി വിതരണം ചെയ്യുകയും പൊതുജനങ്ങൾ അവ നട്ടുവളർത്തുകയും ചെയ്യുന്നു.

ഈ വകുപ്പിന്റെ പൊതുജന സമ്പർക്കത്തിനും വികസന പ്രവർത്തനങ്ങൾക്കുമുള്ള സഹായഹസ്തമാണ് ഫോറസ്ട്രി ഇൻഫോർമേഷൻ ബ്യൂറോ (FIB) വകുപ്പിന്റെ വിവിധതരം പ്രവർത്തനങ്ങളെ സംബന്ധിച്ച

കൈപ്പുസ്തകങ്ങൾ, ലഘുലേഖകൾ എന്നിവയുടെ അച്ചടിയും പ്രസാധനവും, ലോക വനശാസ്ത്രദിനം, ലോക ഭൗമദിനം, ലോകപരിസ്ഥിതി ദിനം, വന്യജീവിവാരം തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള വമ്പിച്ച പ്രചാരണം നൽകൽ എന്നീ ചുമതലകളും ഈ വിഭാഗത്തിനു കീഴിൽ വരുന്നുണ്ട്. വകുപ്പിന്റെ സംസ്ഥാനതല പരിപാടികളുടെ ഭാഗമായി മാധ്യമങ്ങൾക്കു വേണ്ടി പരസ്യങ്ങൾ രൂപപ്പെടുത്തി വിതരണം ചെയ്യുന്നതും, ഫീൽഡ് ഓഫീസ് പ്രദർശന വസ്തുക്കൾ രൂപപ്പെടുത്തുന്നതും വികസിപ്പിക്കുന്നതും വിതരണം ചെയ്യുന്നതും ഡോക്യുമെന്ററി സിനിമകൾ നിർമിക്കുന്നതും പൊതുവായ പ്രചാരണം സംഘടിപ്പിക്കുന്നതുമൊക്കെ എഫ് ഐ ബിയുടെ ചുമതലയിൽ ഉൾപ്പെടുന്നു.

### 2.3.9 പ്രത്യേക വനവൽക്കരണ വിഭാഗം

സംസ്ഥാനത്ത് 1980-ലെ വന (സംരക്ഷണ) നിയമം നടപ്പാക്കുകയും അത് നിരീക്ഷിച്ച് നിയന്ത്രിക്കുകയും ചെയ്യുന്നത് പ്രത്യേകം വനവൽക്കരണ വിഭാഗത്തിന്റെ ചുമതലയാണ്. 1980-ലെ വന (സംരക്ഷണ) നിയമത്തിന്റെ വെളിച്ചത്തിൽ അതു സംബന്ധിച്ചുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മാർഗനിർദ്ദേശങ്ങൾക്കും കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾക്കുമനുസൃതമായി, വനഭൂമി വനേതരാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനു വേണ്ടി വനങ്ങൾ വെട്ടിത്തെളിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കുന്നതിനുള്ള ചുമതല നോഡൽ ഓഫീസർമാർ നിർവഹിക്കുന്നു.

### 2.3.10 ജാഗ്രതയും വനരഹസ്യാന്വേഷണവും വിഭാഗം

വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം സ്വതന്ത്രമാണ്. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (ജാഗ്രതയും വനരഹസ്യാന്വേഷണവും - (Vigilance & Forest Intelligence) ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്സിന്റെ ചുമതല മാത്രമേയുള്ളൂ. മിക്ക പരാതികളിലും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജാഗ്രതയും വനരഹസ്യാന്വേഷണവും) ഒരു പകർപ്പ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്-ന് നൽകുന്നതോടൊപ്പം റിപ്പോർട്ട് സർക്കാരിന് നേരിട്ട് സമർപ്പിക്കുകയാണ് ചെയ്യുന്നത്. ഈ ശാഖ സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത് എന്നകാര്യം ശ്രദ്ധിക്കണം. വസ്തുനിഷ്ഠമായ കാരണങ്ങളാൽ ഈ വിഭാഗത്തിന് റെയ്ഞ്ചുകൾ, ഡിവിഷനുകൾ, സർക്കിളുകൾ എന്നിവയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടഓഫീസുകൾ, പ്രവൃത്തികൾ, രേഖകൾ, മറ്റ് വശങ്ങൾ എന്നിവയെല്ലാം അന്വേഷിക്കാം. പക്ഷേ, ഇത്തരം നടപടികൾ കൃത്യമായ ചട്ടങ്ങളും ക്രമങ്ങളുമനുസരിച്ചായിരിക്കണം.

പരാതികളും ആക്ഷേപങ്ങളും സാധ്യമായ ഏറ്റവും കുറഞ്ഞ സമയത്തിനകം അപേക്ഷിച്ച് തീർപ്പുകൽപ്പിക്കാനാണ് ഈ വിഭാഗത്തിന്റെ ശ്രമം. ഒരു നിശ്ചിതസമയത്ത് ഫ്ളൈയിങ് സ്ക്വാഡ് ഡിവിഷന് വിധേയമായി അന്വേഷണത്തിന് ശരാശരി 10 പരാതികളെങ്കിലും ഉണ്ടായിരിക്കാനുള്ള സാധ്യത പരിഗണിച്ചാണ് പ്രവർത്തനക്രമം നിശ്ചയിച്ചിരിക്കുന്നത്. സാധാരണയായി അന്വേഷണോദ്യോഗസ്ഥൻ ആക്ഷേപം കിട്ടിയ ഉടൻതന്നെ അന്വേഷണം ആരംഭിക്കുകയും മിക്കകേസുകളിലും ഒരാഴ്ച്ചയ്ക്കകം തീരുമാനമെടുക്കുകയും ചെയ്യണം. വനം രഹസ്യാന്വേഷണ ഘടകം ഫോറസ്റ്റ് ഇന്റലിജൻസ് സെൽ 2001-ൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ജാഗ്രത) കീഴിലാണ് സ്ഥാപിക്കപ്പെട്ടത്. സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഒരു റെയ്ഞ്ച് ഓഫീസറും 10 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും രഹസ്യാന്വേഷണ വിവരശേഖരണത്തിനായുള്ള നടപടികൾ നടത്തുന്നു. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജാഗ്രതയും വനം രഹസ്യാന്വേഷണവും) - ന്റെ ഓഫീസിലെ തന്റെ സാധാരണ ചുമതലകൾക്കു പുറമേ ഈ ഘടകത്തിന്റെ മേൽനോട്ടവും നടത്തുന്നു. വനരഹസ്യാന്വേഷണ ഘടകം രഹസ്യമായി ശേഖരിച്ച വിവരങ്ങളുടെ ഫലമായി ഗൗരവതരമായ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും വന്യജീവിക്കുറ്റങ്ങളിൽ, കുറ്റാരോപിതരെ അറസ്റ്റ് ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

### 2.3.11 വന്യജീവി വിഭാഗം

സംസ്ഥാനത്തെ വന്യജീവികളുടെയും ജൈവവൈവിധ്യത്തിന്റെയും സംരക്ഷണമാണ് വന്യജീവി വിഭാഗത്തിന്റെ പ്രധാന പ്രവൃത്തി. 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരമാണ് സംസ്ഥാനത്തിലെ സംരക്ഷിത മേഖലകൾ ഭരിക്കപ്പെടുന്നത്. ഇപ്പോൾ മൂന്ന് വന്യജീവി സർക്കിളുകളുടെ കീഴിൽ 11 വന്യജീവി ഡിവിഷനുകളുണ്ട്. 3441.207 ചതുരശ്ര കി.മീ വനങ്ങളുടെ കീഴിൽ വരുന്ന അതിന്റെ സംരക്ഷിത മേഖലാശൃംഖലയിലുൾപ്പെടുന്ന 6 ദേശീയോദ്യാനങ്ങൾ, 18 വന്യജീവിസങ്കേതങ്ങൾ, (2 കടുവാസങ്കേതങ്ങൾ, 2 പക്ഷിസങ്കേതങ്ങൾ, 1 മയിൽ സങ്കേതം ഇവയടക്കം) ഒരു കമ്യൂണിറ്റി റിസർവ് (സമൂഹസംരക്ഷണ കേന്ദ്രം) എന്നിവയടക്കം ഈ ശാഖ പരിപാലിക്കുന്നു.

1988-ൽ ദേശീയ വനനയത്തിൽ വന്ന മാതൃകാ മാറ്റത്തിന്റെ ഫലമായി വനമേഖലകൾ, പ്രകൃതിദത്ത വനങ്ങൾ, വന്യജീവികളുടെയും ജൈവവൈവിധ്യങ്ങളുടെയും സംരക്ഷണം എന്നിവയ്ക്ക് വലിയ ഊന്നൽ നൽകപ്പെട്ടു. ഈ ലക്ഷ്യം നേടുന്നതിനു വേണ്ടിയാണ് വന്യജീവി ശാഖയുടെ വ്യവസ്ഥാപനവും, കൂടുതൽ സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പ്രഖ്യാപനവും.

### 2.3.12 വർക്കിംഗ് പ്ലാൻ & റിസർച്ച് വിഭാഗം

പ്രവർത്തന പദ്ധതി വർക്കിംഗ്പ്ലാൻ വനപരിപാലന തന്ത്രത്തെ നയിക്കുന്നതിനുള്ള പ്രധാനരേഖയാണ്. നയത്തിന്റെ തുടർച്ച ലക്ഷ്യമാക്കി എഴുതപ്പെട്ട ഒരു പരിപാലന ക്രമമെന്ന് അത് നിർവചിക്കപ്പെട്ടിരിക്കുന്നു. 25 ടെറിട്ടോറിയൽ ഡിവിഷനുകൾക്കുള്ള പ്രവൃത്തിപദ്ധതികൾ തയ്യാറാക്കൽ ഈ ശാഖയുടെ ചുമതലയാണ്. കൂടാതെ, ചൂരൽ, ഈറ, മുള തുടങ്ങിയ വിവിധവിഭവങ്ങളുടെ ലഭ്യത വിലയിരുത്താനുള്ള ഉത്തരവാദിത്തം തൃശ്ശൂരിലെ Forest Resource Survey Cell-FRSC-നാണ്. തിരുവനന്തപുരത്തും തൃശ്ശൂരുമായി രണ്ട് ഗവേഷണ വിഭാഗങ്ങളുണ്ട്. അവ വ്യത്യസ്തങ്ങളായ വനവിഭവ വളർച്ച, ഘടന, ഗുണമൂല്യം എന്നിവയെ സംബന്ധിച്ചും Permanent Preservation Plot സംബന്ധിച്ചുമുള്ള ഗവേഷണങ്ങൾ നടത്തുന്നു. റ്റി ബി ജി ആർ ഐ, കെ എഫ് ആർ ഐ, ഐ എഫ് ജി ടി ബി തുടങ്ങിയ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി പരസ്പരം ബന്ധപ്പെട്ടാണ് ഈ രണ്ട് ഗവേഷണ വിഭാഗങ്ങളും പ്രവർത്തിക്കുന്നത്. ഈ നടപടി മുഖ്യമായും ബഹുസ്ഥല പരീക്ഷണങ്ങളേറ്റെടുക്കുന്നതിലും ഗവേഷണ ഫലങ്ങളുടെ പ്രയുക്ത പ്രാദേശിക സാഹചര്യങ്ങളിൽ പരിശോധിക്കുന്നതിലുമാണ്.

## 2.4 വകുപ്പിന് കീഴിലുള്ള സ്വയം ഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

### 2.4.1 സംസ്ഥാന വന വികസന ഏജൻസി (എസ് എഫ് ഡി എ)

എസ് എഫ് ഡി എ വനാശ്രിതരായ സമൂഹങ്ങൾക്ക് വിശേഷിച്ച് പട്ടികവർഗങ്ങൾക്ക് വിവിധ പങ്കാളിത്ത വനപരിപാലന (പി എഫ് എം) പരിപാടികൾ നടപ്പിലാക്കി അവയിലൂടെ കൂടുതൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അവരുടെ ജീവന മാർഗങ്ങൾ പരിപോഷിപ്പിക്കാനും സഹായിക്കുകയും സുസ്ഥിരമായ വനവിഭവ പരിപാലനം ലക്ഷ്യംവയ്ക്കുകയും ചെയ്യുന്നു. എസ്എഫ് ഡി എ, എഫ് ഡി എ കൾക്ക് സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകുന്നു. എസ് എഫ് ഡി എ, വി എസ് എസ്/ഇ ഡി സി അംഗങ്ങൾക്ക് അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകിയും, സ്വയംതൊഴിൽ അവസരങ്ങൾക്ക് സൗകര്യമുണ്ടാക്കിക്കൊടുത്തും, പട്ടികവർഗ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകിയും, പട്ടികവർഗ ഊരുകൾക്ക് വനപരിസ്ഥിതി വ്യവസ്ഥ സുസ്ഥിരമാകത്തക്ക വിധത്തിൽ സമാന്തര സമ്പ്രദായമേർപ്പെടുത്തുന്നതുൾപ്പെടെയുള്ള സൗകര്യങ്ങളേർപ്പെടുത്തിയും പിന്തുണ നൽകുന്നു.

എസ് എഫ് ഡി എ, കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും ധനസഹായം ചെയ്യുന്ന പദ്ധതികൾ/ പരിപാടികൾ എന്നിവ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ്.

**എസ് എഫ് ഡി എ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ:**

1. ദേശീയ വനവൽക്കരണ പരിപാടി (60% ഡി എസ് എസ്)
2. ഹരിത ഇന്ത്യാ ദൗത്യം (Green India Mission) (60% ഡി എസ് എസ്)
3. എ എം എഫ് പിക്ക് വേണ്ടിയുള്ള എം എസ് പി ധനസഹായം റ്റി ആർ ഐ എഫ് ഇ ഡി (75% ഡി എസ് എസ്)
4. വി ഡി വി കെ റ്റി ആർ ഐ എഫ് ഇ ഡി ധനസഹായം (100% ഡി എസ് എസ്)
5. ദേശീയ ഔഷധ സസ്യബോർഡ് പദ്ധതികൾ
6. മുള ദൗത്യപദ്ധതി
7. കിഫ്ബി പദ്ധതികൾ
8. പരിസ്ഥിതി വിനോദസഞ്ചാരം
9. വനശ്രീ

### 2.4.2 കേരള വനവികസന കോർപ്പറേഷൻ (കെ എഫ് ഡി സി)

സംസ്ഥാനത്ത് തടി അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ വ്യവസ്ഥാപനത്തിനു വേണ്ടിയും വികസനത്തിനുവേണ്ടിയും 8000 ഹെക്ടർ സ്ഥലത്ത് വലിയതോതിലുള്ള വനത്തോട്ടങ്ങൾ സ്ഥാപിക്കാനുള്ള സ്ഥാപനപരമായ ധനസമാഹരണം നടത്താനായി 1972-ലെ നാഷണൽ അഗ്രികൾച്ചറൽ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ തുടർച്ചയെന്ന നിലയിൽ വനം വകുപ്പിന്റെ ഒരു ഉപ ശാഖയായി 24.01.1975-ൽ ആരംഭിക്കപ്പെട്ട സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു പൊതുമേഖലാസ്ഥാപനം.

സുസ്ഥിരമായ അടിസ്ഥാനത്തിൽ തടിയുടെയും മറ്റ് വന വിഭവങ്ങളുടെയും ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്ന വീക്ഷണത്തോടുകൂടി നാണ്യവിളത്തോട്ടങ്ങൾ വളർത്തുകയും പരിപാലിക്കുകയും വനങ്ങൾ നോക്കി നടത്തി സംരക്ഷിക്കുകയും ചെയ്തുകൊണ്ട്, കേരളത്തിലെ അടിസ്ഥാനമായിട്ടുള്ള വ്യവസായങ്ങളുടെ വികസനത്തിനായി എല്ലാ വർഗത്തിലുമുള്ള വനത്തോട്ടങ്ങൾ വളർത്തിക്കൊണ്ടുവരിക

എന്നതാണ് കെ എഫ് ഡി സിയുടെ പ്രധാന കർമ്മങ്ങൾ. ശ്രീലങ്കൻ അഭയാർത്ഥികളുടെ പുനരധിവാസവും കേരളസർക്കാർ ഏറ്റെടുത്ത് കെ എഫ് ഡി സി-യിൽ അർപ്പിച്ചിട്ടുള്ള മറ്റുകാര്യങ്ങളും കൂടാതെ, കേരളത്തിൽ മുഴുവൻ പരന്നുകിടക്കുന്ന വിവിധ തോട്ടങ്ങളിൽ നേരിട്ടും അല്ലാതെയും ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന തോട്ടം മേഖലയിലെ ഏറ്റവും വലിയ തൊഴിൽ ദാതാക്കൾ കേരള വന വികസന കോർപ്പറേഷനാണ്.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൂടാതെ 2001 മുതൽ പരിസ്ഥിതി വിനോദസഞ്ചാര രംഗത്തും കോർപ്പറേഷൻ ഗവിയിൽ നിന്ന് തുടക്കം കുറിച്ചിട്ടുണ്ട്. ഇപ്പോൾ മീശപ്പുലിമല, മൂന്നാർ, നെല്ലിയാമ്പതി, അരിപ്പ, വയനാട് എന്നിവിടങ്ങളിലും പരിസ്ഥിതി വിനോദസഞ്ചാരസംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### 2.4.3 കടുവസംരക്ഷണ ഫൗണ്ടേഷനുകൾ

#### 2.4.3.1 പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷൻ

പെരിയാർ കടുവ സംരക്ഷണം 1996-97-ലെ ധനകാര്യ വർഷത്തിൽ ലോക ബാങ്കിന്റെ പിന്തുണയോടെ ജനകീയ പങ്കാളിത്ത വനപരിപാലന പദ്ധതി നടപ്പിലാക്കുകയും ഐ.ഇ.ഡി.പി. (ഇന്ത്യാ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട്) എന്ന പേരിൽ അഞ്ച് വർഷത്തോളം തുടരുകയും ചെയ്തു. അക്കാലത്തു തന്നെ, ഇന്ത്യയിൽ മറ്റ് 6 സ്ഥലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കപ്പെട്ടു. തേക്കടിയിലെ പ്രസ്തുത പദ്ധതിയുടെ വിജയത്തോടുകൂടിയും അതിന്റെ നടപ്പാക്കൽ കാലാവധി ദീർഘിപ്പിക്കുന്നതു മെച്ചപ്പെട്ട സംരക്ഷണ നടപടികൾ സ്വീകരിക്കാൻ പ്രയോജനപ്പെടുമെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും, ഈ പദ്ധതി രണ്ടുവർഷംകൂടി നീട്ടുന്നതിന് തീരുമാനിക്കുകയും അത് 2004 ജൂൺ 30-ന് അവസാനിക്കുകയും ചെയ്തു. പദ്ധതിയുടെ കാലയളവിൽ ജനകീയ പങ്കാളിത്ത വനപരിപാലനം കൂടുതൽ സജീവമാകുകയും 72 പരിസ്ഥിതി വികസന കമ്മിറ്റികൾ (EDCS) രൂപീകരിക്കുകയും ചെയ്തു.

തൽഫലമായി, 27.7.2004-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.36/2004/ എഫ് & ഡബ്ല്യൂ. എൽ. ഡി. പ്രകാരം, പെരിയാൽ ഫൗണ്ടേഷൻ എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകൃതമായി. പെരിയാർ ഫൗണ്ടേഷൻ എന്ന ഈ ട്രസ്റ്റ് വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വലിയ തരത്തിൽ പ്രശംസിക്കപ്പെടുകയും ധാരാളം പുരസ്കാരങ്ങൾക്കും അംഗീകാരങ്ങൾക്കും അതു വഴിയൊരുക്കുകയും ചെയ്തു. വന്യജീവി സംരക്ഷണനിയമത്തിൽ വരുത്തിയ ഭേദഗതികൾക്കു ശേഷം പെരിയാർ ഫൗണ്ടേഷൻ എന്ന പേരിലുള്ള ഈ സ്ഥാപനം 4.7.2012 - ലെ ഗവൺമെന്റ് ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 73/2012/എഫ് & ഡബ്ല്യൂ. എൽ.ഡി പ്രകാരം പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷൻ എന്ന പേരിൽ പുനർരജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി.

#### 2.4.3.2 പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷൻ

പ്രധാനമായും വനങ്ങളെയും വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളെയും പിന്തുണയ്ക്കാനും പ്രാദേശികമായി ആശ്രയിച്ചുനിൽക്കുന്ന പട്ടികവർഗ്ഗക്കാരെ ശാക്തീകരിക്കാനുമുള്ള സേവന പ്രവർത്തനങ്ങളുടെ വാഹകരായി പറമ്പിക്കുളം കടുവസംരക്ഷണ (PKMTR) സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ലാഭേച്ഛയില്ലാത്ത സംഘടനയാണ് പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷൻ (PaTCoF). പറമ്പിക്കുളം കടുവാസങ്കേതം ഏകദേശം 1300-വനവാസികളായ ആതിഥേയരുടെയും 6 പട്ടികവർഗ കുട്ടികളുടെയും താവളപ്രദേശമാണ്. അവരുടെ പ്രധാന വരുമാനമാർഗവും ആ സമുദായങ്ങളുടെ ജീവിതവൃത്തിയും പരിസ്ഥിതി വിനോദസഞ്ചാരത്തിൽ നിന്നും പറമ്പിക്കുളം കടുവാസംരക്ഷണ ഫൗണ്ടേഷന്റെ പരിസ്ഥിതി വികസന പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം മാത്രമാണ്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 38 പ്രകാരം പറമ്പിക്കുളം കടുവസങ്കേതസംരക്ഷണ ഫൗണ്ടേഷൻ, താഴെ പറയുന്ന ലക്ഷ്യങ്ങളോടുകൂടി ഇന്ത്യാസർക്കാരിന്റെ പരിസ്ഥിതിയും വനവും വകുപ്പ് മന്ത്രാലയത്തിന്റെ 22.06.2007 S.O.1008 (E) നമ്പരായി ഇറക്കിയ അറിയിപ്പുപ്രകാരം നൽകിയിട്ടുള്ള നടപടിക്രമങ്ങൾക്കനുസൃതമായും വ്യവസ്ഥകളനുസരിച്ചും 2014 ജനുവരി 6-ലെ ധർമ്മസ്ഥാപനവും മതപരമായ സ്ഥാപനങ്ങളും നിയമപ്രകാരം (Charitable & Religious Trust Act) ട്രസ്റ്റികളുടെ ബോർഡ് രജിസ്റ്റർ ചെയ്തതാണ്.

a. കടുവസംരക്ഷണ സങ്കേതത്തിൽ പരിസ്ഥിതി-ശാസ്ത്രപരവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ വികസനം സാധ്യമാക്കുക.

b. കടുവ സങ്കേതത്തിലെ സ്വാഭാവികമായ അന്തരീക്ഷം സംരക്ഷിക്കുന്നതിനെ പിന്തുണയ്ക്കുന്നതിനും പ്രാദേശികമായ ഗുണഭോക്താക്കളായ സമുദായങ്ങളുടെ ഇടപെടലുകൾ കൂടി ഉപയോഗിച്ച് പരിസ്ഥിതി വിനോദസഞ്ചാരം പ്രോൽസാഹിപ്പിക്കുക.

c. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനു വേണ്ടതായ സ്വത്തുക്കളുടെ നിർമ്മാണവും പരിചരണവും സൗകര്യപ്പെടുത്തുക.

d. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടി ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ മറ്റ്

പിന്തുണയും സാങ്കേതികവും സാമ്പത്തികവും സാമൂഹികവും നിയമപരവുമായ സൗകര്യങ്ങളുമൊരുക്കുക.

e. പ്രവേശനത്തിന്റെ പുനരാവർത്തനവും കടുവസങ്കേതത്തിൽ ലഭിക്കുന്ന അത്തരം മറ്റ് ഫീസുകളും ഗുണഭോക്തൃ വികസനവും പരിസ്ഥിതി വിനോദവും പരിപോഷിപ്പിക്കലും ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ ചലനാത്മകമാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക.

f. മേൽപ്പറഞ്ഞ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണം പാരിസ്ഥിതിക വിദ്യാഭ്യാസം, പരിശീലനം എന്നിവയെ പിന്തുണയ്ക്കുക.

നയാധിഷ്ഠിതമായ തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും വേണ്ടിയുള്ള ഒരു ഭരണസമിതിയുടെ വലയങ്ങളാണ് പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷന്റെയും (PTCF) പറമ്പിക്കുളം കടുവസംരക്ഷണ ഫൗണ്ടേഷ (PaTCoF) ന്റെയും ഭരണപരമായ ചട്ടക്കൂട്. അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്താൻ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുണ്ട്. ഭണസമിതിയുടെ അധ്യക്ഷൻ ബഹു.വനം വകുപ്പ് മന്ത്രിയാണ്.

## അധ്യായം-3

# മാനവ വിഭവശേഷി

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ആഗോള ദേശീയ പ്രവണതകളാൽ നിയന്ത്രിക്കപ്പെടുന്ന സമൂഹത്തിലെ മാറ്റങ്ങൾക്ക് മറുപടിയായി കേരള വനംവകുപ്പ് വികസിച്ചു. മറ്റ് സംസ്ഥാനങ്ങളിലുള്ള വനം വകുപ്പുകളും അവരുടെ പ്രവർത്തനങ്ങളിൽ പല മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. അഖിലേന്ത്യാ സേവനങ്ങൾ എന്ന നിലയിൽ 1966 മുതൽ ആരംഭിച്ച ഇന്ത്യൻ ഫോറസ്റ്റ് സർവീസ്, കേരള വനംവകുപ്പിനോട് 1.83 ലക്ഷം ഹെക്ടർ വനമേഖലയെ കൂട്ടിച്ചേർക്കാൻ ഉതകിയ 1971-ലെ കേരള സംസ്ഥാനസർക്കാർ സ്വകാര്യവനങ്ങളുടെ ദേശസാൽക്കരണം, 1972-ലെ വന്യജീവി (സംരക്ഷണ) നിയമം എന്നിവ അവയിൽ ചിലത് മാത്രമാണ്. വനശാസ്ത്രത്തിന്റെ എണ്ണമറ്റതലങ്ങളുടെ പരിപാലനത്തിലും ജൈവ വൈവിധ്യത്തിന്റെ സംരക്ഷണത്തിലും നിരന്തരം വർദ്ധിച്ചുവരുന്ന വനജീവനക്കാരുടെ പങ്ക് വകുപ്പിലെ മനുഷ്യവിഭവശേഷിയുടെ നിയമനത്തിലും പുതിയതായി ഉൾപ്പെടുത്തുന്നതിലും തൊഴിൽ പരിശീലനം നൽകുന്നതിലും അത്യാവശ്യമായ മാറ്റങ്ങൾ കൊണ്ടുവന്നു. കെ എഫ് ഡി 1984-1993-ൽ ലോകബാങ്കിന്റെ ധനസഹായത്തോടെ സാമൂഹികവനവൽക്കരണ പദ്ധതി നടപ്പിലാക്കിയപ്പോഴും 1990-1999-ൽ വേൾഡ് ഫുഡ് പ്രോഗ്രാമും1998-2003-ൽ ലോകബാങ്കിന്റെ സഹായത്തോടെ കേരള വനശാസ്ത്ര പദ്ധതിയും നടപ്പാക്കിയപ്പോഴും വിവിധതട്ടുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ട ആവശ്യം നേരിടുകയും പുതിയ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരായ വിശേഷവൈദഗ്ധ്യവും പരിശീലനവും ലഭിച്ചിട്ടുള്ളവരാൽ വകുപ്പിന്റെ മാനവശേഷി ശാക്തീകരിക്കേണ്ടതായി വരുകയും ചെയ്തിരുന്നു.

1961-നു മുമ്പ് കേരള വനംവകുപ്പിലെ ഫോറസ്റ്റ് ഓഫീസർമാർക്കും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും പരിശീലനം നൽകിയിരുന്നത് കോയമ്പത്തൂരിലെ ഫോറസ്റ്റ് സ്കൂളിലാണ്. സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെയും ബീറ്റ്ഫോറസ്റ്റ് ഓഫീസർമാരെയും പരിശീലിപ്പിക്കാനായി 1961-ൽ പാലക്കാട് വാളയാറിൽ കേരള ഫോറസ്റ്റ് സ്കൂൾ ആരംഭിച്ചു. അതുപോലെ, ഡൊഡൂണിലെ വനവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള ഫോറസ്റ്റ് റെയ്ഞ്ചേഴ്സ് കോളേജിലും സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസ് കോളേജിലുമാണ് ഫോറസ്റ്റ് റെയ്ഞ്ചേഴ്സിനും സംസ്ഥാനഫോറസ്റ്റ് സർവീസ് ഓഫീസർമാർ (ACFs) ഫോറസ്ട്രി ട്രെയിനിംഗ് നൽകുന്നത്. സാങ്കേതിക പരിശീലനത്തിനു ശേഷം റെയ്ഞ്ച് ഓഫീസർമാർ ഒരു വർഷത്തെ പ്രായോഗിക പരിശീലനത്തിനും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ 2വർഷത്തെ വകുപ്പുതല പരിശീലനത്തിനും വിധേയമാകുന്നു. ഇന്ത്യൻ ഫോറസ്റ്റ് സർവീസ് ഓഫീസർമാർ (IFS) ഫോറസ്ട്രിയിൽ ഡെറാഡൂണിലെ ഇന്ദിരാഗാന്ധി നാഷണൽ ഫോറസ്റ്റ് അക്കാദമിയിൽ 2 വർഷത്തെ ഡിപ്ലോമ കോഴ്സിനു വിധേയമാകുകയും സംസ്ഥാനത്തിൽ വനം വകുപ്പ്, റവന്യൂ, പോലീസ്, ജുഡീഷ്യറി, വ്യവസായം, മറ്റു ബന്ധപ്പെട്ട വശങ്ങൾ എന്നിവ പഠിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളുമായി പരിചയപ്പെടുന്നതിനുമായി 6 മാസത്തെ വകുപ്പുതല പരിശീലനത്തിന് വിധേയമാകുകയും ചെയ്യുന്നു.

1979-ൽ കുളമാവിൽ ഇന്തോ-ന്യൂസിലാന്റ് സാങ്കേതിക സഹകരണ പരിപാടിയുടെ കീഴിൽ സ്ഥാപിക്കപ്പെട്ട ഫയർ ട്രെയിനിങ് സെന്ററിൽ (അഗ്നി പ്രതിരോധ പരിശീലനകേന്ദ്രം) വനസാങ്കേതിക ജീവനക്കാർക്ക് അഗ്നിശമനപരിചരണത്തിൽ അവരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനായി വനത്തിലെ അഗ്നിശമനത്തിനുള്ള ആധുനിക സമ്പ്രദായങ്ങളിൽ പരിശീലനം നൽകിയിരുന്നു. 1984-ൽ ഈ സ്ഥാപനം അടച്ചുപൂട്ടുകയും അഗ്നിശമന പരിശീലനചുമതലകൾ അരിപ്പയിലെ വന പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് (Forest Training Institute) മാറ്റുകയും ചെയ്തു. അതുപോലെ, വകുപ്പിലെ പ്രവർത്തനസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും വിവിധ തട്ടുകളിലുള്ള വനം ജീവനക്കാരുടെ മികവും വൈദഗ്ധ്യനവീകരണവും വികസിപ്പിക്കുന്നതിനുവേണ്ടിയും ലോകബാങ്കിന്റെ സഹായത്തോടു കൂടിയ കേരള ഫോറസ്ട്രി പ്രോജക്ടിനു (കേരള വനശാസ്ത്രപദ്ധതി) കീഴിൽ, ജീവനക്കാരിൽ ഒരു വിഭാഗത്തിന് അടിസ്ഥാന കമ്പ്യൂട്ടർ കൈകാര്യം ചെയ്യൽ, ധനകാര്യ നടത്തിപ്പ്, എഫ് എം ഐ എസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള അക്കൗണ്ടിങ് നടത്തൽ, ജിയോഗ്രാഫിക് ഇൻഫോർമേഷൻ സിസ്റ്റം, ഡിജിറ്റൽ ഇമേജ് അനാലിസിസ് എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.

## 3.1 ഉദ്യോഗസ്ഥരുടെ എണ്ണം

**പട്ടിക - 9**

**ഉദ്യോഗസ്ഥരുടെ എണ്ണം 2021-22**

| ക്രമ നം | ഉദ്യോഗപേര് | അനുവദിക്കപ്പെട്ട എണ്ണം | നിലവിലുള്ളവർ |
|---|---|---|---|
| 1 | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ* | 5 | 5 |
| 2 | അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ* | 6 | 6 |
| 3 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | 11 | 11 |
| 4 | ഫോറസ്റ്റ് കൺസർവേറ്റർ | 13 | 13 |
| 5 | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (IFS കേഡർ) | 35 | 35 |
| 6 | അഡീഷണൽ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 3 | 3 |
| 7 | വനം ട്രൈബ്യൂണൽ (ജുഡീഷ്യൽ ഉദ്യോഗസ്ഥർ) | 1 | 1 |
| 8 | ജോയിന്റ് സെക്രട്ടറി (നിയമം) | 1 | 1 |
| 9 | സീനിയർ ഫിനാൻസ് ഓഫീസർ | 1 | 1 |
| 10 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 1 |
| 11 | ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) | 1 | 1 |
| 12 | ഡെപ്യൂട്ടി ഡയറക്ടർ (വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ) | 3 | 3 |
| 13 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/ ഡെപ്യൂട്ടി കൺസർവേറ്റർ (നോൺ കേഡർ) | 101 | 95 |
| 14 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 9 | 9 |
| 15 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 12 | 12 |
| 16 | പേഴ്സണൽ അസിസ്റ്റന്റ് | 3 | 3 |
| 17 | സീനിയർ സൂപ്രണ്ട് | 34 | 34 |
| 18 | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 205 | 175 |
| 19 | ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | 168 | 168 |
| 20 | പബ്ലിക് റിലേഷൻസ് ഓഫീസർ | 1 | 1 |
| 21 | അസിസ്റ്റന്റ് ഫോറസ്റ്റ് പബ്ലിക് റിലേഷൻസ് ഓഫീസർ | 3 | 1 |
| 22 | ജൂനിയർസൂപ്രണ്ട് | 71 | 71 |
| 23 | ഹെഡ് അക്കൗണ്ടന്റ് | 74 | 74 |
| 24 | റിസർച്ച് അസിസ്റ്റന്റ് | 3 | 3 |
| 25 | സീനിയർ ഗ്രേഡ് വൈൽഡ് ലൈഫ് അസിസ്റ്റന്റ് | 2 | 1 |
| 26 | വൈൽഡ് ലൈഫ് അസിസ്റ്റന്റ് | 10 | 8 |
| 27 | സീനിയർ ക്ലാർക്ക് | 443 | 443 |

| | | | |
|---|---|---|---|
| 28 | ക്ലാർക്ക് | 444 | 402 |
| 29 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1, ഗ്രേഡ് 11 | 34 | 32 |
| 30 | ഫെയർ കോപ്പി സൂപ്രണ്ട് | 8 | 8 |
| 31 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 33 | 33 |
| 32 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 33 | 20 |
| 33 | യു.ഡി. ടൈപ്പിസ്റ്റ് | 34 | 34 |
| 34 | എൽ.ഡി. ടൈപ്പിസ്റ്റ് | 33 | 33 |
| 35 | ടൈപ്പിസ്റ്റ് ക്ലാർക്ക് | 1 | 0 |
| 36 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 39 | 32 |
| 37 | ലീഗൽ അസിസ്റ്റന്റ് | 1 | 1 |
| 38 | സെക്ഷൻ ഓഫീസർ (നിയമം) | 1 | 1 |
| 39 | ചീഫ് ഫോറസ്റ്റ് വെറ്റിനറി ഓഫീസർ | 1 | 1 |
| 40 | അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്റിനറി ഓഫീസർ | 14 | 7 |
| 41 | വെറ്റിനറി ഡോക്ടർ | 1 | 1 |
| 42 | ഫോറസ്റ്റ് വെറ്റിനറി ഓഫീസർ | 1 | 1 |
| 43 | ഡോക്യുമെന്റേഷൻ ഓഫീസർ | 1 | 0 |
| 44 | അസിസ്റ്റന്റ് ഡയറക്ടർ (സർവെ) | 1 | 1 |
| 45 | സർവെ സൂപ്രണ്ട് | 2 | 1 |
| 46 | സർവെയർ ഗ്രേഡ് 1, ഗ്രേഡ് 2, | 66 | 51 |
| 47 | ഹെഡ് സർവെയർ | 2 | 2 |
| 48 | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 938 | 937 |
| 49 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 2626 | 2418 |
| 50 | ശിരസ്തദാർ-സെക്രട്ടറി | 1 | 1 |
| 51 | ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | 2 | 2 |
| 52 | ഡ്രാഫ്റ്റ്സ്മാൻ | 45 | 31 |
| 53 | പോലീസ് സർക്കിൾ ഇൻസ്പെക്ടർ | 2 | 0 |
| 54 | പോലീസ് സബ് ഇൻസ്പെക്ടർ | 4 | 0 |
| 55 | സീനിയർ സിവിൽ പോലീസ് ഓഫീസർ | 22 | 4 |
| 56 | സിവിൽ പോലീസ് ഓഫീസർ | 110 | 1 |
| 57 | ലൈബ്രേറിയൻ | 1 | 1 |
| 58 | പ്രോജക്ട് ഓപ്പറേറ്റർ | 1 | 0 |
| 59 | ഫാർമസിസ്റ്റ് | 2 | 1 |
| 60 | ഡിസ്പെൻസറി അറ്റൻഡർ | 1 | 0 |
| 61 | നഴ്സിംഗ് അസിസ്റ്റന്റ് | 1 | 0 |

| | | | |
|---|---|---|---|
| 62 | ബൈൻഡർ | 2 | 2 |
| 63 | പി.റ്റി. ഇൻസ്ട്രക്ടർ | 6 | 2 |
| 64 | റെക്കോഡ്-കം-സ്റ്റോർ കീപ്പർ | 3 | 0 |
| 65 | മ്യൂസിയം അസിസ്റ്റന്റ് | 1 | 0 |
| 66 | ഓഫീസ് അറ്റൻഡന്റ് | 420 | 396 |
| 67 | സ്വീപ്പർ-കം-പ്യൂൺ | 1 | 1 |
| 68 | ഡഫേദാർ | 1 | 0 |
| 69 | അറ്റൻഡർ | 18 | 18 |
| 70 | ഡാർക്ക് റൂം അറ്റൻഡർ | 1 | 0 |
| 71 | ഡ്രൈവർ | 259 | 241 |
| 72 | ഫോട്ടോഗ്രാഫർ-കം-ആർട്ടിസ്റ്റ് | 1 | 1 |
| 73 | ഗാർഡനർ | 1 | 1 |
| 74 | ട്രാക്കർ-കം-ഗാർഡനർ | 3 | 0 |
| 75 | വാട്ടർമാൻ കം ഗാർഡനർ | 1 | 1 |
| 76 | ഗാർഡനർ-കം-മാർക്കർ | 1 | 0 |
| 77 | ക്ലീനർ | 2 | 2 |
| 78 | മുദുവാൻ വാച്ചർ | 8 | 6 |
| 79 | നൈറ്റ് വാച്ചർ | 25 | 20 |
| 80 | RF വാച്ചർ/ഡിപ്പോ വാച്ചർ | 194 | 194 |
| 81 | ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) | 700 | 690 |
| 82 | വാച്ചർ-കം-കുക്ക് | 6 | 2 |
| 83 | തപാൽ വാച്ചർ | 3 | 0 |
| 84 | റസ്റ്റ് ഹൗസ് വാച്ചർ | 1 | 0 |
| 85 | സ്കാവഞ്ചർ/സാനിറ്ററി വർക്കർ | 1 | 1 |
| 86 | കുക്ക്/അസിസ്റ്റന്റ് കുക്ക് | 1 | 1 |
| 87 | ബോട്ട് ഡ്രൈവർ | 11 | 6 |
| 88 | ബോട്ട് സ്രാങ്ക് | 1 | 0 |
| 89 | ബോട്ട് വാച്ചർ | 2 | 0 |
| 90 | ബോട്ട് ക്ലീനർ/ക്ലീനർ | 3 | 2 |
| 91 | ലാസ്കർ | 4 | 0 |
| 92 | സർവേ ലാസ്കർ | 11 | 3 |
| 93 | ആനപാപ്പാൻ/ കാവടി | 26 | 15 |
| 94 | ടിംബർ സൂപ്പർവൈസർ | 1 | 0 |
| 95 | പമ്പ് ഓപ്പറേറ്റർ | 1 | 0 |

| | | | |
|---|---|---|---|
| 96 | ലാബ് അസിസ്റ്റന്റ് | 1 | 0 |
| 97 | റേഡിയോ മെക്കാനിക്ക് | 1 | 0 |
| 98 | ഹെൽപ്പർ | 2 | 0 |
| 99 | ബസ്ക്ലീനർ | 1 | 1 |
| 100 | ചൗക്കീദാർ | 1 | 0 |
| 101 | ബെഞ്ച് ക്ലാർക്ക് (ഡെപ്യൂട്ടേഷനിൽ) | 1 | 1 |
| 102 | പാർട്ട് ടൈം കണ്ടിജന്റ് ഉദ്യോഗസ്ഥർ | 303 | 300 |
| **ആകെ** | | **7756** | **7143** |

**എക്സ്കേഡർ പോസ്റ്റ്**

1. സ.ഉ (എം.എസ്) നം.29/2015/വനം തീയതി 14.05.2015
2. സ.ഉ (എം.എസ്) നം.110/2015/വനം തീയതി 28.12.2015
3. സ.ഉ (എം.എസ്) നം.39/2017/വനം തീയതി 17.08.2017
4. സ.ഉ (എം.എസ്) നം.31/2019/വനം തീയതി 03.11.2019
5. സ.ഉ (എം.എസ്) നം.15/2020/വനം തീയതി 23.07.2020

**എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 143 സൂപ്പർ ന്യൂമററി വാച്ചർ തസ്തികകൾ നിലവിലുണ്ട്.**

### 3.1.1 കരാർ അടിസ്ഥാനത്തിലും/ വകുപ്പ്മാറ്റത്തിലൂടെയുമുള്ള ജീവനക്കാരുടെ വിശദ വിവരങ്ങൾ

നടപ്പുവർഷത്തിൽ 40 ജീവനക്കാർ കരാറടിസ്ഥാനത്തിലും/ വകുപ്പ് മാറ്റം മൂലവും ഈ വകുപ്പിൽ ജോലി ചെയ്യുന്നുണ്ട്.

### 3.1.2 നടപ്പുവർഷത്തിൽ നടന്ന നിയമനങ്ങൾ ആശ്രിത നിയമനങ്ങളടക്കം

2021-22-ൽ 528 നിയമനങ്ങൾ വിവിധ തസ്തികകളിലായി നടത്തിയിട്ടുണ്ട്. നിയമനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക-10**

**നിയമനങ്ങളുടെ വിവരം 2021-22**

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|
| 1 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 284 |
| 2 | ക്ലാർക്ക് | 38 |
| 3 | ടൈപ്പിസ്റ്റ് | 13 |
| 4 | ഡ്രൈവർ | 50 |
| 5 | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 54 |
| 6 | റിസർവ്വ് ഫോറസ്റ്റ് വാച്ചർ | 56 |
| 7 | നൈറ്റ് വാച്ചർ | 2 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 9 | ഓഫീസ് അറ്റൻഡന്റ് | 30 |
| ആകെ | | 528 |

**3.1.3 വിരമിക്കൽ :** 2021-22-ൽ ഐ.എഫ്.എസ്-ഉദ്യോഗസ്ഥരടക്കം ആകെ 136 പേർ സേവനത്തിൽ നിന്നു വിരമിച്ചു. അതിൽ 20 ഗസറ്റഡ് ഓഫീസർമാരും 116 നോൺ-ഗസറ്റഡ് വിഭാഗക്കാരുമാണ്. സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

**പട്ടിക-11**

**വിരമിച്ചവരുടെവിവരങ്ങൾ 2021-22**

| ക്രമ നമ്പർ | ഓഫീസ് | ഗസറ്റഡ് | നോൺഗസറ്റഡ് | ആകെ |
|---|---|---|---|---|
| | **സർക്കിൾ ഓഫീസ്** | | | |
| 1 | ABP സർക്കിൾ | 2 | 5 | 7 |
| 2 | CC തൃശ്ശൂർ | 0 | 10 | 10 |
| 3 | EC പാലക്കാട് | 1 | 6 | 7 |
| 4 | FDPT കോട്ടയം | 0 | 14 | 14 |
| 5 | HRC കോട്ടയം | 2 | 16 | 18 |
| 6 | NC കണ്ണൂർ | 3 | 12 | 15 |
| 7 | SC കൊല്ലം | 0 | 14 | 14 |
| 8 | SF എറണാകുളം | 0 | 9 | 9 |
| 9 | SF കോഴിക്കോട് | 3 | 0 | 3 |
| 10 | SF കൊല്ലം | 2 | 11 | 13 |
| 11 | WLD പാലക്കാട് | 0 | 5 | 5 |
| | **ആസ്ഥാന കാര്യാലയം** | | | |
| 12 | ഭരണം | 5 | 10 | 15 |
| 13 | സാമൂഹിക വനവൽക്കരണം | 0 | 4 | 4 |
| 14 | വിജിലൻസ് | 1 | 0 | 1 |
| 15 | വന്യജീവി | 1 | 0 | 1 |
| | **ആകെ** | **20** | **116** | **136** |

**3.1.4 സൃഷ്ടിക്കപ്പെട്ട തസ്തികകൾ :-** 2021-22-ൽ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ വകുപ്പിൽ സൃഷ്ടിക്കപ്പെട്ടു.

**3.1.5 സൂപ്പർന്യൂമററി തസ്തികകൾ:-** 2021-22-ൽ വകുപ്പിൽ 20 വാച്ചർ തസ്തികകൾ സൃഷ്ടിക്കപ്പെട്ടു.

**3.2 പരിശീലനം:-** വകുപ്പിലെ ആകെ 602 ജീവനക്കാർക്ക് വ്യത്യസ്ത വിഷയങ്ങളിൽ വിവിധ സ്ഥാപനങ്ങളിൽ 2021-22-ൽ പരിശീലനം നൽകി.

**3.3 വിശിഷ്ട സേവനത്തിനുള്ള അവാർഡുകളും റിവാർഡുകളും:-** വകുപ്പിലെ വിവിധ കേഡറുകളിലുള്ള 20 ഓഫീസർമാർക്ക് അവരുടെ സ്തുത്യർഹമായ സേവനത്തിനു മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ ലഭിച്ചു.

**3.4 വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരേയുള്ള അച്ചടക്ക നടപടികൾ:-** വകുപ്പിലെ 124 ഉദ്യോഗസ്ഥർക്കെതിരെ 2021-22-ൽ അച്ചടക്ക നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

## പട്ടിക-12

## വകുപ്പ് ഉദ്യോഗസ്ഥർക്കെതിരേയുള്ള അച്ചടക്ക നടപടി

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ | 3 |
| 2 | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 3 |
| 3 | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 16 |
| 4 | വൈൽഡ്ലൈഫ് വാർഡൻ | 1 |
| 5 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | 4 |
| 6 | റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | 27 |
| 7 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 |
| 8 | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 9 |
| 9 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 52 |
| 10 | സീനിയർ സൂപ്രണ്ട് | 2 |
| 11 | ഹെഡ് അക്കൗണ്ടന്റ് | 1 |
| 12 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 13 | ക്ലാർക്ക് | 3 |
| 14 | റിസർവ് വാച്ചർ | 1 |
| ആകെ | | 124 |

# അധ്യായം - 4

## വകുപ്പിന്റെ പ്രവർത്തനം

വനാശ്രിത ജീവിതം നയിക്കുന്ന പ്രദേശവാസികളുടെ നന്മക്കും സംസ്ഥാനത്തെ പ്രകൃതിജന്യ വനങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനും പരിരക്ഷയ്ക്കും വന്യജീവികൾക്കും ജൈവവൈവിധ്യത്തിനും വേണ്ടിയാണ് വനം വകുപ്പ് പ്രവർത്തിക്കുന്നത്. ഇങ്ങനെയുള്ള വിവിധ ലക്ഷ്യങ്ങൾ നേടുന്നതിനായി വകുപ്പ് മറ്റു ഗുണഭോക്താക്കളുമായി ചേർന്നുകൊണ്ട് ഇതേ സംഘടനയ്ക്കകത്ത് തൊഴിൽ വൈദഗ്ധ്യം നേടിയ പല വിഭാഗങ്ങളും ഈ കാലയളവിനകം രൂപപ്പെടുത്തുകയും വനസംബന്ധിയായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ശേഷി ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ സംസ്ഥാനതല പതിനാല് ശാഖകളിലൂടെ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഏൽപ്പിച്ചിരിക്കുന്ന വിവിധതരം പ്രവർത്തനങ്ങളും പദ്ധതികളും മികച്ച രീതിയിൽ ഫലപ്രദമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

നടപ്പു വർഷത്തിലെ വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ പ്രർത്തനങ്ങളും നേട്ടങ്ങളും താഴെ ചുരുക്കിപ്പറയുന്നു:

### 4.1 ആസൂത്രണ വികസന വിഭാഗം

സംസ്ഥാനസർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനസഹായം കൊണ്ട് നടപ്പിലാക്കപ്പെടുന്ന വിവിധ വിഭാഗങ്ങളുടെ എല്ലാ വികസന പരിപാടികളും പ്രവൃത്തികളും നടപ്പിലാക്കുന്നതിന്റെ മേൽനോട്ടച്ചുമതല ആസൂത്രണ വികസന വിഭാഗത്തിൽ നിയമപരമായി നിക്ഷിപ്തമാണ്.

#### 4.1.1. വകുപ്പിന്റെ പദ്ധതിക്രമങ്ങൾ

2021-22-ൽ വകുപ്പിലൂടെ നടപ്പാക്കപ്പെട്ട വിവിധ പ്ലാൻ പദ്ധതികൾ ചുവടെ ചേർക്കുന്നു

**പട്ടിക 13**

**വകുപ്പിന്റെ പ്ലാൻപദ്ധതികൾ (തുക ലക്ഷത്തിൽ) 2021-22**

| A | സംസ്ഥാനതല പദ്ധതികൾ | തുക |
|---|---|---|
| I | **സ്വാഭാവിക വനങ്ങളുടെ നടത്തിപ്പ്** | |
| 1 | വനം സംരക്ഷണം (2406-01-101-81) | 2500.000 |
| 2 | വനാതിർത്തികളുടെ സർവെയും വനസംരക്ഷണവും (4406-01-101-99) | 2700.000 |
| 3 | നശിച്ചുപോയ വനങ്ങളുടെ പുനരുദ്ധാരണം (2406-01-101-94) | 275.000 |
| 4 | ഔഷധസസ്യമുൾപ്പെടെയുള്ള തടിയേതര വനോൽപ്പന്നങ്ങളുടെ പോഷണം (2406-01-101-80) | 190.000 |
| II | **തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ** | |
| 1 | ഘന തടി വർഗം (4406-01-105-87) (01) | 500.000 |
| 2 | വ്യവസായ അസംസ്കൃത വസ്തുക്കൾ (4406-01-105-87 (02) | 240.000 |
| III | **അടിസ്ഥാനസൗകര്യ വികസനം** | |
| 1 | റോഡുകൾ (4406-01-070-99) | 400.000 |
| 2 | കെട്ടിടങ്ങൾ (4406-01-070-97) | 400.000 |
| IV | **ഇക്കോട്ടൂറിസം (4406-01-800-91)** | 500.000 |

| | | |
|---|---|---|
| V | മാനവശേഷി വികസനം (2406-01-003-97) | 650.000 |
| VI | വിഭവ ആസൂത്രണവും ഗവേഷണവും (2406-01-004-92) | 150.000 |
| VII | ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവര സമ്പ്രദായവും (2406-01-800-57) | 150.000 |
| VIII | സാമൂഹിക വന വിപുലീകരണവും കാർഷിക വന വൽക്കരണവും (2406-01-800-55) (01) | 1000.000 |
| IX | ഇക്കോടൂറിസം, പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് (2406-01-800-52) | 108.000 |
| X | RIDF-ൽ നിന്നുള്ള സഹായത്തോടുകൂടിയ പണികൾ (4406-01-800-90) | 3000.000 |
| XI | മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ (2406-01-800-56) | 2200.000 |
| XII | പുത്തൂർ സുവോളജിക്കൽ പാർക്ക്, തൃശ്ശൂർ(2406-02-100-48) | 500.000 |
| XIII | ആനപരിപാലന കേന്ദ്രം, കാപ്പുകാട് , കോട്ടൂർ(2406-02-110-29) | 100.000 |
| XIV | ജൈവ വൈവിദ്ധ്യ സംരക്ഷണം(2406-02-110-68) | 1000.000 |
| XV | പരിസ്ഥിതി വികസന പരിപാടി(2406-02-110-56) | 375.000 |
| | സംസ്ഥാന തല പദ്ധതികൾ ആകെ (A) | 16,938.000 |
| B | പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന വിഹിതം (60:40) | |
| I | വന്യജീവി സങ്കേതങ്ങളുടെ പരിപാലനം | |
| 1 | നെയ്യാർ വന്യജീവി സങ്കേതം (2406-02-110-28) (01) | 55.500 |
| | നെയ്യാർ വന്യജീവി സങ്കേതം (2406-02-110-28) (02) | 37.000 |
| 2 | വയനാട് വന്യജീവി സങ്കേതം (2406-02-110-27) (01) | 106.120 |
| | വയനാട് വന്യജീവി സങ്കേതം (2406-02-110-27) (02) | 70.750 |
| 3 | ഇടുക്കി വന്യജീവി സങ്കേതം (2406-02-110-26) (01) | 60.000 |
| | ഇടുക്കി വന്യജീവി സങ്കേതം (2406-02-110-26) (02) | 40.000 |
| 4 | പീച്ചി വന്യജീവി സങ്കേതം (2406-02-110-25) (01) | 60.000 |
| | പീച്ചി വന്യജീവി സങ്കേതം (2406-02-110-25) (02) | 40.000 |
| 5 | പേപ്പാറ വന്യജീവി സങ്കേതം (2406-02-110-24) (01) | 48.000 |
| | പേപ്പാറ വന്യജീവി സങ്കേതം (2406-02-110-24) (02) | 32.000 |
| 6 | ഷെന്തുരുണി വന്യജീവി സങ്കേതം (2406-02-110-23) (01) | 60.000 |
| | ഷെന്തുരുണി വന്യജീവി സങ്കേതം (2406-02-110-23) (02) | 40.000 |

| | | |
|---|---|---|
| 7 | ചിമ്മിനി വന്യജീവി സങ്കേതം (2406-02-110-22) (01) | 52.500 |
| | ചിമ്മിനി വന്യജീവി സങ്കേതം (2406-02-110-22) (02) | 35.000 |
| 8 | ആറളം വന്യജീവി സങ്കേതം (2406-02-110-21) (01) | 52.500 |
| | ആറളം വന്യജീവി സങ്കേതം (2406-02-110-21) (02) | 35.000 |
| 9 | ചിന്നാർ വന്യജീവി സങ്കേതം (2406-02-110-20) (01) | 39.000 |
| | ചിന്നാർ വന്യജീവി സങ്കേതം (2406-02-110-20) (02) | 26.000 |
| 10 | തട്ടേക്കാട് പക്ഷി സങ്കേതം (2406-02-110-19) (01) | 34.500 |
| | തട്ടേക്കാട് പക്ഷി സങ്കേതം (2406-02-110-19) (02) | 23.000 |
| 11 | മംഗളവനം പക്ഷി സങ്കേതം (2406-02-110-18) (01) | 7.500 |
| | മംഗളവനം പക്ഷി സങ്കേതം (2406-02-110-18) (02) | 5.000 |
| 12 | കുറിഞ്ഞിമല വന്യജീവി സങ്കേതം (2406-02-110-17) (01) | 13.500 |
| | കുറിഞ്ഞിമല വന്യജീവി സങ്കേതം (2406-02-110-17) (02) | 9.000 |
| 13 | ചൂലന്നൂർ മയിൽ സങ്കേതം (2406-02-110-16) (01) | 10.500 |
| | ചൂലന്നൂർ മയിൽ സങ്കേതം (2406-02-110-16) (02) | 7.000 |
| 14 | മലബാർ വന്യജീവി സങ്കേതം (2406-02-110-15) (01) | 25.500 |
| | മലബാർ വന്യജീവി സങ്കേതം (2406-02-110-15) (02) | 17.000 |
| 15 | കൊട്ടിയൂർ വന്യജീവി സങ്കേതം (2406-02-110-14) (01) | 28.500 |
| | കൊട്ടിയൂർ വന്യജീവി സങ്കേതം (2406-02-110-14) (02) | 19.000 |
| 16 | കരിമ്പുഴ വന്യജീവി സങ്കേതം (2406-02-110-13) (01) | 40.500 |
| | കരിമ്പുഴ വന്യജീവി സങ്കേതം (2406-02-110-13) (02) | 27.000 |
| | **വന്യജീവി സങ്കേതങ്ങളുടെ പരിപാലനം ആകെ (B)** | **1,156.87** |
| **II** | **ദേശീയോദ്യാനങ്ങൾ** | |
| 1 | ഇരവികുളം ദേശീയോദ്യാനം (2406-02-110-79) (01) | 94.750 |
| | ഇരവികുളം ദേശീയോദ്യാനം (2406-02-110-79) (02) | 69.100 |
| 2 | സൈലന്റ് വാലി ദേശീയോദ്യാനം (2406-02-110-78) (01) | 120.000 |
| | സൈലന്റ് വാലി ദേശീയോദ്യാനം (2406-02-110-78) (02) | 80.000 |
| 3 | ആനമുടി ദേശീയോദ്യാനം (2406-02-110-77) (01) | 30.000 |
| | ആനമുടി ദേശീയോദ്യാനം (2406-02-110-77) (02) | 20.000 |
| 4 | മതികെട്ടാൻഷോല ദേശീയോദ്യാനം (2406-02-110-76) (01) | 30.000 |
| | മതികെട്ടാൻഷോല ദേശീയോദ്യാനം (2406-02-110-76) (02) | 20.000 |

| | | |
|---|---|---|
| 5 | പാമ്പാട്ടുംഷോല ദേശീയോദ്യാനം (2406-02-110-75) (01) | 30.000 |
| | പാമ്പാട്ടുംഷോല ദേശീയോദ്യാനം (2406-02-110-75) (02) | 20.000 |
| | ദേശീയോദ്യാനങ്ങൾ ആകെ | 513.850 |
| III | **കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം** | |
| 1 | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം– കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം - കടലുണ്ടി – വള്ളിക്കുന്ന്(2406-02-110-72) (01) | 15.000 |
| | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം– കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം - കടലുണ്ടി – വള്ളിക്കുന്ന്(2406-02-110-72) (02) | 10.000 |
| | കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം ആകെ | 25.000 |
| IV | **കടുവാ സംരക്ഷണ പദ്ധതികൾ** | |
| 1 | പെരിയാർ കടുവാ സങ്കേതം (2406-02-110-74) (01) | 532.500 |
| | പെരിയാർ കടുവാ സങ്കേതം (2406-02-110-74 (02) | 355.000 |
| 2 | പറമ്പികുളം കടുവാ സങ്കേതം (2406-02-110-73 (01) | 435.000 |
| | പറമ്പികുളം കടുവാ സങ്കേതം (2406-02-110-73 (02) | 290.000 |
| | **കടുവാ സംരക്ഷണ പദ്ധതി ആകെ** | **1,612.500** |
| V | പ്രോജക്ട് എലിഫെന്റ്സ്കീം | |
| 1 | പ്രോജക്ട് എലിഫെന്റ് (2406-02-110-35 (01) | 780.000 |
| | പ്രോജക്ട് എലിഫെന്റ് (2406-02-110-35 (02) | 520.000 |
| | പ്രോജക്ട് എലിഫെന്റ്സ്കീം ആകെ | 1,300.000 |
| VI | **വരയാടുകളുടെ പ്രത്യേക സംരക്ഷണം** | |
| 1 | വരയാടുകളുടെ പ്രത്യേക സംരക്ഷണം (2406-02-110-12 (01) | 17.090 |
| | വരയാടുകളുടെ പ്രത്യേക സംരക്ഷണം (2406-02-110-12 (02) | 5.460 |
| 2 | വരയാടുകളുടെ പ്രത്യേക സംരക്ഷണം - എസ്.സി.പി.ഘടകം (2406-02-789-98) (01) | 4.080 |
| | വരയാടുകളുടെ പ്രത്യേക സംരക്ഷണം -എസ്.സി.പി.ഘടകം (2406-02-789-98) (02) | 2.720 |
| 3 | വരയാടുകളുടെ പ്രത്യേക സംരക്ഷണം - ടി.എസ്.പി.ഘടകം (2406-02-789-98) (01) | 4.080 |
| | വരയാടുകളുടെ പ്രത്യേക സംരക്ഷണം - ടി.എസ്.പി.ഘടകം (2406-02-789-98) (02) | 2.720 |
| | **വരയാടുകളുടെ പ്രത്യേക സംരക്ഷണം ആകെ** | **36.150** |

| | | |
|---|---|---|
| VII | ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളുടെ സംരക്ഷണം | |
| 1 | ഗുരുതരമായ വംശനാശ, ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി (2406-02-110-11) (01) | 4.360 |
| | ഗുരുതരമായ വംശനാശ, ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി (2406-02-110-11) (02) | 2.910 |
| 2 | ഗുരുതരമായ വംശനാശ, ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി (2406-02-789-97) (01) (എസ്.സി.പി) | 3.260 |
| | ഗുരുതരമായ വംശനാശ, ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി (2406-02-789-97) (02) (എസ്.സി.പി) | 2.170 |
| 3 | ഗുരുതരമായ വംശനാശ, ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ളപദ്ധതി (2406-02-796-97) (01) (ട്രി. എസ്.പി) | 3.260 |
| | ഗുരുതരമായ വംശനാശ, ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി (2406-02-796-97) (02) (ട്രി. എസ്.പി) | 2.170 |
| | ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളുടെ സംരക്ഷണം ആകെ | 18.130 |
| VIII | **ഹരിത ഇൻഡ്യയ്ക്കായുള്ള ദേശീയ പദ്ധതി** | |
| 1 | ദേശീയ വനവൽക്കരണ പദ്ധതി (2406-01-102-86) (01) | 493.500 |
| | ദേശീയ വനവൽക്കരണ പദ്ധതി (2406-01-102-86) (02) | 329.000 |
| | ഹരിത ഇൻഡ്യയ്ക്കായുള്ള ദേശീയ പദ്ധതി ആകെ | 822.500 |
| IX | വനാഗ്നി തടയലും സംരക്ഷണവും | |
| 1 | വനാഗ്നി തടയലും സംരക്ഷണവും പദ്ധതി (2406-01-800-53) (01) | 241.430 |
| 2 | വനാഗ്നി തടയലും സംരക്ഷണവും പദ്ധതി (2406-01-800-53) (02) | 160.950 |
| | **വനാഗ്നി തടയലും സംരക്ഷണവും പദ്ധതി ആകെ** | **402.380** |
| | **പ്രകൃതി വിഭവങ്ങളുടെയും ആവാസ വ്യവസ്ഥകളുടെയും സംരക്ഷണം** | |
| X | നീലഗിരി ബയോസ്ഫിയർ റിസർവ്വ് (2406-02-110-34) (01) | 150.000 |
| | നീലഗിരി ബയോസ്ഫിയർ റിസർവ്വ് (2406-02-110-34) (02) | 100.000 |

| | | |
|---|---|---|
| XI | അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (2406-02-110-33) (01) | 180.000 |
| | അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (2406-02-110-33) (02) | 120.000 |
| XII | തണ്ണീർത്തട സംരക്ഷണം (2406-02-110-32) (01) | 255.000 |
| | തണ്ണീർത്തട സംരക്ഷണം (2406-02-110-32) (02) | 170.000 |
| XIII | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം – വയനാട് വന്യജീവി സങ്കേതത്തിലെ സംരക്ഷിത പ്രദേശങ്ങളിൽ നിന്നും മനുഷ്യവാസ കേന്ദ്രങ്ങൾ സ്വമേധയാ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി (2406-02-110-31) (01) | 450.000 |
| | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം – വയനാട് വന്യജീവി സങ്കേതത്തിലെ സംരക്ഷിത പ്രദേശങ്ങളിൽ നിന്നും മനുഷ്യവാസ കേന്ദ്രങ്ങൾ സ്വമേധയാ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി (2406-02-110-31) (02) | 300.000 |
| | **പ്രകൃതി വിഭവങ്ങളും ആവാസവ്യവസ്ഥകളും ആകെ** | **1,725.000** |
| | **പദ്ധതികളുടെ കേന്ദ്ര സംസ്ഥാന വിഹിതം (60 : 40) ആകെ (B)** | 7,612.380 |
| C | **പദ്ധതികളുടെ കേന്ദ്ര സംസ്ഥാന വിഹിതം (75 : 25)** | |
| 1 | ചെറുകിട വനോൽപ്പന്നങ്ങൾക്കുള്ള കുറഞ്ഞ താങ്ങുവില (2406-01-105-89) (01) | 504.000 |
| | ചെറുകിട വനോൽപ്പന്നങ്ങൾക്കുള്ള കുറഞ്ഞ താങ്ങുവില (2406-01-105-89) (02) | 168.000 |
| | **പദ്ധതികളുടെ കേന്ദ്ര സംസ്ഥാന വിഹിതം (75 : 25) ആകെ (C)** | 672.000 |
| | **ആകെ (A + B + C)** | 25,222.380 |
| | **ബാഹ്യ സഹായ പദ്ധതി** | |
| | **കിഫ്ബി** | **11,001.16** |
| | **ആർ.ബി.കെ** | **13,040.60** |
| | **ആകെ** | **24,041.76** |

## ആസൂത്രണ വികസന വിഭാഗം നടപ്പാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ

**4.1.2NABARD-RIDF :-** വനമേഖലകളിലുള്ള അടിസ്ഥാ നസൗകര്യങ്ങളും അതിനു വേണ്ടി വരുന്ന ചെലവുക ൾക്കുള്ള ധനസമാഹരണവും ശക്തിപ്പെടുത്തുകയാണ്ഈപദ്ധതിയുടെലക്ഷ്യം. 2021-22-ൽ NABARD-RIDF XIX, XX, XXII,XXIII,XXIV എന്നിവയിലൂടെയാണ് ഈ പദ്ധതിക്കാവശ്യമുള്ള ധനസമാഹരണം കണ്ടെ ത്തിയിരുന്നത്. NABARD - RIDFസ്കീമിന്കീഴിൽ ഇപ്പോൾ തുടർന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പട്ടിക താഴെ നൽകുന്നു.

**പട്ടിക 14.**

**NABARD-RIDF - പദ്ധതി വിവരം**

| ക്രമ നമ്പർ | ട്രാഞ്ച് നമ്പർ | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (ലക്ഷത്തിൽ) | അനുവദിക്കപ്പെട്ട വായ്പ (ലക്ഷത്തിൽ) | ചെലവ് (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | XIX | 2 | 2120.39 | 1984.53 | 1848.12 |
| 2 | XX | 2 | 4290.00 | 4075.50 | 3624.28 |
| 3 | XXII | 4 | 2262.00 | 2148.90 | 1128.78 |
| 4 | XXIII | 1 | 2250.00 | 2137.50 | 2201.28 |
| 5 | XXIV | 2 | 2222.07 | 2110.96 | 2191.98 |
| 6 | XXVI | 35 | 5856.92 | 5564.07 | 4042.2 |
| 7 | XXVII | 33 | 9062.92 | 8609.67 | 609.31 |

### 4.1.3 വനാഗ്നി തടയലും നിയന്ത്രണ പദ്ധതിയും (FPMS)

വനാഗ്നി തടയലും നിയന്ത്രണ പദ്ധതിയും (FPMS) ഇന്ത്യാ ഗവൺമെന്റിന്റെ 60% ധന സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. എഫ്.പി.എം.എസ് പദ്ധതി പ്രകാരമുള്ള വാർഷിക പ്രവൃത്തികൾക്കായി 2021-22-ൽ 402.38 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു. അതിൽ 241.43ലക്ഷം രൂപ കേന്ദ്രവിഹിത മായി അനുവദിക്കുകയുംചെയ്തു. ഇതിന്റെ സംസ്ഥാന വിഹിതം 160.95ലക്ഷം രൂപയാണ്. ആകെ ചെലവ് 401.645 ലക്ഷം രൂപയായിരുന്നു.

### 4.1.4. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ

വകുപ്പിന്റെ അധീനതയിലുള്ള ഏകദേശം 1,56204.017 ഹെക്ടർ (ആകെ വന മേഖലയുടെ 13%) വിവിധ വർഗങ്ങളിലുള്ള വനത്തോട്ടങ്ങളിൽ ഏതാണ്ട് 76,700 ഹെക്ടർ (ആകെതോട്ടങ്ങളുടെ 51%) തേക്കിൻ തോട്ടങ്ങളാണ്. ഈ തോട്ടങ്ങളുടെ നിബിഡത കുറയ്ക്കലും മരംവെട്ടലുമാണ് വകുപ്പിന്റെ ഏറ്റവും വലിയ വാർഷികവരുമാനം. ഒരുവശത്ത് വന്യജീവികളുടെസംരക്ഷണത്തിലൂടെ കഴിഞ്ഞ കുറേ വർഷങ്ങ ളിൽ വിവിധതരം വന്യജീവികളുടെ സംഖ്യ വർദ്ധിച്ചപ്പോൾ മറുവശത്ത് കലമാനുകളും, ആനകളും മൂലം പുതുതായി സൃഷ്ടിച്ച തോട്ടങ്ങൾ വ്യാപകമായി നശിപ്പിക്കപ്പെടുകയാണ്. മണ്ണിന്റെ ഗുണം വർദ്ധിപ്പിക്കാനുള്ള ശാസ്ത്രീയ സമ്പ്രദായങ്ങളും നടാനുള്ള ചെടികളുടെ കരുതലും (ശേഖരവും) പുതിയ തോട്ടങ്ങളിൽ നിന്ന് മെച്ച പ്പെട്ട വിളകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്നു.

**പട്ടിക 15**

**2021-22-ൽ വളർത്തിയ തോട്ടങ്ങളുടെ വിവരം**

| സർക്കിൾ | പദ്ധതിയും അക്കൗണ്ട്ഹെഡ്ഡും | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | ഈടുള്ള തടിവർഗം (4406..01.105.87(01) | 0.23 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | | 28.25 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | വ്യവസായ അസംസ്കൃത വസ്തുക്കൾ (44060110587) (02) | 14.75 |

| | | |
|---|---|---|
| ഈസ്റ്റേൺ സർക്കിൾ പാലക്കാട് | നശിപ്പിക്കപ്പെട്ട വനത്തിന്റെ പുനരുജ്ജീവനം (2406-01-101-94) | 3.16 |
| ഹൈറേഞ്ച് സർക്കിൾ കോട്ടയം | | 2.77 |
| ഈസ്റ്റേൺ സർക്കിൾ പാലക്കാട് | സ്റ്റേറ്റ്അതോറിറ്റി (കോംപൻസേറ്ററി അഫോറസ്റ്റേഷൻ) (2406-04-103-99) | 22 |
| സതേൺ സർക്കിൾ, കൊല്ലം | | 40 |
| ഹൈറേഞ്ച്സർക്കിൾ കോട്ടയം | | 15.70 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | | 21.7 |
| ഈസ്റ്റേൺ സർക്കിൾ പാലക്കാട് | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള കേരള വനം റിവോൾവിങ് ഫണ്ട് റൂൾസ്, 1999 പ്രകാരം തേക്കിനു വേണ്ടി മാറ്റപ്പെട്ട തുക (2406-01-101-90-) | 17.04 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | | 23.45 |
| സതേൺ സർക്കിൾ, കൊല്ലം | | 77.22 |
| ഹൈറേഞ്ച് സർക്കിൾ കോട്ടയം | കേരള വനവികസന ഫണ്ടിൽ നിന്നും സോഫ്റ്റ് വുഡ് മരങ്ങൾ നടാൻ ചെലവാക്കിയത് (2406-01-10191) | 7 |
| | ആകെ | 273.271 |

**പട്ടിക 16**

**വനപ്രദേശങ്ങളുടെ 31.03.2022 പ്രകാരമുള്ള ഉപയോഗക്രമം**

| ക്രമ നമ്പർ | ഉപയോഗരീതി | വിസ്തൃതി (ച.കി.മീറ്ററിൽ) | ആകെ ശതമാനം |
|---|---|---|---|
| 1 | ഇടതൂർന്നതും/അല്ലാത്തതുമായ വനങ്ങൾ | 9083.517 | 78.77 |
| 2 | തോട്ടങ്ങൾ | 1571.42 | 13.63 |
| 3 | പാട്ടത്തിനു കൊടുത്ത സ്ഥലം | 492.04 | 4.27 |
| 4 | 1980-ലെ FC ആക്ട് പ്രകാരം തരംമാറ്റിയ വനഭൂമി | 384.162 | 3.33 |
| | ആകെ | 11531.139 | |

പട്ടിക-17

## തോട്ട ഭൂമിയുടെ ഇനം തിരിച്ചുള്ള വിസ്തൃതി 31.03.2022

| ക്രമ നം | ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | തേക്ക് | 76898.112 |
| 2 | തേക്കും, കടുപ്പംകുറഞ്ഞ തടികൾ | 12932.568 |
| 3 | അക്കേഷ്യാമാഞ്ചിയം | 2291.417 |
| 4 | അക്കേഷ്യാ ഓറിക്കുലിഫോംസ് | 7622.490 |
| 5 | യൂക്കാലി | 6780.230 |
| 6 | ചൂരൽ | 3258.243 |
| 7 | മുള | 5097.422 |
| 8 | ഈട്ടി | 375.056 |
| 9 | മഹാഗണി | 523.102 |
| 10 | ചന്ദനമരം | 363.880 |
| 11 | ഫലമരങ്ങൾ | 1271.039 |
| 12 | ഈറ്റ | 573.35 |
| 13 | കുരുമുളക് | 103.94 |
| 14 | ഔഷധസസ്യങ്ങൾ | 2812.123 |
| 15 | സിൽവർഓക്ക് (ഗ്രവില്യറോബസ്റ്റ) | 702.26 |
| 16 | പൈൻ | 589.400 |
| 17 | റബ്ബർ | 42.100 |
| 18 | അൽബിസിയ | 116.540 |
| 19 | ആഞ്ഞിലി | 615.722 |
| 20 | കമ്പകം | 194.960 |
| 21 | ഇലവ് | 198.160 |
| 22 | ബൽസ | 21.04 |
| 23 | വാട്ടിൽ | 1758.210 |
| 24 | മട്ടി | 374.410 |
| 25 | കശുമാവ് | 4370.164 |
| 26 | അഗവ് | 16.030 |
| 27 | അൽനസ് | 74.35 |
| 28 | കാഷ്വാറിന | 118.87 |
| 29 | കണ്ടൽക്കാടുകൾ | 371.068 |
| 30 | ഫലം കായ്ക്കുന്നവ | 325.543 |
| 31 | പലവക | 24113.515 |
| 32 | തേയില | 1.902 |
| 33 | വെന്തേക്ക് | 23.064 |

| | | |
|---|---|---|
| 34 | വേങ്ങ | 21.446 |
| 35 | മറ്റുള്ളവ | 959.534 |
| 36 | പരിസ്ഥിതി പുനസ്ഥാപനം | 490.150 |
| 37 | നീർത്തടങ്ങൾ | 99.640 |
| 38 | ഗ്ലൂട്ടാ ട്രാവൻകുറിക്ക | 8.200 |
| 39 | നഷ്ടപരിഹാര വനവത്കരണം | 632.76 |
| | **ആകെ** | **157142.01** |

**പട്ടിക-18**

**തടി ഉൽപ്പാദനക്കണക്ക് 2021-22**

| ക്രമ നമ്പർ | ഇനം | അളവ് | ഉൽപ്പാദനം |
|---|---|---|---|
| 1 | അക്കേഷ്യാ മാഞ്ചിയം | MT | 189.480 |
| 2 | അക്കേഷ്യാ ഓറിക്കുലി ഫോംസ് | MT | 826.920 |
| 3 | അകിൽ/വെള്ളകിൽ | $M^3$ | 16.401 |
| 4 | അമ്പഴം | $M^3$ | 2.275 |
| 5 | ആഞ്ഞിൽ | $M^3$ | 151.382 |
| 6 | മുള | MT | 257.450 |
| 7 | ബില്ലറ്റ്സ് | MT | 1060.150 |
| 8 | ചന്ദന വേമ്പ് / റെഡ് സീഡർ | $M^3$ | 101.35 |
| 9 | ചീനി | $M^3$ | 48.569 |
| 10 | ചോരക്കാളി | $M^3$ | 11.438 |
| 11 | ഇലവ്/പൂള | $M^3$ | 242.491 |
| 12 | യൂക്കാലിപ്റ്റസ് | MT | 70.905 |
| 13 | വിറക് | MT | 4221.711 |
| 14 | ഇരുൾ | $M^3$ | 1037.439 |
| 15 | പ്ലാവ് | $M^3$ | 165.536 |
| 16 | കാഞ്ഞിരം | $M^3$ | 3.229 |
| 17 | കരിന്തകര | $M^3$ | 24.05 |
| 18 | കരിങ്ങഴ | $M^3$ | 7.141 |

| | | | |
|---|---|---|---|
| 19 | കറുവ | $M^3$ | 13.716 |
| 20 | കുളമാവ്/ഊരാവ് | $M^3$ | 200.382 |
| 21 | കുമ്പിൾ | $M^3$ | 0.757 |
| 22 | കുന്നിവാക | $M^3$ | 23.8 |
| 23 | കുറുങ്ങാടി | $M^3$ | 4.742 |
| 24 | മഹാഗണി | $M^3$ | 50.934 |
| 25 | മലവേപ്പ് | $M^3$ | 80.301 |
| 26 | മണിമരുത് | $M^3$ | 34.896 |
| 27 | മഞ്ഞക്കടമ്പ് | $M^3$ | 5.679 |
| 28 | മരുത് | $M^3$ | 1221.838 |
| 29 | മട്ടി | $M^3$ | 20.334 |
| 30 | മാവ് | $M^3$ | 25.389 |
| 31 | മഴമരം | $M^3$ | 9.4 |
| 32 | ചെറു | $M^3$ | 0.527 |
| 33 | മുള്ളുവേങ്ങ | $M^3$ | 578.726 |
| 34 | ഞാവൽ | $M^3$ | 79.631 |
| 35 | പാല/മുക്കംപാല | $M^3$ | 54.071 |
| 36 | പാതിരി | $M^3$ | 16.032 |
| 37 | പൂൺ/പുന്ന/പുന്നപ്പ | $M^3$ | 61.689 |
| 38 | പൂവം | $M^3$ | 37.766 |
| 39 | ഈറ്റ | MT | 570.590 |
| 40 | ചന്ദനമരം | Kg | 72224.85 |
| 41 | സിൽവർഓക്ക് | $M^3$ | 6.518 |
| 42 | തേക്ക് | $M^3$ | 17772.894 |
| 43 | ഈട്ടി | $M^3$ | 172.300 |
| 44 | തേക്ക്കഴകൾ | MT | 5148.531 |
| 45 | താന്നി | $M^3$ | 125.03 |
| 46 | തേമ്പാവ് | $M^3$ | 5.604 |
| 47 | ഉന്നം/ചടച്ചി | $M^3$ | 104.188 |

| | | | |
|---|---|---|---|
| 48 | ഉതി | $M^3$ | 5.318 |
| 49 | വാക | $M^3$ | 50.662 |
| 50 | ഇയൽ വാക | MT | 3.905 |
| 51 | കമ്പകം | $M^3$ | 43.474 |
| 52 | മൈല | $M^3$ | 3.042 |
| 53 | നെട്ടനാറു | $M^3$ | 0.323 |
| 54 | കണിക്കൊന്ന | $M^3$ | 4.261 |
| 55 | വേങ്ങ | $M^3$ | 122.124 |
| 56 | വെന്തേക്ക് | $M^3$ | 166.745 |
| 57 | വട്ട | $M^3$ | 85.528 |
| 58 | വെള്ളപൈൻ | $M^3$ | 10.553 |
| 59 | വെട്ടി | $M^3$ | 0.751 |
| 60 | മുരിക്ക് | MT | 3.549 |
| 61 | പലവിധ വിറക തടികൾ | MT | 2.3 |
| 62 | മലംപുന്ന | $M^3$ | 0.696 |

**പട്ടിക-19**

**ചെറു വനവിഭവങ്ങളുടെ ഉത്പാദനം 2021-22**

| ക്രമ നമ്പർ | ഇനം | സംഭരിച്ചഅളവ് (കിലോഗ്രാം) |
|---|---|---|
| 1 | ആടലോടകംപച്ച | 471 |
| 2 | അതിതിപാലി | 4173 |
| 3 | ബ്രൂം ഗ്രാസ് | 6000 |
| 4 | ചീനിക്കാ | 65346.2 |
| 5 | ചീവക്കായ് | 1176 |
| 6 | ചെഞ്ചെല്യം-11 | 216 |
| 7 | ചെറുതേക്ക് | 994 |
| 8 | ചെറുവഴുതന | 24354 |
| 9 | ചെറുതേൻ | 31 |
| 10 | ചിറ്റരത | 8 |
| 11 | ചുണ്ടപച്ച | 30815 |
| 12 | ദർഭപ്പുല്ല് | 118 |
| 13 | ആടലോടകം | 1160 |
| 14 | ചൂൽപ്പുല്ല് | 31715 |
| 15 | കക്കുംകാ /പറന്തക്ക | 1774.3 |

| | | |
|---|---|---|
| 16 | കൽപാസം | 670 |
| 17 | കരിംകുറിഞ്ഞി | 73676.18 |
| 18 | കസ്തൂരിമഞ്ഞൾ | 228.5 |
| 19 | കാട്ടുമുളകിൻ തണ്ട് | 3710 |
| 20 | കാട്ടുകുരുമുളക് വള്ളിഒന്നാംതരം | 3242 |
| 21 | ഇടമ്പിരി/വലമ്പിരി | 5 |
| 22 | കാട്ടുപടവലം | 4141 |
| 23 | കൊടംപുളി | 272 |
| 24 | ഇഞ്ച | 10688 |
| 25 | കടുക്കത്തോട് | 1500 |
| 26 | തൊട്ടാവാടി | 2.5 |
| 27 | കുരുമുളക് | 10458 |
| 28 | കുന്തിരിക്കംഒന്നാംതരം | 1603 |
| 29 | കുന്തിരിക്കംരണ്ടാംതരം | 9 |
| 30 | മഞ്ഞക്കൂവ | 791 |
| 31 | കുറുന്തോട്ടിവെള്ള | 57750.5 |
| 32 | കുറുന്തോട്ടിപച്ച | 11407 |
| 33 | മഞ്ഞവള്ളി | 121 |
| 34 | മൂവില | 20009 |
| 35 | കമിഴിൻവേര് | 250 |
| 36 | മരോട്ടിക്കുരു | 1000 |
| 37 | ഒരില (ഉണക്ക) | 16712 |
| 38 | പാൽമുതക് | 350 |
| 39 | വയൽച്ചുള്ളി | 611.51 |
| 40 | പാച്ചോട്ടിപട്ട | 3421 |
| 41 | പടകിഴങ്ങ് | 50.35 |
| 42 | പാതിരിപ്പൂവ് (ഒന്നാംതരം) | 201.75 |
| 43 | പാതിരിപ്പൂവ് (രണ്ടാംതരം) | 147.05 |
| 44 | പട്ടിഞ്ച/ഇഞ്ച | 1388 |
| 45 | പിനാരി | 5607 |
| 46 | പുത്തരിച്ചുണ്ട | 3698 |
| 47 | സോപിൻ കായ് | 60 |
| 48 | തെല്ലി | 465 |
| 49 | വൻതേൻ | 13295.3 |
| | **ആകെ** | **415892.14** |

### 4.2. ഭരണവിഭാഗം

നടപ്പുവർഷത്തിൽ ഭരണവിഭാഗം കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ജില്ലാ ഓഫീസുകളിലൂടെ വിവിധ വിഭാഗം ജീവനക്കാരുടെ നിയമനങ്ങൾ വിജയകരമായി നടത്തിയിട്ടുണ്ട്. സേവനത്തിലുള്ള ഓഫീസർമാരുടെയും മറ്റു ജീവനക്കാരുടെയും സ്ഥാനക്കയറ്റങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണ വിഭാഗം അക്ഷീണം പ്രവർത്തിച്ചിട്ടുണ്ട്.

2021-22-ൽ ആശ്രിത നിയമനങ്ങളടക്കം വിവിധ തസ്തികകളിൽ 527 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

136 പേർ ഈ വർഷം വിരമിച്ചു. വകുപ്പിലെ 124 - പേർക്കെതിരായി അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3-ാം അധ്യായത്തിൽ പട്ടിക തിരിച്ചുള്ള വിശദവിവരങ്ങൾ നൽകിയിട്ടുണ്ട്.

## 4.3. വന്യജീവി വിഭാഗം

കേരള വനംവകുപ്പിന്റെ വന്യജീവി വിഭാഗം അധിവാസമേഖല പുഷ്ടിപ്പെടുത്തൽ, വന്യജീവി മേഖലയിലെ തീപിടുത്ത സംരക്ഷണം, സംരക്ഷിത മേഖലകളിലെ തന്ത്ര പ്രധാനമായ സ്ഥാനങ്ങളിൽ ജല നിർഗമന ദ്വാരങ്ങൾ വികസിപ്പിക്കൽ, പാരിസ്ഥിതിക വികസന പ്രവർത്തനങ്ങൾ, പാരിസ്ഥിതിക വിനോദസഞ്ചാരം, വിദ്യാഭ്യാസവും വികസനവും, വന്യജീവികണക്കെടുപ്പ്, ഗവേഷണം, സംരക്ഷണത്തിനുള്ള സൗകര്യങ്ങൾ വികസിപ്പിക്കൽ, ചതുപ്പുകളുടെയും, നീർത്തടങ്ങളുടെയും സംരക്ഷണം, ജലത്തിന്റെ സ്വാഭാവിക ഒഴുക്ക്, നശിച്ചുപോയ പാരിസ്ഥിതിക വ്യവസ്ഥയുടെ പുനർനിർമ്മാണം, അഗ്നിനിയന്ത്രണ സംവിധാനം, ദേശീയോദ്യാനങ്ങളുടെയും സങ്കേതങ്ങളുടെയും അനിവാര്യമായ സുസ്ഥിരവും ശാസ്ത്രീയവുമായ പരിപാലന പരിശീലനത്തിനായുള്ള പദ്ധതികളും പ്രവൃത്തികളും നടപ്പിലാക്കുന്നതിൽ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്.

അടുത്തകാലത്തായി കടുവാത്തോൽ, പുള്ളിപ്പുലിത്തോൽ, ആനക്കൊമ്പ്, പാമ്പിൻ വിഷം, വെള്ളിമൂങ്ങ, നക്ഷത്ര ആമ, ഇരുതലമൂരി എന്നീവർഗങ്ങളുടെ വ്യാപാരം തുടങ്ങിയ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് വകുപ്പിന് പുതിയ വെല്ലുവിളിയായിട്ടുണ്ട്. അത്തരം ഉന്നതമൂല്യങ്ങളുള്ള വന്യജീവി കുറ്റകൃത്യങ്ങൾക്ക് അന്തർസംസ്ഥാന, അന്തർദേശീയ പ്രത്യാഘാതങ്ങളുണ്ട്. ഈ സംഭവഗതികളുടെ വെളിച്ചത്തിൽ ഇന്ത്യാ സർക്കാർ മേഖലാ ഓഫീസുകളോടുകൂടി ഒരു Wildlife Crime Control Bureau കേന്ദ്രത്തിൽ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന വന്യജീവി കുറ്റകൃത്യ നിയന്ത്രണ ബ്യൂറോയുംസംസ്ഥാന വനംവകുപ്പുംപോലുള്ള ഏജൻസികളുമായി കൂട്ടിയോജിപ്പിച്ച ഗൗരവകരമായ വന്യജീവി കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്തുവരുന്നു.

അംഗീകൃതമായ പരിപാലന പദ്ധതികൾ പ്രകാരം വിനോദസഞ്ചാര മേഖലകളിലെ സംരക്ഷിത പ്രദേശങ്ങളിൽ വകുപ്പ് വിവിധ പാരിസ്ഥിതിക വിനോദസഞ്ചാര നടപടികൾ നടപ്പാക്കിവരുന്നു. പർവതാരോഹണം (Trekking), കടുവാപാത, സംരക്ഷണം ഉദ്ദേശിച്ചുള്ള അതിരുയർത്തൽ, മുളഞ്ചങ്ങാടം, Tent ക്യാമ്പിംഗ്, ഗോത്രവർഗ പൈതൃകകാഴ്ച ബംഗ്ലാവ്, പങ്കാളിത്ത തീ നിയന്ത്രണ പ്രവൃത്തികൾ, സംരക്ഷിത മേഖലകളിൽ പ്ലാസ്റ്റിക്ക് ശുദ്ധമാക്കൽ, പരിസ്ഥിത കടകൾ, തേൻ-മെഴുക്, ചെറുകിട വനോൽപ്പന്നങ്ങൾ (MFP) മുതലായവയിൽ നിന്നുണ്ടാക്കുന്ന മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ കച്ചവടത്തിനുള്ള സൗകര്യങ്ങൾ, പുനർനിർമ്മിക്കപ്പെട്ട പ്ലാസ്റ്റിക്കുകൊണ്ടുള്ള സ്മരണികകൾ, തുന്നൽകേന്ദ്രം, കരകൗശലകേന്ദ്രം, ബ്രാൻറ് ചെയ്ത കുപ്പിവെള്ളം എന്നിവപോലുള്ള കൃത്യമായ പാരിസ്ഥിതിക വിനോദ സഞ്ചാര പരിപാടികളിലൂടെ സംരക്ഷണ പ്രവർത്തനങ്ങളിലുള്ള അവരുടെ സഹകരണത്തിനു പ്രതിഫലമായി ഗോത്രവർഗങ്ങൾക്കും മറ്റ് വനാശ്രിത സമൂഹങ്ങൾക്കും തൊഴിലവസരങ്ങൾ വകുപ്പ് നൽകുന്നുണ്ട്. സങ്കേതങ്ങളുടേയും ദേശീയോദ്യാനങ്ങളുടെയും ശാസ്ത്രീയമായ പരിപാലനത്തിന് രോഗങ്ങൾ പകരുന്നത് പരിശോധിക്കാനായി വന്യമൃഗങ്ങളുടെ ആരോഗ്യം സ്ഥിരമായി നിരീക്ഷിക്കപ്പെടേണ്ടതുണ്ട്. വനമേഖലകളിൽ അലഞ്ഞു നടക്കുന്ന നാട്ടുമൃഗങ്ങളിൽ നിന്ന് പല സാംക്രമികരോഗങ്ങളും വന്യമൃഗങ്ങളിലേക്ക് പകരാനിടയുണ്ട്. S.O (കയ്യെഴുത്ത്) No.12/2017/വനം നമ്പരിലുള്ള 20/3/2017 തീയതിയിലെ ഉത്തരവ് പ്രകാരംഒരുചീഫ് ഫോറസ്റ്റ് വെറ്റിനറിഓഫീസറുടെയും 12 അസിസ്റ്റന്റ് വെറ്റിനറി ഫോറസ്റ്റ് വെറ്റിനറി ഓഫീസർമാരുടെയും ഒഴിവുകൾ സൃഷ്ടിക്കപ്പെടുകയും സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽനിന്ന് വകുപ്പ് മാറ്റത്തിലൂടെ അവ നികത്തപ്പെടുകയും ചെയ്തതിലൂടെ വകുപ്പിലെ മൃഗഡോക്ടർമാരുടെഎണ്ണം 17 ആയി ഉയർന്നിട്ടുണ്ട്.

ചീഫ് വൈൽഡ് ലൈഫ് വാർഡനും, വൈൽഡ്‌ലഫ് വാർഡൻമാരുംആണ് 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം ഔപചാരിക അധികാരികൾ. എല്ലാവനങ്ങൾക്കകത്തും പുറത്തുമുള്ള വന്യജീവി സംരക്ഷണം അവരുടെ ഉത്തരവാദിത്തമാണ്. ചതുപ്പുകളുടെയും കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണത്തിന് വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

### 4.3.1. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ

വനങ്ങൾക്കകത്തും വനാതിർത്തിയിലും താമസിക്കുന്ന ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാനമായ ഒരു പ്രശ്നമാണ് വന്യജീവി ആക്രമണങ്ങൾ. വന്യ മൃഗങ്ങൾ ജനങ്ങൾ അധിവസിക്കുന്ന സ്ഥലങ്ങളിലേക്ക് കടക്കുകയും തൽഫലമായി ആളുകൾ ആക്രമത്തിനിരയായ സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയും, വിളകൾ നശിപ്പിക്കുകയും, വാസസ്ഥാനങ്ങൾ തകർക്കുകയും, മനുഷ്യ ജീവൻ നഷ്ടപ്പെടുകയുംഅതിന്റെ ഫലമായി തിരിച്ചടിയായി വന്യമൃഗങ്ങൾ കൊല്ലപ്പെടുകയും ചെയ്യുന്നു. കേരളത്തിൽ കാട്ടാനകളും കരടികളുമാണ്ഈ സാഹചര്യങ്ങൾക്ക് കൂടുതൽ കാരണമാകുന്നത്. വലിയ നാശനഷ്ടങ്ങളുണ്ടാക്കുന്നതും അവയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി കേരള വനംവകുപ്പ് വനാതിർത്തികളിലായി ആന കടക്കാത്ത കിടങ്ങുകൾ കുഴിച്ചും, ആന കടക്കാത്ത മതിലുകൾ നിർമിച്ചും, സൗരോർജം കൊണ്ടുള്ള വൈദ്യുത വേലി കെട്ടിയും വിവിധ നടപടികളും സജ്ജീകരിക്കുന്നുണ്ട്. 17/6/11-ലെ സ.ഉ. (സാ.) നം 265/2011 വനം പ്രകാരം സർക്കാർ ചില നിബന്ധനകൾക്ക് വിധേയമാക്കി വിളനാശം വരുത്തുന്ന കാട്ടുപന്നികളെ പരീക്ഷണാടിസ്ഥാനത്തിൽ വെടിവെച്ചുകൊല്ലുവാനുള്ള അനുവാദം ഒരു വർഷത്തേക്ക് നൽകിയിരുന്നു. അതിനുശേഷം,

സർക്കാർ മേൽപ്പറഞ്ഞ ഉത്തരവുകളും നടപടിക്രമങ്ങളും സമഗ്രമായി ഭേദഗതിചെയ്തു. പിന്നീട്, ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 03/01/20-ലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ 18/05/2020-ലെ സ.ഉ. (സാ.നം 111/2020 ഉത്തരവിൽ പുതിയ ഭേദഗതികൾ വരുത്തുകയും അതിലെ പുതിയ നിബന്ധനകളുടെ അടിസ്ഥാനത്തിൽ 6 മാസത്തേക്ക് പുതിയ ഭേദഗതികൾ വരുത്തുകയും, 18/11/20-ലെ സ.ഉ (സാ.) നം.284/2020/ F&WLD പ്രകാരം ആറ് മാസത്തേക്ക് കൂടി നീട്ടി നൽകുകയും ചെയ്തു. അതിനുശേഷം, സർക്കാർ നടപടിക്രമങ്ങൾ പുതുക്കുകയും പ്രശ്നകാരികളായ പന്നികളെ വിഷം നൽകുന്നതൊഴികെ, സ്ഫോടകവസ്തുക്കളുപയോഗിച്ചോ, 11/1/2021-ലെ സ.ഉ (സാ) നം 05/2021/ F&WLD പ്രകാരം വൈദ്യുതാഘാതമേൽപ്പിച്ചോ മറ്റേതു മാർഗങ്ങളിലൂടെയും കൊല്ലാൻ കർഷകർക്ക് അനുവാദം നൽകി. പിന്നീട് 28/1/2021-ലെ സ.ഉ (സാ) നം. 25/2021/ F&WLD പ്രകാരം വനാതിർത്തിയുടെ 2 കി.മീറ്ററിനകത്ത് കെണിവച്ച് പന്നികളെ കൊല്ലുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ് പുതുക്കി.

### ജനജാഗ്രതാ സമിതികൾ (JJS)

കേരളത്തിലുടനീളം 261 (JJS) ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. അവ മനുഷ്യ വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള പ്രാഥമിക പ്രതികരണ സംഘങ്ങളായി പ്രവർത്തിക്കുന്നു. ആകെ 7966 മനുഷ്യ - വന്യജീവി സംഘർഷങ്ങൾ 2021-22-ൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

**പട്ടിക-20**

**മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച കണക്ക് 2021 - 22**

| സംഭവങ്ങളുടെ എണ്ണം | പാമ്പ് | ആന | കാട്ടുപന്നി | കടുവ | കാട്ടുപോത്ത് | പുലി | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|
| കൊല്ലപ്പെട്ടവർ | 65 | 35 | 6 | 1 | 3 | 0 | 4 | 114 |
| പരുക്കേറ്റവർ | 547 | 44 | 127 | 0 | 3 | 1 | 36 | 758 |
| കന്നുകാലി മരണം | 33 | 9 | 3 | 179 | 1 | 180 | 109 | 514 |
| വിളനാശവും സ്വത്ത്നാശവും | 0 | 3349 | 1737 | 24 | 75 | 0 | 1395 | 6580 |
| ആകെ | 645 | 3437 | 1873 | 204 | 82 | 181 | 1544 | 7966 |

സംസ്ഥാനത്തെ വനാതിർത്തികളിൽ മനുഷ്യരും മൃഗങ്ങളും തമ്മിലുണ്ടാകുന്ന സംഘർഷം കുറയ്ക്കുന്നതിനു വേണ്ടിയുള്ള സജീവ നടപടികളുമായി വന്യജീവി വിഭാഗം മുന്നോട്ടുപോകുകയാണ്. സൗരോർജവേലികൾ, കിടങ്ങുകൾ, ഭിത്തികൾ എന്നിവ നിർമ്മിച്ചും വനാതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്നവർക്കുവേണ്ടി ബോധവൽക്കരണം നടത്തിയും വന്യജീവി അക്രമണങ്ങളുടെ ഇരകൾക്കും, വന്യജീവികൾ മുഖാന്തരമുള്ള വിളനാശത്തിനും നഷ്ടപരിഹാരം നൽകിയുമാണ് ഇത് സാധ്യമാക്കുന്നത്. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിന് നിർമിക്കപ്പെട്ട പ്രതിരോധസംവിധാനങ്ങളുടെ 31.3.2022-ലെ വിശദാംശങ്ങൾ താഴെ നൽകുന്നു.

**പട്ടിക-21**

**മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കാൻ നിർമിക്കപ്പെട്ട പ്രതിരോധ സംവിധാനങ്ങൾ സംബന്ധിച്ച വിവരം 2021-2022**

| സർക്കിളുകളുടെ പേര് | സൗരോർജ്ജ വേലികൾ (കിമീ) | ആന-പ്രതിരോധ കിടങ്ങ് (കി.മീ) | ആന-പ്രതിരോധ ഭിത്തി (കി.മീ) | കല്ല്പാകിയ കിടങ്ങ് (കി.മീ) | മറ്റുള്ളവ (കി.മീ) |
|---|---|---|---|---|---|
| നോർത്തേൺ | 326.20 | 147.00 | 23.45 | 0.26 | 11.50 |
| ഈസ്റ്റേൺ | 23.35 | 0.85 | 0.27 | 0.00 | 0.00 |
| സെൻട്രൽ | 7.66 | 0.116 | 0.00 | 0.00 | 0.00 |
| ഹൈറേഞ്ച് (HRC) | 9.194 | 0.00 | 0.00 | 0.00 | 0.00 |
| സതേൺ | 120.22 | 1.11 | 0.00 | 0.00 | 0.00 |
| വന്യജീവി (WL) പാലക്കാട് | 1.5 | 0.13 | 0.194 | 0.264 | 0.102 |
| FDPT | 12.36 | 1.332 | 0.00 | 0.024 | 0.00 |
| ABP | 0.00 | 1.22 | 0.00 | 0.00 | 0.00 |
| ആകെ | 500.484 | 151.758 | 23.914 | 0.548 | 11.602 |

### 4.3.2. വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരകളായവർക്ക് നൽകിയ നഷ്ട പരിഹാരം

വന്യജീവി ആക്രമണങ്ങളുടെ ഇരകളായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള കേരള ചട്ടങ്ങൾ (Kerala Rules for payment of compensation to victims of wild animals 1980) പ്രകാരം വന്യജീവി ആക്രമണങ്ങളുടെ ഇരകളാകുന്നവർക്ക് വനംവകുപ്പ് നഷ്ടപരിഹാരംനൽകുന്നു. ഈ ഇനത്തിൽ 2021-22-ൽ 1310.87ലക്ഷം രൂപ ആക്രമണത്തിനിരയായവർക്ക് വിതരണം ചെയ്തു.

**പട്ടിക-22**

**വന്യജീവികളുടെ ആക്രമണത്തിനു വിധേയരായവർക്കു 2021-22 കാലയളവിൽ നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിവരം**

| ഇനം | അപേക്ഷകരുടെ എണ്ണം | നൽകിയ തുക (ലക്ഷത്തിൽ) |
|---|---|---|
| കൊല്ലപ്പെട്ടവർ | 152 | 444.10030 |
| പരുക്കേറ്റവർ | 830 | 254.90087 |
| കന്നുകാലി നഷ്ടം | 493 | 111.65868 |
| വിളനാശവും സ്വത്ത് നാശവും | 6601 | 500.20732 |
| ആകെ തുക | 8076 | 1310.86717 |

**2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഉണ്ടായ മനുഷ്യ-വന്യജീവി സംഘർഷങ്ങളും നഷ്ടപരിഹാര വിവരവും**




### 4.3.3 വന്യജീവികളുടെ വിവര ശേഖരണം

കേരളത്തിലെ വന മേഖലകളിൽ വന്യജീവികളുടെ കണക്കെടുപ്പ് കാലാകാലങ്ങളിൽ നടന്നുവരുന്നു. മുൻകാല കണക്കെടുപ്പുകൾ 1993, 2002, 2011 ഘട്ടങ്ങളിലാണ് നടന്നത്. പൊതുവായ വന്യജീവികളുടെ കണക്കെടുപ്പിനുപുറമേ കടുവ, വരയാട്, ആന എന്നിവയ്ക്കു വേണ്ടി പ്രത്യേക കണക്കെടുപ്പുകളും നടന്നു വരുന്നു.

## കടുവകളുടെ കണക്കെടുപ്പ്

ദേശീയ കടുവ സംരക്ഷണ അധികാരി (NTCA)-യുടെ മാർഗരേഖകൾ പ്രകാരം അഖിലേന്ത്യാ കടുവ കണക്കെടുപ്പിന്റെ ഭാഗമായി കേരളത്തിലെ വനങ്ങളിൽ 2013 ഡിസംബർ 16 മുതൽ 21 വരെ കടുവകളുടെ നിരീക്ഷണം നടത്തിയതിൽ സഹവേട്ടക്കാർ (കോ-പെഡറ്റേർഡ്), അവരുടെ ഇരകൾ, ആവാസ വ്യവ

സ്ഥകൾ എന്നിവയുടെ നിരീക്ഷണം നടത്തി. കേരളത്തിലെ കടുവ സ്ഥിതി വിവരണ കണക്കനുസരിച്ച് 2014-ൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന 136 എണ്ണത്തിൽ നിന്ന് 190-ലേക്ക് അവയുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് പശ്ചിമഘട്ട മേഖലയിൽ കടുവകളുടെ എണ്ണം ഗണ്യമായ വർദ്ധന ചൂണ്ടിക്കാട്ടുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിലെ കണക്കെടുപ്പുമായുള്ള താരതമ്യം താഴെ കൊടുക്കുന്നു:

### പട്ടിക-23

### കേരളത്തിലെ കടുവകളുടെ എണ്ണം

| വർഷം | എണ്ണം |
|---|---|
| 2006 | 46 |
| 2010 | 71 |
| 2014 | 136 |
| 2018 | 190 |

### ആന സെൻസസ് (ആനകളുടെ കണക്കെടുപ്പ്)

കേരളത്തിലെ വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പെരിയാർ പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന്റെയും സജീവമായ ഇടപെടലോടു കൂടി 2017-ൽ സംയുക്ത അഖിലേന്ത്യാ ആന സംഖ്യാ കണക്കെടുപ്പ് നടന്നിട്ടുണ്ട്. 2017-ൽ കേരളത്തിലെ ആനകളുടെ എണ്ണം 5706 ആണ്. ഇത് കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയത്തിന്റെ അംഗീകാരം കാത്തിരിക്കുകയാണ്. സാന്ദ്രത 0.59/ച.കി.മീ എന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്.

### നീലഗിരി വരയാട് സെൻസസ് (വരയാടുകളുടെ കണക്കെടുപ്പ്)

കേരളത്തിന്റെയും തമിഴ്നാടിന്റെയും തെക്കൻ പശ്ചിമഘട്ട പർവത മേഖലയിൽ പരിമിതമായി മാത്രം കാണപ്പെടുന്ന അന്യം നിന്നു കൊണ്ടിരിക്കുന്ന വർഗമാണ് വരയാടുകൾ (നീലഗിരി വരയാടുകൾ). താഴ്ന്ന സംഖ്യാസ്ഥിതി, പരിമിതവും തുടർച്ചയില്ലാത്തതുമായ വിതരണം, വളരെയധികം ലോലമായ പാരിസ്ഥിതിക വ്യവസ്ഥയിൽ മനുഷ്യരുടെ ഇടപെടൽ എന്നിവ നീലഗിരിവരയാടുകളെ IUCN "റെഡ് ഡാറ്റാ ബുക്ക് (Red Data Book) അന്യം നിന്നു കൊണ്ടിരിക്കുന്ന" എന്ന വിഭാഗത്തിൻ കീഴിലാക്കിയിരിക്കുന്നു. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ 1-ാം പട്ടികയിൽ ഇടം പരിഗണിക്കപ്പെട്ടിരിക്കുന്നു. ഇരവികുളം ദേശീയോദ്യാനത്തിലെ നീലഗിരി വരയാടുകളുടെ സംഖ്യ കഴിഞ്ഞ വർഷങ്ങളിൽ കണക്കാക്കപ്പെട്ടിട്ടുള്ളത് താഴെ ക്കൊടുക്കുന്നു.

### പട്ടിക-24

### കഴിഞ്ഞ പത്തു വർഷത്തെ നീലഗിരി വരയാടുകളുടെ കണക്കാക്കപ്പെടുന്ന എണ്ണം

| 2011 | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|---|---|---|---|
| 831 | 789 | 873 | 894 | 900 | 664 | 575 | 643 | 526 | 723 |

### 4.3.4 ആന ഇടനാഴി

2010-ലെ എലിഫെന്റ് ടാസ്ക് ഫോഴ്സ് റിപ്പോർട്ട് "ഗജ" MoEF & CC രാജ്യത്ത് 27 മുൻഗണന 1-ഉം 61 മുൻഗണന 11 ആന ഇടനാഴികളും കണ്ടെത്തിയിരുന്നു. മുൻഗണന 1-ൽ കേരള സംസ്ഥാനത്തിന് തിരുനെല്ലി - കദ്രകോട് ആന ഇടനാഴി ഉണ്ട്. അത് ഇതിനകം തന്നെ സുരക്ഷിതമാക്കുകയും അറിയിപ്പ് നൽകുകയും ചെയ്തു. മുൻഗണ രണ്ടിൽ നിലമ്പൂർ കോവിലകം-പുതിയ അമരമ്പലം, പക്രൻതളത്തിൽ പെരിയ, കൊട്ടിയൂർ - പെരിയ തുടങ്ങിയ ആന ഇടനാഴികൾ ഉൾപ്പെടുന്നു. നിമ്പൂർ-കോവിലകം – പുതിയ അമരമ്പലത്തിന്റെ കാര്യത്തിൽ സ്ഥലമെടുപ്പ് ആവശ്യമില്ല. പക്രൻതളത്തിൽ പെരിയയ്ക്ക് സ്ഥലം ഇനിയും ഏറ്റെടുക്കാനുണ്ട്. കൊട്ടിയൂർ -പെരിയയിൽ 97.33 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതിൽ 29.5992 ഹെക്ടർ മാത്രമാണ് ഇതുവരെ ഏറ്റെടുത്തത്. ആന ഇടനാഴിയുടെ വിശദവിവരം ചുവടെ നൽകിയിരിക്കുന്നു.

## പട്ടിക-25

## ആന ഇടനാഴികളുടെ വിശദവിവരങ്ങൾ

| ക്രമ നമ്പർ | തിരിച്ചറിഞ്ഞ ഇടനാഴിയുടെ പേര് | അറിയിപ്പ് | ഇടനാഴി | | സർക്കാർ സ്വകാര്യ / റവന്യൂ വനഭൂമി | പ്രധാന ഭൂമി | ആനകളുടെ സ്ഥിരമായ പാത |
|---|---|---|---|---|---|---|---|
| | | | നീളം (കി.മീ) | വീതി (കി.മീ) | | | |
| 1 | തിരുനെല്ലി-കുദ്രക്കോട് (സംസ്ഥാന ഇടനാഴി) | സുരക്ഷിതമാക്കുകയും അറിയിക്കുകയും ചെയ്തു | 6.00 | 1.00-1.50 | റിസർവ്വ് ഫോറസ്റ്റ് | വനം | പതിവായി |
| 2 | നിലമ്പൂർ കോവിലകം-ന്യൂഅമരാമ്പലം (സംസ്ഥാന ഇടനാഴി) | ഇല്ല ഏറ്റെടുക്കൽ ആവശ്യമാണ് | 1.00 | 0.50 | റിസർവ്വ് ഫോറസ്റ്റ് | വനം | പതിവായി |
| 3 | പെരിയാട്ട്പക്രാൻന്തളം (സംസ്ഥാന ഇടനാഴി) | ഭൂമി ഏറ്റെടുക്കണം | 0.4 | 0.5 | റിസർവ്വ് ഫോറസ്റ്റ് | തരിശായി കിടക്കുന്ന വനഭൂമിയും ജനവാസ കേന്ദ്രവും | പതിവായി |
| 4 | കൊട്ടിയൂർ-പെരിയ (സംസ്ഥാന ഇടനാഴി) | ഭൂമിഏറ്റെടുക്കൽ പുരോഗതിയിൽ നടക്കുന്നു. 29.592 ഹെക്ടർ ഇതിനകം ഏറ്റെടുത്തു | 0.50 | 0.10 | റിസർവ്വ് ഫോറസ്റ്റ് | വനവും ജനവാസ കേന്ദ്രങ്ങളും | ഇടയ്ക്കിടെ |

### 4.3.5 വന്യമൃഗങ്ങളുടെ സംരക്ഷണം.

2021-22-ൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച ധാരാളം പരാതികൾ റിപ്പോർട്ട് ചെയ്യപ്പെടുകയും അവയുമേൽ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യവാസ മേഖലകളിലേക്ക് കടന്നുകയറുന്ന വന്യമൃഗങ്ങളെ ചട്ടപ്രകാരം പിടിക്കുകയും അവയുടെ സ്വാഭാവിക താവളങ്ങളിൽ തുറന്നുവിടുകയും ചെയ്തിട്ടുണ്ട്. വന്യജീവിവിഭാഗം അത്തരം നടപടികൾക്ക് കർശനമായ മാർഗരേഖകൾക്കു കീഴിൽ അനുമതികൾ നൽകാറുണ്ട്.

### 4.3.6 ദ്രുതകർമ്മ സേന (റാപ്പിഡ് റെസ്പോൺസ് ടീം)

22.06.2011-ലെ സ.ഉ (സാ.) നം 275/11/ F&WLD പ്രകാരം, സർക്കാർ വിളകൾ നശിപ്പിക്കുന്ന കാട്ടാനകളെ തിരിച്ചോടിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷ സംബന്ധിയായ മറ്റുപ്രശ്നങ്ങൾ കാര്യം ചെയ്യുന്നതിനുമായി ബന്ധപ്പെട്ട് അഞ്ച് റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട്. വയനാട് (വന്യജീവി), നിലമ്പൂർ,കണ്ണൂർ,പാലക്കാട്, റാന്നി വനം ഡിവിഷനുകളിൽ വേണ്ടത്ര സജ്ജീകരണങ്ങളുള്ള അഞ്ചംഗ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചു. ഇപ്പോൾ അത്തരം 15 സംഘങ്ങൾ സദാ പ്രശ്നപരിഹാരത്തിനായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

## പട്ടിക-26

## റാപ്പിഡ് റെസ്പോൺസ് ടീം വിശദാംശങ്ങൾ

| ക്രമ നം. | സ്ഥലം | ആസ്ഥാനം | ടെറിട്ടോറിയൽ ഡിവിഷനോട് ബന്ധിപ്പിച്ചിട്ടുള്ള ടീം | ടീമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ | ബന്ധപ്പെടാനുള്ള നമ്പർ | |
|---|---|---|---|---|---|---|
| | | | | | മൊബൈൽ | ഓഫീസ് |
| 1 | പുനലൂർ | അഞ്ചൽ | പുനലൂർ | RFO അഞ്ചൽ | 8547600725 | 0475 2270100 |
| 2 | റാന്നി | റാന്നി | റാന്നി | RFO റാന്നി | 8547600927 | 0473 5223471 |
| 3 | തിരുവനന്തപുരം, വിതുര | പേപ്പാറ | തിരുവനന്തപുരം | RFO പരുത്തിപ്പള്ളി | 8547600960 | 0472-2854022 |
| 4 | മൂന്നാർ | ദേവികുളം | മൂന്നാർ ഡിവിഷൻ | RFO മൂന്നാർ | 8547601351 | 0486 5-264377 |
| 5 | നിലമ്പൂർ-അരുവക്കാട് | നിലമ്പൂർ | നിലമ്പൂർവടക്ക് | RFO | 8547602200 | 04931220005 |
| 6 | മണ്ണാർക്കാട് | മണ്ണാർക്കാട് | മണ്ണാർക്കാട് | RFO മണ്ണാർക്കാട് | 8547602315 | 0492-4222875 |

| | | | | | | |
|---|---|---|---|---|---|---|
| 7 | പാലക്കാട് | പാലക്കാട് | പാലക്കാട് | RFO ഒലവക്കോട് | 8547602100 | 0491-2552815 |
| 8 | കോഴിക്കോട് | താമരശ്ശേരി | കോഴിക്കോട് | RFO താമരശ്ശേരി | 8547602828 | 0495-2223720 |
| 9 | കണ്ണൂർ | തളിപ്പറമ്പ് | കണ്ണൂർ | RFO കണ്ണവം | 8547602678 | 0460-2206696 |
| 10 | കാസർകോഡ് | കാസർകോഡ് | കാസർകോഡ് | RFO കാസർകോഡ് | 9745309075 | 0499 4225072 |
| 11 | പീരുമേട് | പീരുമേട് | പീരുമേട് | RFO അഴുത | 8547603123 | 0486 9233710 |
| 12 | സുൽത്താൻബത്തേരി | കുപ്പടി | വയനാട് വന്യജീവി ഡിവിഷൻ | RFO മുത്തങ്ങ | 8547603563 | 0493 6223500 |
| 13 | കൽപ്പറ്റ | മേപ്പാടി | വയനാട് | RFOകൽപ്പറ്റ | 8547603486 | |
| 14 | അട്ടപ്പാടി | അഗളി | അട്ടപ്പാടി | RFO അട്ടപ്പാടി | | |
| 15 | ചാലക്കുടി | മലയാറ്റൂർ | മലയാറ്റൂർ | RFO പരിയാരം | 9949532127 | |

### 4.3.7 വയനാട് വന്യജീവി സങ്കേതത്തിലെ ജനവാസ കേന്ദ്രങ്ങളുടെ പുനർസ്ഥാനീകരണം

വയനാട്ടിലെ വന്യജീവി സങ്കേതങ്ങളുടെ പുനർവിന്യാസം 2012-ലാണാരംഭിച്ചത്.സങ്കേതത്തിൽ നിന്നുള്ള 14 വാസസ്ഥലങ്ങളിലേക്ക് അർഹരായ കുടുംബങ്ങളെ പുനർവിന്യസിപ്പിക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയാണ് പരിസ്ഥിതി വനംവകുപ്പ് മന്ത്രാലയം അംഗീകരിച്ചത്. അർഹരായ ഓരോ കുടുംബ ത്തിനും 2011-12 മുതൽ 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനുള്ള ഈ നിർദേശത്തിന് ഇന്ത്യാ സർക്കാർ ധനസഹായം ചെയ്തു തുടങ്ങി. ഏകദേശം 382 അർഹരായ കുടുംബങ്ങൾക്കും 6 കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വീതവും ചേർത്ത് ആകെ 37.96 കോടി രൂപയുടെ ധന സഹായം ഉപയോഗിച്ചു കഴിഞ്ഞു. ഒരു വാസ സ്ഥലത്തിലെ പുനഃസ്ഥാനീകരണ നടപടികൾ പുരോഗമിക്കുകയാണ്.

### 4.3.8 നാട്ടാന പരിപാലനം

ആന പരിപാലനത്തിന്റെ പരിണാമം കേരള സംസ്ഥാനത്തിലെ സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ മാറ്റങ്ങൾക്ക് സമാന്തരമായി ദൈവവൽക്കരണത്തിൽ നിന്ന് ഇന്നത്തെ നശീകരണ സാഹചര്യത്തിലേക്ക് മാറിയിരിക്കുകയാണ്. അതിന്റെ സാംസ്കാരികവും മതപരവും സാമൂഹികവുമായ പശ്ചാത്തലത്തിൽ നാട്ടാന കൾക്ക് ഒരു സവിശേഷ സ്ഥാനമുണ്ട്. പിടിക്കപ്പെട്ട ഈ മൃഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി 2003-ൽ ആദ്യമായി ആനകളുടെ (പരിപാലനവും സംരക്ഷണവും) നിയമം നിർമിക്കപ്പെടുകയും അതിനെ തുടർന്ന് 2012-ൽ അത് പുതുക്കപ്പെടുകയും ചെയ്തു. ഇപ്പോൾ, 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെയും 2012-ലെ കേരള ക്യാപ്റ്റീവ് എലിഫെൻറ് (പരിപാലനവും സംരക്ഷണവും) നിയമത്തിന്റെയും വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കപ്പെടുന്നു. ഈ നിയമങ്ങളുടെ ലംഘകർക്കെതിരേ നിയമനടപടികൾ സ്വീകരിച്ചുവ രുന്നു. 17/1/2015- സ.ഉ(സാ.)നം. 03/2015/F&WLD പ്രകാരം മെരുക്കിയ ആനകളുടെ ക്ഷേമം ഉറപ്പുവരു ത്തുന്നതിനു വേണ്ടി പ്രത്യേകിച്ച് നിരന്തരമായ നിരീക്ഷണത്തിലൂടെ അവയ്ക്കെതിരേയുള്ള ക്രൂരത തടയുന്നതി നായി സംസ്ഥാന-ജില്ലാ തലത്തിൽ മെരുക്കിയ ആനകൾക്കുവേണ്ടി കർമസമിതികൾ രൂപീകരിക്കപ്പെട്ടു.

**പട്ടിക-27**

**നാട്ടാനകളുടെ എണ്ണം 2021-22**

| മൈക്രോചിപ്പ് ഘടിപ്പിച്ച ആനകളുടെ എണ്ണം | | മൈക്രോചിപ്പ് ഘടിപ്പിക്കാത്ത ആനകളുടെ എണ്ണം | | 2020-21 കാലയളവിൽ ചരിഞ്ഞ ആനകളുടെ എണ്ണം | |
|---|---|---|---|---|---|
| സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളവ | വകുപ്പ് ഉടമസ്ഥതയിൽ ഉള്ളവ | സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളവ | വകുപ്പ് ഉടമസ്ഥതയിൽ ഉള്ളവ | സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളവ | വകുപ്പ് ഉടമസ്ഥതയിൽ ഉള്ളവ |
| 414 | 28 | 0 | 5 | 23 | 3 |

## I. 2021-22 ലെ പ്രധാന നേട്ടം

ശെന്തുരുണി വന്യജീവി സങ്കേതത്തിലെ റോസ്മല, കട്ടിളപ്പാറ വനങ്ങളിൽ നിന്നുള്ള ആദിവാസി ഇതര സ്വകാര്യ സെറ്റിൽമെന്റുകൾ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിനു (RBK) കീഴിൽ അനുവദിച്ച പദ്ധതിയുടെ ആദ്യഘട്ട നിർവഹണം 29.12.2020-ന് ആരംഭിച്ചു. കട്ടിളപ്പാറയിൽ 95% നിർമ്മാണം പൂർത്തിയായി. റോസ്മല സെറ്റിൽമെന്റിൽ പാക്കേജിന്റെ ആദ്യ ഗഡുവിന് ആകെ ലഭിച്ച 59 അപേക്ഷകരിൽ നിന്ന് 41 അപേക്ഷകർ യോഗ്യരായി.

## II. 2021-22 ൽ പൂർത്തീകരിച്ച പദ്ധതികൾ

വയനാട് വന്യജീവി ഡിവിഷന്റെ കീഴിലുള്ള കുറിച്യാട് റെയിഞ്ചിലെ കുപ്പാടി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിൽ വരുന്ന വനഭൂമിയിലാണ് ആനിമൽ ഹോസ്പൈസ് ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റ് നിർമ്മിച്ചിരിക്കുന്നത്. 1.92 ഏക്കർ വിസ്തൃതിയുള്ള ഈ പദ്ധതി 20.02.2022-ന് ഉദ്ഘാടനം ചെയ്തു.

## 4.4 ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫയർ വിഭാഗം

കേരളത്തിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 25 വർഷം പിന്നിടുകയാണ്. പങ്കാളിത്ത വനപരിപാലനത്തിലൂടെ വന സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും, ഗ്രാമതല വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും, വനാശ്രിത സമൂഹങ്ങൾക്കും, വനാതിർത്തിയിലെ ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുവാനും, അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിച്ചിട്ടുണ്ട്.

ഇത്തരം വനസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, അതുവഴി വനാശ്രിത സമൂഹങ്ങളുടെ ഉന്നമനത്തിൽ ഊന്നിയുള്ള നവീന പദ്ധതികൾ ആവിഷ്കരിച്ച് ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫയർ വിംഗ് പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങളിലൂടെ (PFM) നടപ്പിലാക്കി വരുന്നു. നിലവിൽ സംസ്ഥാനത്തെ 36 FDA-കളിലായി 427 വനസംരക്ഷണ സമിതികളും (VSS) 213 ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികളും (EDC) ഉണ്ട്. ഇവയിലൂടെ 71,503 കുടുംബങ്ങൾ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. കേരളത്തിലെ മൊത്തം വനമേഖലയുടെ 20 ശതമാനത്തോളം പങ്കാളിത്ത വനപരിപാലനത്തിലൂടെ VSS/EDC-കൾ പരിപാലിക്കുന്നു.

### 4.4.1 വനാവകാശ നിയമം 2006 നടപ്പാക്കൽ

വനഭൂമിയിൽ തലമുറകളായി താമസിച്ചു വരുന്ന ഗോത്രവിഭാഗങ്ങളുടെ വനാവകാശങ്ങൾ സ്ഥാപിച്ച് നൽകുന്നതിനുള്ള നിയമമാണ് 2006-ലെ വനാവകാശ നിയമം. പരമ്പരാഗതമായി വനങ്ങളിൽ ജീവിച്ചു പോരുന്ന ഗോത്രവിഭാഗങ്ങൾക്കും വനഭൂമിയിലും, വനവിഭവങ്ങളുടെ മേലുമുള്ള അവകാശം ഏതാനും നിബന്ധനകളോടുകൂടി അംഗീകരിച്ച് കൊടുക്കുന്നത് ഈ നിയമം അനുശാസിക്കുന്നു. വ്യക്തിഗത അവകാശം, വികസനവകാശം, സാമൂഹിക അവകാശം എന്നിങ്ങനെ മൂന്ന് തരത്തിലുള്ള അവകാശങ്ങളാണ് വനാവകാശ നിയമം അനുസരിച്ച് നൽകി വരുന്നത്. പട്ടികവർഗ വികസന വകുപ്പാണ് കേരളത്തിൽ വനാവകാശ നിയമം നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി. റവന്യൂ, പട്ടികവർഗ വികസന വകുപ്പുകളുമായി ചേർന്ന് ഈ നിയമം മികച്ച രീതിയിൽ നടപ്പിലാക്കുവാൻ ആവശ്യമായ സഹായ സഹകരണകൾ വനം വകുപ്പ് നൽകി വരുന്നു. നാളിതുവരെ വ്യക്തിഗത അവകാശങ്ങൾക്കായി 26867ടൈറ്റിലുകളും, സാമൂഹികാവകാശങ്ങൾക്കായി 183ടൈറ്റിലുകളും, വികസനാവശ്യങ്ങൾക്കായി 496 ടൈറ്റിലുകളും അനുവദിച്ചു നൽകിയിട്ടുണ്ട്.

**വനാവകാശ നിയമവുമായി ബന്ധപ്പെട്ട കമ്മറ്റി വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

**ഉപഡിവിഷൻ ധനസമിതി**

| | |
|---|---|
| ആർ. ഡി.ഒ/സബ്കളക്ടർ | - അധ്യക്ഷൻ |
| റെയ്ഞ്ച്ഫോറസ്റ്റ്ഓഫീസർ | - അംഗം |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | - അംഗം |

**ഡിവിഷൻതല സമിതി (DLC)**

| | |
|---|---|
| ജില്ലാകളക്ടർ | - അധ്യക്ഷൻ |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ - അംഗം

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/ ITDP/TDO - അംഗം

## സംസ്ഥാനതല സമിതി (SLC)

ചീഫ് സെക്രട്ടറി - അധ്യക്ഷൻ

സെക്രട്ടറി, പട്ടിക ജാതി പട്ടികവർഗ വികസന വകുപ്പ് - അംഗം

സെക്രട്ടറി, വനം - വന്യജീവി വകുപ്പ് - അംഗം

സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് - അംഗം

സെക്രട്ടറി, റവന്യൂവകുപ്പ് - അംഗം

പ്രിൻസിപ്പൽ സി.സി.എഫ് - അംഗം

ഡയറക്ടർ,ഗോത്രവർഗക്ഷേമഡയറക്ടർ - അംഗം

## വ്യക്തിഗത അവകാശം

ആക്ടിൽ വിവരിച്ചിരിക്കുന്ന പോലെ, വനഭൂമിയിൽ ഒരു വ്യക്തിയുടേയോ പൊതുവായ തൊഴിലിന്റേയോ കീഴിൽ കൈവശം വയ്ക്കാനും ജീവിക്കാനുമുള്ള അവകാശം അല്ലെങ്കിൽ വനവാസി പട്ടിക വർഗ്ഗക്കാർക്കോ മറ്റ് പരമ്പരാഗത വനവാസികൾക്കോ ഉപജീവനത്തിനായി സ്വയം കൃഷി ചെയ്യാനോ ഉള്ള അവകാശം 31.03.2022 വരെ, ജില്ലാതല കമ്മറ്റി (DLC) പാസാക്കിയ യോഗ്യരായ 28019 ക്ലെയിമുകളിൽ 26867 ടൈറ്റിലുകൾ വിതരണം ചെയ്തു.

## കമ്മ്യൂണിറ്റി അവകാശം

ഇതിൽ ഉടമസ്ഥാവകാശം, വിവരശേഖരണം എന്നിവ ഉൾപ്പെടുന്നു. ഗ്രാമാതിർത്തികൾക്കകത്തോ പുറത്തോ പരമ്പരാഗതമായി ശേഖരിക്കുന്ന ചെറിയ വനവിഭവങ്ങൾ ഉപയോഗിക്കുകയും വിനിയോഗിക്കുകയും ചെയ്യുക. 31.03.2022-ലെ കണക്കനുസരിച്ച് ജില്ലാതല കമ്മറ്റികൾ (DLC) പാസാക്കിയ 383 യോഗ്യതയുള്ള ക്ലെയിമുകളിൽ 183 ടൈറ്റിലുകൾ ശീർഷകങ്ങൾ വിതരണം ചെയ്തു.

## വികസന അവകാശം

സർക്കാർ അധീനതയിലുള്ള പരമാവധി 1 ഹെക്ടർ ഭൂമി, സർക്കാർ നിയന്ത്രണത്തിലുള്ള സ്കൂളുകൾ, ആശുപത്രികൾ, ജലവിതരണം തുടങ്ങിയ 13 വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി വനഭൂമി പരിവർത്തനം ചെയ്യുന്നതിനുള്ള അവകാശവും അതിൽ ഒരു ഹെക്ടറിനുള്ളിൽ 75 മരങ്ങളിലധികവും മുറിക്കാൻ പാടില്ല. 30/03/2021 വരെ വനംവകുപ്പ് പാസാക്കിയ 657 ക്ലെയിമുകളിൽ ആകെ 181.33 ഏക്കറിന് 496 വികസനാവകാശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

### 4.4.2 ഇക്കോഡെവലപ്പ്മെന്റ് ആന്റ് ട്രൈബൽ വെൽഫയർ സ്കീമിന് കീഴിൽ 2021-22-ൽ നടപ്പിലാക്കിയ പദ്ധതികൾ.

## ഗ്രീൻ ഇൻഡ്യാ മിഷൻ (GIM)

കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ പ്രവർത്തന പദ്ധതിയുടെ (എൻ.എ.പി.സി.സി) എട്ട് ദൗത്യങ്ങളിൽ ഒന്നാണ് നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യ (ജി.ഐ.എം) പരിസ്ഥിതി മെച്ചപ്പെടുത്തൽ, കാലാവസ്ഥ ലഘൂകരണം, ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, ജൈവ വൈവിധ്യ സംരക്ഷണം, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവന സുരക്ഷ എന്നിവ GIM വിഭാവനംചെയ്യുന്നു. വനമേഖലയിലെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രധാന ആശങ്കകൾ പരിഹരിക്കാൻ ഗ്രീൻ ഇൻഡ്യ മിഷൻ ലക്ഷ്യമിടുന്നു. ഗ്രീൻ ഇൻഡ്യ മിഷന്റെ കീഴിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ 1) വനമേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും ആവാസ വ്യവസ്ഥയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക. 2) ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുകയും വന വിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്യുക. 3) നഗര പ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ സംരക്ഷണം വർദ്ധിപ്പിക്കുക. 4) അഗ്രോഫോറസ്ട്രിയും സോഷ്യൽ ഫോറസ്ട്രിയും (ബയോമാസ് വർദ്ധിപ്പിക്കുകയും കാർബൺ സിങ്ക് സൃഷ്ടിക്കുകയും ചെയ്യുന്നു.) 5) തണ്ണീർത്തടങ്ങളുടെ പുനരുദ്ധാരണം. 6) ഇതര ഇന്ധന ഊർജ്ജ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക 7) തുടർ പ്രവർത്തനങ്ങൾ എന്നിവയാണ്.

2016-17 മുതൽ സംസ്ഥാന വനവികസന ഏജൻസി (എസ്.എഫ്.സി.എ) കേരളത്തിലെ 33 വനവികസന ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനങ്ങളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ വനങ്ങളോടുള്ള ആശ്രിതത്വം കുറയ്ക്കുന്നതിനും വനത്തെ ആശ്രയിക്കുന്ന ജനങ്ങളുടെ പ്രത്യേകിച്ച് ആദിവാസികളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനും പദ്ധ തികൾ സഹായിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ GIM പദ്ധതി പ്രകാരം അനുവദിച്ച 1631.814 ലക്ഷം രൂപയിൽ 1194.39 ലക്ഷം രൂപ വിനിയോഗിച്ചു.

### ഇക്കോ ടൂറിസം

വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ അതി ജീവനത്തിനായി പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിലെ ഇക്കോടൂറിസം വികസിപ്പിച്ചെടുത്തത്. വന്യജീവി സങ്കേതങ്ങളും ദേശീയ പാർക്കുകളും ഉൾപ്പെടെ 60 അംഗീകൃത ഇക്കോടൂറിസം കേന്ദ്രങ്ങൾ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കു ന്നുണ്ട്. 4406-01-800-91 ഇക്കോടൂറിസം എന്ന ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 499.805 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

### 4.4.3 പട്ടികജാതി / പട്ടികവർഗ്ഗ ഇൻഷുറൻസ് പദ്ധതി

വനത്തിനുള്ളിലും, വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി /പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് കേരള വനം വകുപ്പ് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു.

ഇടിമിന്നലേറ്റുള്ള മരണം, മുങ്ങി മരണം, മരത്തിൽ നിന്നും വീഴ്ച, വിഷബാധ, വൈദ്യുതാഘാതം. മോട്ടോർ വാഹന അപകടം, വന്യജീവി ആക്രമണം, പാമ്പുകടി തുടങ്ങിയ കാരണങ്ങളാലുള്ള മരണ ത്തിനും, സ്ഥായിയായ അംഗവൈകല്യത്തിനും 1 ലക്ഷം രൂപയും, അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് 5000/- രൂപയും, കൂടാതെ ആശുപത്രി യാത്രാ ചെലവിന് 1000/- രൂപയും നൽകുന്നു. വന്യജീവി ആക്രമണം മൂലം വീടുകൾക്ക് കേടുപാട് സംഭവിച്ചാൽ 5000/- രൂപ ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു. കൂടാതെ വനത്തിന് പുറത്ത് താമസിക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ആളുകൾക്ക് വന്യജീവി ആക്രമണം മൂലമുള്ള അപകട മരണത്തിന് 1 ലക്ഷം രൂപയും ആശുപത്രി ചികിത്സയ്ക്ക് 5000/- രൂപയും ഈ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4.4.4 പരിസ്ഥിതി വ്യവസ്ഥ പരിപാലന ധനം (EMF FUND)

സംസ്ഥാനത്താകെയുള്ള 60 ഇക്കോടൂറിസം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളിൽ നിന്നുള്ള സേവന ഫീസുകൾ ഉപയോഗിച്ച് രൂപീകൃതമായ ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫണ്ട് (EMF) എന്ന് വിളിക്കപ്പെടുന്ന പ്രത്യേക ഫണ്ട് ഉപയോഗിച്ച്, ഒരു പരിധിവരെ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രി ക്കുന്നു.

### 4.4.5 വനശ്രീ യൂണിറ്റുകൾ

തടി ഒഴികെയുള്ള വനവിഭവങ്ങൾ, ശിൽപ്പങ്ങൾ, കൊത്തുപണി സാധനങ്ങൾ എന്നിവയുടെ വിൽപ്പന വിപുലപ്പെടുത്തേണ്ടത് വനത്തെ ആശ്രയിച്ചു ജീവിക്കുന്ന സമൂഹത്തിന്റെ ലാഭം വർദ്ധിപ്പിക്കുന്നതി ന് അത്യാവശ്യമാണ്. വനശ്രീ എന്ന വിപണന ഉദ്യമം വനംവകുപ്പ് ഇതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ളതാണ്. 35 വനവികസന ഏജൻസികളുടെ കീഴിലായി രണ്ട് സഞ്ചരിക്കുന്ന വിൽപ്പനശാല ഉൾപ്പെടെ 67 വനശ്രീ ഇക്കോഷോപ്പുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു. സഞ്ചരിക്കുന്ന രണ്ട് വിൽപനശാലകളിലും 65 വനശ്രീ ഇക്കോഷോപ്പുകളിലും കൂടി 2021-22വർഷം 4.00കോടി രൂപാ വരുമാനം ഉണ്ടാക്കിയിട്ടുണ്ട്.

**പട്ടിക-28**

**ഡിവിഷൻ തിരിച്ചുള്ള വനശ്രീ ഇക്കോഷോപ്പുകൾ**

| ക്രമ നം | ഡിവിഷന്റെ പേര് | വനശ്രീ യൂണിറ്റിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | വനശ്രീ, വനംവകുപ്പ് ആസ്ഥാനം,തിരുവനന്തപുരം |
| 2 | | ഇക്കോഷോപ്പ്, കല്ലാർ |
| 3 | | സഞ്ചരിക്കുന്ന വനശ്രീയൂണിറ്റ്. |
| 4 | | ഇക്കോഷോപ്പ്, പൊന്മുടി |
| 5 | തിരുവനന്തപുരം വൈൽഡ് ലൈഫ് | വനശ്രീ ഇക്കോഷോപ്പ്, നെയ്യാർഡാം |
| 6 | | ഇക്കോഷോപ്പ്, കോട്ടൂർ |
| 7 | | വനശ്രീ ഇക്കോഷോപ്പ്, പേപ്പാറ (അവധി ദിവസങ്ങളിലും വിശേഷ ദിവസങ്ങളിലും മാത്രം) |

| | | |
|---|---|---|
| 8 | തെന്മല | വനശ്രീ ഇക്കോ ഷോപ്പ് പാലരുവി |
| 9 | പുനലൂർ | വനശ്രീ ആയൂർ |
| 10 | | വനശ്രീ ഇക്കോഷോപ്പ്, പത്തനാപുരം |
| 11 | കോന്നി | വനശ്രീ, കോന്നി |
| 12 | | വനശ്രീ ഇക്കോഷോപ്പ്, അടവി |
| 13 | റാന്നി | വനശ്രീ ഇക്കോഷോപ്പ് അനങ്ങാമുഴി റെയിഞ്ച് ഓഫീസ് |
| 14 | | വനശ്രീ ഇക്കോഷോപ്പ് പമ്പ (സീസണൽ) |
| 15 | അച്ചൻകോവിൽ | വനശ്രീ, അച്ചൻകോവിൽ |
| 16 | കോട്ടയം | ഇക്കോഷോപ്പ് പുല്ലുപാറ |
| 17 | | ഇക്കോഷോപ്പ് കാൽവരിമൗണ്ട് |
| 18 | ഇടുക്കി | ഇക്കോഷോപ്പ് വെള്ളാപ്പാറ |
| 19 | | ഇക്കോഷോപ്പ് വെള്ളാപ്പാറ |
| 20 | | ഇക്കോഷോപ്പ് തട്ടേക്കാട് |
| 21 | മൂന്നാർ | മസലപെട്ടി |
| 22 | | വനശ്രീ പാലാർ |
| 23 | മറയൂർ | ഇക്കോഷോപ്പ്-കാന്തല്ലൂർ,ആനകൊട്ടപ്പാറ |
| 24 | | ഇക്കോഷോപ്പ്-മറയൂർ |
| 25 | ഇടുക്കി വൈൽഡ് ലൈഫ് | ഇക്കോഷോപ്പ്, താർ1, ഇരവികുളം നാഷണൽ പാർക്ക് |
| 26 | | ഇക്കോഷോപ്പ്, ലക്കം ഇരവികുളം നാഷണൽ പാർക്ക് |
| 27 | | ഇക്കോഷോപ്പ്, കരിമുട്ടി ചിന്നാർ വന്യജീവി സങ്കേതം |
| 28 | | ഇക്കോഷോപ്പ്, ചിന്നാർ വന്യജീവി സങ്കേതം |
| 29 | | ഇക്കോഷോപ്പ്, ടോപ്പ് സ്റ്റേഷൻ ഷോല ദേശീയോദ്യാനം |
| 30 | പെരിയാർ (വെസ്റ്റ്) | പുഗ്മാർക്ക്ഇക്കോഷോപ്പ്, പമ്പ (ശബരിമല സീസണൽ ഇക്കോഷോപ്പ്) |
| 31 | | ഇക്കോഷോപ്പ് ഉപ്പു പാറ (ശബരിമല സീസണൽ ഇക്കോഷോപ്പ്) |
| 32 | | ഇക്കോഷോപ്പ് നീലിമല (ശബരിമല സീസണൽ ഇക്കോഷോപ്പ്) |
| 33 | | ഇക്കോഷോപ്പ് മരക്കൂട്ടം (ശബരിമല സീസണൽ ഇക്കോഷോപ്പ്) |
| 34 | പെരിയാർ (ഈസ്റ്റ്) | പുഗ്മാർക്ക്ഷോപ്പ്, ബോട്ട്ജെട്ടി |
| 35 | | പുഗ്മാർക്ക്ഷോപ്പ്, ഇൻഫോർമേഷൻ സെന്റർ ഔട്ട്ലറ്റ് |
| 36 | | പുഗ്മാർക്ക്ഷോപ്പ്, വള്ളക്കടവ് ചെക്ക്പോസ്റ്റ് ഔട്ട്ലറ്റ് |
| 37 | കോതമംഗലം | വനശ്രീ ഇക്കോഷോപ്പ് തൊമ്മാൻകുത്ത് |
| 38 | മലയാറ്റൂർ | വനശ്രീ ഇക്കോഷോപ്പ്, മുളങ്കുഴി |
| 39 | | വനശ്രീ ഇക്കോഷോപ്പ്, പാണേലിപോര് |
| 40 | | വനശ്രീ കോടനാട്, മലയാറ്റൂർ |
| 41 | | മൊബൈൽ വനശ്രീ യൂണിറ്റ് |
| 42 | വാഴച്ചാൽ | വനശ്രീ ഇക്കോഷോപ്പ് ആതിരപ്പിള്ളി |
| 43 | | വനശ്രീ ഇക്കോഷോപ്പ് വാഴച്ചാൽ |
| 44 | ചാലക്കുടി | വനശ്രീ ഇക്കോഷോപ്പ് ചാലക്കുടി |
| 45 | പാലക്കാട് | ഇക്കോഷോപ്പ് മലമ്പുഴ പാമ്പു വളർത്തൽ കേന്ദ്രം |
| 46 | | ഇക്കോഷോപ്പ് അനങ്ങാൻമല |
| 47 | നിലമ്പൂർ വടക്ക് | വനശ്രീ അരുവാക്കോട് |

| | | |
|---|---|---|
| 48 | മണ്ണാർക്കാട് | വനശ്രീ, ആനക്കട്ടി |
| 49 | നോർത്ത് വയനാട് | ഇക്കോഷോപ്പ് മാനന്തവാടി |
| 50 | സൗത്ത് വയനാട് | വനശ്രീ ഇക്കോഷോപ്പ്, ബാണാസുര |
| 51 | വയനാട് വൈൽഡ് ലൈഫ് | ഇക്കോഷോപ്പ്, മുത്തങ്ങ |
| 52 | | ഇക്കോഷോപ്പ്, ബേഗൂർ |
| 53 | | ഇക്കോഷോപ്പ്, തോൽപ്പെട്ടി |
| 54 | കോഴിക്കോട് | ഇക്കോഷോപ്പ്, തുഷാരഗിരി |
| 55 | | ഇക്കോഷോപ്പ്, പെരുവണ്ണാമൂഴി |
| 56 | കണ്ണൂർ | ഇക്കോഷോപ്പ്, നെടുംപൊയിൽ |
| 57 | കാസർഗോഡ് | ഇക്കോഷോപ്പ്, റാണിപുരം |
| 58 | പറമ്പിക്കുളം | വനശ്രീ ഇക്കോഷോപ്പ്, ആനപ്പാടി ചെക്ക്പോസ്റ്റ് |
| 59 | | വനശ്രീ ഇക്കോഷോപ്പ്, പറമ്പിക്കുളം |
| 60 | | വനശ്രീ ഇക്കോഷോപ്പ്, ആനപ്പാടി |
| 61 | സൈലന്റ്‌വാലി | വനശ്രീ ഇക്കോഷോപ്പ്, മുക്കാളി ഇൻഫോർമേഷൻ സെന്റർ |
| 62 | | വനശ്രീ ഇക്കോഷോപ്പ് മുക്കാളി ടൗൺ |
| 63 | പീച്ചി | വനശ്രീ ഇക്കോഷോപ്പ് റെയിഞ്ച് ഓഫീസ് പീച്ചി |
| 64 | | വനശ്രീ ചിമ്മണി |
| 65 | ശെന്തുരുണി | വനശ്രീ ഇക്കോഷോപ്പ് ശെന്തുരുണി എഫ്. ഐ. സി |
| 66 | | വനശ്രീ റോസ്മല |
| 67 | ആലപ്പുഴ സാമൂഹിക വനവൽക്കരണം | വനശ്രീ കൊമ്മാടി |

### 4.4.6 മൂല്യവർദ്ധിത വികസനത്തിലൂടെയും താങ്ങുവിലയിലൂടെയും ചെറുവനവിഭവങ്ങളുടെ (MFP) വിപണന രീതി

പരിസ്ഥിതി വികസനവും ഗോത്രവർഗക്ഷേമവും വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന വികസന ഏജൻസി (SFDA) ചെറുകിടവനവിഭവങ്ങളുടെ (MEP) കുറഞ്ഞ താങ്ങുവില (MSP) ഉറപ്പാക്കുന്നതിനായി ഇന്ത്യാഗവൺമെന്റിനു കീഴിലുള്ള ന്യൂഡൽഹിയിലെ ട്രൈബൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്മെന്റ് ഫെഡറേഷൻ ലിമിറ്റഡുമായി (TRIFED) ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. ഈ ധാരണ പ്രകാരം, സംസ്ഥാനത്തെ ഗോത്രവർഗസമൂഹങ്ങൾ ശേഖരിക്കുന്ന തേനിന് ട്രൈഫെഡ് കുറഞ്ഞ താങ്ങുവില (MSP നൽകുന്നതും, വനശ്രീയുടേയും ട്രൈഫെഡിന്റെയും വിപണന കേന്ദ്രങ്ങളിലൂടെ ഇവരുടെയും വനശ്രീയുടേയും ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് സഹായിക്കുകയും ചെയ്യും.

ചെറുകിട വനവിഭവങ്ങൾ (MFPS) സൂക്ഷിച്ചുവയ്ക്കാനുള്ള സൗകര്യം കണ്ടെത്തുക HAAT ബസാറുകൾ തുറക്കാനും അവ നവീകരിക്കാനും നടപടികൾ സ്വീകരിക്കുക, തേൻ സംഭരിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് എന്നീ മൂന്ന് കാര്യങ്ങളാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

**2021-22-ലെ പ്രധാന നേട്ടങ്ങൾ**

- വിവിധ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾക്ക് (എഫ്.ഡി.എ) കീഴിൽ ആദിവാസികൾ വനങ്ങളിൽ നിന്ന് ശേഖരിക്കുന്ന മൈനർ ഫോറസ്റ്റ്പ്രൊഡക്ടുകൾ (എം.എഫ്.പി) സൂക്ഷിക്കുന്നതിനായി 16 സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ചു.
- വിവധ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾക്ക് (എഫ്.ഡി.എ) കീഴിൽ ആദിവാസികൾ വനങ്ങളിൽ നിന്ന് ശേഖരിക്കുന്ന മൈനർ ഫോറസ്റ്റ്പ്രൊഡക്ട്സ് (എം.എഫ്.പി.എസ്) വിപണനം ചെയ്യുന്നതിനായി വിവധ എഫ്.ഡി.എ-കൾക്ക് കീഴിൽ 25 HAAT ബസാറുകൾ സ്ഥാപിച്ചു.
- 12 വനശ്രീ ഇക്കോഷോപ്പുകൾ നവീകരിച്ചു.
- 18938.54 കിലോ കാട്ടുതേൻ ശേഖരിക്കുകയും 13211.25 കിലോ വിപണനം നടത്തുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയ്ക്ക് കീഴിൽ തേൻ ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി ഒരു റിവോൾ വിംഗ് ഫണ്ട് രൂപീകരിക്കുന്നതിന് 79.24 ലക്ഷം രൂപ വകയിരുത്തി.

2019-20 സാമ്പത്തിക വർഷത്തിൽ SFDA-യുടെ ട്രഷറി അക്കൗണ്ടിലേയ്ക്ക് കൈമാറിയ 556 ലക്ഷം (75:25) രൂപയിൽ നാളിതുവരെ 473.7 ലക്ഷം രൂപ വിനിയോഗിച്ചു.

### 4.4.7 പ്രധാനമന്ത്രിയുടെ 'വൻധൻ വികാസ് യോജന'

MFP-കളുടെ ചില്ലറ വിപണനത്തിനും മൂല്യവർദ്ധനയ്ക്കും പിന്തുണ നൽകുന്നതിനായി ട്രൈബൽ കാര്യ മന്ത്രാലയം ആരംഭിച്ച വൻധൻ വികാസ് യോജനയുടെ കീഴിലുള്ള വൻധൻ വികാസ് കേന്ദ്രങ്ങൾ (vdvks), വയനാട് ജില്ലയിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 13 vdvks സ്ഥാപിച്ചു. 195.00 ലക്ഷം രൂപ ആയിരുന്നു ചെലവ്. ഇതു കൂടാതെ സംസ്ഥാനത്ത് 18 വനവികസന ഏജൻസികൾക്ക് കീഴിൽ 31 vdvks സ്ഥാപി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എസ്.എഫ്.ഡി.എ ആരംഭിച്ചിട്ടുണ്ട്. ഈ vdvks സ്ഥാപിക്കുന്നതിനായി TRIFED പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഇത് പ്രവർത്തനക്ഷമമാക്കുന്നതിന് ഉള്ള പ്രവർ ത്തനങ്ങൾ പുരോഗമിക്കുകയാണ്. MFP-കളുടെ മൂല്യ വർദ്ധനയിലൂടെയും വിപണനത്തിലൂടെയും വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ശാക്തീകരണത്തിനായി vdvks സ്ഥാപിക്കുന്നതിനായി ഇതുവരെ 12.224 ലക്ഷം രൂപ ഉപയോഗിച്ചു.

### 4.4.8 കിഫ്ബി-യുടെ പദ്ധതികൾ

കേരള വനംവകുപ്പ് പ്രത്യേക നിക്ഷേപ പദ്ധതി (കിഫ്ബി) പ്രകാരം മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് വനാതിർത്തിയിലെ കണ്ടെത്തിയ പ്രദേശങ്ങളിൽ ഫെൻസിങ് എന്ന പദ്ധതി നടപ്പാക്കുന്നു. മൊത്തം പദ്ധതിച്ചെലവ് 11,946.16 ലക്ഷം രൂപയാണ്. സംസ്ഥാന വനവികസന ഏജൻസിയെ (എസ്. എഫ്.ഡി.എ) കേരളത്തിലെ ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ ജോലികൾ ഏറെക്കുറെ പൂർത്തിയായി. രണ്ടാം ഘട്ടത്തിന് കീഴിൽ 2021-22 വർഷത്തിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ ചുവടെ നൽകിയിരുന്നു.

### 2021 - 22 - ലെ പ്രധാന നേട്ടങ്ങൾ

പാലക്കാട് ഫോറസ്റ്റ് ഡിവിഷനിൽ 0.30 കിലോമീറ്റർ എലിഫെന്റ് പ്രൂഫ് വാളിന്റെ പ്രവൃത്തി പൂർത്തിയായി. മണ്ണാർക്കാട്, പാലക്കാട് ഫോറസ്റ്റ് ഡിവിഷനുകളായി 136.70 കിലോമീറ്റർ സോളാർ ഫെൻസിങ്ങ് ജോലി കളിൽ 16.75 കിലോമീറ്റർ പൂർത്തിയായി. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിങ് ജോലികൾ ആരംഭിച്ചു. തിരുവനന്തപുരം ഡിവിഷന് കീഴിലെ ചണ്ണമല പ്രൈവ റ്റ് സെറ്റിൽമെന്റിലെ 10 കുടുംബങ്ങളേയും മാറ്റി പാർപ്പിച്ചു. വട്ടക്കരിക്കം പ്രൈവറ്റ് സെറ്റിൽമെന്റിലെ മാറ്റി പാർപ്പിക്കലിന് തയ്യാറായി 19 കുടുംബങ്ങൾക്ക് ആദ്യ ഗഡുവായി 142.00 ലക്ഷം രൂപ (ഒരു കുടുംബത്തിന് 7.50 ലക്ഷം രൂപ) അനുവദിച്ചു.

## 4.5 പരിസ്ഥിതി ലോല പ്രദേശം (EFL) വിഭാഗം

31.03.2022-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 136.808 ചതുരശ്രകിലോമീറ്റർ പരിസ്ഥിതിലോല പ്രദേശം ഉണ്ട്. ഇ എഫ് എൽ ആക്ട് സെക്ഷൻ 10 (A), 19 (3) (B) പ്രകാരം ആക്ഷേപങ്ങൾ പരിഹരിക്കാൻ വകുപ്പുണ്ട്. ആക്ടിന്റെ സെക്ഷൻ 10 (A) പ്രകാരം കിട്ടിയ 1141 ആക്ഷേപങ്ങളിൽ 1062-ഉം, സെക്ഷൻ 19 (3) (B) പ്രകാരം കിട്ടിയ 313 അപേക്ഷകളിൽ 254-ലും പരിഹരിക്കപ്പെട്ടു. മറ്റ് അപേക്ഷകൾ പരിഹരിക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്.

**പട്ടിക-29**

**നാല് ട്രൈബ്യൂണലുകൾക്കു മുന്നിൽ ശേഷിക്കുന്ന കേസുകളുടെ എണ്ണം**

| ക്രമ നമ്പർ | ട്രൈബ്യൂണലിന്റെ പേര് | കേസുകളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം | 1 |
| 2 | കോട്ടയം | 6 |
| 3 | പാലക്കാട് | 79 |
| 4 | കോഴിക്കോട് | 46 |
| ആകെ | | 132 |

## 4.6 ഫോറസ്റ്റ് മാനേജ്മന്റ് (എഫ്. എം) വിഭാഗം

വനഭൂമിയുടെ കണക്ക് സൂക്ഷിക്കുക, പുതിയ റിസർവുകൾ പ്രഖ്യാപിക്കാൻ നിർദേശങ്ങൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക. കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിക്ഷിപ്തവനത്തെ സ്വകാര്യ ഉടമകൾക്ക് വിട്ടുനൽകുക, ഭൂമി ഏറ്റെടുക്കൽ നടപടികൾ കൈക്കൊള്ളുക എന്നിവയാണ് വനം മാനേജ്മന്റ് (എഫ്.എം) കൈകാര്യം ചെയ്യുന്നത്.

വനാതിർത്തികൾ സർവെ ചെയ്യുക, വനങ്ങൾ സംരക്ഷിക്കുക, അനാവൃത വനങ്ങൾ പുനരുജ്ജീവിപ്പിക്കുക എന്നീ പ്രധാന ജോലികളാണ് വനം വകുപ്പ് 2021-22-ൽ ചെയ്തത്. വനാതിർത്തികളിൽ ബണ്ടുകെട്ടുക, കയ്യാല കെട്ടുക തുടങ്ങിയ പണികൾചെയ്തു വരുന്നു. വന നിബിഢത നഷ്ടപ്പെട്ട ഇടങ്ങളിൽ പ്രാദേശിക വൃക്ഷത്തൈകൾ നട്ട് പുനരുദ്ധരിച്ചുവരുന്നു. ഫയർ ലൈനുകൾ സ്ഥാപിച്ചും കാട്ടുതീ സംരക്ഷണ-വാച്ചർമാരെ ഏർപ്പെടുത്തിയും കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുന്നു. വനം കയ്യേറ്റം തടയുന്നതിനും വനാതിർത്തി സംരക്ഷിക്കുന്നതിനുമായി 2021-22-ൽ5934 ജണ്ടകൾ നിർമ്മിക്കുകയുണ്ടായി.

### 4.6.1 വനഭൂമി പാട്ടത്തിനു നൽകൽ

31.03.2022 വരെ ദീർഘകാലാടിസ്ഥാനത്തിൽ വന ഭൂമി പാട്ടത്തിനു കൊടുത്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക-30**

**വിവിധ ഏജൻസികൾക്ക് പാട്ടത്തിന് കൊടുത്ത വനഭൂമി**

| ക്രമ നമ്പർ | ഡിവിഷൻ | പാട്ടത്തിന് കൊടുത്ത ഭൂമി (ഹെക്ടറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 2433.729 |
| 2 | തെന്മല | 67.868 |
| 3 | പുനലൂർ | 10550.046 |
| 4 | അച്ചൻകോവിൽ | 791.010 |
| 5 | റാന്നി | 4892.241 |
| 6 | കോന്നി | 2886.891 |
| 7 | കോട്ടയം | 6179.663 |
| 8 | മൂന്നാർ | 1366.504 |
| 9 | കോതമംഗലം | 314.288 |
| 10 | മറയൂർ | 0.00 |
| 11 | മാങ്കുളം | 146.840 |
| 12 | മലയാറ്റൂർ | 3133.183 |
| 13 | വാഴച്ചാൽ | 2278.744 |
| 14 | ചാലക്കുടി | 207.261 |
| 15 | തൃശ്ശൂർ | 1195.647 |
| 16 | നെന്മാറ | 3943.630 |
| 17 | പാലക്കാട് | 326.540 |
| 18 | മണ്ണാർകാട് | 771.237 |
| 19 | നിലമ്പൂർ (വടക്ക്) | 480.5532 |
| 20 | കോഴിക്കോട് | 1337.380 |
| 21 | വയനാട് (തെക്ക്) | 70.045 |
| 22 | വയനാട് (വടക്ക്) | 105.920 |
| 23 | കണ്ണൂർ | 6.718 |
| 24 | കാസർഗോഡ് | 1522.910 |
| 25 | പെരിയാർ (W) പീരുമേട് | 24.288 |
| 26 | പെരിയാർ (E) തേക്കടി | 11.440 |
| 27 | വന്യജീവികേന്ദ്രം, പീച്ചി | 1373.962 |
| 28 | പറമ്പിക്കുളം | 2455.228 |
| 29 | വന്യജീവികേന്ദ്രം, വയനാട് | 321.792 |
| 30 | എൻ.എസ്.സി കാലടി | 9.186 |
| | ആകെ | 49204.744 |

### 4.6.2 വനം കയ്യേറ്റം

നടപ്പുവർഷം കയ്യേറ്റം ചെയ്യപ്പെട്ടതും ഒഴിപ്പിക്കപ്പെടേണ്ടതുമായ വനഭൂമി 5024.535 ഹെക്ടർ ആണ്.

**പട്ടിക-31**

**വനഭൂമി കയ്യേറ്റ വിവരങ്ങൾ 2021-22**

| സർക്കിൾ | ജില്ല | ഡിവിഷൻ | കയ്യേറ്റം ചെയ്യപ്പെട്ടതും ഒഴിപ്പിക്കപ്പെടേണ്ടതുമായ ഭൂമി (ഹെക്ടറിൽ) |
|---|---|---|---|
| സതേൺ സർക്കിൾ കൊല്ലം | പത്തനംതിട്ട | കോന്നി | 10.5898 |
| | | റാന്നി | 1.7404 |
| | കൊല്ലം | തെന്മല | 1.68 |
| | തിരുവനന്തപുരം | തിരുവനന്തപുരം | 0.59202 |
| | | **ആകെ** | **14.60222** |
| ഹൈറേഞ്ച് സർക്കിൾ കോട്ടയം | എറണാകുളം | കോതമംഗലം | 434.0366 |
| | കോട്ടയം | കോട്ടയം | 105.8837 |
| | ഇടുക്കി | മൂന്നാർ | 1099.6538 |
| | | മറയൂർ | 0.03 |
| | | മാങ്കുളം | 358.4255 |
| | | **ആകെ** | **1998.0296** |
| സെൻട്രൽ സർക്കിൾ തൃശ്ശൂർ | തൃശ്ശൂർ | തൃശ്ശൂർ | 191.693 |
| | | ചാലക്കുടി | 0.2644 |
| | എറണാകുളം | മലയാറ്റൂർ | 127.6550 |
| | | **ആകെ** | **319.6097** |
| ഈസ്റ്റേൺ സർക്കിൾ പാലക്കാട് | മലപ്പുറം | നിലമ്പൂർവടക്ക് | 657.8708 |
| | | നിലമ്പൂർതെക്ക് | 2.12 |
| | പാലക്കാട് | പാലക്കാട് | 37.685 |
| | | മണ്ണാർക്കാട് | 664.2797 |
| | | നെന്മാറ | 237.6512 |
| | | **ആകെ** | **1599.6067** |
| നോർത്തേൺ സർക്കിൾ | കോഴിക്കോട് | കോഴിക്കോട് | 63.679 |
| നോർത്തേൺ സർക്കിൾ | വയനാട് | വയനാട്തെക്ക് | 717.63 |
| | | വയനാട് വടക്ക് | 203.5123 |
| | കണ്ണൂർ | കണ്ണൂർ | 50.657 |
| | കാസർഗോഡ് | കാസർഗോഡ് | 22.67 |
| | കോഴിക്കോട് | കോഴിക്കോട് (തടിവിൽപന) | 0.5165 |
| | | **ആകെ** | **1085.6648** |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | ഇടുക്കി | പെരിയാർ ഈസ്റ്റ് ഡിവിഷൻതേക്കടി | 4.388 |
| | | **ആകെ** | **4.388** |
| വന്യജീവി സർക്കിൾ, പാലക്കാട് | കണ്ണൂർ | ആറളം WL | 2.00 |
| | വയനാട് | വയനാട് WL | 0.634 |
| | | **ആകെ** | **2.634** |
| | | **ആകെ** | **5024.535** |

## 4.7 വിവരസാങ്കേതിക വിഭാഗം (IT)

വനം വകുപ്പിലെ ജീവനക്കാർക്ക് വിവരങ്ങൾ ഉപയോഗിക്കുന്നതിനും അത് കൈകാര്യം ചെയ്യുന്നതിനുമുള്ള കാര്യക്ഷമതയുണ്ടാക്കുക, കേരള വനംവകുപ്പിന്റെ വിവിധ യൂണിറ്റുകൾക്കിടയിൽ വിവരവിനിമയം സാധ്യമാക്കുക, പ്രത്യേകിച്ച് വിവരാധിഷ്ഠിത നിയന്ത്രണ സംവിധാനം, ഭൗമവിവര സംവിധാനം എന്നീ വിവര സാങ്കേതിക വിദ്യയുടെ മുഖ്യധാരാ ഉപയോഗം ക്രമപ്പെടുത്തുക ഇന്റർനെറ്റ് കണക്റ്റിവിറ്റി വികസിപ്പിക്കുകയും വകുപ്പിനുള്ളിലെ ഉപയോക്താക്കൾക്ക് ഏറ്റവും പുതിയ വന വിവര ഇൻവെന്ററി പരിശോധനയ്ക്കായി ലഭ്യമാക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ടാണ് കേരള ഫോറസ്ട്രി പ്രോജക്ടിന്റെ കീഴിൽ ഇത്തരം ഒരു വിഭാഗം രൂപീകരിച്ചത്. ഇലക്ട്രോണിക് രീതിയിലെ ഭരണ നിർവഹണം നടപ്പിലാക്കാൻ സഹായിക്കാനാണ് ഈ വിഭാഗം

പ്രവർത്തിക്കുന്നത്. ഇതോടൊപ്പം ഡിജിറ്റൽ സേവനവും വകുപ്പിന്റെ വയർലെസ്സ് ആശയ വിനിമയത്തിനും ഈ വിഭാഗം സൗകര്യമുണ്ടാക്കുന്നു.

### 4.7.1 2021-22-ലെ പ്രധാന നേട്ടങ്ങൾ

- വനം വകുപ്പിന്റെ ഫോറസ്റ്റ് സ്റ്റേഷൻ തലം വരെ ഓഫീസ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി.
- കേരള വനംവകുപ്പ് യൂണിറ്റുകളിൽ ഫോറസ്റ്റ്മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വഴി വിവരങ്ങൾ എത്തിക്കാൻ നടപടി സ്വീകരിച്ചു.
- വനപ്രദേശങ്ങളിലെ ആദിവാസി ഊരുകൾ, വാട്ടർഷെഡ് മേഖലകൾ, പ്ലാൻറേഷൻ പ്രദേശങ്ങൾ, സുരക്ഷിത വനാതിർത്തികൾ, നിക്ഷിപ്ത വനാതിർത്തികൾ, സെക്ഷൻതലം വരെയുള്ള ഭരണ അതിർത്തികൾ എന്നിങ്ങനെ കേരള വനപ്രദേശങ്ങളെ സംബന്ധിക്കുന്ന പൂർണമായ മാപ്പുകളും വിവരങ്ങളും ഫോറസ്റ്റ്മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വഴി ഓൺലൈനായി നടപ്പിലാക്കി.
- 26 വനം ഡിവിഷനുകളുടെ ഫോറസ്റ്റ് അറ്റ്ലസുകൾ തയ്യാറാക്കി.
- ഫീൽഡ് ഓഫീസർക്ക് ഇഷ്ടാനുസരണം ഓൺലൈനിലൂടെ മാപ്പുകൾ ലഭ്യമാക്കുന്ന കേരള ഫോറസ്റ്റ് ജിയോപോർട്ടൽ സ്ഥാപിച്ചു. കേരള സ്റ്റേറ്റ് സ്പെഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചറിന്റെ (KSDI) സഹായത്തോടു കൂടിയാണ് ജിയോപോർട്ടൽ നടപ്പിലാക്കിയത്. ഗൂഗിൾ മാപ്പും ഭുവൻ ഇമേജുമായും ഈ മാപ്പുകളെ ഫീൽഡ് ഓഫീസർമാർക്ക് ബന്ധിപ്പിക്കുവാനുമാകും.
- വനം ആസ്ഥാനത്ത് സർക്കിൾ ഓഫീസുകളുമായി ബന്ധപ്പെടുന്നതിന് ഒരു വീഡിയോ കോൺഫറൻസ് സൗകര്യം നടപ്പിലാക്കി.
- വനം വകുപ്പിന്റെ വെബ് സൈറ്റ് രൂപവത്ക്കരിച്ചു.
- വയർലെസ്സ് ആശയ വിനിമയം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 19 റിപ്പീറ്റർ വയർലെസ് സ്റ്റേഷനുകൾ, 97 ഫിക്സഡ് വയർലെസ് ബെയ്സ് സ്റ്റേഷനുകൾ, 61 മൊബൈൽ വയർലെസ് യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചു.
- വനംവകുപ്പിനാവശ്യമായ കമ്പ്യൂട്ടറുകളുടേയും പെരിഫറലുകളുടേയും 12 മൾട്ടി ഫംഗ്ഷൻ പ്രിന്ററുകൾ, 166 പേഴ്സണൽ കമ്പ്യൂട്ടറുകൾ, 4 ടാബ്‌ലറ്റ് കമ്പ്യൂട്ടറുകൾ, 1 എൽ.സി.ഡി. പ്രൊജക്ടർ, 2 സെർവറുകൾ, കൂടാതെ 4 വർക്ക് സ്റ്റേഷനുകൾ എന്നിവ 2021-22-ൽ വാങ്ങിച്ചിട്ടുണ്ട്.
- ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിലെ ഫോറസ്റ്റ് സെൻട്രൽ ലൈബ്രറിയിൽ RFID (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ) നടപ്പിലാക്കി.
- 447 അനലോഗ് വയർലെസ് ഉപകരണങ്ങൾക്ക് വാർഷിക മെയിന്റനൻസ് കരാർ നൽകി.

## 4.8 മാനവശേഷി വികസന (HRD) വിഭാഗം

വന പരിശീലന കേന്ദ്രത്തിൽ തുടർച്ചയായി വിവിധ തസ്തികകളിലെ ഉദ്യോഗസ്ഥർക്കും ഓഫീസർമാർക്കും വകുപ്പുതല പരിശീലനം നടപ്പിലാക്കി വരുന്നു.

അരിപ്പയിലെ സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലും, വാളയാറിലെ സംസ്ഥാന വനംപരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് ഒരു വർഷവും, ബീറ്റ്ഫോറസ്റ്റ് ഓഫീസർമാർക്ക് ഒമ്പത് മാസവും നീണ്ടുനിൽക്കുന്ന ജോലി പ്രവേശന പരിശീലനം നൽകിവരുന്നു. ഇപ്പോഴുള്ള സൗകര്യങ്ങൾ വച്ചുകൊണ്ട് പ്രതിവർഷം ശരാശരി 140 ബീറ്റ്ഫോറസ്റ്റ് ഓഫീസർമാർക്കും 100 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കും പരിശീലനം നൽകാൻ സാധിക്കും. ഫോറസ്റ്റ് ബോട്ടണി, ഫോറസ്റ്റ് മെൻസുറേഷൻ, ഫോറസ്റ്റ് സർവ്വേ, ഫോറസ്റ്റ് എഞ്ചിനീയറിംഗ്, വൈൽഡ് ലൈഫ് മാനേജ്മെന്റ്, ഫോറസ്റ്റ് ആക്ടുകളും റൂളുകളും എന്നിവ ക്ലാസ്റൂം പഠനത്തിലൂടെയും പ്രായോഗിക പരിശീലനം ക്യാമ്പസിലും സ്റ്റഡി ടൂറിലുമായി സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും നൽകിവരുന്നു. പഠന യാത്രാകാലത്തെ സംബന്ധി

ക്കുന്ന പ്രായോഗിക പഠനത്തിനാണ് പ്രാമുഖ്യം നൽകുന്നത്. വനത്തെ സംബന്ധിക്കുന്ന കേസുകൾ കണ്ടു പിടിക്കുക, അവ രജിസ്റ്റർ ചെയ്യുക, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക, വനത്തിന്റെ നിലനിൽപ്പ്, വനംപുനരുജ്ജീവനം, തടിയുടെ വിൽപ്പന ഉൾപ്പെടെ തടി സംബന്ധിച്ച കാര്യങ്ങൾ മുതലായവയുമാണ് പഠിപ്പിക്കുന്നത്. ശാരീരിക കാര്യക്ഷമത, കളികൾ എന്നിവയും പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റിക്രൂട്ട്മെന്റ് നിയമങ്ങൾ മാറ്റിയതോടെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കുള്ള പ്രവേശന പരിശീലനം നിർത്തിവച്ചിരിക്കുകയാണ്. കാരണം, ഈ തലത്തിൽ ഇപ്പോൾ റിക്രൂട്ട്മെന്റ് നടക്കുന്നില്ല.

അരിപ്പയിലും വാളയാറിലുമുള്ള വന പരിശീലന സ്ഥാപനങ്ങളിൽ ബീറ്റ്ഫോറസ്റ്റ് ഓഫീസർമാർക്കുള്ള പരിശീലനവും ഡെപ്യൂട്ടി റെയ്ഞ്ച്ഫോറസ്റ്റ് ഓഫീസർമാർക്കും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും (FNTR കാറ്റഗറി) നിർബന്ധിത പരിശീലനവും 2021 - 22 വർഷം നടത്തിയിട്ടുണ്ട്. 460 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും, 50 റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, 46 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഈ പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്.

### 4.8.1 സേവനകാല പരിശീലനം

താഴെപ്പറയുന്ന ജീവനക്കാർക്ക് തിരുവനന്തപുരത്തുള്ള പി.റ്റി.പിനഗറിലെ വനപരിശീലന കേന്ദ്രത്തിൽവച്ച് ഹ്രസ്വകാല പരിശീലനം നൽകിവരുന്നു.

- അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
- റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ
- ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ/ഡിപ്പോ ഓഫീസർമാർ
- ബീറ്റ് ഫോറസ്ററ് ഓഫീസർമാർ
- സീനിയർ/ജൂനിയർ സൂപ്രണ്ടുമാർ/ഹെഡ് അക്കൗണ്ടന്റ്
- പേഴ്സണൽ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
- ക്ലാർക്ക്/സീനിയർ ക്ലാർക്ക്
- ഡ്രൈവർമാർ

### 4.8.2 ഫ്രണ്ട്ലൈൻ ഉദ്യോഗസ്ഥർക്ക് റിഫ്രഷർകോഴ്സ്

വാളയാറിലെയും അരിപ്പയിലെയും സംസ്ഥാന വന പരിശീലന സ്ഥാപനത്തിൽ വച്ച് വനത്തിന്റെ മുൻനിരയിൽ പ്രവർത്തിക്കുന്ന ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്ററ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ എന്നിവർക്കായി റിഫ്രഷർ കോഴ്സുകൾ നടത്തി വരുന്നു.

### 4.8.3 എസ്.റ്റി.പി. പരിശീലനങ്ങൾ

സംസ്ഥാന പരിശീലന പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റുകൾ നടത്തുന്ന പരിശീലനങ്ങൾ വനംവകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകാൻ വേണ്ടി സമർത്ഥമായി ഉപയോഗപ്പെടുത്തി വരുന്നു.

വനംവകുപ്പിലെ വിവിധ തസ്തികകളിലുള്ള 602 ജീവനക്കാർക്ക് ഈ വർഷം പലതരത്തിലുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

## പട്ടിക-32

## വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്തവർ 2021-22

| ക്രമ നമ്പർ | സ്ഥാപനം | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|
| 1 | സംസ്ഥാന വനപരിശീലന സ്ഥാപനം, അരിപ്പ | 327 |
| 2 | സംസ്ഥാന വനപരിശീലന സ്ഥാപനം, വാളയാർ | 230 |
| | ആകെ | 557 |

## കേരളത്തിന് പുറമേയുള്ള സ്ഥാപനങ്ങളിൽ പരിശീലനം നേടിയവർ

| ക്രമ നമ്പർ | സ്ഥാപനം | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|
| 1 | ഇ.ഇ.ഐ, ഹൈദരാബാദ് | 13 |
| 2 | എസ്.എഫ്.എസ്, കോയമ്പത്തൂർ | 10 |
| 3 | സി.എ.എസ്.എഫ്ഒ.എസ്, ഡെറാഡൂൺ | 22 |
| | ആകെ | 45 |
| | ആകെ മൊത്തം | 602 |

### 2021-22- ലെ പ്രധാന നേട്ടം

2021-22 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരിപ്പയിൽ അരീന ലൈറ്റിംഗ് ഉൾപ്പെടെയുള്ള പ്രി എൻജിനിയറിംഗ് മൾട്ടി പർപ്പസ് ഇൻഡോർ കോർട്ട്, സ്വിമ്മിംഗ് പൂൾ എന്നിവ നിർമ്മിച്ചു.

### 4.9 സാമൂഹിക വനവൽക്കരണ വിഭാഗം

പൊതുജനങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങളായ തടി, വിറക്, കാലിത്തീറ്റ എന്നിവയ്ക്കായി സോഷ്യൽ ഫോറസ്ട്രിയിൽ വിവിധയിനം വൃക്ഷ തൈകൾ വച്ചു പിടുപ്പിക്കുകയും വിതരണം ചെയ്യുകയും അതുവഴി വന മേഖലയിലെ സമ്മർദ്ദം കുറയ്ക്കുവാനും ലക്ഷ്യമിടുന്നു.

### 4.9.1 ഹരിത കേരളം പദ്ധതി

സാമൂഹ്യ വനവൽക്കരണ വിഭാഗം ഹരിത കേരളം പദ്ധതിപ്രകാരം സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റേഷൻ, തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ലോക പരിസ്ഥിതി ദിനമായ ജൂൺ 5 നോട് അനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷ തൈകൾ ഉൽപ്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, തുടങ്ങിയവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ പാതയോരങ്ങളിലും, വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീ തീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ സാമൂഹിക വനവൽകരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷതൈകൾ, മുളം തൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, കാവുകളുടെയും, കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. ഇതിനു പുറമെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ, വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച്, പരിസ്ഥിതി, വനശാസ്ത്രം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം, ലോക വന ദിനം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾസാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിത സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേക്ഷണം നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണം, വനംവന്യജീവി സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി അരണ്യം മാസിക പ്രസിദ്ധീകരിച്ച് വരുന്നു. വന മഹോത്സവത്തോടനുബന്ധിച്ച് Institutional Plantation, tribal colonies, VSS/EDC areas, eco restoration areas തുടങ്ങിയ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ട് നട്ടുപിടിപ്പിച്ച് വരുന്നുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ ഹരിതകേരളം പദ്ധതി Phase-XIII പ്രകാരം 46.62 ലക്ഷം വൃക്ഷ തൈകൾ ഉത്പാദിപ്പിച്ചു നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

## പട്ടിക-33

### വൃക്ഷത്തൈകളുടെ വിതരണം 2021-22

| ക്രമ നമ്പർ | ഹരിതകേരളം | വൃക്ഷത്തൈകൾ വിതരണംചെയ്തത് (ലക്ഷത്തിൽ) |
|---|---|---|
| 1 | ഒന്നാംഘട്ടം (2009-10) | 31.40 |
| 2 | രണ്ടാംഘട്ടം (2010-11) | 79.51 |
| 3 | മൂന്നാംഘട്ടം (2011-12) | 70.44 |
| 4 | നാലാംഘട്ടം (2012-13) | 87.97 |
| 5 | അഞ്ചാംഘട്ടം (2013-14) | 83.68 |
| 6 | ആറാംഘട്ടം (2014-15) | 73.01 |
| 7 | ഏഴാംഘട്ടം (2015-16) | 72.61 |
| 8 | എട്ടാംഘട്ടം (2016-17) | 65.29 |
| 9 | ഒമ്പതാംഘട്ടം (2017-18) | 66.12 |
| 10 | പത്താംഘട്ടം (2018-19) | 78.15 |
| 11 | പതിനൊന്നാംഘട്ടം (2019-20) | 63.18 |
| 12 | പന്ത്രണ്ടാംഘട്ടം (2020-21) | 58.60 |
| 13 | പതിമൂന്നാം ഘട്ടം (2021-22) | 46.62 |

### 4.9.2 സ്ഥാപനങ്ങൾ/വഴിയോര വൃക്ഷത്തൈ നടീൽ പദ്ധതി

ഈ പദ്ധതി പ്രകാരം ഒരു വർഷം പ്രായമായ വൃക്ഷത്തൈകൾ പ്രധാന റോഡിന്റെ വശങ്ങളിലും/ സ്ഥാപനങ്ങളിലും, വഴിയോരങ്ങളിലും നടാൻ ലക്ഷ്യമിടുന്നു. 2021-22-ൽ ഇപ്രകാരം 2.09 ലക്ഷം വൃക്ഷത്തൈകൾ നടുകയുണ്ടായി.

### 4.9.3 സ്വകാര്യ വനവൽക്കരണത്തിന് പ്രോൽസാഹന പദ്ധതി

17.02.2012-ലെ സ.ഉ. (സാ) നമ്പർ 99/2012/F&WLD പ്രകാരം, സ്വകാര്യ ഭൂമിയിൽ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന വ്യക്തികൾക്ക് ധനസഹായം നൽകി വൃക്ഷം വളർത്താൻ പ്രോൽസാഹിപ്പിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. തേമ്പാവ്, കുന്നിവാക, കമ്പിൾ, കമ്പകം, ഈട്ടി, പ്ലാവ്, ആഞ്ഞിലി, മഹാഗണി, ചന്ദനം, തേക്ക് എന്നീ മരങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സന്നദ്ധ സംഘടനകൾ, കർഷക സഹകരണ സംഘങ്ങൾ, സ്വയം സഹായസംഘം, കുടുംബശ്രീ യൂണിറ്റുകൾ, ഇ.ഡി.സികൾ, വിഎസ്സ്.എസ്സുകൾ, വ്യക്തികൾ കർഷകർ എന്നിവർക്കാണീ പദ്ധതി മുഖേന ധന സഹായം നൽകി വരുന്നത്. സ്വകാര്യ ഭൂമിയിയിൽ അമ്പതു വൃക്ഷത്തൈകളെങ്കിലും നടുന്നവരാണ് ഇതിന് അർഹരായിട്ടുള്ളവർ.

## പട്ടിക-34

### സ്വകാര്യ വനവൽക്കരണത്തിനുള്ള പ്രോൽസാഹന തുക വിവരം

| | | |
|---|---|---|
| 1 | 50 മുതൽ 200 വരെ വൃക്ഷത്തൈകൾ | 50/-രൂപ വച്ച് ഓരോ തൈകൾക്കും |
| 2 | 201 മുതൽ 400 വരെ വൃക്ഷത്തൈകൾ | 40/-രൂപ വച്ച്, കുറഞ്ഞത് 10,000/-രൂപ |
| 3 | 401 മുതൽ 625 വരെ വൃക്ഷത്തൈകൾ | 30/- രൂപ വച്ച്, കുറഞ്ഞത് 16,000/- രൂപ |

സഹായ ധനത്തിന്റെ അമ്പതു ശതമാനം ആദ്യവർഷവും, ബാക്കി അമ്പതു ശതമാനം മൂന്നാംവർഷവും നൽകുന്നതാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള സ്ലാബുകളിൽ ഏറ്റവും നല്ല പ്രകടനം കാഴ്ച വയ്ക്കുന്ന മൂന്ന് കർഷകർക്ക് അഞ്ചാം വർഷാവസാനവും പത്താം വർഷാവസാനവും ക്യാഷ് അവാർഡുകൾ നൽകുന്നതാണ്. 2021-22-ലും ഈ പദ്ധതി നടപ്പിലാക്കുന്നു.

### 4.9.4 നിക്ഷിപ്ത വനങ്ങൾക്ക് പുറമെയുള്ള ജൈവ-വൈവിധ്യ പരിരക്ഷജോലികൾ

- **കാവുകളുടെ സംരക്ഷണവും പരിരക്ഷയും**

  24.12.2016-ലെ സർക്കാർ ഉത്തരവ് (സാ.) നമ്പർ 485/16/ F&WLD പ്രകാരം അതാത് ഡിവിഷനുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓരോ ജില്ലാ തലത്തിലും അഞ്ച് അപേക്ഷകൾ സംസ്ഥാനതല വിദഗ്ധ സമിതി മുമ്പാകെ സമർപ്പിക്കുന്നു. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും കാവുകളുടെ ഉടമകളുമായി ഒരു ധാരണാ പത്രം ഒപ്പു വയ്ക്കുകയും ചെയ്യുന്നു. ആകെ അടങ്കൽ തുകയുടെ 10% പരമാവധി 25,000/- രൂപ വരെ ആദ്യ ഗഡുവായി നൽകുന്നു. വൗച്ചറുകൾ ഹാജരാക്കുന്ന മുറയ്ക്ക് പൂർത്തിയാക്കിയ ജോലികൾക്ക് അർഹമായ ബാക്കി തുക നൽകുന്നു. 2021-22 വർഷത്തിൽ സംസ്ഥാനത്താകെ 61 കാവുകൾ ധന സഹായത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

- **കണ്ടൽക്കാട് സാമ്പത്തിക സഹായം**

  നിലവിലുള്ള കണ്ടൽക്കാടുകൾ നശിച്ചു പോകാതെ സംരക്ഷിക്കുന്നതിനും സമൂഹത്തിന് പാരിസ്ഥിതിക സേവനം ലഭ്യമാക്കുന്നതിനും ഉടമകൾ ചെയ്യുന്ന നിസ്തുലസേവനങ്ങൾ പരിഗണിച്ച് ഒരു ഏക്കറിന് 4000 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു.

- 24.12.2016-ലെ സ.ഉ (സാ) നമ്പർ 485/16/ F&WLD - പ്രകാരം സാമൂഹിക വനവൽക്കരണ വിഭാഗമാണ് ഈ പദ്ധതി നിർവഹിച്ചു വരുന്നത്. മാധ്യമങ്ങളിലൂടെ വലിയ പ്രചരണം നൽകി ഓരോ ജില്ലയിലെയും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (SF) ഇതിനായി അപേക്ഷ ക്ഷണിക്കുന്നു. ഉടമസ്ഥാവകാശ രേഖയും പ്രദേശത്തിന്റെ ഒരു സ്കെച്ചും സഹിതം നിശ്ചിത ഫോർമാറ്റിൽ അതാത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ സമർപ്പിക്കണം. കണ്ടൽക്കാടിന്റെ വലിപ്പവും അനുവദിക്കേണ്ട തുകയും തീരുമാനിക്കുക ജില്ലാ കമ്മിറ്റിയാണ്. 2021-22-ൽ ഒരു അപേക്ഷയും ലഭിച്ചിട്ടില്ല.

- **നദീതടം സംരക്ഷണം**

  വർഷത്തിൽ സംസ്ഥാനത്തെ നദീതടങ്ങളുടെ സംരക്ഷണാർത്ഥം 1.65 ലക്ഷം മുളം തൈകളും 0.94 ലക്ഷം കണ്ടൽ തൈകളും അനുയോജ്യമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പൊതു ജനപങ്കാളിത്തത്തോടെയും വെച്ചുപിടിപ്പിച്ചിട്ടുണ്ട്.

- **അങ്ങാടിക്കുരുവികളുടെ സംരക്ഷണത്തിനുള്ള പദ്ധതി**

  തിരുവനന്തപുരം ജില്ലയിലെ ചാലകമ്പോളം, കണ്ണിമാറ മാർക്കറ്റ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ അങ്ങാടിക്കുരുവികളെ സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി പത്ര പ്രവർത്തക സംഘടനകളുമായി ചേർന്ന് പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കിയിട്ടുള്ളതാണ്.

- **കടലാമ സംരക്ഷണം**

  കടലാമകളുടെ പ്രജനനവും സംരക്ഷണവുമായി ബന്ധപ്പെട്ട് കേരളത്തിലെ 9 ജില്ലകളിൽ ഇക്കഴിഞ്ഞ നവംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ സർവ്വെയും മറ്റ് പരിപാലന പ്രവർത്തനങ്ങളും നടത്തുകയുണ്ടായിരുന്നു.

### 4.9.5 വനമിത്ര അവാർഡ്

ജൈവ വൈവിധ്യ സംരക്ഷണ രംഗത്ത് മികച്ച സേവനം കാഴ്ച വയ്ക്കുന്ന വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, കർഷകർ എന്നിവർക്ക് 24.12.2016-ലെ സ.ഉ (സാ) നമ്പർ 485/16/ F&WLD -ലെ മാർഗ്ഗനിർദ്ദേശ പ്രകാരം "വനമിത്ര" അവാർഡ് നൽകി വരുന്നു. 2021-22-ൽ 14 അപേക്ഷകരെ വനമിത്ര അവാർഡ് നൽകുന്നതിന് തിരഞ്ഞെടുത്തു.

**പുതുതായി ആരംഭിച്ച പദ്ധതികളും പ്രോജക്ടുകളും**

a. വിദ്യാവനം

വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങളുടെ സാദൃശ്യമുള്ള അതിസാന്ദ്രതയിൽ നട്ടു വളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് വിദ്യാവനങ്ങൾ. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലേയും കോളേജുകളിലേയും ഫോറസ്ട്രി ക്ലബുകളിലൂടെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും

നിർവ്വഹിക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിന് ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും ആവശ്യമായി വരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി വനംവകുപ്പ് പരമാവധി 2 ലക്ഷം രൂപ വരെ ചെലവുകൾക്കായി നൽകുന്നു.

ജൈവരീതികളിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുക, ജല ആഗിരണശേഷി വർദ്ധിപ്പിക്കുക, വൃക്ഷാവരണങ്ങളുടെ വിവിധ തട്ടുകളിൽ വരുന്ന തദ്ദേശീയ ഇനങ്ങളായ ഔഷധികൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, മരങ്ങൾ എന്നിവ അതിസാന്ദ്രതയിൽ നട്ടുപിടിപ്പിച്ച് പരിപാലിക്കൽ തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രത്യേകത. 2021-22 സാമ്പത്തിക വർഷത്തിൽ 26 വിദ്യാവനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**പട്ടിക-35**

## വിദ്യാവനം സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ പട്ടിക 2021-22

| ക്രമ നമ്പർ | സാമൂഹിക വന വൽക്കരണ ഡിവിഷൻ | സ്കൂളിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ഗവ. വി.എച്ച്.എസ്. പരണിയം, തിരുവനന്തപുരം |
| 2 | കൊല്ലം | ഫാത്തിമ മാതാ നാഷണൽ കോളേജ് , കൊല്ലം |
| | | ഗവ. ഐ.ടി. ചന്ദനത്തോപ്പ് |
| 3 | പത്തനംതിട്ട | എസ്.എൻ.വി ഹയർസെക്കണ്ടറിസ്കൂൾ,അങ്ങാടിക്കൽ |
| | | മാർത്തോമാ കോളേജ്, തിരുവല്ല |
| 4 | ആലപ്പുഴ | ദേവസ്വം ബോർഡ് ഹൈസ്കൂൾ, തുറവൂർ |
| | | വി.വി.എച്ച്.എസ് താമരക്കുളം |
| 5 | കോട്ടയം | സെന്റ് ജോർജ്ജ് അരുവിത്തറ, കോട്ടയം |
| | | എസ്.ആർ.ഡി.എൻ.എസ്.എസ് സ്കൂൾ, കോട്ടയം |
| 6 | എറണാകുളം | ജുമാ അത്ത് എച്ച്.എസ്.എസ് തണ്ടേക്കാട്, പെരുമ്പാവൂർ |
| | | ഈസ്റ്റേൺ യു.പി.എസ്.എള്ളൂർ |
| 7 | ഇടുക്കി | ഗവ.എച്ച്.എസ്.എസ്. മുക്കടം |
| | | പഞ്ചായത്ത് എൽ.പി.എസ്, കുമളി |
| 8 | തൃശ്ശൂർ | ജി.എച്ച്.എസ്.എസ് മാനന്തല |
| | | മാർ അഗസ്റ്റിൻ മെമ്മോറിയൽ ഹൈസ്കൂൾ, കൊരട്ടി |
| 9 | പാലക്കാട് | മൗണ്ട് കാർമ്മൽ യു.പി.എസ്, ജെല്ലിപ്പാറ, അഗളി |
| | | യു.പി.എ.യു.പി.സ്കൂൾ, കുണ്ടൂർകുന്ന് |
| 10 | മലപ്പുറം | ക്രസന്റ് യു.പി.എസ്.കാരാപ്പുറം |
| | | യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ് |

| | | |
|---|---|---|
| 11 | വയനാട് | ജി.എച്ച്.എസ്.എസ്, വട്ടുവഞ്ചൽ, വയനാട് |
| | | ജവാഹർ നവോദയ വിദ്യാലയം, പൂക്കോട്, വയനാട് |
| 12 | കോഴിക്കോട് | ജി.എച്ച്.എസ്.എസ് നീലേശ്വരം, മുക്കം |
| 13 | കണ്ണൂർ | കേന്ദ്രീയ വിദ്യാലയം, കണ്ണൂർ |
| | | ജി.എച്ച്.എസ്.എസ്, മുണ്ടേരി, കണ്ണൂർ |
| 14 | കാസർഗോഡ് | ഗവ.യു.പി.സ്കൂൾ, ആറായി, കാഞ്ഞങ്ങാട് |
| | | ജി.യു.പി.സ്കൂൾ,കുട്ടക്കണി, പള്ളിക്കര |
| | ആകെ | 26 വിദ്യാവനം |

b. **ഫോറസ്ട്രിക്ലബ്ബ്**

വനം വകുപ്പിന്റെ സാമൂഹ്യ വനവത്ക്കരണ വിഭാഗം നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളിലൊന്നാണ് ഫോറസ്ട്രി ക്ലബ്. വനം വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളായ തൈ വിതരണം, പ്രകൃതി സംരക്ഷണ ബോധവത്ക്കരണ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രകൃതി പഠന ക്യാമ്പുകൾ കാട്ടുതീ, അനധികൃത മരം മുറി എന്നിവക്കെതിരെയുള്ള ക്യാമ്പയിനുകൾ തുടങ്ങിയവയുടെ നടത്തിപ്പിൽ ഫോറസ്ട്രി ക്ലബ്ബുകൾക്ക് പ്രധാന പങ്ക് വഹിക്കാവുന്നതാണ്. ആകെ 1131 ഫോറസ്ടി ക്ലബ്ബുകളാണ് നിലവിൽ സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ 50 ഫോറസ്ട്രി ക്ലബ്ബുകൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

c. **നഗരവനം**

വികസനത്തിന്റെ അളവുകോലാണ് നഗരവത്ക്കരണം. നഗരവനം പദ്ധതി പ്രകാരം കൃത്രിമ വനങ്ങൾ നഗരങ്ങളിൽ സൃഷ്ടിക്കുന്നു. കേവലം 5 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലം മുതൽ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വനംവകുപ്പ് പരമാവധി 2 ലക്ഷം രൂപ വരെ ചെലവുകൾക്കായി നൽകുന്നു. വിദ്യാർത്ഥികൾ, റെസിഡൻസ് അസോസിയേഷനുകൾ, നേച്ചർ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിൽ വരുത്തുന്ന ഇത്തരം നഗരവനങ്ങൾ ഹരിതഗൃഹ പ്രഭാവ ലഘൂകരണം, ശുദ്ധവായു സമാഹരണം, പക്ഷികളുടെ ആവാസകേന്ദ്രമൊരുക്കൽ, ഹരിതാഭ വർദ്ധനവ് എന്നിവയൊടൊപ്പം ജനങ്ങളിൽ പ്രകൃതിയോട് സ്നേഹവും, അനുഭാവവും, സംരക്ഷണ ചിന്താമനോഭാവവും ഉണർത്തുവാൻ ഉപകരിക്കുന്നു. 2021-22 വർഷത്തിൽ 11 നഗരവനങ്ങൾ രൂപീകരിച്ചു.

d. **വൃക്ഷസമൃദ്ധി**

വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും തൊഴിലുറപ്പ് മിഷൻ വഴി സംയുക്തമായി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് വൃക്ഷസമൃദ്ധിപദ്ധതി. കേരളത്തിൽ ഹരിതമേലാപ്പ് വർദ്ധിപ്പിക്കുന്നതിനും കാർബൺ സ്വാംശീകരണത്തിനും ഉതകുന്ന തരത്തിലുള്ള വൃക്ഷതൈകളാണ് ഈ പദ്ധതിയിലൂടെ നട്ട് പിടിപ്പിക്കുന്നത്. ഈ പദ്ധതി നടപ്പാക്കേണ്ടതിന് ആവശ്യമായ സാങ്കേതിക സഹായം വനം വകുപ്പ് സാമൂഹിക വനവൽക്കരണ വിഭാഗം നൽകുന്നതാണ്. മദർ ബെഡ് നഴ്സറിയ്ക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ സമാഹരിച്ച് നഴ്സറികളിലേയ്ക്ക് വിതരണം ചെയ്യുന്നതാണ് ഈ സാമ്പത്തിക വർഷം സാമൂഹിക വനവത്ക്കരണ വിഭാഗത്തിന്റെ ചുമതല. 2021-22 വർഷത്തിൽ 47 ലക്ഷം തൈകൾ വച്ചുപിടിപ്പിക്കുന്നതിനും അതിലൂടെ 75 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു.

e. **ജില്ലാ സ്ഥിരം നഴ്സറി**

വൃക്ഷങ്ങൾ നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ, വൃക്ഷവർഗങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുക, അവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക, നാശോന്മുഖമായവയും അപൂർവമായവയുമായ വൃക്ഷത്തൈകൾ നടുക, സിൽവി കൾച്ചറൽ പ്രാക്റ്റീസ് സ്റ്റാൻഡേർഡ് പ്രകാരം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുക എന്നിവയാണ് ജില്ലാസ്ഥിരം നഴ്സറി കൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കോഴിക്കോട് കാസർകോഡ് ജില്ലകളിൽ സ്ഥിരം നഴ്സറികൾ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചു.

### ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ (FIB)

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ (FIB) കേരള വനം, വന്യജീവി വകുപ്പിന്റെ പബ്ലിസിറ്റി, എക്സ്റ്റൻഷൻ യൂണിറ്റാണ്. വകുപ്പിന്റെ ആനുകാലികമായ "ആരണ്യം" പ്രാദേശിക ഭാഷയായ മലയാളത്തിലാണ്

പ്രസിദ്ധീകരിക്കുന്നത്. ഫോറസ്റ്റ് ഗൈഡ് ബുക്ക്, വാർഷിക കലണ്ടർ ഫോറസ്റ്റ് പോക്കറ്റ് ഡയറി എന്നിവയും പരിസ്ഥിതി, പ്രകൃതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങളും ലഘുരേഖകളും എഫ്.ഐ.ബി പ്രസിദ്ധീകരിക്കുന്നു. മേൽപ്പറഞ്ഞവ കൂടാതെ, വന്യജീവി, വനം, പരിസ്ഥിതി, പ്രകൃതി എന്നിവ യെക്കുറിച്ചുള്ള ഫോൾഡറുകൾ, സ്റ്റിക്കറുകൾ, പോസ്റ്ററുകൾ, ബുക്ക്‌ലെറ്റുകൾ എന്നിവയും തയ്യാറാക്കുന്നു.

ലോക പരിസ്ഥിതി ദിനം, വന സംരക്ഷണ ദിനം, വന്യജീവി വാരാഘോഷം തുടങ്ങിയവ പോലുള്ള പ്രധാനപ്പെട്ട ദിനങ്ങളിൽ റേഡിയോ പ്രോഗ്രാമുകളും ക്ലാസ്സുകളും ക്രമീകരിക്കുന്നതിലും പ്രകൃതിയും വന്യ ജീവികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കായി ഫിലിം ഷോകളും എഫ്.ഐ.ബി സംഘടിപ്പിക്കുന്നു.

വനം വകുപ്പിന്റെ പൊതുജന സമ്പർക്കത്തിന്റെയും വ്യാപനത്തിന്റെയും വലംകൈ ആയാണ് ഫോ റസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തിക്കുന്നത്. കെട്ടിലും മട്ടിലും അന്തഃസത്തയിലും ദേശീയ നിലവാര ത്തിലുള്ള ഒരു പ്രതിമാസ പ്രസിദ്ധീകരണമായാണ് എഫ്.ഐ.ബി 2015 മുതൽ ആരണ്യം എന്ന മാസിക പ്രസിദ്ധീകരിക്കുന്നത്. ആരണ്യത്തിന് 2238 വരിക്കാർ നിലവിലുണ്ട്. ഇപ്പോൾ മൾട്ടികളർ പേജുകളാക്കി ആരണ്യത്തിന്റെ നിലവാരം ഉയർത്തിയിട്ടുണ്ട്.

### 2021 - 22-ലെ പ്രധാന നേട്ടങ്ങൾ

I) 2022-ൽ ഈ വിഭാഗം നടപ്പു വർഷത്തെ ഫോറസ്റ്റ് ഗൈഡ് പുറത്തിറക്കി.

II) സർക്കാർ നിർദ്ദേശപ്രകാരം ഹരിത കേരളത്തെ ലോക പരിസ്ഥിതിദിനം സംബന്ധിച്ചും ഫോട്ടോ ആൽബം തയ്യാറാക്കി.

III) 2021-22 വർഷത്തിൽ കാട്ടുതീ, മനുഷ്യ-വന്യജീവി സംഘർഷം, ജി.എസ്.ടി (പുതുക്കിയ പതിപ്പ്) ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം (പുതുക്കിയ പതിപ്പ്),കോടതി നടപടി സഹായി (പുതുക്കിയ പതിപ്പ്), പരിസ്ഥിതി പുനഃസ്ഥാപന നയരേഖ, വകുപ്പിന്റെ ഒരു വർഷത്തെ നേട്ടങ്ങൾ എന്നീ പുസ്തക ങ്ങൾ പ്രസിദ്ധീകരിച്ചു. കൂടാതെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് 8 ബ്രോഷറുകളും പ്രസിദ്ധീക രിച്ചു. കൂടാതെ ഈ വർഷത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം, പശ്ചിമഘട്ട സംരക്ഷണ ബിൽ, കാട്ടുപ ന്നി ആക്രമണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് ബ്രോഷറുകൾ, പത്ര പരസ്യങ്ങൾ, പോസ്റ്ററുകൾ, ബുക്കുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുകയും ടി വിഷയത്തെ സംബന്ധിച്ച് സംസ്ഥാനതല ശിൽപ്പശാല സംഘടിപ്പിക്കുകയും ചെയ്തു. ശബരിമല തീർത്ഥാടനം, വന്യജീവി വാരാഘോഷം, വനമ ഹോൽസവം എന്നിവയുമായി ബന്ധപ്പെട്ട് ആഡിയോ പരസ്യങ്ങൾ തയ്യാറാക്കി വിവധ റേഡിയോക ളിലൂടെ സംപ്രേഷണം ചെയ്തു.

### 4.10 പ്രത്യേക വനവൽക്കരണ വിഭാഗം

ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് 1980:- വനം (പരിപാലന) നിയമം, 1980 പ്രകാരം വന പ്രദേശം വനേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ വേണ്ട അപേക്ഷ, നോഡൽ ഓഫീസർ ആണ് കൈകാ ര്യംചെയ്യുന്നത്. 2021-22-ൽ ഇപ്രകാരം കിട്ടിയ എല്ലാ അപേക്ഷകളും പരിശോധനാ വിധേയമാക്കുകയും തുടർനടപടിയ്ക്കായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഭൂരിപക്ഷം കേസു കൾക്കും അംഗീകാരം ആയിട്ടുണ്ട്. ശേഷിച്ചവയ്ക്ക് വിവിധതലങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു. 2021-22 വർഷത്തിൽ 4 അപേക്ഷകളിന്മേൽ അന്തിമ അനുമതി (Stage II) നൽകിയിട്ടുണ്ട്. 5 അപേക്ഷകളിന്മേൽ തത്വാധിഷ്ഠിത അനുമതിയും (Stage I) ലഭ്യമായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക-36**

**എഫ്.സി.എ 1980പ്രകാരം പരിവർത്തിതമാക്കപ്പെട്ട വനഭൂമി 2021-22**

| ക്രമ നമ്പർ | ഉപയോഗം | ഉത്തരവ് നമ്പരും തീയതിയും | ഏരിയ (ഹെക്ടറിൽ) |
|---|---|---|---|
| | **സ്റ്റേജ് 11** | | |
| 1 | കിഫ്ബിയുടെ കീഴിൽ ചാലക്കുടി താലൂക്കിലെ കോടശ്ശേരി, പരിയാരൻ, ആതിരപ്പള്ളി പഞ്ചായത്തുകളിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി വന ഭൂമി തിരിച്ചുവിടൽ | ജി.ഒ(ആർ.ടി)നമ്പർ 136/2021/എഫ് &ഡബ്ല്യൂ. എൽ.ഡി തീയതി 28.04.2021 | 0.1143 |

| | | | |
|---|---|---|---|
| 2 | തൃശ്ശൂർ ജില്ലയിൽ പുതുക്കാട് മുതൽ പൽക്കാണി വരെ 33 എസ്.സിലൈൻ നിർമ്മാണത്തിനായി വനഭൂമി തിരിച്ചുവിടൽ | ജി.ഒ(ആർ.ടി)നമ്പർ 138/2021/എഫ് &ഡബ്ല്യൂ. എൽ.ഡി തീയതി 30.04.2021 | 0.12 |
| 3 | നെന്മാറയിലെ പോലീസിനുവേണ്ടി ഡ്.എം.ആർ. ടയർ111 വയർലെസ് കമ്മ്യൂണിക്കേഷൻ ടവർ പദ്ധതി | ജി.ഒ(ആർ.ടി)നമ്പർ 168/2021/എഫ് &ഡബ്ല്യൂ. എൽ.ഡി തീയതി 08.06.2021 | 0.0203 |
| 4 | ഇടുക്കി ജില്ലയിലെ മൂന്നാർ ഡിവിഷനിലെ കുഞ്ഞിത്തണ്ണി ഗ്രാമത്തിൽ KSEB-യ്ക്ക് വേണ്ടി അപ്പർ ചെങ്കുളം സ്മോൾ എച്ച്.ഇ.പി നടപ്പിലാക്കാൻ വനഭൂമി വഴി തിരിച്ചുവിടൽ | എഫ് നമ്പർ- 4 കെ.എൽ. ബി/1180/2019/ ബി.എ.എൻ/269 തീയതി 08.06.2021 | 0.95 |
| 5 | ക്രിസ്ത്യൻ ദേശീയ സുവിശേഷ പ്രസംഗത്തിന് പൊട്ടയില്ലടവ് മലവാരം | എഫ് നമ്പർ- 4 കെ.എൽ. ബി/906/2012/ ബി.എ.എൻ /627 തീയതി 16.09.2021 | 1.1300 |
| 6 | കുടിവെള്ളം നൽകുന്നതിന് പൊട്ടയില്ലടവ് മലവാരം ജലജീവൻ മിഷന്റെ കീഴിലുള്ള മൂന്ന് അപേക്ഷകർക്ക് മേലക്കോട് കണക്ഷൻ ജി.പി | ജി.ഒ(ആർ.ടി)നമ്പർ 117/2022/എഫ് &ഡബ്ല്യൂ. എൽ.ഡി തീയതി 21.03.2022 | 0.0009 |
| **ആകെ** | | | **2.3355** |
| **സ്റ്റേജ്-1** | | | |
| 1 | ഇടുക്കി ജില്ലയിൽ മൂന്നാർ ഫോറസ്റ്റ് ഡിവിഷനിലെ KOH വില്ലേജിൽ 1.495 ഹെക്ടർ വനഭൂമി വഴി തിരിച്ചുവിടൽ പുനരധിവാസത്തിനും നവീകരണത്തിനും വേണ്ടി ബോഡിമെട്ട് മുതൽ മൂന്നാർവരെ | എഫ് നമ്പർ- 4 കെ.എൽ. ബി/4255/2020/ ബി.എ.എൻ /41 തീയതി 09.04.2021 | 1.495 |
| 2 | കണ്ണൂർ ജില്ലയിൽ അഞ്ചരക്കണ്ടി പുഴയ്ക്ക് കുറുകെയുള്ള കോലാട് പാലത്തിന്റെ പുനർനിർമ്മാണത്തിനായി വനം വഴി തിരിച്ചുവിടൽ | എഫ് നമ്പർ- 4 കെ.എൽ. ബി/1280/2021/ ബി.എ.എൻ /654 തീയതി 21.09.2021 | 0.03352 |
| 3 | മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ കയറ്റവാ-തോട്ടക്കയം കോളനികളുടെ വൈദ്യുതീകരണത്തിനായി വനഭൂമി തിരിച്ചുവിടൽ | ജി.ഒ(ആർ.ടി)നമ്പർ 414/2021/എഫ് &ഡബ്ല്യൂ. എൽ.ഡി തീയതി 16.12.2021 | 0.006 |
| 4 | നെല്ലിയാമ്പതി ഹിൽപ്രദേശത്തെ ആദിവാസി ഗ്രാമത്തിലേയ്ക്ക് ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കാൻ ടെലിഫോൺ ടവർ സ്ഥാപിക്കുന്നതിന് | ജി.ഒ(ആർ.ടി)നമ്പർ 76/2022/എഫ് &ഡബ്ല്യൂ. എൽ.ഡി തീയതി 04.03.2022 | 0.0322 |
| **ആകെ** | | | **1.56672** |

### 4.10.1 മരാധിഷ്ഠിത വ്യവസായങ്ങൾക്കുള്ള ലൈസൻസ്, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മേൽനോട്ടം വഹിക്കൽ

മരാധിഷ്ഠിതവ്യവസായങ്ങളുടെ നടത്തിപ്പിനായി സോമിൽ ചട്ടങ്ങൾ പ്രകാരം രൂപീകൃതമായ സ്റ്റേറ്റ് ലവൽ കമ്മിറ്റിയുടെ സുഗമമായ നടത്തിപ്പും, തടി അധിഷ്ഠിതവ്യവസായം സംബന്ധിച്ച കാര്യങ്ങളുടെ ഏകോപനവും ഒറ്റത്തവണ നിക്ഷേപവും ഈ ഓഫീസിന്റെ ചുമതലയിലാണ്.

സർക്കാരിന്റെ 12.02.2021-ലെ GO(P) 2/2021/F&WLD പ്രകാരം കേരളഫോറസ്റ്റ് (സോമിൽസ് &അദർവുഡ് ബെയ്സ്ഡ് ഇൻഡസ്ട്രിയൽയൂണിറ്റ്സ്) റൂൾ 2021 നിലവിൽ വന്നു. പ്രസ്തുത റൂൾ പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ചെയർമാനായി സ്റ്റേറ്റ് ലെവൽ കമ്മറ്റി, സർക്കാർ രൂപീകരിച്ചിട്ടുള്ളതാണ്. മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനായി ടെറിറ്റോറിയൽ ചുമതലയുള്ള സർക്കിൾചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായും നിയമിച്ചിട്ടുള്ളതാണ്.

സ്റ്റേറ്റ് ലെവൽ കമ്മിറ്റി 2021-22 സാമ്പത്തിക വർഷത്തിൽ 16.09.2021, 15.03.2021. 31.03.2021 എന്നീ തീയതികളിൽ യോഗം ചേർന്നിരുന്നു. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ 16.09.2021-ലെ യോഗ തീരുമാന പ്രകാരം II, V, VI, VIII, IX, X കാറ്റഗറിയിൽപ്പെട്ട മരാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ പുതുതായി തുടങ്ങുന്നതിന് ലൈസൻസ് നൽകുവാൻ തത്വത്തിൽ അംഗീകാരം നൽകി. ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആതറൈസ്ഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 15.03.2021-ൽ കൂടിയ സ്റ്റേറ്റ് ലെവൽ കമ്മിറ്റി തീരുമാന പ്രകാരം കാറ്റഗറി VII-ൽപ്പെട്ട മരാധിഷ്ഠിത യൂണിറ്റുകളിൽ നിലവിലുള്ള പീലിംഗ് മെഷീനു പുറമേ "spintle less peeling machine"ഉൾപ്പെടുന്നതിന് അനുമതി സ്റ്റേറ്റ് ലെവൽ കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. 31.03.2021 ൽ കൂടിയ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവർക്ക് ഓണർഷിപ്പ് മാറ്റുന്നതിനും, അന്തർജില്ല സ്ഥലം മാറ്റത്തിനും അനുവാദം നൽകിയിട്ടുള്ളതാണ്. കൂടാതെ മരാധിഷ്ഠിത യൂണിറ്റുകൾക്ക് ലൈസൻസ് ലഭിക്കുന്നതിനായി അടച്ച ഒറ്റത്തവണ നിക്ഷേപം (OTP) വഴി ലഭിച്ച തുക നിക്ഷേപത്തിന്റെ പലിശ ഉപയോഗിച്ച് പ്രവർത്തനം നടത്തുന്നതിന് തയ്യാറാക്കിയ APO സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകരിച്ചു.

| | |
|---|---|
| സ്ഥിരനിക്ഷേപം | 80,00,000 രൂപ |
| ആകെ | 80,00,000 രൂപ |

2021-22 സാമ്പത്തിക വർഷത്തിൽ OTP ഇനത്തിൽ ലഭിച്ച തുക വിവരം ചുവടെചേർക്കുന്നു.

### 4.10.2 CAMPA (സ്റ്റേറ്റ് കോംപൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് അതോറിറ്റി)

കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് ആക്ട് 2016 (38 of 2016) 13.09.2018-ൽ നിലവിൽ വന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 27.19 കോടി രൂപയുടെ APO സമർപ്പിക്കുയും ആയതിൽ നാഷണൽ ക്യാമ്പ 25.13 കോടി രൂപയുടെ APO അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്. ആയതിൽ യഥാക്രമം 11.08 കോടി നവംബർ മാസവും 5 കോടി ഫെബ്രുവരി മാസവും BH: 2406-04-103-99-State Compensatory Afforestation (NP) എന്ന ഹെഡിൽ 3 ഗഡുക്കളായി ലഭ്യമായിട്ടുള്ളതും 16.03 കോടി രൂപ ചിലവഴിച്ചിട്ടുള്ളതുമാണ്. APO 2021-22 സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർത്തിരിക്കും പ്രകാരമാണ്.

## പട്ടിക-37

## CAMPA ഫണ്ട് ലക്ഷ്യവും നേട്ടവും 2021-22

| ക്രമ നം | ജോലിയുടെ ഘടകം/ വിശേഷണങ്ങൾ | സാമ്പത്തിക ലക്ഷ്യം (ലക്ഷത്തിൽ) | സാമ്പത്തിക നേട്ടം (ലക്ഷത്തിൽ) |
|---|---|---|---|
| I | പരിഹാര വനവൽക്കരണ ഫണ്ട് ഭാഗം | | |
| i | നഷ്ടപരിഹാര വനവൽക്കരണ പ്രവർത്തനങ്ങൾ (സൃഷ്ടിക്കൽ /തയ്യാറാക്കൽ പ്രവൃത്തികൾ) | 55.90 | 53.09 |
| ii | നഷ്ടപരിഹാര വനവൽക്കരണ പ്രവർത്തനങ്ങൾ (പരിപാലനം | 22.81 | 11.88 |
| | **മൊത്തം നഷ്ടപരിഹാര വനവൽക്കരണ ഫണ്ട് ഭാഗം** | **78.71** | **64.97** |
| II | വൃഷ്ടി പ്രദേശത്തെ ട്രീറ്റ്മെന്റ് പ്ലാൻ ഫണ്ട് ഭാഗം | | |

| | | | |
|---|---|---|---|
| i | നദീതീരത്തെ സ്ഥിരത - നദീതീരത്ത് മുളയും ഈറ്റയും നാടൻ തൈകളും മറ്റും വളർത്തലും വച്ചുപിടിപ്പിക്കലും | 12.50 | 5.9 |
| ii | നദീതീരത്തെ സ്ഥിരത - തൈകൾ വളർത്തൽ | 16.5 | 15.82 |
| | **മൊത്തം ക്യാച്ച്മെന്റ് ഏരിയ ട്രീറ്റ്മെന്റ് പ്ലാൻ ഫണ്ട് ഭാഗം** | **29.00** | **21.72** |
| III | **വനഭൂമിയുടെ ഫണ്ടിന്റെ അറ്റാദായമൂല്യം** | | |
| | ഭാഗംA-NPV- ഫണ്ടിന്റെ 80% ൽ കുറയാത്ത പ്രവർത്തനങ്ങൾ | | |
| i | സ്വാഭാവിക വനങ്ങളിലേയ്ക്ക് ഏകവിള തോട്ടങ്ങളുടെ പരിസ്ഥിതി പുനഃസ്ഥാപിക്കൽ | | |
| 1 | ഏകവിള തോട്ടങ്ങളിലെ പാരിസ്ഥിതിക പുനരുദ്ധാരണ പ്രവർത്തനങ്ങൾ (സൃഷ്ടി-തദ്ദേശീയമായി / ഇതര ഇനങ്ങൾ നട്ടുപിടിപ്പിച്ച് / തയ്യാറാക്കൽ പ്രവൃത്തികൾ) | 319.85 | 315.02 |
| 2 | ഏകവിള തോട്ടങ്ങളിലെ പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ (പരിപാലനം) | 152.45 | 150.61 |
| | **ആകെ** | **472.3** | **465.63** |
| ii | ഫണ്ടിന്റെ 80% ൽ കുറയാത്ത പ്രവർത്ത നങ്ങൾ നാശം സംഭവിച്ച കണ്ടൽക്കാടുക ളുടെ വർദ്ധനവും വച്ചുനടീലും | 5.00 | 0.93 |
| | **ആകെ** | 5.00 | 0.93 |
| iii | ഉൽപ്പാദന മേഖലകളിലെ ഗവേഷണ പ്ലോട്ടുകളുടെയും വിത്തുകളുടെയും സംരക്ഷണം | 4.4 | 4.4 |
| | **ആകെ** | **4.4** | **4.4** |
| iv | വേട്ടയാടൽ തടയൽ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വനസംരക്ഷണവും പ്രതിരോധവും ശക്തിപ്പെടുത്തുക | | |
| 1 | ഇന്റർ ഡിവിഷനുകളിലും അന്തർസംസ്ഥാന വനാതിർത്തികളിലും സംയുക്ത പട്രോളിംഗും റെയ്ഡുകളും സംഘടിപ്പിക്കുക | 23.02 | 22.06 |
| | **ആകെ** | **23.02** | **22.06** |
| v | **അംഗീകൃത വന്യജീവി മാനേജ്മെന്റ് പ്ലാൻ / വർക്കിംഗ് പ്ലാൻ നിർദ്ദേശിച്ചിട്ടുള്ള വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തൽ** | | |
| 1 | വയലിന്റെ പരിപാലനം (സസ്യഭുക്കുകൾക്ക് തീറ്റയുടെ ഉറവിടമായ ചതുപ്പുനിലങ്ങൾ) | 15.30 | 15.1 |
| 2 | വിദേശ കളകളുടെ നീക്കം | 43.55 | 42.94 |
| | **ആകെ** | **58.85** | **58.04** |

| | | | |
|---|---|---|---|
| vi | കാട്ടുതീ തടയലും നിയന്ത്രണ പ്രവർത്തനങ്ങളും | | |
| 1 | ഫോറസ്റ്റ് മാനേജ്മെന്റിന്റെ പങ്കാളിത്തത്തിലൂടെ അഗ്നിശമന സംഘങ്ങളെ ഉൾപ്പെടുത്തുക | 214.91 | 262.72 |
| 2 | അഗ്നിശമന ബോധവൽക്കരണ കാമ്പയിനുകൾ | 8.00 | 7.97 |
| 3 | അഗ്നിശമന ഉപകരണങ്ങൾ | 61.12 | 60.69 |
| 4 | ഫയർലൈൻ /ഫയർ ബ്രേക്ക് നിർമ്മാണം | 129.48 | 128.15 |
| | **ആകെ** | **413.51** | **459.53** |
| vii | **മനുഷ്യ-മൃഗങ്ങളുടെ സംഘർഷ ലഘൂകരണം** | | |
| 1 | വന്യമൃഗങ്ങൾക്കുള്ള അനിമൽ റെസ്ക്യൂ സെന്റർ സ്ഥാപനം പ്രവർത്തനം, പരിപാലനം, മൃഗസംരക്ഷണ കേന്ദ്രം, വെറ്ററിനറി ചികിത്സാ സൗകര്യങ്ങൾ | 100.00 | 98.2 |
| 2 | ഉപകരണങ്ങൾ വാങ്ങൽ /റാപ്പിഡ് റെസ്പോൺസ് ടീമുകൾക്കുള്ള (RRTS) റേഷൻ | 28.11 | 27.02 |
| 3 | മൃഗങ്ങളെ രക്ഷിക്കുന്നതിനും മൃഗസംരക്ഷണത്തിനുമായി ഫീൽഡ് ഉപ കരണങ്ങളും മരുന്നുകളും നൽകുന്നു. | 7.50 | 6.97 |
| 4 | മനുഷ്യ-മൃഗസംഘർഷം ലഘൂകരിക്കാൻ വാച്ചർമാരെ നിയമിക്കുന്നതിന് | 210 | 209.39 |
| | **ആകെ** | **345.61** | **341.58** |
| viii | **വനം വന്യജീവി സംരക്ഷണം** | | |
| 1 | മണ്ണും ഈർപ്പവും സംരക്ഷണം കുഴികൽ /വാട്ടർഹോൾസ് ചെളി നീക്കൽ & ക്ലീനിംഗ് | 13.00 | 7.37 |
| | **ആകെ** | 13.00 | 7.37 |
| | **ആകെ പാർട്ട്- A എൻ.പി.വി. ഫ് 80 ശതമാനത്തിൽ കുറയാത്ത കാറ്റഗറി യിലെ നപടികൾ** | **1335.69** | **1359.54** |
| | പാർട്ട്-ബി. എൻ. പി.വി ഫ് 20 ശതമാന ത്തിൽ കുറവ് കാറ്റഗറിയിലെ നപടികൾ | | |
| ix | മെച്ചപ്പെട്ട കണക്ടിവിറ്റി (പാലങ്ങൾ റോഡുകൾ, വാർത്താവിനിമയം ഉൾപ്പെടെ യുള്ളവയ്ക്കുള്ള റോഡുകളുടെ മെയിന്റനൻസ് | | |
| 1 | കാട്ടിലെ റോഡുകളുടെ മെയിന്റനൻസ് | 15.00 | 14.27 |
| 2 | ട്രെക്ക് പാതകൾ /പട്രോളിംഗ് റൂട്ടുകൾ എന്നിവയുടെ മെയിന്റനൻസ് | 30.60 | 30.43 |
| | **ആകെ** | **45.60** | **44.70** |
| 3 | ആദിവാസി കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം, ജില്ലാ സ്ഥിരം നഴ്സറി സ്ഥാപിക്കൽ | 72.30 | 83.52 |

| | | | |
|---|---|---|---|
| 4 | നിരീക്ഷണവും മൂല്യനിർവഹണവും | 30.00 | 16.00 |
| | **ആകെ** | **102.30** | **99.52** |
| | ആകെ പാർട്ട് ബി 20 ശതമാനത്തിൽ കൂടാത്ത NPV ഫണ്ട് കാറ്റഗറിയിലെ പ്രവർത്തനങ്ങൾ | **147.90** | **144.22** |
| | **ആകെ** | **1483.59** | **1503.76** |
| **IV** | **പലിശ ഫണ്ട് വിഭാഗം** | | |
| **A** | ഭാഗം എ ഫണ്ട് വിഭാഗത്തിന്റെ 60 ശതമാനത്തിൽ കുറയാത്ത പ്രവർത്തനങ്ങൾ | | |
| **i** | CA -യുടെ വർദ്ധിച്ചു വരുന്ന ചെലവ് നികത്താൻ CA -യുടെ ശിക്ഷാ സംബന്ധമായവ, CAT പ്ലാന്റ്, സി.ഇ.ഒ-യുടേയും സ്റ്റാഫിന്റെയും ശമ്പളം തുടങ്ങിയവ | 10.70 | 8.94 |
| | **ആകെ** | **10.70** | **8.94** |
| | ആകെ പാർട്ട് എ 60 ശതമാനത്തിൽ കുറയാത്ത ഫണ്ട് കാറ്റഗറിയിലെ നടപടികൾക്ക് | 10.70 | 8.94 |
| **B** | ആകെ പാർട്ട് ബി 40 ശതമാനത്തിൽ കുറയാത്ത ഫണ്ട് കാറ്റഗറിയിലെ പ്രവർത്തനങ്ങൾ | 6.00 | 3.82 |
| | മൊത്തം പലിശ ഫണ്ട് ഭാഗം | 16.70 | 12.76 |
| | **ആകെ മൊത്തം** | **1608.00** | **1603.21** |

## 4.11 വിജിലൻസ് വിഭാഗം

- ഉദ്യോഗസ്ഥരുടെ സ്വജനപക്ഷപാതം.
- സർക്കാർ വസ്തുവകകൾക്ക് അന്യായമായി നഷ്ടം ഉണ്ടാക്കുക, വരുമാന നഷ്ടമുണ്ടാക്കുക, സാധ്യത ഉണ്ടാക്കുക.
- തെറ്റായ രീതിയിൽ റ്റി.എ, വീട്ടുവാടക തുടങ്ങിയവ കൈപ്പറ്റുക.
- പെരുമാറ്റം ദൃഷ്യമോ അധികാര ദുർവിനിയോഗങ്ങളോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക.
- സർക്കാർ നടപടികളിൽ അനാവശ്യമായ കാലതാമസം വരുത്തുക.
- സർക്കാർ വസ്തുവകകൾ ദുർവിനിയോഗം നടത്തുകയോ ദുരുപയോഗം ചെയ്യുകയോ ചെയ്യൽ.
- ജോലിയിൽ തികഞ്ഞ അവഗണനയോ കടുത്ത അനാസ്ഥയോ കൃത്യ വിലോപമോ ചെയ്യുക.
- തെറ്റായതോ നിയമ വിരുദ്ധമായതോ ആയ പെരുമാറ്റം.
- മുകളിൽ സൂചിപ്പിച്ച കുറ്റങ്ങൾക്ക് പ്രേരണ നൽകുക.
- നിയമ വിരുദ്ധമായി വനവിഭവങ്ങളുടെ കടത്ത്.

### 4.11.1 വനം ഇന്റലിജൻസ് സെൽ

ഗുരുതരമായ വന കുറ്റകൃത്യങ്ങളും, വനം ഇന്റലിജൻസ് സെൽ വഴി ശേഖരിക്കുന്ന രഹസ്യങ്ങളുടെ അടിസ്ഥാനത്തിൽ വന്യജീവികൾക്കെതിരേയുള്ള കുറ്റകൃത്യങ്ങളും കണ്ടുപിടിക്കാനും, പ്രതികളെ അറസ്റ്റ് ചെയ്യാനും വളരെയധികം സഹായിച്ചിട്ടുണ്ട്.

ഇത്തരത്തിൽ രഹസ്യ വിവരം നൽകിയവർക്ക് 2021-22 കാലയളവിൽ 1,80,000 രൂപ നൽകിയിട്ടുണ്ട്.

## പട്ടിക-38

## ഫോറസ്റ്റ് ഇന്റലിജൻസ് സെൽ പിടിച്ചെടുത്ത കള്ളക്കടത്തു വസ്തുക്കൾ 2021-22

| ക്രമ നം. | പിടിച്ചെടുത്ത സാധനങ്ങൾ | പിടിച്ചെടുത്ത അധികാരി | ഒ.ആർ. നം |
|---|---|---|---|
| 1 | 2 ആനക്കൊമ്പുകൾ | തൊടുപുഴ, കോതമംഗലം ഫ്ലയിംഗ് സ്ക്വാഡും ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലും | ഒ.ആർ. 03/2021 |
| 2 | 2 കുഞ്ഞുമയിലും, 3 തത്തകളും | തൊടുപുഴ ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച് | ഒ.ആർ. 17/2021 |
| 3 | 4 ആനക്കൊമ്പുകളും കലമാനിന്റെ കൊമ്പും | മൂന്നാർ ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ചും ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലും | ഒ.ആർ. 12/2022 |
| 4 | കൊമ്പുകളുള്ള പഴയ തലയോട്ടിയും കലമാനിന്റെ പഴയ 4 തലയോട്ടികളും | ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച് ചുള്ളിമാന്നൂർ | ഒ.ആർ. 01/2021 |
| 5 | 17 ചന്ദന മരക്കഷണങ്ങളും (40.3 കിലോ) 5.7 കിലോ വരുന്ന ഒരു ചെറിയ കഷ്ണവും | ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച് ചുള്ളിമാന്നൂർ | ഒ.ആർ. 02/2021 |
| 6 | ചന്ദന മരം (199.2 കിലോ) | ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച്, കൽപ്പറ്റ | ഒ.ആർ. 02/2021 |
| 7 | 2 ആനക്കൊമ്പുകൾ | ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച്, കൽപ്പറ്റ | ഒ.ആർ. 01/2021 |
| 8 | 9 കിലോ ആംബർഗ്രീസ് | ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച്, കണ്ണൂർ | ഒ.ആർ. 01/2021 |
| 9 | ദ്രവിച്ച തലയോട്ടിയോടു കൂടിയ മാൻ കൊമ്പ് (right side 77cm, left side 81cm, in the middle 13 | ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച്, കണ്ണൂർ | ഒ.ആർ. 03/2021 |
| 10 | ചന്ദന മരക്കഷണങ്ങൾ | ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച്, നെല്ലിയാമ്പതി | ഒ.ആർ. 01/2021 |
| 11 | ദശാവതാരത്തിന്റെ ആനക്കൊമ്പ് ശിൽപങ്ങൾ | ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച്, പാലക്കാട് | ഒ.ആർ. 01/2021 |
| 12 | ചന്ദന മരക്കഷണങ്ങൾ | ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച്, പാലക്കാട് | ഒ.ആർ. 02/2021 |
| 13 | ആനക്കൊമ്പ് | ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച്, പാലക്കാട് | ഒ.ആർ. 03/2021 |
| 14 | KL 44-B-8778 Hundai Eon Car, KL-08-B-619 Maruthi Swift Car, മൊബൈൽ ഫോൺ 6 എണ്ണം,ഒരു പ്ലാസ്റ്റിക് കവർ, ഒരു കാവി മുണ്ട്, 2 ആനക്കൊമ്പുകൾ | ഫ്ലൈയിംഗ് സ്ക്വാഡ്, തൃശ്ശൂർ | FST ഒ.ആർ. 01/2022 |
| 15 | 14 കിലോ കടൽ വെള്ളരി | ഫ്ലൈയിംഗ് സ്ക്വാഡ്, പെരുമ്പാവൂർ | ഒ.ആർ. 01/2022 |
| 16 | 93 കിലോ ചന്ദന മരക്കഷണങ്ങൾ | ഫ്ലൈയിംഗ് സ്ക്വാഡ്, പെരുമ്പാവൂർ | ഒ.ആർ. 02/2022 |
| 17 | ഒരു പെരുമ്പാമ്പ് | ഫ്ലൈയിംഗ് സ്ക്വാഡ്, പെരുമ്പാവൂർ | ഒ.ആർ. 03/2022 |

ഇതിനുപുറമെ, അനധികൃത വാറ്റ്തടയുന്നതിനും കഞ്ചാവ് ചെടികൾ നശിപ്പിക്കുന്നതിനുമായി ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകൾ സംസ്ഥാനം ഒട്ടാകെ 136 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. കാട്ടുവിഭവങ്ങൾ കടത്തിക്കൊണ്ടുപോകാനുപയോഗിച്ച നിരവധി വാഹനങ്ങളും പിടികൂടുകയുണ്ടായി.

### 4.11.2 ടോൾ ഫ്രീ ടെലിഫോൺ സൗകര്യം

പൊതുജനങ്ങളിൽ നിന്ന് പരാതികളും വിവരങ്ങളും സ്വീകരിക്കുന്നതിനായി തിരുവനന്തപുരം വനം ആസ്ഥാനത്ത് 1800 425 4733 എന്ന ഒരു ടോൾഫ്രീ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗകര്യമാണ്. ഇതിൽ ലഭിക്കുന്ന പരാതികളും അറിയിപ്പുകളും പ്രിന്റ് ചെയ്യപ്പെടുകയും തുടർനടപടികൾക്കായി അതാത് ഫീൽഡ് ഓഫീസർക്ക് കൈമാറുകയും ചെയ്യും. 2016 മുതലാണ് ടോൾഫ്രീ ടെലിഫോൺ സംവിധാനം നിലവിൽ വന്നത്. 2021-22-ൽ ആകെ 122 പരാതികൾ ഇതിലൂടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

2021-22ൽ 640 പരാതികളും ക്രമകേടുകളും അന്വേഷിച്ചിട്ടുണ്ട്. അവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

**പട്ടിക-39**

**വിജിലൻസ് വിഭാഗം അന്വേഷിച്ച പരാതികൾ/ ക്രമക്കേടുകൾ 2021-22**

| ക്രമ നം | വിശദവിവരം | കേസുകളുടെ എണ്ണം |
|---|---|---|
| 1 | അനധികൃത മരംമുറിയും വനവിഭവങ്ങൾ കടത്തിക്കൊണ്ടുപോകുകയും ചെയ്യുത് | 50 |
| 2 | നിക്ഷിപ്ത വനങ്ങളിലെ കയ്യേറ്റം | 19 |
| 3 | വനത്തിലെ ജോലികൾക്കുള്ള തുകയിൽ ക്രമക്കേടുകൾ സർക്കാർ പണം തിരിമറി നടത്തിയത് | 25 |
| 4 | വകുപ്പ് ജോലികൾ ചെയ്യുതിലെ തിരിമറി | 28 |
| 5 | ഫൈനൽ ഫെല്ലിങ്ങിനു ശേഷം അവ കൈമാറുമ്പോൾ നടക്കുന്ന ക്രമക്കേടിന് കൂട്ടുനിൽക്കൽ | 2 |
| 6 | കൂപ്പിലെ തടികൈമാറ്റം-വിൽപ്പന | 0 |
| 7 | കാട്ടാനയുടെയും മറ്റുമൃഗങ്ങളുടെയും പേരിൽ കൃത്രിമം | 5 |
| 8 | കാട്ടാനയെയും മറ്റ് മൃഗങ്ങളെയും വെടിവയ്ക്കൽ | 0 |
| 9 | കീഴ്ജീവനക്കാരുടെ അപമര്യാദയായ പെരുമാറ്റം | 21 |
| 10 | സർക്കാർ ഉടമസ്ഥതയിലുള്ള വനവിഭവങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോകുക | 5 |
| 11 | ലേലത്തിൽ നടക്കുന്ന അഴിമതി | 4 |
| 12 | ആക്രമണങ്ങൾ പീഡനങ്ങൾ തുടങ്ങിയവ | 0 |
| 13 | മറ്റു തരത്തിലുള്ള പരാതികൾ | 241 |
| 14 | കെ.പി.റ്റി റൂളുകൾ/ആക്ട് എന്നിവയുടെ ലംഘനം | 5 |
| 15 | വന്യജീവി നിയമ ലംഘനം | 38 |
| 16 | അനധികൃത വാറ്റ് | 4 |
| 17 | ആദിവാസികൾക്ക് എതിരേയുള്ള പീഡനം | 1 |
| 18 | വന്യമൃഗങ്ങൾക്കെതിരേയുള്ള ക്രൂരത | 0 |
| 19 | അനധികൃതമായി പാറയും മണലും ശേഖരിക്കുക | 1 |
| 20 | കഞ്ചാവുകൃഷി | 1 |
| 21 | നോട്ടിഫൈഡ് വില്ലേജിലെ സ്വകാര്യ ഭൂമിയിൽനിന്നും മരങ്ങൾ മുറിച്ച്കടത്തുന്നതും റിസർവ് ചെയ്തിട്ടുള്ള മരങ്ങൾ മുറിച്ച് സൂക്ഷിക്കുന്നതും കടത്തുന്നതും സംബന്ധിച്ച് | 28 |
| 22 | വനം ഉദ്യോഗസ്ഥർക്കെതിരേയുള്ള പരാതികൾ | 151 |
| 23 | വനം സംരക്ഷണ സമിതിക്ക് (VSS) എതിരേയുള്ള പരാതികൾ | 5 |

| | | |
|---|---|---|
| 24 | മുളയും ഈറയും കടത്തിക്കൊണ്ടുപോയതു സംബന്ധിച്ച കേസുകൾ | 2 |
| 25 | പെരിയാറിൽ നിന്ന് അനധികൃതമായി വെള്ളം തിരിച്ചുവിടൽ | 0 |
| 26 | പത്രക്കുറിപ്പ് | 1 |
| 27 | സർക്കാരിന്റേതല്ലാത്ത വനവിഭവങ്ങളുടെ അനധികൃതകടത്ത് | 0 |
| 28 | കഞ്ചാവ്കൃഷിയും വ്യാജ ചാരായ വിൽപനയും | 1 |
| 29 | തംഗ്യയിലെ ക്രമക്കേടുകളും മറ്റു കേസുകളും | 0 |
| 30 | കാട്ടുതീ | 0 |
| 31 | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം | 0 |
| 32 | ലൈസൻസ് ഇല്ലാത്ത തോക്ക് കൈവശം വയ്ക്കൽ | 1 |
| 33 | അനധികൃത മണൽ കടത്ത് | 1 |
| 34 | ധന ദുർവിനിയോഗം | 0 |
| ആകെ | | 640 |

### 4.12 വർക്കിംഗ് പ്ലാൻ&റിസർച്ച് വിംഗ്

വനം വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട നയങ്ങളുടെ തുടർച്ച ഉറപ്പുവരുത്തുന്ന തരത്തിലും വനപരിപാലനത്തിന് ശാസ്ത്രീയമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും എഴുതി തയ്യാറാക്കുന്ന രേഖയാണ് വർക്കിംഗ് പ്ലാൻ. കേരളത്തിലെ വിവിധ വനം ഡിവിഷനുകളുടെ വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തികൾ വർക്കിംഗ് പ്ലാൻ ആൻഡ് റിസർച്ച് വിഭാഗം ആണ് ചെയ്തു വരുന്നത്. ഇതിനു പുറമേ കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടയിൽ വിവിധ സ്ഥലങ്ങളിൽ വനശാസ്ത്ര ഗവേഷണവും വനപരിപാലനവുമായി ബന്ധപ്പെട്ട പെർമനന്റ് ഒബ്സർവേഷൻ പ്ലോട്ടുകൾ, ദീർഘകാല നിരീക്ഷണത്തിനായുള്ള പ്ലോട്ടുകൾ, പുതിയ ഇനങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനുള്ള ഗവേഷണം എന്നിവയൊക്കെ വർക്കിംഗ് പ്ലാൻ ആൻഡ് റിസർച്ച് വിഭാഗം ഏറ്റെടുത്ത് നടത്തിവരുന്നു. ഇത്തരത്തിൽ ഓരോ പ്ലോട്ടിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ ശാസ്ത്രീയമായി അവലോകനം ചെയ്യുന്നത് വനപരിപാലനത്തിന് ശാസ്ത്രീയവും സാങ്കേതികവുമായ അടിത്തറ ഉണ്ടാക്കുന്നതിന് സഹായകരമാകും എന്നാണ് കാണുന്നത്. റിസർച്ച് പ്ലോട്ടുകളുടെ അവലോകനത്തിനായി രൂപീകരിച്ച സാങ്കേതിക സമിതി, ഈ വർഷം ഈ പ്ലോട്ടുകൾ എല്ലാം തന്നെ പുനഃ പരിശോധിക്കുകയും വിലയിരുത്തൽ നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

TBGRI, KFRI, KAU, College of Forestry, IFGTB തുടങ്ങിയ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ഒരു ഇൻറർഫേസ് ആയി പ്രവർത്തിക്കുന്നത് ഈ വിഭാഗത്തിന്റെ രണ്ട് ഗവേഷണ ഡിവിഷനുകളാണ്. ഈ ഡിവിഷനുകൾ പ്രാദേശിക ഫീൽഡ് സാഹചര്യങ്ങളിൽ പല ഗവേഷണ കണ്ടെത്തലുകളുടെ ഫലപ്രാപ്തി പരിശോധിക്കുന്നതിനായി മൾട്ടി ലൊക്കേഷൻ ട്രയലുകൾ നടത്തിയിരുന്നു. പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സീഡ് സെൻറർ നടത്തി വരുന്നത് ഡെപ്യൂട്ടി കൺസർവേറ്റർ ഫോറസ്റ്റ് റിസർച്ച് തൃശ്ശൂർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ എന്നിവർ സംയുക്തമായി ആണ്.

#### 2021 - 22-ലെ പ്രധാന നേട്ടങ്ങൾ

**a. തേക്ക് വിത്ത് ശേഖരണം കാര്യക്ഷമമാക്കുന്നതിനുള്ള പ്രോട്ടോകോൾ തയ്യാറാക്കിയത് സംബന്ധിച്ച്**

സ്ഥലം തെരഞ്ഞെടുക്കുന്നതും മണ്ണിന്റെ ശോഷണം തടയുന്നതും അനുയോജ്യമല്ലാത്ത സ്ഥലങ്ങളിൽ വീണ്ടും നടുന്നത് ഒഴിവാക്കുന്നതും കൃത്യസമയത്ത് ഇടമുറിക്കലും അടച്ചുമുറി നടത്തുന്നതും നശിച്ചു പോയ ചെടികൾക്ക് പകരം കൃത്യസമയത്ത് ചെടികൾ വച്ചു പിടിപ്പിക്കുന്നതും കള നിയന്ത്രണവും വളപ്രയോഗവും യഥാസമയം നടത്തുന്നതും ഉൾപ്പെടെയുള്ള ഘടകങ്ങൾക്ക് പുറമേ വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഗുണനിലവാരമാണ് ഒരു തേക്ക് തോട്ടത്തിന്റെ വിജയസാധ്യതയെ നിർണയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം. തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ (Good Provenance) നിന്ന് യഥാസമയം ഗുണമേന്മയേറിയ വിത്തുകൾ ശേഖരിച്ച് കൃത്യമായ പരിചരണവും നഴ്സറിയിൽ കൃത്യമായ പരിപാലനവും നൽകിയാൽ മാത്രമേ ഗുണമേന്മയുള്ള സ്റ്റമ്പുകളും തൈകളും ഉത്പാദിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

തെരഞ്ഞെടുക്കപ്പെട്ട ടീക് സീഡ് പ്രൊഡക്ഷൻ ഏരിയകളിൽ (TSPA) നിന്നും തേക്ക് വിത്ത് ശേഖരിക്കുന്നതിന് വനം വകുപ്പ് ചില അംഗീകൃത മാനദണ്ഡങ്ങൾ പിന്തുടർന്ന് വരുന്നുണ്ട്. ഒരു നടീൽ വസ്തു എന്ന നിലയിൽ കാലാകാലങ്ങളിലായി അംഗീകരിച്ചു വന്നിരുന്ന സ്റ്റമ്പുകൾക്ക് പകരം റൂട്ട് ട്രെയിനർ തൈകൾ ആണ് ഉചിതമെന്ന കണ്ടെത്തൽ നിലവിലെ സിൽവികൾച്ചറൽ രീതികൾക്ക് മാറ്റം

വേണം എന്നതിലേക്ക് വിരൽ ചൂണ്ടുന്നു. കൂടാതെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിലും വനത്തിന് പുറത്തെ പ്രദേശങ്ങളിലും തൈ നടീൽ വർദ്ധിച്ചുവരുന്ന ഇക്കാലയളവിൽ തൈകളുടെ ഉൽപാദനവും കൂടി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. തേക്ക് വിത്ത് ലഭ്യതയെ സംബന്ധിച്ച് അതിന്റെ അളവും, ഗുണമേന്മയും, ലഭ്യമാകുന്ന കാലയളവിലും വളരെയധികം ഏറ്റക്കുറച്ചിലുകളും വ്യതിയാനങ്ങളും കണ്ടുവരുന്നുണ്ട്. തേക്ക് വിത്ത് അതിന്റെ ഗുണമേന്മ നഷ്ടപ്പെടാതെ ദീർഘകാല ത്തേക്ക് ശാസ്ത്രീയമായി സൂക്ഷിക്കുന്നതിന് തൃശ്ശൂരിൽ ഉള്ള കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സീഡ് സെന്ററിൽ ഒരു കോൾഡ് സ്റ്റോറേജ് സൗകര്യം ആരംഭിച്ചു. ഈ ലക്ഷ്യത്തിലേക്കായി തേക്ക് വിത്ത് ശേഖരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് PCCF & HoFF19-01-2022 തീയ തിയിൽ 2/2022 നമ്പർ സർക്കുലർ പുറത്തിറക്കിയിരുന്നു.

b. **കേരള വനം വകുപ്പ് റിസർച്ച് വിഭാഗം പരിപാലിക്കുന്ന റിസർച്ച് പ്ലോട്ടുകളുടെ വിലയിരുത്തൽ**

കേരള വനം വന്യജീവി വകുപ്പിന്റെ വിവിധ ഗവേഷണ പരിപാടികളുടെ ഭാഗമായി, തൃശ്ശൂരിലെ റിസർ ച്ച് (നോർത്ത്) ഡിവിഷൻ 103 പ്ലോട്ടുകളും (45 റിസർച്ച് പ്ലോട്ടുകൾ, 28 തേക്ക് വിത്ത് ഉൽപ്പാദന മേഖ ലകൾ, 8 ക്ലോണൽ/തൈത്തോട്ടങ്ങൾ, 8 പ്രൊവെനൻസ്/പ്രോജനി ട്രയൽ പ്ലോട്ടുകൾ, 14 സ്ഥിരം സംരക്ഷണ പ്ലോട്ടുകൾ) തിരുവനന്തപുരത്തെ റിസർച്ച് (സൗത്ത്) ഡിവിഷൻ 108 പ്ലോട്ടുകളും (64 റിസർച്ച് പ്ലോട്ടുകൾ, 16 തേക്ക് വിത്ത് ഉൽപാദന മേഖലകൾ, 15 ക്ലോണൽ /തൈൽ തോട്ടങ്ങൾ, 4 പ്രൊവെനൻസ്/പ്രൊജെനി ട്രയൽ പ്ലോട്ടുകൾ, 9 സ്ഥിരം സംരക്ഷണ പ്ലോട്ടുകൾ) സംരക്ഷിച്ചു വരു ന്നുണ്ട്.

PCCF & HoFF-ന്റെ 04.09.2021 ലെ ഉത്തരവ് നമ്പർ WA-3218/2021 പ്രകാരം, കേരള വനം വന്യ ജീവി വകുപ്പ് ഗവേഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സമകാലിക പ്രസ ക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുമായി ഒരു ഇവാലുവേഷൻ കമ്മിറ്റി രൂപീകരിച്ചു. ഈ റിസർച്ച് പ്ലോട്ടുകൾ ഓരോന്നും സന്ദർശിക്കുകയും അവ വിലയിരുത്തുകയും ഈ പ്ലോട്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഭാവി നടപടികളെക്കുറിച്ച് ശുപാർശകൾ നൽകുകയും ചെയ്യുക എന്നതായിരുന്നു മൂല്യനിർണ്ണയ സമിതിയുടെ പ്രധാന ചുമതല .

സമിതി ഈ 211 പ്ലോട്ടുകളിൽ ഓരോന്നും പരിശോധിച്ച് അവയുടെ നിലവിലെ സ്ഥിതി വിലയിരുത്തി അവരുടെ കണ്ടെത്തലുകളും ശുപാർശകളും സമർപ്പിക്കുകയും ടി ശുപാർശകൾഉന്നതതല ചർച്ച കൾക്കും ആവശ്യമായ പരിഷ്ക്കരണങ്ങൾക്കും ശേഷം 21.03.2022-ലെ ഉത്തരവ് നമ്പർ WA - 3218/2021 പ്രകാരം, PCCF & HoFF അംഗീകരിച്ചു ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

1. **വർക്കിംഗ് പ്ലാൻ ഓഫീസ്, പുനലൂർ**

2021-22 വർഷത്തിൽ അച്ചൻകോവിൽ, മാങ്കുളം എന്നീ രണ്ട് വർക്കിംഗ് പ്ലാനുകൾ തയാറാക്കുന്നതു മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസർ മുഖേന നടന്നു.31.12.2021 ലെ F(C) A/11.6/33/WP/KER/1222 ഉത്തരവ് പ്രകാരം അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷന്റെ (2018-19 മുതൽ 2030-31 വരെ) വർക്കിംഗ് പ്ലാൻ MoEF & CC അംഗീകരിച്ചു. മാങ്കുളം ഫോറസ്റ്റ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻതയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. **വർക്കിംഗ് പ്ലാൻ ഓഫീസ്, അച്ചൻകോവിൽ**

2021-22 വർഷത്തിൽ, തിരുവനന്തപുരം, തെന്മല, പുനലൂർ എന്നീ മൂന്നു വർക്കിംഗ് പ്ലാനുകൾ തയാറാ ക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അച്ചൻകോവിൽ വർക്കിംഗ് പ്ലാൻ ഓഫീസർ മുഖേന നടന്നു. തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ (2017-18 മുതൽ 2030-31 വരെ) 31.01.22 തീയ തിയിലെ F(C) A/11.6/5/WP/KER/1354 ഉത്തരവ് പ്രകാരവും, തെന്മല ഫോറസ്റ്റ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ (2019-20 മുതൽ 2030-31 വരെ) 04.04.22 തീയതിയിലെ F(C) A/11.6/38/WP/KER/16 ഉത്തരവ് പ്രകാരവും MoEF & CC അംഗീകരിച്ചു. പുനലൂർ ഫോറസ്റ്റ് ഡിവിഷന്റെ 2021-22 മുതൽ 2030-31 വരെയുള്ള വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

3. **വർക്കിംഗ് പ്ലാൻ ഓഫീസ്, മൂന്നാർ**

മൂന്നാർ ഫോറസ്റ്റ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മൂന്നാർ വർക്കിംഗ് പ്ലാൻ ഓഫീസർ മുഖേന നടന്നു വരുന്നു.ഇതിനുപുറമെ, EFL സെക്ഷൻ 10(a) അപേക്ഷ കളിലെ പരിശോധന പൂർത്തിയാക്കുകയും ഏകീകൃത പരിശോധനാ റിപ്പോർട്ടുകൾ HOFF, EFL Custodian എന്നിവർക്ക് സമർപ്പിക്കുകയും ചെയ്തു.

4. **വർക്കിംഗ് പ്ലാൻ ഓഫീസ്, പാലക്കാട്**

2021-22 വർഷത്തിൽ, പാലക്കാട് ഫോറസ്റ്റ് ഡിവിഷന്റെ (2019-20 മുതൽ 2029-30 വരെ) വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുകയും 03.12.2021 തീയതിയിലെ F(C) A/11.6/40/WP/

ട്വർക്കിംഗ് പ്ലാൻ ഓഫീസർ, EFL സെക്ഷൻ 10(എ) അപേക്ഷകളിൽ പരിശോധന നടത്തുകയും ഏകീകൃത പരിശോധനാ റിപ്പോർട്ടുകൾ HOFF, EFL Custodian എന്നിവർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

5. **വർക്കിംഗ് പ്ലാൻ ഓഫീസ്, കോഴിക്കോട്**

2021-22 വർഷത്തിൽ, കോഴിക്കോട്, കണ്ണൂർ എന്നീ രണ്ടു വർക്കിംഗ് പ്ലാനുകൾ തയാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോഴിക്കോട് വർക്കിംഗ് പ്ലാൻ ഓഫീസർ മുഖേന ആരംഭിച്ചു. കോഴിക്കോട് ഫോറസ്റ്റ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്.

6. **ഡിസിഎഫ് (റിസർച്ച് നോർത്ത്), തൃശ്ശൂർ**

വിവിധ ഗവേഷണ പരിപാടികളുടെ ഭാഗമായി റിസർച്ച് നോർത്ത് ഡിവിഷൻ 103 പ്ലോട്ടുകൾ സംരക്ഷിച്ചു വരുന്നുണ്ട്. പ്ലോട്ടുകളും പ്രോജക്ടുകളും വിലയിരുത്തുന്നതിനും ഭാവി നടപടികൾ തീരുമാനിക്കുന്നതിനുമായി PCCF & HoFF-ന്റെ 04.09.2021 തീയതിയിലെ W.A-3218/2021 നമ്പർ ഉത്തരവ് പ്രകാരം ഒരു റിസർച്ച് ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിച്ചു.കമ്മിറ്റി എല്ലാ ഗവേഷണ പ്ലോട്ടുകളും വിലയിരുത്തുകയും ശുപാർശകൾ നൽകുകയും ചെയ്തു. ഡിവിഷനിലെ 103 ഗവേഷണ പ്ലോട്ടുകളിൽ, 59 ഗവേഷണ പ്ലോട്ടുകൾ നിലനിർത്താനും 47 (3 ഭാഗിക പ്ലോട്ടുകൾ) ഗവേഷണ പ്ലോട്ടുകൾ അതാത് ടെറിട്ടോറിയൽ വൈൽഡ് ലൈഫ് വിഭാഗങ്ങൾക്ക് കൈമാറാനും കമ്മിറ്റി ശുപാർശ ചെയ്തു.

2021-22 ൽ റിസർച്ച് നോർത്ത് ഡിവിഷന്റെ അധികാരപരിധിയിലുള്ള വിവിധ ഡിവിഷനുകളിൽ നിന്ന് ആവശ്യാനുസരണം 2,742 കിലോഗ്രാം ഗ്രേഡഡ് തേക്ക് വിത്തുകൾ വിതരണത്തിന് തയ്യാറായി. കൂടാതെ പീച്ചിയിലുള്ള കേരള ഫോറസ്റ്റ് സീഡ് സെന്ററിലെ ക്രയോ പ്രിസർവേഷൻ യൂണിറ്റിൽ 517 കിലോഗ്രാം വിത്ത് സംഭരിച്ചിട്ടുണ്ട്.

7. **ഡിസിഎഫ് (റിസർച്ച് സൗത്ത്), തിരുവനന്തപുരം**

വിവിധ ഗവേഷണ പരിപാടികളുടെ ഭാഗമായി റിസർച്ച് സൗത്ത് ഡിവിഷൻ 108 പ്ലോട്ടുകൾ സംരക്ഷിച്ചു വരുന്നുണ്ട്. പ്ലോട്ടുകളും പ്രോജക്ടുകളും വിലയിരുത്തുന്നതിനും ഭാവി നടപടികൾ തീരുമാനിക്കുന്നതിനുമായി PCCF & HoFF-ന്റെ 04.09.2021 തീയതിയിലെ W.A-3218/2021 നമ്പർ ഉത്തരവ് പ്രകാരം ഒരു റിസർച്ച് ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റി എല്ലാ ഗവേഷണ പ്ലോട്ടുകളും വിലയിരുത്തുകയും ശുപാർശകൾ നൽകുകയും ചെയ്തു. ഡിവിഷനിലെ 108 ഗവേഷണ പ്ലോട്ടുകളിൽ 61 ഗവേഷണ പ്ലോട്ടുകൾ നിലനിർത്താനും 47 ഗവേഷണ പ്ലോട്ടുകൾ അതാത് ടെറിട്ടോറിയൽ വൈൽഡ് ലൈഫ് വിഭാഗങ്ങൾക്ക് കൈമാറാനും കമ്മിറ്റി ശുപാർശ ചെയ്തു.

2021-2022 കാലയളവിൽ, ഡിവിഷൻ ഗുണനിലവാരമുള്ള 5258.51 കിലോ തേക്ക് വിത്തും 134.33 കിലോ ചന്ദന വിത്തും ശേഖരിച്ച് KFRI ക്ക് കൈമാറി.

8. **ഫോറസ്റ്റ് റിസോഴ്സ് സർവേ സെൽ (FRSC) തൃശ്ശൂർ**

2021-22 വർഷത്തിൽ, ചാലക്കുടി, തൃശ്ശൂർ എന്നീ രണ്ട് വർക്കിംഗ് പ്ലാനുകൾ തയാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, DCF FRSC തൃശ്ശൂർ, മുഖേന ആരംഭിച്ചു.ചാലക്കുടി ഫോറസ്റ്റ് ഡിവിഷന്റെ 2018-19 മുതൽ 2029-30 വരെയുള്ള വർക്കിംഗ് പ്ലാൻ, 03.12.2021 ലെ F(C) A/11.6/27/WP/KER/1142 ഉത്തരവ് പ്രകാരം MoEF & CC അംഗീകരിച്ചു. 2024 മാർച്ചിൽ കാലഹരണപ്പെടുന്ന തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം ആരംഭിച്ചു.

## വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തികളുടെ ഇപ്പോഴത്തെ സ്ഥിതി

31.03.2022 ലെ കണക്കനുസരിച്ച്, 25 ടെറിട്ടോറിയൽ ഫോറസ്റ്റ് ഡിവിഷനുകളിൽ 22 ഡിവിഷനുകളിലും സാധുതയുള്ള വർക്കിംഗ് പ്ലാനുകൾ നിലവിലുണ്ട്. മൂന്നാർ, കോഴിക്കോട്, പുനലൂർ, മാങ്കുളം, സൗത്ത് വയനാട് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ തയാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

2021-22 കാലയളവിൽ തിരുവനന്തപുരം, അച്ചൻകോവിൽ, തെന്മല, മറയൂർ, ചാലക്കുടി, പാലക്കാട് എന്നീ ആറ് ഫോറസ്റ്റ് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാനുകൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി.

## പട്ടിക-40

## വർക്കിംഗ് പ്ലാനുകളുടെ 31-03-2022 വരെയുള്ള സ്ഥിതി

| ക്രമ നം. | ഡിവിഷൻ | സമയപരിധി | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| 1 | തിരുവനന്തപുരം | 31-03-2031 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 2 | തെന്മല | 31-03-2031 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 3 | അച്ചൻകോവിൽ | 31-03-2031 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 4 | റാന്നി | 31-03-2024 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 5 | പുനലൂർ | 31-03-2021 | പ്രവർത്തന പദ്ധതിയുടെ കാലാവധി കഴിഞ്ഞു |
| 6 | കോന്നി | 31-03-2025 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 7 | കോട്ടയം | 31-03-2027 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 8 | കോതമംഗലം | 31-03-2026 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 9 | മൂന്നാർ | 31-03-2020 | പ്രവർത്തന പദ്ധതിയുടെ കാലാവധി കഴിഞ്ഞു |
| 10 | മറയൂർ | 31-03-2031 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 11 | മാങ്കുളം | 31-03-2022 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 12 | വാഴച്ചാൽ | 31-03-2028 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 13 | ചാലക്കുടി | 31-03-2030 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 14 | മലയാറ്റൂർ | 31-03-2025 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 15 | തൃശ്ശൂർ | 31-03-2024 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 16 | മണ്ണാർക്കാട് | 31-03-2023 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 17 | നിലമ്പൂർ (വടക്ക്) | 31-03-2025 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 18 | നിലമ്പൂർ (തെക്ക്) | 31-03-2024 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 19 | പാലക്കാട് | 31-03-2030 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 20 | നെന്മാറ | 31-03-2025 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 21 | വയനാട് (വടക്ക്) | 31-03-2025 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 22 | വയനാട് (തെക്ക്) | 31-03-2022 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 23 | കണ്ണൂർ | 31-03-2023 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 24 | കാസർഗോഡ് | 31-03-2028 | പ്രവർത്ത പദ്ധതി നിലവിലുണ്ട് |
| 25 | കോഴിക്കോട് | 31-03-2021 | പദ്ധതിയുടെ കാലാവധി കഴിഞ്ഞു |

### 4.12.1 കേരള വന വിത്തുകേന്ദ്രം

പീച്ചിയിലെ കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ വളരെ നല്ല നിലയിൽ വിത്ത്പരിശോധന, ഗ്രേഡിങ്, സർട്ടിഫിക്കേഷൻ എന്നിവ നടപ്പിലാക്കുന്ന സ്ഥാപനമാണ് കേരള വനവിത്ത്കേന്ദ്രം (KFSC). പീച്ചിയിലെ കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (KFRI) സഹായത്തോടെ ശാസ്ത്രീയമായി വിത്ത് പരിശോധന, ഗ്രേഡിംഗ്, സർട്ടിഫിക്കേഷൻ എന്നിവ ചെയ്യുന്നതിനായി കേരള ഫോറസ്റ്റ് സീഡ് സെന്റർ (KFSC) പ്രവർത്തിച്ചുവരുന്നു. KFRI-ൽ വിത്ത് സൂക്ഷിക്കുന്നതിനുള്ള പുതിയ ശീതീകരണ സംവിധാനവും ഈ വർഷം സ്ഥാപിച്ചിട്ടുണ്ട്.

## പട്ടിക-41

## തേക്ക് വിത്തുൽപ്പാദന പ്രദേശങ്ങളുടെ (TSPA) വിശദാംശങ്ങൾ 2021-22

| ക്രമ നം. | പ്രദേശം | വന ഡിവിഷൻ | വർഷം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|---|
| റിസർച്ച് റെയിഞ്ച് മാനന്തവാടി | | | | |
| 1 | മാതമംഗലം | റിസർച്ച് നോർത്ത് | 1977 | 38.10 |
| 2 | മാതമംഗലം | റിസർച്ച് നോർത്ത് | 1976 | 37.30 |
| 3 | ബേഗ്ഗൂർബിറ്റ് 1 | റിസർച്ച് നോർത്ത് | 1981 | 51.50 |
| 4 | ബേഗ്ഗൂർബിറ്റ്11 | റിസർച്ച് നോർത്ത് | 1981 | 67.50 |
| 5 | ചിയംബം | ഡിവിഷൻ തൃശ്ശൂർ | 1978 | 51.40 |
| 6 | പള്ളിച്ചിറ | ഡിവിഷൻ തൃശ്ശൂർ | 1980 | 42.84 |
| 7 | ചങ്ങംബം | ഡിവിഷൻ തൃശ്ശൂർ | 1981 | 61.50 |
| 8 | ഉദയക്കര | ഡിവിഷൻ തൃശ്ശൂർ | 1983 | 54.45 |
| മൊത്തം | | | | 404.59 |
| 9 | പൂളക്കപ്പാറ | റിസർച്ച് നോർത്ത് ഡിവിഷൻ തൃശ്ശൂർ | 1969 | 55.14 |
| 10 | പൂളക്കപ്പാറ | റിസർച്ച് നോർത്ത് ഡിവിഷൻ തൃശ്ശൂർ | 1970 | 43.80 |
| 11 | ശങ്കരൻകോട് | റിസർച്ച് നോർത്ത് ഡിവിഷൻ തൃശ്ശൂർ | 1961 | 42.00 |
| 12 | നെടുങ്കയം | റിസർച്ച് നോർത്ത് ഡിവിഷൻ തൃശ്ശൂർ | 1970 | 55.40 |
| 13 | ചെറുപുഴ | റിസർച്ച് നോർത്ത് ഡിവിഷൻ തൃശ്ശൂർ | 1971 | 20.00 |
| 14 | നെടുങ്കയം | റിസർച്ച് നോർത്ത് ഡിവിഷൻ തൃശ്ശൂർ | 1972 | 9.072 |
| 15 | നെടുങ്കയം | റിസർച്ച് നോർത്ത് ഡിവിഷൻ തൃശ്ശൂർ | 1973 | 65.00 |
| 16 | കരിയംമുറിയം | റിസർച്ച് നോർത്ത് ഡിവിഷൻ തൃശ്ശൂർ | 1974 | 51.43 |
| 17 | എലഞ്ചേരി | റിസർച്ച് നോർത്ത് ഡിവിഷൻ തൃശ്ശൂർ | 1975 | 31.00 |
| 18 | ആരവല്ലിക്കാവ് | റിസർച്ച് നോർത്ത് ഡിവിഷൻ തൃശ്ശൂർ | 1975 | 24.60 |
| മൊത്തം | | | | 397.442 |
| 19 | എലിവാൽ | സിൽവി കൾച്ചറൽ റിസർച്ച്, പാലക്കാട് | 1971 | 41.84 |
| 20 | പന്നിമുടി | സിൽവി കൾച്ചറൽ റിസർച്ച്, പാലക്കാട് | 1979 | 52.00 |
| 21 | പന്നിമുടി | സിൽവി കൾച്ചറൽ റിസർച്ച്, പാലക്കാട് | 1981 | 60.24 |
| 22 | കന്നിമാറി റോഡ് | സിൽവി കൾച്ചറൽ റിസർച്ച്, പാലക്കാട് | 1943 | 43.00 |
| 23 | കന്നിമാറി റോഡ് | സിൽവി കൾച്ചറൽ റിസർച്ച്, പാലക്കാട് | 1944 | 35.00 |
| 24 | കന്നിമാറി റോഡ് | സിൽവി കൾച്ചറൽ റിസർച്ച്, പാലക്കാട് | 1945 | 40.00 |
| 25 | കന്നിമാറി റോഡ് | സിൽവി കൾച്ചറൽ റിസർച്ച്, പാലക്കാട് | 1946 | 40.00 |
| 26 | കന്നിമാറി റോഡ് | സിൽവി കൾച്ചറൽ റിസർച്ച്, പാലക്കാട് | 1947 | 40.00 |
| 27 | തെള്ളിക്കൽ | സിൽവി കൾച്ചറൽ റിസർച്ച്, പാലക്കാട് | 1950 | 40.00 |
| 28 | പെരുവാരി റോഡ് | സിൽവി കൾച്ചറൽ റിസർച്ച്, പാലക്കാട് | 1957 | 27.00 |
| മൊത്തം | | | | 419.08 |
| ആകെ തുക | | | | 1221.112 |

| | | | | |
|---|---|---|---|---|
| റിസർച്ച് സൗത്ത് ഡിവിഷൻ, തിരുവനന്തപുരം | | | | |
| റിസർച്ച് യൂണിറ്റ്, കുളത്തൂപ്പുഴ | | | | |
| 1 | ടി.എസ്.പി.എ പെരുന്തോമൂഴി | കോന്നി | 1963 | 10.00 |
| 2 | ടി.എസ്.പി.എ നടുവത്തുമൂഴി | കോന്നി | 1964 | 12.74 |
| 3 | ടി.എസ്.പി.എ കുമ്മണ്ണൂർ | കോന്നി | 1978 | 17.60 |
| 4 | ടി.എസ്.പി.എ കുമ്മണ്ണൂർ | കോന്നി | 1979 | 12.50 |
| 5 | ടി.എസ്.പി.എ കുമ്മണ്ണൂർ | കോന്നി | 1980 | 13.80 |
| 6 | ടി.എസ്.പി.എ അലിംഗമൺ | അച്ചൻകോവിൽ | 1987 | 18.28 |
| 7 | ടി.എസ്.പി.എ കൊടമല | അച്ചൻകോവിൽ | 1987 | 37.1 |
| 8 | ടി.എസ്.പി.എ ലിറ്റിൽ കൊണ്ടോട്ടി | കോന്നി | 1965 | 16.97 |
| മൂല്യനിർണ്ണയ സമിതി ശുപാർശ ചെയ്ത പുതിയ ടി.എസ്.പി.എ-കൾ- 2021-2022 | | | | |
| 9 | ടി.എസ്.പി.എ പാലരുവി | തെന്മല | 1968 | 6.27 |
| 10 | ടി.എസ്.പി.എ പാലരുവി | തെന്മല | 1970 | 9.80 |
| 11 | ടി.എസ്.പി.എ എടപ്പാളയം | തെന്മല | 1973 | 71.25 |
| 12 | ടി.എസ്.പി.എ തലപ്പാറ | തെന്മല | 1980 | 16.97 |
| 13 | ടി.എസ്.പി.എ കോട്ടവാസൽ | തെന്മല | 1981 | 18.24 |
| 14 | ടി.എസ്.പി.എ എടപ്പാളയം | തെന്മല | 1989 | 35.20 |
| 15 | ടി.എസ്.പി.എ ബെഡ് ഫോർഡ് | തെന്മല | 1978 | 43.03 |
| 16 | ടി.എസ്.പി.എ ചുറ്റിപ്പാറ | അച്ചൻകോവിൽ | 1993 | 15.7 |
| 17 | ടി.എസ്.പി.എ അലിംഗമൺ ബിറ്റ് 11 | അച്ചൻകോവിൽ | 1981 | 32.5 |
| 18 | ടി.എസ്.പി.എ പള്ളിവാസൽ | അച്ചൻകോവിൽ | 1993 | 14.7 |
| 19 | ടി.എസ്.പി.എ കല്ലാർ | അച്ചൻകോവിൽ | 1981-82-83 | 83.62 |
| 20 | ടി.എസ്.പി.എ കല്ലാർ | അച്ചൻകോവിൽ | 1968 | 38.68 |
| 21 | ടി.എസ്.പി.എ ചെമ്പനരുവി | കോന്നി | 1975 | 52.9 |
| 22 | ടി.എസ്.പി.എ ചെമ്പനരുവി | കോന്നി | 1974 | 49.75 |
| 23 | ടി.എസ്.പി.എ കൈക്കുന്നം | കോന്നി | 1964 | 64.04 |

| | | | | |
|---|---|---|---|---|
| 24 | ടി.എസ്.പി.എ അരുവിത്തല | കോന്നി | 1970 | 25.6 |
| 25 | ടി.എസ്.പി.എ ഉളിയനാട് | കോന്നി | 1971 | 16.5 |
| 26 | ടി.എസ്.പി.എ അവോലിക്കുഴി | കോന്നി | 1970 | 39.45 |
| | | | ആകെ | 773.19 |
| റിസർച്ച് യൂണിറ്റ്, പീരുമേട് | | | | |
| 1 | ടി.എസ്.പി.എ കലക്കെട്ടി | കോട്ടയം | 1954 | 24.1 |
| 2 | ടി.എസ്.പി.എ കലക്കെട്ടി | കോട്ടയം | 1955 | 16.0 |
| 3 | ടി.എസ്.പി.എ പടയണിപ്പാറ | റാന്നി | 1967 | 27.39 |
| 4 | ടി.എസ്.പി.എ അട്ടുകുഴി | റാന്നി | 1983 | 45.50 |
| 5 | ടി.എസ്.പി.എ പടയണിപ്പാറ | റാന്നി | 1968 | 15.0 |
| 6 | ടി.എസ്.പി.എ കുടപ്പനക്കുളം | റാന്നി | 1980 | 28.77 |
| 7 | ടി.എസ്.പി.എ തേക്കുമല | റാന്നി | 1988 | 44.16 |
| 8 | ടി.എസ്.പി.എ തേക്കുമല | റാന്നി | 1967 | 30.5 |
| 9 | ടി.എസ്.പി.എ തേക്കുമല | റാന്നി | 1968 | 29.61 |
| 10 | ടി.എസ്.പി.എ പാച്ചോട്ടി | കോതമംഗലം | 1983 | 50.00 |
| മൂല്യനിർണ്ണയ സമിതി ശുപാർശ ചെയ്ത പുതിയ ടി.എസ്.പി.എ-കൾ -2021-2022 | | | | |
| 11 | ടി.എസ്.പി.എ കരിക്കാട്ടൂർ | കോട്ടയം | 1970 | 49.00 |
| 12 | ടി.എസ്.പി.എ മങ്കപേട്ട | കോട്ടയം | 1962 | 88.30 |
| 13 | ടി.എസ്.പി.എ മങ്കപേട്ട | കോട്ടയം | 1965 | 47.79 |
| 14 | ടി.എസ്.പി.എ തെങ്കോടം | കോതമംഗലം | 1960 | 21 |
| | | | ആകെ | 517.12 |
| റിസർച്ച് റെയിഞ്ച്, കോടനാട് | | | | |
| 1 | ടി.എസ്.പി.എ മുല്ലപ്പന | ചാലക്കുടി | 1976 | 126 |
| മൂല്യനിർണ്ണയ സമിതി ശുപാർശ ചെയ്ത പുതിയ ടി.എസ്.പി.എ-കൾ – 2021-2022 | | | | |
| 2 | ടി.എസ്.പി.എ മുല്ലപ്പന | ചാലക്കുടി | 1980 | 110.00 |
| 3 | ടി.എസ്.പി.എ മുല്ലപ്പന | ചാലക്കുടി | 1982 | 11.76 |
| 4 | ടി.എസ്.പി.എ വടാട്ടുപാറ ബിറ്റ് 1 | മലയാറ്റൂർ | 1971 | 101.00 |
| | | | ആകെ | 348.76 |
| | | | ആകെ മൊത്തം | 1639.07 |

# അധ്യായം 5

# സാമ്പത്തികം

## 5.1 ബജറ്റിലെ വകയിരുത്തലുകളും ചെലവുകളും

2021-22-ലെ ബജറ്റ് വിഹിതം 801.66 കോടിയും ചെലവ് 769.86 കോടി രൂപയുമായിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ (2017-18 മുതൽ 2021-22 വരെ) ബജറ്റ് വിഹിതവും ചെലവും ചുവടെ കൊടുക്കുന്നു.

**പട്ടിക - 42**

**2017-18 മുതൽ 2021-22 വരെയുള്ള ബജറ്റ് വിഹിതത്തിന്റെയും ചെലവിന്റെയും താരതമ്യനില**

| വർഷം | പദ്ധതി ബജറ്റ് വിഹിതം (രൂപ കോടിയിൽ) | ചെലവ് (രൂപ കോടിയിൽ) | പദ്ധതിയേതര ബജറ്റ് വിഹിതം (രൂപ കോടിയിൽ) | ചെലവ് (രൂപ കോടിയിൽ) | ആകെ |
|---|---|---|---|---|---|
| **2021-22** | 252.22 | 204.31 | 549.44 | 565.55 | 769.86 |
| **2020-21** | 269.46 | 247.61 | 441.99 | 375.72 | 623.31 |
| **2019-20** | 256.01 | 160.27 | 408.99 | 390.91 | 551.18 |
| **2018-19** | 305.93 | 171.69 | 418.85 | 398.20 | 569.89 |
| **2017-18** | 307.69 | 188.03 | 435.58 | 399.12 | 587.15 |

## 5.2 വരുമാനം

സംസ്ഥാനത്തിന്റെ നോൺ ടാക്സ് വരുമാനത്തിന് വനം വകുപ്പ് കാര്യമായ സംഭാവനയാണ് നൽകുന്നത്. തടി, മറ്റു വന വിഭവങ്ങൾ എന്നിവയുടെ വിൽപ്പനയിലൂടെ 2021-22-ൽ 200.56 കോടി രൂപയാണ് വനം വകുപ്പ് ഉണ്ടാക്കിയത്. വനം വരുമാനത്തിന്റെ സിംഹഭാഗവും തടി വിൽപ്പനയിലൂടെയാണ് ഉണ്ടാകുന്നത്. വനവിഭവ വരുമാനത്തിന്റെ 89.41 ശതമാനം വരുന്ന 179.32 കോടി രൂപ തടി വിൽപ്പനയിലൂടെയാണ് നേടിയിട്ടുള്ളത്.

**പട്ടിക - 43**

**തടി, മറ്റ് വനോൽപ്പന്നങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനം**

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | രൂപ (ലക്ഷത്തിൽ) |
|---|---|---|
| 1 | 2 | 3 |
| | **0406-01-101 തടിയുടെയും മറ്റു വന വിഭവങ്ങളുടെയും വിൽപ്പന** | |
| 1 | 99 തടി | 17932.50 |
| 2 | 98 വിറകും കരിയും | 85.85 |
| 3 | 97 കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈന്റ്മെന്റ്) ആക്ട് പ്രകാരം വനവിഭവ വിൽപ്പനയിലൂടെയുള്ള വരവ് | 0.02 |
| 4 | 96 വനവികസന ടാക്സിൽ നിന്നുള്ള വരുമാനം | 1027.07 |

| | | |
|---|---|---|
| 5 | 95 കേരള വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം | 12.79 |
| 6 | 94 മറ്റ് ഇനങ്ങൾ | 99.49 |
| | **ആകെ (101)** | **19157.72** |
| | **0406-01-800 മറ്റു രസീതുകൾ** | |
| 1 | 99 റവന്യൂ കുടിശ്ശികയിൽ നിന്നുള്ള പലിശ | 61.71 |
| 2 | 98 വന്യജീവി വകുപ്പിൽ നിന്നുള്ള വരുമാനം | 87.18 |
| 3 | 97 ഗ്രാമപ്രദേശങ്ങളിലെ ഭൂരഹിത തൊഴിലാളികൾക്ക് വീടും സ്ഥലവും നൽകുന്ന പദ്ധതി - സൗജന്യമായ തടി നൽകൽ | 0.00 |
| 4 | 96 അടിക്കാട് വിൽപ്പനയിലൂടെ കേരള വനം വികസന കോർപ്പറേഷനിൽ നിന്നുള്ള വരുമാനം | .04 |
| 5 | 95 മറ്റ് ഇനങ്ങൾ | 660.22 |
| 6 | 94 ലൈവ് സ്റ്റോക്ക് | 0.06 |
| 7. | 93 സംയോജിത പാഴ്ഭൂമി വികസന പദ്ധതി | 0.00 |
| 8. | 91 കാലാവധി കഴിഞ്ഞതും പിടിച്ചെടുത്തതുമായ നിക്ഷേപങ്ങളിൽ നിന്നുള്ള വരവുകൾ | 0.30 |
| 9 | 90 വനഭൂമിയുടെ പാട്ട വാടക | 88.61 |
| | **ആകെ (800)** | **898.12** |
| | **ആകെ മൊത്തം** | 20055.84 |
| | റീഫണ്ട് (04060190000) | 0 |
| | **നെറ്റ് വരുമാനം** | **20055.84** |

**പട്ടിക - 44**

**13-ാം പഞ്ചവത്സര പദ്ധതി കാലത്ത് നേടിയ വരുമാനം (കോടിയിൽ)**

| വർഷം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| വരുമാനം | 245.42 | 287.2 | 255.84 | 236.6 | 200.56 |

## 5.3 വനവികസന നികുതി (FDT)

വനം വിഭവങ്ങളുടെ വിൽപ്പനയുടെ 5 ശതമാനം വീതമാണ് വനവിഭവ നികുതിയായി എടുക്കുന്നത്. നികുതി പിരിക്കുന്നതിന്റെ ചെലവ് കഴിച്ചുള്ള തുക അഡീഷണൽ ബജറ്റ് സോഴ്സ് ആയി നീക്കിവയ്ക്കും. 2021-22 വർഷത്തിൽ 981.27 ലക്ഷം രൂപ ഇപ്രകാരം സംഭരിച്ചിട്ടുണ്ട്.

## 5.4 വന വരുമാനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക

2021-22 അവസാനത്തിൽ 377.07 കോടി രൂപ വനവരുമാന കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്.

### പട്ടിക 45

### 2020-21, 2021-22 വർഷങ്ങളിലെ പദ്ധതികളുടെ സെക്ടർ തിരിച്ചുള്ള ബഡ്ജറ്റ് വിഹിതവും ചെലവും (രൂപ കോടിയിൽ)

| പദ്ധതികൾ | 2020-21 | | 2021-22 | |
|---|---|---|---|---|
| | വിഹിതം | ചെലവ് | വിഹിതം | ചെലവ് |
| സ്റ്റേറ്റ് സെക്ടർ | 216.73 | 213.36 | 201.51 | 185.52 |
| സെൻട്രൽ സെക്ടർ | 52.73 | 34.25 | 50.71 | 18.79 |
| EAP | 0.00 | 0.00 | 0 | 0 |
| **ആകെ (പദ്ധതി)** | **269.46** | **247.61** | **252.22** | **204.31** |
| പദ്ധതിയേതരം | 441.99 | 375.72 | 549.44 | 565.55 |
| **ആകെ മൊത്തം** | **711.45** | **623.33** | **801.66** | **769.86** |

ആകെ പദ്ധതി വകയിരുത്തലിന്റെ 80.97 ശതമാനം വരുന്ന 204.31 കോടി രൂപയായിരുന്നു 2021-22-ലെ പദ്ധതി ചെലവുകൾ. ഇതിൽ സംസ്ഥാന സെക്ടറിൽ 185.52 കോടിയും കേന്ദ്ര സെക്ടറിൽ 18.79 കോടിയുമാണ് ചെലവുണ്ടായത്.

## 5.5. 13-ാം പഞ്ചവത്സര പദ്ധതിയിലെ വികസനങ്ങൾ

2021-22 പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാം വർഷമാണ്. 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉദ്ദേശിച്ചിരുന്ന ലക്ഷ്യവും നേട്ടവും ചുവടെ കൊടുത്തിരിക്കുന്നു.

### പട്ടിക 46

### ലക്ഷ്യവും നേട്ടവും 13-ാം പഞ്ചവത്സര പദ്ധതിയിൽ (രൂപ കോടിയിൽ)

| വർഷം | ലക്ഷ്യം | നേട്ടം |
|---|---|---|
| 2017-18 | 307.70 | 188.03 |
| 2018-19 | 305.94 | 171.69 |
| 2019-20 | 256.01 | 160.27 |
| 2020-21 | 269.46 | 247.61 |
| 2021-22 | 252.22 | 204.31 |

## 5.6 വിവിധ പദ്ധതി സ്കീമുകളിലെ ബഡ്ജറ്റ് വിഹിതവും ചെലവും

2021-22-ലെ ബജറ്റ് വിഹിതം 25222.38 ലക്ഷം രൂപ ആയിരുന്നു ചെലവ് 20431.601 ലക്ഷവും. വിവിധ ബജറ്റ് ഹെഡ്ഡുകൾക്ക് അനുവദിച്ച തുകയും ചെലവും ചുവടെ ചേർക്കുന്നു.

### പട്ടിക -47

### പ്ലാൻ പദ്ധതികളുടെ സാമ്പത്തിക നേട്ടങ്ങൾ 2021-22

| ക്രമ നം. | പദ്ധതിയും അക്കൗണ്ട് ഹെഡ്ഡും | സാമ്പത്തികം (രൂപ ലക്ഷത്തിൽ) | |
|---|---|---|---|
| | | ബജറ്റ് വിഹിതം | ചെലവ് |
| A | സ്റ്റേറ്റ് സെക്ടർ സ്കീമുകൾ | 3 | 4 |

| | | | |
|---|---|---|---|
| **I** | **സ്വാഭാവിക വനങ്ങളുടെ നടത്തിപ്പ്** | | |
| 1 | വനസംരക്ഷണം (2406-01-101-81) | 2500.000 | 2495.227 |
| 2 | വനസംരക്ഷണം (വന അതിരുകളുടെ സർവ്വേയും വന സംരക്ഷണവും (4406-01-101-99) (01) | 2700.000 | 2693.738 |
| 3 | മണ്ണൊലിപ്പിൽ നഷ്ടപ്പെട്ട വനത്തിൽ പുനരുജ്ജീവനം (2406-01-101-94) | 275.000 | 273.354 |
| 4 | തടി-ഇതര വനവിഭവങ്ങൾ, ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെ (2406-01-101-80) | 190.000 | 189.117 |
| | **ആകെ** | **5665.000** | **5651.436** |
| **II** | **തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ** | | |
| 1 | **ഘന തടി വർഗ്ഗം 4406-01-105-87 (01)** | 500.000 | 499.585 |
| 2 | വ്യവസായ അസംസ്കൃത വസ്തുക്കൾ (4406-01-105-87) (02) | 240.000 | 238.435 |
| | **ആകെ** | **740.000** | **738.020** |
| **III** | **അടിസ്ഥാന സൗകര്യ വികസനം** | | |
| 1 | റോഡുകൾ (4406-01-070-99) | 400.000 | 363.531 |
| 2 | കെട്ടിടങ്ങൾ (4406-01-070-97) | 400.000 | 398.378 |
| | **ആകെ** | **800.000** | **761.909** |
| IV | **ജൈവവൈവിധ്യ സംരക്ഷണം** (2406-02-110-68) | 1000.000 | 998.781 |
| V | ഇക്കോടൂറിസം (4406-01-800-91) | 500.00 | 499.805 |
| VI | ഇക്കോ ടൂറിസം - പ്രോജക്ട് ഗ്രീൻ ഗ്രാസ് (2406-01-800-52) | 108.000 | 107.756 |
| VII | മാനവശേഷി വികസനം - പരിശീലനം (2406-01-003-97) | 650.000 | 650.000 |
| VIII | വിഭവ ആസൂത്രണവും ഗവേഷണവും (2406-01-004-92) | 150.000 | 149.992 |
| IX | ഫോറസ്റ്റ് മാനേജ്മെന്റ് വിവര സംവിധാനം ജിയോഗ്രാഫിക്കൽ വിവര സമ്പ്രദായം (2406-01-800-57) | 150.000 | 149.606 |
| X | സാമൂഹിക വനവിപുലീകരണവും കാർഷിക വനവൽക്കരണവും (2406-01-800-55) | 1000.000 | 998.734 |
| **XI** | ആർ.ഐ.ഡി.എഫിൽ നിന്നുള്ള സഹായത്തോട് കൂടിയ പണികൾ (4406-01-800-90) | 3000.000 | 2966.293 |
| XII | മനുഷ്യനും മൃഗങ്ങളുംതമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കാനുള്ള നടപടികൾ (2406-01-800-56) | 2200.000 | 2199.884 |

| | | | |
|---|---|---|---|
| XIII | പുത്തൂർ സുവോളജിക്കൽ പാർക്ക്, തൃശ്ശൂർ (2406-02-110-48) | 500.000 | 500.000 |
| XIV | കോട്ടൂരിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം (2406-02-110-29) | 100.000 | 74.975 |
| XV | പരിസ്ഥിതി വികസന പരിപാടി (2406-02-110-56) | 375.000 | 374.803 |
| | **ആകെ(A)** | **16938.000** | **16821.994** |
| B | **പദ്ധതികളുടെ കേന്ദ്ര സംസ്ഥാന വിഹിതം (60:40)** | | |
| I | **വന്യജീവി സങ്കേതങ്ങളുടെ പരിപാലനം** | | |
| 1 | നെയ്യാർ വന്യജീവി സങ്കേതം (2406-02-110-28) (01) | 55.500 | 11.580 |
| | നെയ്യാർ വന്യജീവി സങ്കേതം (2406-02-110-28) (02) | 37.000 | 29.970 |
| | **ആകെ** | **92.500** | **41.550** |
| 2 | വയനാട് വന്യജീവി സങ്കേതം (2406-02-110-27) (01) | **106.120** | **15.239** |
| | വയനാട് വന്യജീവി സങ്കേതം (2406-02-110-27) (02) | **70.750** | **40.623** |
| | **ആകെ** | **176.870** | **55.862** |
| 3 | ഇടുക്കി വന്യജീവി സങ്കേതം (2406-02-110-26) (01) | 60.000 | 8.810 |
| | ഇടുക്കി വന്യജീവി സങ്കേതം (2406-02-110-26) (02) | 40.000 | 23.480 |
| | **ആകെ** | **100.000** | **32.290** |
| 4 | പീച്ചി, വാഴാനി വന്യജീവി സങ്കേതം (2406-02-110-25) (01) | 60.000 | 11.600 |
| | പീച്ചി, വാഴാനി വന്യജീവി സങ്കേതം (2406-02-110-25) (02) | 40.000 | 30.930 |
| | **ആകെ** | 100.000 | 42.530 |
| 5 | പേപ്പാറ വന്യജീവി സങ്കേതം (2406-02-110-24) (01) | 48.000 | 9.438 |
| | പേപ്പാറ വന്യജീവി സങ്കേതം (2406-02-110-24) (02) | 32.000 | 25.180 |
| | **ആകെ** | 80.000 | 34.618 |

| | | | |
|---|---|---|---|
| 6 | ഷെന്തുരുണി വന്യജീവി സങ്കേതം (2406-02-110-23) (01) | 60.000 | 13.410 |
| | ഷെന്തുരുണി വന്യജീവി സങ്കേതം (2406-02-110-23) (02) | 40.000 | 32.398 |
| | **ആകെ** | 100.000 | 45.808 |
| 7 | ചിമ്മണി വന്യജീവി സങ്കേതം (2406-02-110-22) (01) | 52.500 | 11.079 |
| | ചിമ്മണി വന്യജീവി സങ്കേതം (2406-02-110-22) (02) | 35.000 | 28.349 |
| | **ആകെ** | 87.500 | 39.428 |
| 8 | ആറളം വന്യജീവി സങ്കേതം (2406-02-110-21) (01) | 52.500 | 11.250 |
| | ആറളം വന്യജീവി സങ്കേതം (2406-02-110-21) (02) | 35.000 | 28.350 |
| | **ആകെ** | 87.500 | 39.599 |
| 9 | ചിന്നാർ വന്യജീവി സങ്കേതം (2406-02-110-20) (01) | 39.000 | 7.696 |
| | ചിന്നാർ വന്യജീവി സങ്കേതം (2406-02-110-20) (02) | 26.000 | 20.535 |
| | **ആകെ** | 65.00 | 28.231 |
| 10 | തട്ടേക്കാട് പക്ഷിസങ്കേതം (2406-02-110-19) (01) | 34.500 | 7.189 |
| | തട്ടേക്കാട് പക്ഷിസങ്കേതം (2406-02-110-19) (02) | 23.000 | 18.630 |
| | **ആകെ** | **57.500** | **25.819** |
| 11 | മംഗളവനം പക്ഷിസങ്കേതം (2406-02-110-18) (01) | 7.500 | 2.660 |
| | മംഗളവനം പക്ഷിസങ്കേതം (2406-02-110-18) (02) | 5.000 | 4.050 |
| | **ആകെ** | **12.500** | **6.710** |
| 12 | കുറിഞ്ഞിമല വന്യജീവി സങ്കേതം (2406-02-110-17) (01) | 13.500 | 3.150 |
| | കുറിഞ്ഞിമല വന്യജീവി സങ്കേതം (2406-02-110-17) (02) | 9.000 | 7.288 |
| | **ആകെ** | **22.500** | **10.438** |

| | | | |
|---|---|---|---|
| 13 | ചൂളന്നൂർ മയിൽ സങ്കേതം (2406-02-110-16) (01) | 10.500 | 2.707 |
| | ചൂളന്നൂർ മയിൽ സങ്കേതം (2406-02-110-16) (02) | 7.000 | 3.495 |
| | **ആകെ** | **17.500** | **6.202** |
| 14 | മലബാർ വന്യജീവി സങ്കേതം (2406-02-110-15) (01) | 25.500 | 4.700 |
| | മലബാർ വന്യജീവി സങ്കേതം (2406-02-110-15) (02) | 17.000 | 12.530 |
| | **ആകെ** | **42.500** | **17.230** |
| 15 | കൊട്ടിയൂർ വന്യജീവി സങ്കേതം (2406-02-110-14) (01) | 28.500 | 5.440 |
| | കൊട്ടിയൂർ വന്യജീവി സങ്കേതം (2406-02-110-14) (02) | 19.000 | 14.500 |
| | **ആകെ** | **47.500** | **19.940** |
| 16 | കരിമ്പുഴ വന്യജീവി സങ്കേതം (2406-02-110-13) (01) | **40.500** | **7.308** |
| | കരിമ്പുഴ വന്യജീവി സങ്കേതം (2406-02-110-13) (02) | **27.000** | **19.500** |
| | **ആകെ** | **67.500** | **26.808** |
| | **വന്യജീവി സങ്കേതങ്ങൾ ആകെ** | **1156.870** | **473.063** |
| **II** | **ദേശീയ ഉദ്യാനങ്ങൾ** | | |
| 1 | ഇരവികുളം ദേശീയ ഉദ്യാനം (2406-02-110-79) (01) | 94.750 | 11.136 |
| | ഇരവികുളം ദേശീയ ഉദ്യാനം (2406-02-110-79) (02) | 69.100 | 29.710 |
| | **ആകെ** | 163.850 | 40.846 |
| 2 | സൈലന്റ് വാലി ദേശീയ ഉദ്യാനം (2406-02-110-78) (01) | **120.000** | **13.780** |
| | സൈലന്റ് വാലി ദേശീയ ഉദ്യാനം (2406-02-110-78) (02) | 80.000 | 36.740 |
| | **ആകെ** | **200.000** | **50.520** |
| 3 | ആനമുടി ദേശീയ ഉദ്യാനം (2406-02-110-77) (01) | 30.000 | 6.180 |
| | ആനമുടി ദേശീയ ഉദ്യാനം (2406-02-110-77) (02) | 20.000 | 16.200 |

| | | | |
|---|---|---|---|
| | ആകെ | 50.000 | 22.380 |
| 4 | മതികെട്ടാൻ ചോല ദേശീയ ഉദ്യാനം (2406-02-110-76) (01) | 30.000 | 5.137 |
| | മതികെട്ടാൻ ചോല ദേശീയ ഉദ്യാനം (2406-02-110-76) (02) | 20.000 | 13.693 |
| | **ആകെ** | **50.000** | **18.830** |
| 5 | പാമ്പാടുംഷോലദേശീയ ഉദ്യാനം (2406-02-110-75) (01) | 30.000 | 5.796 |
| | പാമ്പാടുംഷോലദേശീയ ഉദ്യാനം (2406-02-110-75) (02) | 20.000 | 15.460 |
| | **ആകെ** | **50.000** | **21.256** |
| | **ദേശീയ ഉദ്യാനങ്ങൾ ആകെ** | **513.850** | **153.832** |
| **III** | **കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം** | | |
| 1 | കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം കടലുണ്ടി-വള്ളിക്കുന്ന് (2406-02-110-72)(01) | 15.000 | 3.108 |
| | കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം കടലുണ്ടി-വള്ളിക്കുന്ന് (2406-02-110-72)(02) | 10.000 | 8.100 |
| | **കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണംആകെ** | **25.000** | **11.208** |
| **IV** | **കടുവ സംരക്ഷണ പദ്ധതി** | | |
| 1 | പെരിയാർ കടുവ സങ്കേതം (2406-02-110-74) (01) | 532.500 | 402.198 |
| | പെരിയാർ കടുവ സങ്കേതം (2406-02-110-74) (02) | 355.000 | 312.361 |
| 2 | പറമ്പിക്കുളം കടുവ സങ്കേതം (2406-02-110-73) (01) | 435.000 | 318.920 |
| | പറമ്പിക്കുളം കടുവ സങ്കേതം (2406-02-110-73) (02) | 290.000 | 246.181 |
| | **കടുവ സംരക്ഷണ പദ്ധതി ആകെ** | **1612.50** | **1279.66** |
| **V** | **പ്രോജക്ട് എലിഫന്റ്** | | |
| 1 | പ്രോജക്ട് എലിഫന്റ്(2406-02-110-35) (01) | 780.000 | 580.768 |
| | പ്രോജക്ട് എലിഫന്റ്(2406-02-110-35) (02) | 520.000 | 435.563 |
| | **പ്രോജക്ട് എലിഫന്റ് ആകെ** | **1300.000** | **1016.331** |
| **VI** | **വരയാടുകളുടെ പ്രത്യേക സംരക്ഷണം** | | |

| | | | |
|---|---|---|---|
| 1 | വരയാടുകളുടെ പ്രത്യേക സംരക്ഷണം (2406-02-110-12) (01) | 17.090 | 17.083 |
| | വരയാടുകളുടെ പ്രത്യേക സംരക്ഷണം (2406-02-110-12) (02) | 5.460 | 5.454 |
| 2 | വരയാടുകളുടെ പ്രത്യേക സംരക്ഷണം -എസ്.സി.പി.ഘടകം (2406-02-789-98) (01) | 4.080 | 4.080 |
| | വരയാടുകളുടെ പ്രത്യേക സംരക്ഷണം -എസ്.സി.പി.ഘടകം (2406-02-789-98) (02) | 2.720 | 2.720 |
| 3 | വരയാടുകളുടെ പ്രത്യേക സംരക്ഷണം -ടി. എസ്.പി.ഘടകം (2406-02-796-98) (01) | 4.080 | 4.080 |
| | വരയാടുകളുടെ പ്രത്യേക സംരക്ഷണം -ടി. എസ്.പി.ഘടകം (2406-02-796-98) (02) | 2.720 | 2.720 |
| | **വരയാടുകളുടെ സംരക്ഷണം ആകെ** | 36.15 | 36.137 |
| **VII** | **ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുളള പദ്ധതി** | | |
| 1 | ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുളള പദ്ധതി (ജനറൽ) 2406-02-110-11 (01) | 4.360 | 4.360 |
| | ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുളള പദ്ധതി (ജനറൽ) 2406-02-110-11 (02) | 2.910 | 2.909 |
| 2 | ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുളള പദ്ധതി (എസ്.സി.പി) 2406-02-789-97 (01) | 3.260 | 3.260 |
| | ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുളള പദ്ധതി (എസ്.സി.പി) 2406-02-789-97 (02) | 2.170 | 2.164 |
| 3 | ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുളള പദ്ധതി (ടി.എസ്.പി) 2406-02-796-97 (01) | 3.260 | 3.260 |
| | ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുളള പദ്ധതി (ടി.എസ്.പി) 2406-02-796-97 (02) | 2.170 | 2.169 |
| | **ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുളള പദ്ധതി ആകെ** | **18.13** | **18.122** |
| **VIII** | വനാഗ്നി തടയലും സംരക്ഷണവും പദ്ധതി (2406-01-800-53) (01) | 241.430 | 240.915 |
| | വനാഗ്നി തടയലും സംരക്ഷണവും പദ്ധതി (2406-01-800-53) (02) | 160.950 | 160.730 |
| | **ആകെ** | **402.380** | **401.645** |

| | | | |
|---|---|---|---|
| | പ്രകൃതി വിഭവങ്ങളുടെയും ആവാസ വ്യവസ്ഥകളുടെയും സംരക്ഷണം | | |
| **IX** | നീലഗിരി ബയോസ്ഫിയർ റിസർവ്വ് (2406-02-110-34) (01) | 150.000 | 0 |
| | നീലഗിരി ബയോസ്ഫിയർ റിസർവ്വ് (2406-02-110-34) (02) | 100.000 | 0 |
| **X** | അഗസ്ത്യമലബയോസ്ഫിയർ റിസർവ്വ്(2406-02-110-33) (01) | 180.000 | 122.563 |
| | അഗസ്ത്യമലബയോസ്ഫിയർ റിസർവ്വ്(2406-02-110-33) (02) | 120.000 | 97.046 |
| **XI** | തണ്ണീർത്തട സംരക്ഷണം(2406-02-110-32) (01) | 255.000 | 0 |
| | തണ്ണീർത്തട സംരക്ഷണം(2406-02-110-32) (02) | 170.000 | 0 |
| **XII** | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം - വയനാട് വന്യജീവി സങ്കേതത്തിലെ സംരക്ഷിത പ്രദേശങ്ങളിൽ നിന്നും മനുഷ്യ വാസ കേന്ദ്രങ്ങൾ സ്വമേധയാ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി (2406-02-110-31) (01) | 450.000 | 0 |
| | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം - വയനാട് വന്യജീവി സങ്കേതത്തിലെ സംരക്ഷിത പ്രദേശങ്ങളിൽ നിന്നും മനുഷ്യ വാസ കേന്ദ്രങ്ങൾ സ്വമേധയാ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി(2406-02-110-31) (02) | 300.000 | 0 |
| | **പ്രകൃതി വിഭവങ്ങളുടെയും ആവാസ വ്യവസ്ഥകളുടെയും സംരക്ഷണം ആകെ** | **1725.000** | **219.609** |
| **XIII** | **ഹരിത ഇൻഡ്യയ്ക്കായുള്ള ദേശീയ പരിപാടി** | | |
| | ദേശീയ വനവൽക്കരണ പദ്ധതി - ഹരിത ഇൻഡ്യയ്ക്കായുള്ള ദേശീയ ദൗത്യം (2406-01-102-86) (01) | 493.500 | 0 |
| | ദേശീയ വനവൽക്കരണ പദ്ധതി - ഹരിത ഇൻഡ്യയ്ക്കായുള്ള ദേശീയ ദൗത്യം (2406-01-102-86) (02) | 329.000 | 0 |
| | **ഹരിത ഇൻഡ്യയ്ക്കായുള്ള ദേശീയ പരിപാടി ആകെ** | **822.500** | **0** |
| | **ആകെ (B)** | **7612.380** | **3609.607** |
| **C** | **പദ്ധതികളുടെ കേന്ദ്ര സംസ്ഥാന വിഹിതം 75:25** | | |

| | | | |
|---|---|---|---|
| | ചെറുകിട വനോൽപ്പന്നങ്ങൾക്കുള്ള കുറഞ്ഞ താങ്ങുവില (2406-01-105-89) (01) | 504.000 | 0 |
| | ചെറുകിട വനോൽപ്പന്നങ്ങൾക്കുള്ള കുറഞ്ഞ താങ്ങുവില (2406-01-105-89) (02) | 168.000 | 0 |
| | **ആകെ (C)** | **672.000** | **0** |
| | **ആകെ (A + B + C)** | **25222.380** | **20431.601** |

## 5.7. പദ്ധതിയേതര സ്കീമുകൾക്കുള്ള ബഡ്ജറ്റ് വിഹിതവും ചെലവും

ബജറ്റ് വിഹിതമായി 54914.17 ലക്ഷം രൂപ നീക്കിവച്ചതിൽ 56555.234 ലക്ഷം രൂപ ചെലവുണ്ടായി. ബജറ്റ് ഹെഡ്സ് പ്രകാരം അനുവദിച്ച തുകയും വന്നിട്ടുള്ള ചെലവും ചുവടെ കൊടുക്കുന്നു.

**പട്ടിക 48**

**നോൺ-പ്ലാൻ പദ്ധതികളിലെ (സാമ്പത്തിക) നേട്ടങ്ങൾ 2021-22**

| ക്രമ നം. | പദ്ധതിയും ശീർഷകവും | സാമ്പത്തികം (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചെലവ് |
| **I** | **ഭരണവും നടത്തിപ്പും (2406-01-001)** | | |
| 1 | ഫോറസ്റ്റ് ചീഫ് കൺസർവേറ്ററുടെ ഓഫീസ് (2406-01-001-99) | 2,070.18 | 2,174.145 |
| 2 | ഫോറസ്റ്റ് ചീഫ് കൺസർവേറ്ററുടെ ഓഫീസ് (2406-01-001-98) -സർക്കിൾ ഓഫീസ് | 990.970 | 1,056.903 |
| 3. | പ്രവർത്തന പദ്ധതിയും ഗവേഷണ സർക്കിളും (2406-01-001-97) വർക്കിംഗ് പ്ലാൻ & റിസർച്ച് സർക്കിൾ | 87.890 | 97.532 |
| 4 | വിജിലൻസ് - ഇവാലുവേഷൻ വിഭാഗം (2406-01-001-96) | 2,136.290 | 2,315.021 |
| 5 | ജില്ലാ ഓഫീസുകൾ (2406-01-001-95) | 17,850.970 | 18,341.863 |
| 6 | സ്ഥിതിവിവരകണക്ക് വിഭാഗം (2406-01-001-94) | 6.300 | 9.118 |
| 7 | തടിവിൽപന വിഭാഗം(2406-01-001-93) | 875.460 | 943.057 |
| | **ആകെ** | **24,018.060** | **24,937.639** |
| **II** | **വിദ്യാഭ്യാസവും പരിശീലനവും (2406-01-003)** | | |
| 1 | വിദ്യാഭ്യാസവും പരിശീലനവും (2406-01-003-99) | 491.510 | 353.103 |
| | **ആകെ** | **491.510** | **353.103** |
| **III** | **വനഗവേഷണം (2406-01-004)** | | |
| 1 | വനഗവേഷണവും പരിശീലനവും (2406-01-004-99) | 78.550 | 90.806 |
| 2 | കേരളത്തിലെ വന വികസന ഫണ്ടിൽ നിന്നും വനഗവേഷണത്തിനു നൽകിയത് (2406-01-004-95) | 497.830 | 81.035 |

| | | | |
|---|---|---|---|
| | ആകെ | **576.380** | **171.841** |
| **IV** | **വന വിഭവങ്ങളുടെസർവ്വേയും ഉപയോഗപ്പെടുത്തലും (2406-01-005)** | | |
| 1 | വനവിഭവ സർവെ (2406-01-005-99) | 68.840 | 67.381 |
| 2 | വന അതിർത്തികളുടെ സർവ്വേ (2406-01-005-98) | 287.410 | 299.676 |
| | ആകെ | **356.250** | **367.057** |
| **V** | **സ്ഥിതിവിവരക്കണക്കുകൾ (2406-01-013)** | | |
| 1 | ആസൂത്രണ സ്ഥിതിവിവരക്കണക്ക് വിഭാഗം (2406-01-013-99) | 198.210 | 256.631 |
| | ആകെ | **198.210** | **256.631** |
| **VI** | **ഗതാഗതവും കെട്ടിടങ്ങളും (2406-01-070)** | | |
| 1 | റോഡുകളും പാലങ്ങളും (2406-01-070-99) | 40.500 | 31.035 |
| 2 | കെട്ടിടങ്ങൾ (2406-01-070-98) | 77.950 | 49.373 |
| | ആകെ | **118.450** | **80.408** |
| **VII** | **വനസംരക്ഷണവും വികസനവും പുനരുദ്ധാരണവും (2406-01-101)** | | |
| 1 | വന സംയോജനവും സ്വകാര്യവനങ്ങൾ ഏറ്റെടുക്കലും (2406-01-101-99) | 5325.730 | 5,772.297 |
| 2 | പ്രവർത്തന പരിശീലന പരിപാടികൾ, വിലയിരുത്തൽ സർവ്വേ മുതലായവ (2406-01-101-98) | 1.900 | 1.532 |
| 3 | സിൽവി കൾച്ചറൽ ജോലികൾ (2406-01-101-97) | 8.000 | 6.478 |
| 4 | കാട്ടുതീ സംരക്ഷണ ജോലി (2406-01-101-96) | 25.940 | 27.169 |
| 5 | കുടിയേറ്റ വനഭൂമിയിന്മേൽ തീറാധാരം നൽകുന്നതിന് പകരമായുള്ള വന വൽക്കരണം(2406-01-101-92) | 5.000 | 4.042 |
| 6 | കേരള വനവികസന ഫണ്ടിൽനിന്നും സോഫ്റ്റ് വുഡ് മരങ്ങൾ നടാൻ ചെലവാക്കിയത് (2406-01-101-91) | 746.740 | 745.027 |
| 7 | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള കേരള വനം റിവോൾവിങ് ഫണ്ട് റൂൾസ്, 1999പ്രകാരംതേക്കിനു വേണ്ടി മാറ്റപ്പെട്ട തുക (2406-01-101-90-തേക്ക്) | 865.360 | 848.760 |
| 8 | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള കേരള വനം റിവോൾവിങ് ഫണ്ട് റൂൾസ് 1999പ്രകാരം പൾപ്പ് വുഡിനുവേണ്ടി മാറ്റപ്പെട്ട തുക (2406-01-101-89-പൾപ്പ് വുഡ്) | 0.010 | - |
| 9 | വനസംരക്ഷണം (2406-01-101-81) | 6397.190 | 6,622.516 |
| | ആകെ | **13,375.870** | **14,027.821** |
| **VIII** | **സാമൂഹികവും കൃഷിപ്രദാനവുമായ വനവൽക്കരണം (2406-01-102)** | | |
| 1 | ശീഘ്ര വളർച്ചയുള്ള മരങ്ങൾ വച്ചു പിടിപ്പിക്കൽ (2406-01-102-99) | 466.100 | 453.145 |

| | | | |
|---|---|---|---|
| 2 | ലോകബാങ്ക് സഹായത്തോടെ പരിസ്ഥിതി വികസന സാമൂഹിക വനവൽക്കരണം (2406-01-102-98) | 3458.800 | 3,623.224 |
| 3 | ലോകബാങ്ക് സഹായത്തോടെ പരിസ്ഥിതി വികസന സാമൂഹിക വനവൽക്കരണം രണ്ടാംഘട്ടം (2406-01-102-92) | 142.900 | 140.437 |
| | **ആകെ** | **4067.800** | **4,216.806** |
| **IX** | **വനവിഭവങ്ങൾ (2406-01-105)** | | |
| 1 | സർക്കാർ ഏജൻസിവഴി തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് (2406-01-105-99) | 2250.000 | 2,247.437 |
| 2 | സർക്കാർ ഏജൻസികൾ വഴി വിറകും കരിയും സംഭരിക്കുന്നതിന് (2406-01-105-98) | 1.600 | 0.524 |
| 3 | സർക്കാർ ഏജൻസികൾ മാറ്റിയ മറ്റ് വിഭവങ്ങൾ (2406-01-105-97) | 0.080 | - |
| 4 | ഉപഭോക്താവ് മാറ്റിയ തടിയും മറ്റ് വിഭവങ്ങളും (2406-01-105-96) | 0.070 | - |
| 5 | കണ്ടുകെട്ടുന്ന വനവിഭവങ്ങൾ ഒഴുകിവരുന്ന സാധനങ്ങൾ, ഉടമസ്ഥരില്ലാത്ത തടികൾ (2406-01-105-95) | 0.500 | 0.162 |
| 6 | കന്നുകാലികൾ (2406-01-105-94) | 800.000 | 798.955 |
| 7 | പലവക,മുൻകൂറുകൾ, സസ്പെൻസ് (2406-01-105-93) | 0.010 | - |
| 8 | തേക്കുതടി (2406-01-105-92) | 1577.620 | 1,663.592 |
| 9 | ഉറപ്പ് കുറഞ്ഞ തടികൾ (2406-01-105-91) | 157.410 | 127.847 |
| | **ആകെ** | **4787.290** | **4,838.517** |
| **X** | **മറ്റു ചെലവുകൾ (2406-01-800)** | | |
| 1 | വനങ്ങളെ സംബന്ധിച്ചുള്ള പ്രചാരണവും പരസ്യവും (2406-01-800-98) | 101.860 | 99.376 |
| 2 | വനപരിപാലനം ത്വരിതപ്പെടുത്തൽ (2406-01-800-93) | 288.660 | 334.092 |
| 3 | വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാവുന്നവർക്കുള്ള ആശ്വാസം (2406-01-800-92) | 670.000 | 669.824 |
| 4 | വനംകൊള്ളയെക്കുറിച്ച് വിവരം നൽകുന്നവർക്കുള്ള പ്രതിഫലം (2406-01-800-91) | 0.450 | 0.288 |
| | **ആകെ** | **1060.970** | **1,103.580** |
| **XI** | **വന്യമൃഗ സംരക്ഷണം (2406-02-110)** | | |
| 1 | വന്യമൃഗ സംരക്ഷണ വിഭാഗം (2406-02-110-99) | 3027.060 | 3,317.946 |
| 2 | പെരിയാർ ടൈഗർ റിസർവ്വ് പ്രോജക്ട് (2406-02-110-93) | 377.410 | 387.509 |

| | | | |
|---|---|---|---|
| 3 | ആഗോള പരിസ്ഥിതി സൗകര്യങ്ങൾക്ക് കീഴിലുള്ള ജൈവ വികസനം (2406-02-110-69) | 110.300 | 121.451 |
| 4 | ജൈവ വൈവിദ്ധ്യ സംരക്ഷണം (2406-02-110-68) | 740.580 | 770.704 |
| | **ആകെ** | **4255.350** | **4,597.610** |
| **XII** | **നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി (4406-01-101)** | | |
| 1 | നിയമസഭാ മണ്ഡലത്തിൽ ആസ്തി വികസന സ്കീമുകളുടെ കീഴിലുള്ള പദ്ധതികൾ (4406-01-101-97) | 0.010 | - |
| | **ആകെ** | **0.010** | |
| **XIII** | **ഇ.എഫ്.എൽ.(4406-01-102)** | | |
| 1 | കേരള വനം (പരിസ്ഥിതി ലോല ഭൂമിയുടെ നിക്ഷിപ്തമാക്കലും മാനേജ്മെന്റും) നിയമം 2003-ന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിക ളുടെ ഏറ്റെടുക്കൽ ചെലവ് (4406-01-102-96) | 0.010 | |
| | **ആകെ** | **0.010** | |
| **XIV** | സംസ്ഥാന അതോറിറ്റി (പകരം വനവൽക്കരണം) (2406-04-103-99) | | |
| 1 | സ്റ്റേറ്റ് അതോറിറ്റി (കോംപൻസേറ്ററി അഫോറസ്റ്റേഷൻ) (2406-04-103-99) | **1608.010** | **1,603.215** |
| | **ആകെ** | **1608.010** | **1,603.215** |
| | **ആകെ മൊത്തം** | **54914.170** | **56554.228** |

## 5.8 കേന്ദ്ര സർക്കാരിൽ നിന്നും നേരിട്ട് ലഭിച്ച തുക

ഓരോ സ്കീമിനും കേന്ദ്ര സർക്കാരിൽ നിന്നും 2021-22-ൽ ലഭിച്ച തുകയും അതിന്റെ ചെലവായ തുകയും ചുവടെ ചേർക്കുന്നു.

**പട്ടിക - 49**

**കേന്ദ്ര സർക്കാരിൽ നിന്നും നേരിട്ടു ലഭിച്ച ഫണ്ട് വിവരം**

| സ്കീം | 2021-22-ൽ അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) | 2021-22-ൽ ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| CAMPA | 1608.00 | 1603.21 |

## 5.9 മറ്റു വകുപ്പുകൾക്ക്/ഏജൻസികൾക്കു വേണ്ടി നടത്തിയ പ്രവൃത്തികൾ

മറ്റ് സർക്കാർ വകുപ്പുകൾക്കു വേണ്ടിയും സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയും തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റ് ഏജൻസികൾക്കു വേണ്ടിയുമുള്ള പ്രവൃത്തികൾക്ക് നടപ്പുവർഷം ചെലവാക്കിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക - 50**

**മറ്റു വകുപ്പുകൾക്ക്/ഏജൻസികൾക്കു വേണ്ടി നടത്തിയ പ്രവൃത്തികൾ**

| ക്രമ നം. | ഉറവിടം | ഗുണഭോക്തൃ സർക്കിൾ / ഡിവിഷൻ | ഉദ്ദേശം | ചെലവ് (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പെട്രോനെറ്റ് എൽ.എൻ.ജി ലിമിറ്റഡ് | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, എറണാകുളം | കണ്ടൽ വനവൽക്കരണം | 1.88363 |

# അധ്യായം 6

# അടിസ്ഥാന സൗകര്യം

വനങ്ങളെ കാര്യക്ഷമമായി പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും മെച്ചമായ വനവിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിനും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ അനിവാര്യമാണ്. 2021-22 വർഷത്തിൽ പുതിയ കെട്ടിടങ്ങൾ നിർമിക്കുന്നതിനും പഴയവ അറ്റകുറ്റപ്പണി ചെയ്യുന്നതിനുമായി 398.378 ലക്ഷം രൂപ ചെലവു ചെയ്തു. ഇതേ വർഷം പുതിയ റോഡുകൾ നിർമിക്കുന്നതിനും പഴയവയിൽ അറ്റകുറ്റപ്പണി നടത്തുന്നതിനുമായി 363.531 ലക്ഷം രൂപ ചെലവഴിച്ചു. നബാർഡ്-ആർ.ഐ.ഡി.എഫ് സ്കീമിന് കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 2966.293 ലക്ഷം രൂപ ചെലവഴിച്ചു.

## 6.1 റോഡ്

വനം വകുപ്പ് 31.03.2022 വരെ പരിപാലിക്കുന്ന വിവിധതരം റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക - 51**

**31.3.2022 വരെയുള്ള റോഡുകളുടെ വിവരം**

| ക്രമ നം. | റോഡ് ടൈപ്പ് | നീളം (കി. മീറ്ററിൽ) |
|---|---|---|
| 1 | സിമന്റ്, കോൺക്രീറ്റ് | 83.877 |
| 2 | ടാർ | 548.637 |
| 3 | മെറ്റൽ | 853.023 |
| 4 | മണ്ണ് റോഡ് (സർഫസ് ചെയ്യാത്തത്) | 3529.093 |
| | ആകെ | 5014.630 |

ആകെയുള്ള 5014.630 കി. മീറ്റർ റോഡിൽ 4219.795 കി.മീ. വാഹനഗതാഗത യോഗ്യവും ബാക്കി 794.835 കി.മീ. വാഹന ഗതാഗത യോഗ്യമല്ലാത്തവയുമാണ്.

## 6.2 കെട്ടിടങ്ങൾ

31.03.2022 വരെ 3489 കെട്ടിടങ്ങൾ വനംവകുപ്പിന്റെ അധീനതയിലുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്നു.

**പട്ടിക - 52**

**31.03.2022 വരെയുള്ള കെട്ടിടങ്ങളുടെ കണക്ക്**

| ക്രമ നം. | കെട്ടിടത്തിന്റെ ഇനം | എണ്ണം |
|---|---|---|
| 1 | ഓഫീസ് കെട്ടിടങ്ങൾ | 332 |
| 2 | റെസ്റ്റ് ഹൗസുകൾ/ഗവൺമെന്റ് കോട്ടേജുകൾ/ ഇൻസ്പെക്ഷൻ ബംഗ്ലാവു (IB)കൾ | 61 |
| 3 | ക്വാർട്ടേഴ്സുകൾ | |
| | a) ടൈപ്പ് VI | 24 |
| | b) ടൈപ്പ് V | 14 |
| | c) ടൈപ്പ് IV | 66 |

| ക്രമ നം. | കെട്ടിടത്തിന്റെ ഇനം | എണ്ണം |
|---|---|---|
| | d) ടൈപ്പ് III | 203 |
| | e) ടൈപ്പ് II | 687 |
| | f) ടൈപ്പ് I | 353 |
| | g) മറ്റ് ക്വാർട്ടേഴ്സുകൾ | 188 |
| 4 | ഡോർമിറ്ററികൾ | 104 |
| 5 | കമ്മ്യൂണിറ്റി ഹാളുകൾ | 51 |
| 6 | വനം സ്റ്റേഷനുകളും അനുബന്ധ കെട്ടിടങ്ങളും | 158 |
| 7 | മറ്റു കെട്ടിടങ്ങൾ | 1248 |
| | ആകെ | 3489 |

## 6.3 വാഹനങ്ങൾ

വിവിധ ഉപയോഗങ്ങൾക്കായുള്ള 769 സർക്കാർ വാഹനങ്ങൾ വനംവകുപ്പിനുണ്ട്. ഇവയിൽ 640 എണ്ണം പ്രവർത്തനയോഗ്യവും 129 എണ്ണം പ്രവർത്തനയോഗ്യമല്ലാത്തവയുമാണ്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### പട്ടിക - 53

### 31.03.2022 വരെയുള്ള വാഹനങ്ങളുടെ കണക്ക്

| ക്രമനം. | വാഹനങ്ങൾ | വാഹനങ്ങളുടെ എണ്ണം | | ആകെ വാഹനങ്ങളുടെ എണ്ണം |
|---|---|---|---|---|
| | | പ്രവർത്തന യോഗ്യമായവ | പ്രവർത്തന യോഗ്യമല്ലാത്തവ | |
| 1 | മഹീന്ദ്ര ജീപ്പ് | 110 | 22 | 132 |
| 2 | ബൊലേറോ | 117 | 6 | 123 |
| 3 | ഇൻവേഡർ | 9 | 0 | 9 |
| 4 | മോട്ടോർ സൈക്കിൾ | 90 | 68 | 158 |
| 5 | മഹീന്ദ്ര താർ/കാംപർ | 138 | 6 | 144 |
| 6 | അംബാസിഡർ കാർ | 3 | 9 | 12 |
| 7 | വെറിറ്റോ കാർ / മറ്റുള്ള കാറുകൾ | 4 | 1 | 5 |
| 8 | ഇൻഡിഗോ കാർ | 3 | 2 | 5 |
| 9 | മാരുതി SX4/സിയാസ് | 18 | 0 | 18 |
| 10 | ഇന്നോവ | 34 | 0 | 34 |
| 11 | മഹീന്ദ്ര സൈലോ/XUV/ സ്കോർപ്പിയോ | 37 | 0 | 37 |
| 12 | ബസ്/ മിനിബസ് | 23 | 2 | 25 |
| 13 | ടൊയോട്ടോ ക്വാളിസ് | 7 | 1 | 8 |
| 14 | മിനി ലോറി / ലോറി | 3 | 2 | 5 |
| 15 | ഇലക്ട്രിക് റിക്ഷാ | 0 | 1 | 1 |
| 16 | ആമ്പുലൻസ് | 2 | 0 | 2 |
| 17 | ഫോർഡ് ഫിയസ്റ്റാ/എ.റ്റി.വി.-1 | 2 | 0 | 2 |

| | | | | |
|---|---|---|---|---|
| 18 | സ്കോർപ്പിയോ ഗെറ്റവേ | 9 | 0 | 9 |
| 19 | ഗൂർഖാ എക്സ്പ്ലോറർ | 2 | 0 | 2 |
| 20 | ടാറ്റാ വിങർ/മൻസ | 2 | 2 | 4 |
| 21 | ആൽഫാ പിക്ക് അപ്പ് | 2 | 1 | 3 |
| 22 | മാരുതി ജിപ്സി | 1 | 0 | 1 |
| 23 | ബോട്ട് | 24 | 6 | 30 |
| ആകെ | | 640 | 129 | 769 |

## 6.3.1 വാഹനങ്ങൾ വാങ്ങിക്കൽ/ ഒഴിവാക്കൽ

വകുപ്പ് 2021-22 സാമ്പത്തിക വർഷത്തിൽ 34 വാഹനങ്ങൾ വാങ്ങുകയും 17 വാഹനങ്ങൾ നീക്കം ചെയ്യുകയും ചെയ്തു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### പട്ടിക - 54
### 2021-22-ൽ വാങ്ങുകയും വിൽപ്പന നടത്തിയതുമായ വാഹനങ്ങളുടെ വിവരം

| ക്രമ നം. | വാഹന ഇനം | ബജറ്റിൽ/സ്കീമിൽ ഉൾപ്പെടുത്തി വാങ്ങിയവ | വാഹനങ്ങളുടെ എണ്ണം | വില (രൂപയിൽ) |
|---|---|---|---|---|
| 1 | ഫോർസ് ഗുർഖ | CAMPA | 10 | 1,36,55,660 |
| 2 | ഫോർസ് ഗുർഖ | തടി അധിഷ്ഠിത വ്യവസായത്തിന്റെ ഒറ്റത്തവണ തുക അടക്കലിൽ നിന്ന് | 5 | 68,27,830 |
| 3 | ബോലേറോ കാംപർ | തടി അധിഷ്ഠിത വ്യവസായത്തിന്റെ ഒറ്റത്തവണ തുക അടക്കലിൽ നിന്ന് | 6 | 48,63,216 |
| 4 | ടാറ്റാ സഫാരി | തടി അധിഷ്ഠിത വ്യവസായത്തിന്റെ ഒറ്റത്തവണ തുക അടക്കലിൽ നിന്ന് | 2 | 37,33,296 |
| 5 | ഫോർസ് ഗുർഖ | എസ്.ഒ.എഫ്.ബി | 5 | 68,27,835 |
| 6 | ടാറ്റാ സഫാരി | എസ്.ഒ.എഫ്.ബി | 2 | 37,15,696 |
| 7 | മഹീന്ദ്ര താർ | എസ്.ഒ.എഫ്.ബി | 3 | 36,54,684 |
| 8 | മഹീന്ദ്ര ബൊലേറോ | ആർ.കെ.ഡി.പി | 1 | 8,38,606 |
| | | ആകെ | 34 | 4,41,16,823 |

| വാഹന ഇനം | വാഹനങ്ങളുടെ എണ്ണം |
|---|---|
| മഹീന്ദ്ര ജീപ്പ് | 5 |
| ബുള്ളറ്റ് | 3 |
| ബൊലേറോ | 3 |
| മഹീന്ദ്ര താർ | 1 |
| പൾസർ | 1 |
| ടാറ്റ ഇൻഡിഗോ | 1 |
| മഹീന്ദ്ര ഇൻവേഡർ | 1 |
| മഹീന്ദ്ര വോയേജർ | 1 |
| സ്വരാജ് മസ്ദ | 1 |
| ആകെ | 17 |

പഴയ വാഹനങ്ങൾ ഒഴിവാക്കിയതിലൂടെ 23,07,770 രൂപ വരുമാനമായി ലഭ്യമായിട്ടുണ്ട്.

## 6.4 ആയുധങ്ങളും വെടിക്കോപ്പുകളും

അപായ സാധ്യതയുള്ള വന മേഖലകളെയും വന്യജീവികളെയും സംരക്ഷിക്കുന്നതിനായി ഫോറസ്റ്റ് സ്റ്റേഷൻ ഉദ്യോഗസ്ഥർക്കും, ഫോറസ്റ്റ് റേഞ്ച് ഓഫീസർമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും ആവശ്യത്തിനു വേണ്ട ആയുധങ്ങളും വെടിക്കോപ്പുകളും നൽകിയിട്ടുണ്ട്. 31.03.2022 വരെയുള്ള ഇതിന്റെ വിശദവിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക - 55**

**31.03.2022 വരെയുള്ള ആയുധങ്ങളുടേയും വെടിക്കോപ്പുകളുടേയും കണക്ക്**

| ക്രമ നം. | സർക്കിൾ/ ഓഫീസ് | തോക്കുകളുടെ എണ്ണം | റിവോൾവറുകളുടെ എണ്ണം | പമ്പ് ആക്ഷൻ ഗൺ | വെടിക്കോപ്പുകൾ (കാട്രിഡ്ജുകളും ബുള്ളറ്റുകളും) |
|---|---|---|---|---|---|
| 1 | സതേൺ സർക്കിൾ കൊല്ലം | 39 | 11 | 5 | 1134 |
| 2 | ഹൈറേഞ്ച് സർക്കിൾ കോട്ടയം | 59 | 14 | 10 | 2119 |
| 3 | സെൻട്രൽ സർക്കിൾ തൃശ്ശൂർ | 39 | 10 | 5 | 1049 |
| 4 | ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 50 | 8 | 1 | 1462 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 31 | 6 | 3 | 1346 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 12 | 5 | 1 | 1377 |
| 7 | പ്രോജക്ട് ടൈഗർ ഫീൽഡ് ഡയറക്ടർ, കോട്ടയം | 91 | 19 | 73 | 1761 |
| 8 | വന്യജീവി വിഭാഗം, പാലക്കാട് | 72 | 15 | 4 | 2619 |
| 9 | പരിശോധനയും മൂല്യ നിർണയവും കോട്ടയം | 15 | 6 | 0 | 296 |
| 10 | പരിശോധനയും മൂല്യനിർണയവും കോഴിക്കോട് | 16 | 8 | 0 | 479 |
| 11 | പരിശീലന കേന്ദ്രം, അരിപ്പ | 2 | 2 | 1 | 235 |
| 12 | എസ്റ്റേറ്റ് ഓഫീസ് വനം ആസ്ഥാനം, തിരുവനന്തപുരം | 10 | 0 | 0 | 725 |
| | **ആകെ** | **436** | **104** | **103** | **14602** |

# അധ്യായം 7

# വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

പൊതുജന സമ്പർക്കത്തിനും വിജ്ഞാന വ്യാപനത്തിനുമായുള്ള വനം വകുപ്പിലെ വിഭാഗമാണ് ഫോറസ്ററ് ഇൻഫർമേഷൻ ബ്യൂറോ (എഫ്.ഐ.ബി). വന്യജീവിവാരം, ലോക പരിസ്ഥിതി ദിനം തുടങ്ങിയ വാരാചരണ, ദിനാചരണങ്ങൾ നടക്കുന്നതിന്റെ ഭാഗമായി ബുക്ക് ലെറ്റുകൾ, ലഘുരേഖകൾ പോസ്റ്ററുകൾ തുടങ്ങിയവ അച്ചടിച്ച് പ്രസിദ്ധപ്പെടുത്താനും എഫ്.ഐ.ബി നടപടികൾ സ്വീകരിക്കുന്നു.

## 7.1 പ്രസിദ്ധീകരണങ്ങൾ

പരസ്യങ്ങൾ രൂപകൽപ്പന ചെയ്യുകയും വിതരണം ചെയ്യുകയും ചെയ്യുക., ഫീൽഡ് ഓഫീസുകളിൽ നൽകാൻ പ്രദർശന വസ്തുക്കൾ രൂപകൽപ്പന ചെയ്യുക, വിതരണം ചെയ്യുക, ഹ്രസ്വചിത്രങ്ങൾ നിർമിക്കുക, സംസ്ഥാനതല പരിപാടികൾക്ക് പ്രചാരണം നൽകുക, വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ പദ്ധതികൾ എന്നിവയുടെ നടത്തിപ്പിനും, പ്രചാരണത്തിന് ഉതകുന്നതിനും വനം വന്യജീവി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പൊതു ജനങ്ങളെ ഭാഗമാക്കുന്നതിനും വേണ്ടി വിവിധ തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ ഫോറസ്ടി ഇൻഫോർമേഷൻ ബ്യൂറോ തയ്യാറാക്കുന്നു.

സർക്കാർ നിർദ്ദേശ പ്രകാരം ഹരിത കേരളത്തേയും ലോക പരിസ്ഥിതി ദിനത്തേയും സംബന്ധിച്ച് ലോക ഫോട്ടോ ആൽബം തയ്യാറാക്കിയിട്ടുണ്ട്. ശബരിമല തീർത്ഥാടനം വന്യജീവി വാരോഘോഷം, വന മഹോൽസവം എന്നിവയുമായി ബന്ധപ്പെട്ട് ഓഡിയോ പരസ്യങ്ങൾ തയ്യാറാക്കി വിവിധ വീഡിയോകളിലൂടെ സംപ്രേഷണം ചെയ്തു. കൂടാതെ മനുഷ്യ വന്യമൃഗ സംഘർഷം, പശ്ചിമഘട്ട സംരക്ഷണ ബിൽ, കാട്ടുപന്നി ആക്രമണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് ബ്രോഷറുകൾ പത്ര പരസ്യങ്ങൾ, പോസ്റ്ററുകൾ, ബുക്കുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുകയും സംസ്ഥാന തല ശിൽപ്പശാല നടത്തുകയും ചെയ്തു.

### വാർഷിക റിപ്പോർട്ടുകൾ

2021-22-ലേക്കുള്ള വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കി. 2022-ലെ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് അവസാന ഘട്ടത്തിലാണ്.

### മാസികകൾ

വകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണമായ 'അരണ്യം' പ്രാദേശികഭാഷയായ മലയാളത്തിലാണ് ബ്യൂറോ പ്രസിദ്ധീകരിക്കുന്നത്. കെട്ടിലും മട്ടിലും അന്തസത്തയിലും ദേശീയ നിലവാരത്തിലുള്ള ഒരു പ്രതിമാസ പ്രസിദ്ധീകരണമായാണ് ഫോറസ്റ്റ് ഇൻഫോർമേഷൻ ബ്യൂറോ 2015 മുതൽ 'അരണ്യം' എന്ന മാസിക പ്രസിദ്ധീകരിക്കുന്നത്. ഇപ്പോൾ മൾട്ടി കളർ പേജുകളിലാക്കി ഏറെ പ്രശംസ പിടിച്ചു പറ്റിയിട്ടുള്ള ഈ പ്രസിദ്ധീകരണത്തിന് നിലവിൽ 2238 വാർഷിക വരിക്കാരാണുള്ളത്.

### കൈപ്പുസ്തകങ്ങൾ

2021-22 വർഷത്തിൽ കാട്ടുതീ മനുഷ്യ-വന്യജീവി സംഘർഷം, ജി.എസ്.ടി പുതുക്കിയ പതിപ്പ്, ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം പുതുക്കിയ പതിപ്പ്, കോടതി നടപടി സഹായി, പരിസ്ഥിതി പുനസ്ഥാപന നയരേഖ, വകുപ്പിന്റെ ഒരു വർഷത്തെ നേട്ടങ്ങൾ എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

### ഫോറസ്റ്റ് ഗൈഡുകൾ

2021-22 വർഷം ഫോറസ്ടി ഇൻഫർമേഷൻ ബ്യൂറോ 8,000 ഫോറസ്ററ് ഗൈഡുകൾ തയ്യാറാക്കി ജീവനക്കാർക്ക് വിതരണം ചെയ്തു.

### വനവികസന ഏജൻസി/ വനസംരക്ഷണ സമിതികളിലെ പ്രവർത്തനങ്ങൾ

- നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷനിലെ വഴിക്കടവ് റെയിഞ്ചിലെ അപ്പൻകാപ്പ് ഊരിലെ കുട്ടികൾക്കായി സംസ്ഥാന വനവികസന ഏജൻസിയുടെ നേതൃത്വത്തിൽ നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് അതോറിറ്റി ദൃശ്യകലാ ക്യാമ്പ് സംഘടിപ്പിച്ചു. ഒക്ടോബർ 25 മുതൽ 29 വരെ നടന്ന "നങ്കചെമ്മം" ക്യാമ്പ് നയിക്കുന്നത് കാലടി ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ വിദ്യാർത്ഥി കൂട്ടായ്മയായ ടസ്സാസേഴ്സിന്റെ നേതൃത്വത്തിലാണ്.

- വെള്ളിയം കുളങ്ങര ഫോറസ്റ്റ് റെയ്ഞ്ച് ചാലക്കുടി ഫോറസ്റ്റ് റെയ്ഞ്ചിലെ ആനപ്പാന്തം ഊരിൽ വെച്ച് സെപ്റ്റംബർ 25 മുതൽ 29 വരെ പ്രസ്തുത ഊരിലെ കുട്ടികൾക്കായി ട്രസ്സാസേഴ്സ് നയിച്ച ദൃശ്യകലാ ക്യാമ്പിന്റെ നേതൃത്വം നൽകിയത് സംസ്ഥാന വന വികസന ഏജൻസിയും ഫോറസ്റ്റ് ഡെവലപ്മെന്റ് അതോറിറ്റിയും ചേർന്നാണ്.

- കല്ലുകളും മുത്തുകളും ഉപയോഗിച്ച് വയനാട്ടിലെ പണിയ വിഭാഗക്കാർ നിർമ്മിച്ചെടുക്കുന്ന മനോഹരമായ കണ്ഠാഭരണമാണ് "മുടെച്ചുള്ള്". സംസ്ഥാന വന വികസന ഏജൻസിയുടെ നേതൃത്വത്തിൽ ഒരു മനോഹരമായ ദൃശ്യകലാ ക്യാമ്പ് 26.12.21 മുതൽ 30.12.21 വരെ കുഞ്ഞോം വനസംരക്ഷണ സമിതിയിൽ വിദ്യാർത്ഥികൾക്കായി വയനാട് ഡിവിഷൻ സംഘടിപ്പിച്ചു.

- അട്ടപ്പാടിയിലെ വിദ്യാർത്ഥികൾക്കായി വ്യത്യസ്തമായ ക്യാമ്പ് ഒരുക്കി വനംവകുപ്പ് . മണ്ണാർക്കാട് വന വികസന ഏജൻസിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച "ഗുലുമേടെ റാക്കോട്ട്" ക്യാമ്പിൽ 50-ലേറെ വിദ്യാർത്ഥികൾ പങ്കെടുത്തു. സെപ്റ്റംബർ 5 മുതൽ 5ദിവസം നീണ്ടു നിന്ന ക്യാമ്പിൽ കുട്ടികൾക്ക് കളിമൺ ഉൽപ്പന്ന നിർമ്മാണത്തിലും ചിത്രകലയിലും പരിശീലനം നൽകി.

## 7.2 ദൃശ്യ - ശ്രവ്യ ഡോക്കുമെന്റേഷനുകൾ

- **പറമ്പിക്കുളം ടൈഗർ റിസർവ്വിനെക്കുറിച്ചുള്ള വീഡിയോ ഹ്രസ്വ ചിത്രം**

പറമ്പിക്കുളം കടുവാ സങ്കേതത്തിന്റെ ചരിത്രം, പരിണാമം, ജൈവവൈവിധ്യം എന്നിവയുമായി ബന്ധപ്പെട്ട് ഒരു ഡോക്യുമെന്ററി ശ്രീ.സുരേഷ് ഇളമൻ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റിന്റെ സഹായത്താൽ സംവിധാനം ചെയ്തു. വീഡിയോ പറമ്പിക്കുളം കടുവാ സങ്കേതത്തിന്റെ യൂട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്യുകയും അത് രാജ്യത്താകെ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു.

- **ശബരിമല തീർത്ഥാടനകാലത്തെ വിവിധ പ്രവർത്തനങ്ങളെ ആസ്പദമാക്കി ഫോട്ടോ ചിത്രീകരണം**

പെരിയാർ വെസ്റ്റ്ഡിവിഷന്റെ ഒരു പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് ശബരിമല തീർത്ഥാടന മാനേജ്മന്റ്. സീസണിൽ ശബരിമല ദർശനത്തിനെത്തുന്ന തീർത്ഥാടകർക്കുവേണ്ടി എല്ലാവിധ സൗകര്യങ്ങൾ ഒരുക്കുകയും പരമ്പരാഗതകാനന പാതയായ പമ്പ മുതൽ സന്നിധാനം വഴി 04.01.2022 മുതൽ 06.01.2022 വരെ ചെയ്യുന്ന വിവിധ പരിപാടികളെ സംബന്ധിച്ച്ഒരു ഫോട്ടോ ഡോക്യുമെന്റേഷൻ നടത്തുകയുണ്ടായി.

- **ഓൺലൈൻ ചിത്ര മൽസരം**

ആഗോള കടുവാദിനം, ലോക ഗജദിനം എന്നിവയുടെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പറമ്പിക്കുളം ടൈഗർ റിസർവ്വ് ഓൺലൈൻ ചിത്ര മൽസരം സംഘടിപ്പിക്കുകയും ഔദ്യോഗിക ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം പേജിൽ പ്രചരിപ്പിക്കുകയും ചെയ്തു.

- **കാട്ടുതീ പ്രതിരോധ ഹ്രസ്വ ചിത്രം**

പാലക്കാട് കേരള ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്, പറമ്പിക്കുളം ടൈഗർ കോൺസർവേഷൻ ഫൗണ്ടേഷൻ, പീച്ചി വൈൽഡ്‌ലഫ് ഡിവിഷനുമായി സഹകരിച്ച് കാട്ടുതീ പ്രതിരോധ സന്ദേശം പ്രചരിപ്പിക്കുന്നതിനായി "അവസാന ഇലയുടെ അവശിഷ്ടങ്ങൾ" എന്ന പേരിൽ ഒരു ഹ്രസ്വ ചിത്രം പറമ്പിക്കുളം ടൈഗർ റിസർവ്വ് ഡയറക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കുകയും കേരള ഫോറസ്റ്റ് ഡെവലപ്മെന്റിന്റെ ഔദ്യോഗിക യൂട്യൂബ് ചാനലിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

## 7.3 സർവ്വേകൾ

- **ഗവി ഫോറസ്റ്റ് സ്റ്റേഷൻ സർവ്വേ**

കൃത്യമായി അതിർത്തി തിരിച്ചറിയുന്നതിനും ഗൂഡ്രിക്കൽ റെയിഞ്ചിൽ നിന്നും പെരിയാർ ടൈഗർ റിസർവ്വിലേയ്ക്ക് പുതുതായി ചേർത്ത പ്രദേശം നിർദ്ദേശിക്കുന്നതിനുമായി വള്ളക്കടവ് റെയ്ഞ്ചിലെ ഗവി ഫോറസ്റ്റ് സ്റ്റേഷനിലെ പടിഞ്ഞാറെ അതിർത്തിയുടെ ജി.പി.എസ് സർവ്വേ നടത്തിയിട്ടുണ്ട്.

- ജലപക്ഷി സർവ്വേ

സ്വദേശീയരും ദേശാടനക്കാരുമായ വിവിധയിനം ജലപക്ഷികളുടെ ആവാസ സ്ഥലമാണ് പെരിയാർ തടാകം. ജലപക്ഷികളുടെ എണ്ണം നിരീക്ഷിക്കുക എന്നത് വ്യവസ്ഥാപിതമായി നടപ്പിലാക്കിയ ഒരു പ്രവർത്തനമാണ്, ജലപക്ഷി സർവ്വേയിൽ 30 ഇനം പക്ഷികളെ നിരീക്ഷിക്കുന്നു.

* **ജി.പി.എസ് സർവ്വേ**

ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന ഗാന്ധി സ്മൃതി വനം റിസർവ്വിന്റെ അതിർത്തി സർവ്വേയും റിസർവ്വിന്റെ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി ജി.ഐ.എസ് സെൽ എല്ലാ അതിർത്തി പോയിന്റുകളിലും ഫീൽഡ് സർവ്വേയും നടത്തി.

## 7.4 സാമൂഹിക മാധ്യമ നിയന്ത്രണം

പ്രചാരണത്തിന്റെ ഭാഗമായി മാധ്യമങ്ങളുടെ പുതിയ സാങ്കേതിക വേദികളിൽ സജീവമായിത്തന്നെ വകുപ്പ് ഇടപെട്ടുവരുന്നു. സാമൂഹിക മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, യൂട്യൂബ്, ട്വിറ്റർ എന്നിവയിൽ സജീവമായി നിൽക്കുന്ന വിഷയങ്ങൾ ഗൗരവമായിത്തന്നെ കൈകാര്യം ചെയ്യാറുണ്ട്. തുടർച്ചയായ സേവനങ്ങൾ ഉറപ്പ് വരുത്തുന്നതിനും, ജൈവ വൈവിധ്യ പരിപാലനത്തിനും വന സംരക്ഷണത്തിനും പങ്കാളിത്ത വന മാനേജ്മെന്റിന്റെ പ്രസക്തി ഉറപ്പുവരുത്തുന്ന അടിസ്ഥാന സന്ദേശം യുവജനങ്ങളിൽ എത്തിക്കാനും വേണ്ടി വകുപ്പിന്റെ സാമൂഹിക മാധ്യമ ഇടപെടലുകൾ സഹായകമായിട്ടുണ്ട്.

* **ഫെയ്സ്ബുക്ക്**

കേരള ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റിന്റെ ഫെയ്സ്ബുക്ക് പേജ് പൊതുജനങ്ങളിൽ സജീവമായി നിലനിർത്തുന്നതിനായി അതാത് സമയങ്ങളിൽ ഈ പേജ് പുതുക്കി നിലനിർത്താറുണ്ട്. വകുപ്പിന്റെ എല്ലാ പരിപാടികളും ഹ്രസ്വ വീഡിയോ ചിത്രങ്ങളും താരതമ്യേന അപ്രധാനമായ സംഭവങ്ങൾ വരെ അപ് ലോഡ് ചെയ്യുന്നുണ്ട്. നിലവിൽ 13,000 ഫോളോവേഴ്സ് ഫെയ്സ്ബുക്ക് പേജിലുണ്ട്.

* **യൂട്യൂബ്**

വകുപ്പിന്റെ ഉടമസ്ഥതയിൽ കേരള വന്യജീവി വകുപ്പ് എന്ന പേരിൽ ഒരു യൂട്യൂബ് ചാനൽ നടത്തി വരുന്നു. എല്ലാ 15 ദിവസങ്ങളിലും ഒരു പുതിയ വീഡിയോചിത്രം ഈ ചാനലിൽ അപ് ലോഡ് ചെയ്യുന്നു. വകുപ്പ് പൊതുജന ബോധവൽക്കരണത്തിനായി നടത്തുന്ന വിവിധ പരിപാടികൾ, വനം വന്യജീവി പരിപാലനം, വന സംരക്ഷണം എന്നീ പ്രധാന മേഖലകളെ സംബന്ധിച്ചുള്ളതുമായ വീഡിയോകളും അപ് ലോഡ് ചെയ്തു വരുന്നു. വർഷത്തിൽ ഏകദേശം നൂറ് വീഡിയോകളെങ്കിലും അപ് ലോഡ് ചെയ്യുന്ന ഈ ചാനലിന് നിലവിൽ 17,000-ത്തിലധികം സബ്സ്ക്രൈബേഴ്സ് ഉണ്ട്.

* **ട്വിറ്റർ**

'കേരള വനം വകുപ്പ്' എന്ന ട്വിറ്റർ ഹാന്റിലുകൾ കൈകാര്യം ചെയ്തു വരുന്ന ഈ വകുപ്പിന് നിലവിൽ 3,501-ൽ അധികം ഫോളോവേഴ്സ് ഉണ്ട്. വകുപ്പിന്റെ പ്രചാരണ സംബന്ധമായ പരിപാടികൾ നടത്തുന്നതിനും ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും ഈ ഹാന്റിൽ ഉപയോഗിച്ചുവരുന്നു.

# അധ്യായം 8

# പരിപാടികൾ

## 8.1 സംസ്ഥാനതല പരിപാടികൾ

### വന്യജീവി വാരാഘോഷം




വനംവകുപ്പ് 2021 ഒക്ടോബർ 2 മുതൽ 8 വരെ വന്യജീവി വാരം ആഘോഷിച്ചു. ദേശീയ വന്യജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ 2-ന് പാലക്കാട് ആരണ്യഭവൻ കോംപ്ലക്സിൽ ബഹു. മുഖ്യമന്ത്രി ഓൺലൈനായി നിർവഹിച്ചു. സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായ മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ ലഘൂകരണത്തിന് സർക്കാർ ശക്തമായ നിലപാടുകൾ സ്വീകരിക്കുമെന്നും മനുഷ്യനെയും വന്യമൃഗങ്ങളെയും അതിന്റെ ആവാസ വ്യവസ്ഥയുടെ ചട്ടക്കൂടുകളിൽ ഒന്നായി കണ്ടുകൊണ്ടുള്ള സമഗ്രമായ ഒരു സംഘർഷ ലഘൂകരണ പദ്ധതിക്ക് സർക്കാർ നടപടി സ്വീകരിച്ചു വരികയാണെന്നും ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അറിയിച്ചു.

സംസ്ഥാനതല വന്യജീവി വാരാഘോഷത്തിന്റെ സമാപനചടങ്ങ് ഒക്ടോബർ 8-ന് വനംവകുപ്പ് ആസ്ഥാനത്തു ബഹു.വകുപ്പ് മന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ നിർവഹിച്ചു.

വന മേഖലയിൽ താമസിക്കുന്ന മനുഷ്യർക്കൊപ്പം വനത്തിന്റെയും വന്യ ജീവികളുടെയും സംരക്ഷണവും മുഖ്യമാണെന്ന് ബഹു. വനം മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ. സംസ്ഥാനതല വന്യജീവി വാരാഘോഷത്തിന്റെ സമാപനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദേശീയ കടുവ സംരക്ഷണ അതോറിറ്റി ഇൻസ്പെക്ടർ ജനറൽ ഡോ. അമിത് മല്ലിക് ആശംസകൾ അർപ്പിച്ചു.

### റിപ്പബ്ലിക് ദിനവും സ്വാതന്ത്ര്യദിനവും



ഫോറസ്റ്റ് ആസ്ഥാനത്തും ഡിപ്പാർട്ട്മെന്റിലെ വിവിധ ഓഫീസുകളിലും സ്വാതന്ത്ര്യ ദിനവും റിപ്പബ്ലിക്ദിനവും ആഘോഷിച്ചു. വന സേനയുടെ നേതൃത്വത്തിൽ പതാക ഉയർത്തൽ ചടങ്ങുകളും പരേഡുകളും നടത്തി. എഴുപത്തി മൂന്നാമതു റിപ്പബ്ലിക്ക് ദിനം വനം വകുപ്പ് ആസ്ഥാനത്ത് ആചരിച്ചു. എപി. സി. സി. എഫ് (ഭരണം) ഡോ. പി. പുകഴേന്തി, ഐ. എഫ്. എസ് ദേശീയ പതാക ഉയർത്തി. ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ വ്യതിയാന കോൺഫറൻസിൽ 2070-ഓടെ സീറോ കാർബൺ എമിറ്റർ എന്ന ഇന്ത്യ മുന്നോട്ടു വച്ച ലക്ഷ്യം കൈവരിക്കാൻ ഓരോരുത്തരും മുന്നോട്ട് വരണമെന്ന് റിപ്പബ്ലിക്ദിന സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. വനവൽക്കരണവും വനസംരക്ഷണവുമാണ് ഈ ലക്ഷ്യത്തിലേക്കുള്ള പ്രധാന മാർഗം. അതിനായി പ്രകൃതി – പരിസ്ഥിതി സംരക്ഷണത്തിൽ കടുത്ത നിഷ്ക്കർഷത പുലർത്തേണ്ടതുണ്ട്. സാധ്യമായ എല്ലായിടത്തും മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും ഉള്ളവ സംരക്ഷിക്കുന്നതിനും നാം പ്രതിജ്ഞാബദ്ധരായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. വനംവകുപ്പിലെ വിവിധ ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

### വനം രക്തസാക്ഷി ദിനം

പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിനായി ജീവത്യാഗം നടത്തിയവരെയും നിസ്വാർത്ഥം സേവനം ചെയ്തവരെയും സ്മരിച്ചുകൊണ്ട് വനംവകുപ്പ് സെപ്റ്റംബർ 11-ാം തീയതി വനം ആസ്ഥാനത്തും മറ്റ് ഓഫീസുകളിലും 'വനം രക്തസാക്ഷി ദിനം' ആചരിച്ചു.

### ലോകപരിസ്ഥിതി ദിനാചരണം

വനത്തിനു പുറത്തൊരുങ്ങും അരക്കോടി മരങ്ങളുടെ ഹരിതമേലാപ്പ് ലോക പരിസ്ഥിതി ദിനാചരണ

ത്തോടനുബന്ധിച്ച് വനത്തിന് പുറത്തെ ഹരിതകവചം വർധിപ്പിക്കുന്നതും പരിസ്ഥിതി പുനസ്ഥാപനവും ലക്ഷ്യമിട്ട് വനംവകുപ്പ് നിരവധി വൃക്ഷ വൽക്കരണ പരിപാടികളൊരുക്കി. വൃക്ഷത്തൈ വിതരണ പരിസ്ഥിതി പുനസ്ഥാപന പരിപാടികളുടെയും ലോക പരിസ്ഥിതി ദിനാചരണത്തിന്റേയും സംസ്ഥാന തല ഉദ്ഘാടനം ജൂൺ 5 രാവിലെ 10ന് കോഴിക്കോട് ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയിൽ ബഹു. വനം മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ നിർവഹിച്ചു.

### അന്താരാഷ്ട്ര വനദിനാചരണം



അന്താരാഷ്ട്ര വന ദിനത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു.

സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. ഇതിനായുള്ള നയരേഖയിലധിഷ്ഠിതമായ കർമ്മപദ്ധതിക്ക് സർക്കാർ തുടക്കമിട്ടുകയാണെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര വന ദിനാചരണ പരിപാടികളുടെ ഉദ്ഘാടനം വനംവകുപ്പ് ആസ്ഥാനത്തെ വനശ്രീ ഓഡിറ്റോറിയത്തിൽ ഓൺലൈനായി നിർവഹിച്ചു സംസാരിക്കുകയായിരുന്നു ബഹു. മുഖ്യമന്ത്രി.

രാജ്യത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് നയരേഖ പുറത്തിറക്കി കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം. പരിസ്ഥിതി പുനഃസ്ഥാപന പരിപാടികളുടെ ഭാഗമായി സംസ്ഥാനത്ത് വൃക്ഷസമൃദ്ധി എന്ന പേരിലുള്ള പദ്ധതിക്കും തുടക്കം കുറിച്ചു. വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പങ്കാളിത്തത്തോടെ ജനകീയമായി നടപ്പാക്കുന്ന പദ്ധതിയാണിത്. നാൽപ്പത്തിയേഴ് ലക്ഷം വൃക്ഷത്തൈകൾ നട്ട് തുടർപരിപാലനം ഉറപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

### വനമഹോത്സവം

വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ ജൂലൈ ഒന്നു മുതൽ ഏഴ് വരെ സംഘടിപ്പിച്ച വനമഹോത്സവത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം പള്ളിക്കൽ, ചെമ്പിക്കുന്നിൽ, വകുപ്പ് മന്ത്രി ശ്രീ. ശശീന്ദ്രൻ നിർവഹിച്ചു. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള വനസംരക്ഷണം ആണ് സർക്കാരിന്റെ നയമെന്നും വന സംരക്ഷണത്തിൽ കേരളം രാജ്യത്തിന് മാതൃകയാണെന്നും വനം മന്ത്രി പറഞ്ഞു. രമ്യ ഹരിദാസ്. എം. പി മുഖ്യാതിഥിയായി ഓൺലൈനിൽ പങ്കെടുത്തു. ചടങ്ങിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. കെ. ഡേവിഡ് മാസ്റ്റർ ആശംസകളർപ്പിച്ചു.



## 8.2 സംസ്ഥാന വനം കായികമേള



ജനുവരി 10, 12 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന 27-ാമത് സംസ്ഥാന വനം കായികമേള തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വനം-വന്യജീവി വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു.

ജീവനക്കാരിൽ ആത്മവിശ്വാസത്തിനൊപ്പം അച്ചടക്കബോധം സൃഷ്ടിക്കുന്നതിനും കായിക മത്സരങ്ങൾ നൽകുന്ന സംഭാവന മഹത്തരമെന്ന് ഗതാഗതവകുപ്പ് മന്ത്രി ശ്രീ. അഡ്വ. ആന്റണി രാജു. ഇരുപത്തിയേഴാമത് സംസ്ഥാന വനം കായിക മേളയിൽ 608 പോയിന്റുകളോടെ

ഈസ്റ്റേൺ സർക്കിൾ കിരീടം നിലനിർത്തി. 59 സ്വർണ്ണവും 57 വെള്ളിയും 48 വെങ്കലവുമടക്കം 164 മെഡലുകൾ വാരിക്കൂട്ടിയാണ് ഈസ്റ്റേൺ സർക്കിൾ ഇത്തവണ കിരീടം ചൂടിയത്. 51 സ്വർണ്ണവും 51 വെള്ളിയും 33 വെങ്കലവുമടക്കം 135 മെഡലുകളും 542 പോയിന്റുമായി നോർത്തേൺ സർക്കിൾ ഫസ്റ്റ് റണ്ണർ അപ്പായി. 461 പോയിന്റുകളോടെ സെൻട്രൽ സർക്കിൾ സെക്കന്റ് റണ്ണറപ്പായി. ആതിഥേയരായ സതേൺ സർക്കിൾ 415 പോയിന്റുകളോടെ നാലാം സ്ഥാനത്തെത്തി.

## 8.3 സെമിനാറുകൾ, കോൺഫെറൻസുകൾ, വർക് ഷോപ്പുകൾ

സതേൺ സർക്കിൾ കൊല്ലത്തു വന്യജീവിവാരാഘോഷം 2021, വന മഹോത്സവം, ലോക പരിസ്ഥിതി ദിനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് സ്കൂളുകളിലും സ്ഥാപനങ്ങളിലുമായി നിരവധി സെമിനാറുകൾ നടത്തി.

കോട്ടയം ഹൈറേഞ്ച് സർക്കിൾ മറയൂർ ഡിവിഷന് കീഴിൽ സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി കാട്ടുതീതടയാനുള്ള ബോധവൽക്കരണ ക്യാമ്പും, സെൻട്രൽ സർക്കിൾ തൃശ്ശൂരിൽ പ്രകൃതി പഠന ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ, തെരുവു നാടകം, അഗ്നിസുരക്ഷാ ബോധവത്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. പരിസ്ഥിതി ദിനം, ഭൗമദിനം, വന്യ ജീവി ദിനം, കടുവാദിനം തുടങ്ങിയവ സർക്കിളിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും സമുചിതമായി ആഘോഷിച്ചു.

ഈസ്റ്റേൺ സർക്കിൾ പാലക്കാട് പൊതുജനങ്ങൾക്കായി മെഡിക്കൽക്യാമ്പ്, അഗ്നിസുരക്ഷാക്യാമ്പുകൾ, ശാസ്ത്രീയ പാമ്പുപിടുത്ത പരിശീലനം എന്നിവ നടത്തി.

വനമഹോത്സവത്തിന്റെ ഭാഗമായി കണ്ണൂർ കണ്ണവം ആദിവാസി മേഖലയിൽ കേബിൾ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കി.

കൊല്ലം സോഷ്യൽ ഫോറസ്ട്രി സർക്കിളിൽ അഗ്നിസുരക്ഷാ ബോധവത്കരണ ക്യാമ്പുകളും കാട്ടുതീ തടയുന്നതുമായി ബന്ധപ്പെട്ടു ശിലാപ ശാലയും നടത്തി. കൊല്ലം സോഷ്യൽ ഫോറസ്ട്രിയുടെ കൊല്ലം ഡിവിഷനിൽ വന്യജീവി വാരാഘോഷം, വനമഹോത്സവം, ലോക പരിസ്ഥിതി ദിനം തുടങ്ങിയവയുമായി ബന്ധപ്പെട്ടു 17 സെമിനാറുകൾ നടത്തി, പത്തനംതിട്ട ഡിവിഷനിൽ അഗ്നിസുരക്ഷാക്യാമ്പുകൾ 52 സെമിനാറുകൾ, വന്യജീവി വാരാഘോഷം 2021-ന്റെ ഭാഗമായി വിവിധ സ്കൂളുകളിൽ 21 സെമിനാറും കോട്ടയം ഡിവിഷനിൽ നടത്തുകയുണ്ടായി.

സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ കൊല്ലത്തു ഈ വർഷം 53 സെമിനാറുകൾ, ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച 7 സെമിനാർ, വന്യ ജീവിവാരാഘോഷത്തോടനുബന്ധിച്ച് 10 സെമിനാറുകളും അന്തർദേശീയ സയൻസ് ദിനത്തോടനുബന്ധിച്ച പ്രകൃതി പഠന ക്ലാസ്സുകളും നടത്തി.

എറണാകുളം സോഷ്യൽ ഫോറസ്ട്രി സർക്കിളിൽ ആലുവ മണപ്പുറത്തു ജലാശയശുചീകരണം, കുസാറ്റിൽ വച്ച് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചു ക്വിസ് മത്സരവും നടത്തി. ലോക വനദിനത്തിൽ ജില്ലാതല പരിപാടികളും ഹരിതകേരളം, വനമഹോത്സവം, പക്ഷിസർവ്വെ, ആമ സംരക്ഷണ ബോധവത്കരണ പരിപാടി, വാച്ചർമാർക്കും പൊതുജനത്തിനും ശാസ്ത്രീയ പാമ്പുപിടുത്ത പരിശീലനം എന്നിവയും സർക്കിളിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

തൃശ്ശൂർ എസ്എഫ് ഡിവിഷന് കീഴിൽ കണ്ടൽക്കാടുകളുടെ ഏകീകരണം, കടലാമ സംരക്ഷണം എന്ന വിഷയത്തിൽ ബോധവത്കരണ പരിപാടിയും അന്താരാഷ്ട്ര വനദിനത്തോടനുബന്ധിച്ചു തെരുവ് നാടകവും നടത്തി, അതോടൊപ്പം സ്കൂളുകളിൽ വിദ്യാവനം സ്ഥാപിച്ചും വളണ്ടിയർമാർക്ക് ശാസ്ത്രീയ പാമ്പുപിടുത്തത്തിൽ പരിശീലനവും അതിനാവശ്യമായ ഉപകരണങ്ങളും വിതരണം ചെയ്തു.

പാലക്കാട് എസ്.എഫ് ഡിവിഷന് കീഴിൽ അഗ്നി സുരക്ഷാ ബോധവത്കരണ ക്യാമ്പുകൾ, പക്ഷി സർവ്വേ ഹരിതകേരളം പദ്ധതി, സ്കൂളുകളിൽ ഹരിതവനം പദ്ധതിയും നടത്തുകയുണ്ടായി. ഡിവിഷന് കീഴിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ്, അഗ്നി സുരക്ഷാ ബോധവത്കരണ ക്യാമ്പുകളും നടത്തുകയുണ്ടായി.

ഇടുക്കി എസ് എഫ് ഡിവിഷന് കീഴിൽ ഹരിത കേരളം പദ്ധതി, വനമഹോത്സവം, പക്ഷി സർവ്വേ അഗ്നി സുരക്ഷാ ബോധവത്കരണ പരിപാടി, സ്കൂളുകളിൽ വിദ്യാവനം പദ്ധതിയും ഡിവിഷന് കീഴിൽ ഒരു സ്ഥിരം നഴ്സറിയും സ്ഥാപിച്ചു. കോഴിക്കോട് സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ വിദ്യാർത്ഥികൾക്ക് സാമൂഹിക വനവത്കരണത്തിനെക്കുറിച്ചു ബോധവത്കരണ ക്ലാസ്, കാട്ടുതീ തടയൽ ബോധവത്കരണ ക്ലാസ്, പ്രകൃതി പഠനം, സൈക്കിൾ റാലി തുടങ്ങിയവ നടത്തി.

അഗസ്ത്യാവനം ബയോളജിക്കൽ പാർക്ക് തിരുവനന്തപുരത്തിന്റെ കീഴിൽ 2021 ജൂൺ 5-നു ലോക പരിസ്ഥിതി ദിനാചരണം നടന്നു. പ്രസ്തുത ചടങ്ങ് എം. എൽ. എ ശ്രീ. വി. കെ. പ്രശാന്ത് ഉദ്ഘാടനം ചെയ്തു. വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനതല പോസ്റ്റർ ഡിസൈനിംഗ് മത്സരം നടത്തുകയും അന്താരാഷ്ട്ര വനദിനത്തോടനുബന്ധിച്ചു വിദ്യാർത്ഥികൾക്കായി ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്തു.

എഫ്. ഡി. പി. ടി കോട്ടയം കാട്ടുതീയ്ക്കെതിരായ പ്രചാരണം, മാധ്യമ ക്യാമ്പ്, പരിസ്ഥിതി ദിനാചരണം, വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായുള്ള ബോധവത്കരണ ക്ലാസ്, പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ശില്പശാലകൾ നടത്തി .

വൈൽഡ് ലൈഫ് പാലക്കാടിന്റെ ഓഫീസിലും അതിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലും, പരിസ്ഥിതി ദിനം, വന്യജീവി വാരാഘോഷം, ആഗോള കടുവാദിനം, അന്താരാഷ്ട്ര വനദിനം എന്നിവ ആഘോഷിച്ചു. വൈൽഡ് ലൈഫ് സർക്കിൾ പാലക്കാടിന്റെ കീഴിൽ ആറളം വൈൽഡ് ലൈഫ് സർക്കിളിൽ വിദ്യാർത്ഥികൾക്കായി 2021-22 വർഷകായലയളവിൽ 10 ബോധവത്കരണ ക്ലാസുകൾ നടത്തുകയും ചടങ്ങിൽ 374 വിദ്യാർത്ഥികൾ പങ്കെടുക്കുകയും ചെയ്തു.

## 8.4 കടുവ സങ്കേതങ്ങളുടെ കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾ

### വിദ്യാഭ്യാസ സഹായം



ഈ വർഷം ഹയർസെക്കണ്ടറി, ഡിഗ്രി വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കിയ പറമ്പിക്കുളത്തെ എല്ലാ വിദ്യാർത്ഥികൾക്കും പറമ്പിക്കുളം ടൈഗർ കൺസേർവഷൻ സാമ്പത്തിക സഹായം നൽകി . വിവിധ ആദിവാസി കുഗ്രാമങ്ങളിൽനിന്നുള്ള സെക്കൻഡറി വിദ്യാഭ്യാസം വിജയിച്ച 27 വിദ്യാർഥികളെയും ഹയർസെക്കൻഡറി പാസായ 15 വിദ്യാർഥികളെയും ഡിഗ്രി വിദ്യാഭ്യാസം പാസായ 3 വിദ്യാർഥികളെയും അനുമോദന ചടങ്ങിൽ പറമ്പിക്കുളം ടൈഗർ കൺസേർവഷൻ അനുമോദിച്ചു. കൂടാതെ കോളേജ്തല വിദ്യാഭ്യാസത്തിന് പറമ്പിക്കുളം ടൈഗർ കൺസേർവഷൻ ഫൗണ്ടേഷൻ സ്കോളർഷിപ് പിന്തുണയും നൽകി



### ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

ഉരുൾപൊട്ടൽ അപകട സാധ്യത ഒഴിവാക്കാൻ മഴക്കാലത്ത് പൂപ്പാറ കുഗ്രാമവാസികളെ തുവയാർ എ.പി.സി.യിലേക്ക് മാറ്റിപാർപ്പിക്കാൻ പാറ്റ്കോഫ് (പറമ്പിക്കുളം ടൈഗർ റിസർവ്വ് കൺസർവേഷൻ ഫൗണ്ടേഷൻ) സൗകര്യങ്ങൾ ഉപയോഗിച്ചു. മഴക്കാലത്ത് മണ്ണിടിച്ചിലിൽ മരങ്ങൾ വീണ ആനപ്പടി - പറമ്പിക്കുളം റോഡിലെ അവശിഷ്ടങ്ങൾ പാറ്റ്കോഫിന്റെ നേതൃത്വത്തിൽ നീക്കം ചെയ്തു.



### അഗ്നിശമന ബോധവൽക്കരണ കാമ്പയിൻ

വരാനിരിക്കുന്ന തീപിടിത്തക്കാലം മുൻനിർത്തി പറമ്പിക്കുളം ടൈഗർ റിസർവ്വ് ജനുവരിയിൽ കുരിയാർകുട്ടി ആദിവാസി കുഗ്രാമങ്ങളിൽ അഗ്നിശമന ബോധവൽക്കരണ കാമ്പയിൻ നടത്തി. വനം വകുപ്പ് ഉദ്യോഗസ്ഥർ, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പ്രകൃതി പ്രവർത്തകർ, നിവാസികൾ തുടങ്ങി 42 പേർ പരിപാടിയിൽ പങ്കെടുത്തു.

### ആഗോള കടുവ ദിനം

2021 ജൂലൈ 29-ന് പറമ്പിക്കുളം ടൈഗർ റിസർവ് ആഗോള കടുവാദിനവും 2021 ഓഗസ്റ്റ് 12-ന് ലോക ആന ദിനവും ആചരിച്ചു. ഈ സുപ്രധാന ദിനങ്ങളിലെ സന്ദേശങ്ങൾ പൊതുജനങ്ങളിലേക്ക് എത്തുന്നുവെന്ന് ഉറപ്പാക്കാൻ, പറമ്പിക്കുളം ടൈഗർ റിസർവ് ഹ്രസ്വ വീഡിയോ മത്സരം നടത്തി.

### ബോധവൽക്കരണ ക്ലാസ്

മാധ്യമ ക്യാമ്പ്, പരിസ്ഥിതി ദിനാചരണം, കാട്ടുതീയ്ക്കെതിരായ പ്രചാരണം വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായുള്ള ബോധവത്കരണ ക്ലാസ്, പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ശില്പശാലകൾ നടത്തി. പെരിയാർ ടൈഗർ റിസർവിന് ഇൻഡ്യയിലെ മികച്ച ടൈഗർ റിസർവ്വിനുള്ള അവാർഡ് ലഭിച്ചു.

### ഗവേഷണ പഠനങ്ങൾ, സർവ്വേ

ഈ വർഷം പെരിയാർ കടുവാ സങ്കേതത്തിലെ കടുവ നിരീക്ഷണം, തേക്കടിയിലെയും മൂന്നാറിലെയും ഒഡനേറ്റ് (ഷഡ്പദം) സർവ്വേ, നീലഗിരിയിൽ താർ സെൻസസ്, പക്ഷികൾ, സസ്തനികൾ, ചിത്രശലഭങ്ങൾ, ഉരഗങ്ങൾ, മൂന്നാറിൽ ഉഭയ ജീവികൾ എന്നിവയുടെ കണക്കെടുപ്പും നടത്തി.

# അധ്യായം - 9

# വിവരാവകാശ നിയമത്തിന്റെ നടത്തിപ്പ്

വിവരാവകാശ നിയമം 2005 കേരള വനം വകുപ്പിന്റെ വിവിധ തലങ്ങളിൽ നിയമ വ്യവസ്ഥകൾക്ക് അനുസൃതമായി നടപ്പാക്കി വരുന്നു. വകുപ്പിൽ, ഇപ്പോൾ 311 സംസ്ഥാന വിവരാവകാശ ഓഫീസർമാരും അപ്പീൽ അധികാരികളും ഉണ്ട്. ആസ്ഥാന കാര്യാലയത്തിലും സർക്കിൾ ഓഫീസുകളിലുമുള്ള ഈ സംസ്ഥാന വിവരാവകാശ ഓഫീസർമാരുടെയും അപ്പീൽ അധികാരികളുടെയും വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്നു.

### പട്ടിക-56

### വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട വിവരാവകാശ ഓഫീസർമാരുടെയും അപ്പീൽ അധികാരികളുടെയും പേരും മേൽവിലാസവും

| ക്രമ നം. | സംസ്ഥാന വിവരാവകാശ ഓഫീസർമാരും അവരുടെ ഓഫീസും | അപ്പീൽ അധികാരി |
|---|---|---|
| 1 | ഹെഡ് അക്കൗണ്ട് (ഭരണം) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസ്, തിരുവനന്തപുരം, | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & വനമേധാവിയുടെ ടെക്നിക്കൽ അസിസ്റ്റന്റ് |
| 2 | സീനിയർ അഡ്മിനിസ്ട്രേറ്റർ (ഭരണം), അഡീഷണൽപ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ഓഫീസ്, തിരുവനന്തപുരം, | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഭരണം) |
| 3 | സീനിയർ സൂപ്രണ്ട് (അക്കൗണ്ട്സ്) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) ഓഫീസ്, തിരുവനന്തപുരം, | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) |
| 4 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഫോറസ്റ്റ് മാനേജ്മെന്റ്), പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) ഓഫീസ്, തിരുവനന്തപുരം | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം. |
| 5 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (വൈൽഡ്ലൈഫ്), പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) ഓഫീസ്, തിരുവനന്തപുരം | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) |
| 6 | ഹെഡ് അക്കൗണ്ട് (ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ), അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ) ഓഫീസ്, തിരുവനന്തപുരം, | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ) തിരുവനന്തപുരം |
| 7 | ഹെഡ് അക്കൗണ്ട് (IT) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (IT) ഓഫീസ്, തിരുവനന്തപുരം | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (IT) തിരുവനന്തപുരം. |
| 8 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (വിജിലൻസും ഫോറസ്റ്റ് ഇന്റലിജൻസും), വിജിലൻസ് വിഭാഗം അഡീഷണൽ ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ ഓഫീസ്, തിരുവനന്തപുരം | ഫോറസ്റ്റ് ഡെപ്യൂട്ടി കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരം |
| 9 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (സോഷ്യൽ ഫോറസ്ട്രി), അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ഓഫീസ്, തിരുവനന്തപുരം | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), തിരുവനന്തപുരം |
| 10 | സീനിയർ സൂപ്രണ്ട് (വർക്കിംഗ് പ്ലാൻ & റിസർച്ച്), ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ &റിസർച്ച്) ഓഫീസ്, തിരുവനന്തപുരം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ & റിസർച്ച്) തിരുവനന്തപുരം. |
| 11 | ജൂനിയർ സൂപ്ര് (HRD), ഫോറസ്റ്റ് കൺസർവേറ്റർ (HRD) ഓഫീസ്, തിരുവനന്തപുരം | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (HRD), തിരുവനന്തപുരം. |
| 12 | ജൂനിയർ സൂപ്ര് (SA & NO), അഡീഷണൽപ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (SA&NO) ഓഫീസ് | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (SA & NO) തിരുവനന്തപുരം |

| | | |
|---|---|---|
| 13 | തിരുവനന്തപുരത്തെ കസ്റ്റോഡിയൻ & ഇ.എഫ്.എൽ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് (കസ്റ്റോഡിയൻ & ഇ.എഫ്.എൽ.) | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം. |
| 14 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ABP) യുടെ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് (ABP) | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം. |
| 15 | കൊല്ലം സതേൺ സർക്കിളിന്റെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | കൊല്ലം സതേൺ സർക്കിളിന്റെ ചീഫ് ഫോറസ്റ്റ് കൺസർവ്വേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റ് |
| 16 | കൊല്ലം സാമൂഹിക വനവൽക്കരണ ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ സൂപ്രണ്ട് | കൊല്ലം സാമൂഹിക വനവൽക്കരണവിഭാഗത്തിലെ അഡ്മിനിസ്ട്രേറ്റീവ് കൺസർവേറ്റർ |
| 17 | കോട്ടയം ഹൈറേഞ്ച് സർക്കിളിന്റെ ഫോറസ്റ്റ് ചീഫ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | കോട്ടയം ഹൈറേഞ്ച് സർക്കിളിന്റെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റ് |
| 18 | കോട്ടയം ഫീൽഡ് ഡയറക്ടറുടെയും ടൈഗർ പ്രോജക്ടിന്റെയും ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയും ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | കോട്ടയം ഫീൽഡ് ഡയറക്ടറുടെയും പ്രോജക്ട് ടൈഗറിന്റെയും ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റ് |
| 19 | കോട്ടയം ഇൻസ്പെക്ഷൻ ആന്റ് ഇവാലുവേഷൻ വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ സൂപ്രണ്ട് | കോട്ടയം ഇൻസ്പെക്ഷൻ ആന്റ് ഇവാലുവേഷൻ വിഭാഗത്തിന്റെ ഫോറസ്റ്റ് കൺസർവേറ്റർ |
| 20 | എറണാകുളം സാമൂഹ്യവനവത്ക്കരണ വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | എറണാകുളം സാമൂഹിക വനവൽക്കരണ വിഭാഗം ചീഫ് ഫോറസറ്റ് കൺസർവേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റ് |
| 21 | കോഴിക്കോട് സാമൂഹിക വനവൽക്കരണ വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | കോഴിക്കോട് സാമൂഹിക വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ |
| 22 | തൃശ്ശൂർ സെൻട്രൽ സർക്കിളിന്റെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | തൃശ്ശൂർ സെൻട്രൽ സർക്കിളിന്റെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റ് |
| 23 | കോഴിക്കോട് (FL&R) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | കോഴിക്കോട് സാമൂഹിക വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ |
| 24 | കോഴിക്കോട് ഇൻസ്പെക്ഷൻ ആന്റ് ഇവാലുവേഷൻ വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ സൂപ്രണ്ട് | കോഴിക്കോട് ഇൻസ്പെക്ഷൻ ആൻഡ് ഇവാലുവേഷൻ വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ |
| 25 | പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | പാലക്കാട് കിഴക്കൻ സർക്കിളിന്റെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റ് |
| 26 | കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | കണ്ണൂർ വടക്കൻ സർക്കിളിന്റെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റ് |
| 27 | പാലക്കാട് വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | പാലക്കാട് വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റ് |
| 28 | കോന്നി വെറ്റിനറി ഓഫീസിലെ ഫോറസ്റ്റ് വെറ്റിനറി ഓഫീസർ | കോട്ടയം പ്രോജക്ട് ടൈഗറിന്റെ ഫീൽഡ് ഡയറക്ടർ |
